# പോരാട്ടം

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
ഫീലിയോ ബുക്ക്സ്
കോലഞ്ചേരി – 683 562

# പോരാട്ടം


## പ്രൊഫ. എം.വൈ. യോഹന്നാൻ

റിട്ടയേഡ് പ്രിൻസിപ്പൽ,
സെൻ്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി – 682 311, കേരളം.
ഫോൺ: (0484) 2689489, 2689889

E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**


●


Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി – 683 562**

●

Cover Page & Design
Abitha Fenix, DentCare

●

Printed at
Sterling Print House, Cochin - 682 041

●

Price: ` 80

●



All rights reserved with the publisher

# ആമുഖം

"മനുഷ്യൻ ചന്ദ്രനിൽ എത്തിയത് ഒരു വിസ്മയമാണെങ്കിൽ അതിലും വലിയ വിസ്മയമാണ് ദൈവം ഭൂമിയിൽ എത്തിയത്." ഇതു പറഞ്ഞത്, അപ്പോളോ 15-ൽ ചന്ദ്രനിൽ എത്തിയ ജെയിംസ് ഇർവ്വിൻ എന്ന ശാസ്ത്രജ്ഞനാണ്. ആദ്യമായി ചന്ദ്രനിൽ കാൽ കുത്തിയ ആംസ്ട്രോങ് പറഞ്ഞത്: "മനുഷ്യൻ ചന്ദ്രനിൽ എത്തിയത് മഹത്തായ ഒരു കാര്യമാണ്" എന്നാണ് (A Giant leap for mankind).

ഗഗനചാരികൾ ചന്ദ്രനിൽക്കൂടി നടന്നു. വളരെ അപകടകരമായ ഒരു കാര്യമായിരുന്നു ചന്ദ്രനിലൂടെ സഞ്ചരിക്കുകയെന്നത്. സൂര്യനിൽനിന്ന് വരുന്ന റേഡിയേഷനും വിഷക്കാറ്റും, ശൂന്യാകാശത്തിലൂടെ പ്രസരിക്കുന്ന മാരക രശ്മികളും ഒക്കെ അപായം സൃഷ്ടിക്കുമായിരുന്നു. ഒന്ന് വിശ്രമിക്കാമെന്ന് വിചാരിച്ച് പരിസരം മറന്ന് അവരുടെ ശരീരത്തിലുള്ള കവചങ്ങളും പടച്ചട്ടകളും എല്ലാം ഊരി ഒന്ന് ഇരുന്നിരുന്നെങ്കിൽ പിന്നെ അവരെ തിരികെ ഭൂമിയിലേക്ക് കിട്ടുമായിരുന്നില്ല. അതുകൊണ്ട് വളരെ കരുതലോടെയാണ് അവർ ഓരോ ചുവടും വച്ചത്. കിട്ടുന്ന അപായ സൂചനകളും ജാഗ്രതാനിർദ്ദേശങ്ങളും എല്ലാം അക്ഷരംപ്രതി അവർ അനുസരിച്ചിരുന്നു.

ഇതുപോലെതന്നെയാണ് നമ്മുടെ ദൈനംദിന ജീവിതവും. ഒട്ടേറെ അപായസാദ്ധ്യതകളുണ്ട് നമുക്ക്. അനേകം വൈതരണികളെ തരണം ചെയ്യേണ്ടതുണ്ട്. പ്രശ്ന സങ്കീർണ്ണമായ, പ്രതിസന്ധി നിറഞ്ഞ ഒരു തലത്തിലാണ് നാം ഏവരും നിൽക്കുന്നത്. അതുകൊണ്ട് വ്യക്തമായ നിർദ്ദേശങ്ങളും ഉപ

ദേശങ്ങളും പ്രബോധനങ്ങളും അപ്പോഴപ്പോൾ നമുക്ക് ലഭി ക്കേണ്ടിയിരിക്കുന്നു. അതാണ് തിരുവചനം തരുന്ന മഹത്തായ പാഠം.

വചനാധിഷ്ഠിതമായ ജീവിതം നയിച്ചാൽ നമുക്ക് പരാ ജയം നേരിടേണ്ടി വരികയില്ല. വചനാനുസൃതമായി നമ്മുടെ ജീവിതച്ചുവടുകളെ നാം നിയന്ത്രിക്കുമെങ്കിൽ നമുക്ക് ഒരി ക്കലും ദു:ഖിക്കേണ്ടി വരികയില്ല. അതിന് ഒരേ ഒരു കാര്യം മാത്രം മതി, ക്രിസ്തുവിന്റെ കൂടെ നടക്കുക! ക്രിസ്തുവിനോ ടൊത്ത് നടക്കുക! ക്രിസ്തുവിന്റെ ചൊൽപ്പടിക്ക് നടക്കുക! അതാണ് തിരുവചനം നമുക്ക് തരുന്നത്. തിരുവചന ത്തിൽക്കൂടി നമുക്ക് നടത്തിപ്പുകൾ ലഭിക്കുന്നു.

നൂറ്റാണ്ടുകൾക്ക് മുമ്പ് പ്രവാചകനായ യെശയ്യാവ് പറഞ്ഞു:

**“കർത്താവ് നിങ്ങൾക്ക് കഷ്ടത്തിന്റെ അപ്പവും ഞെരു ക്കത്തിന്റെ വെള്ളവും മാത്രം തന്നാലും ഇനി നിന്റെ ഉപദേ ഷ്ടാവ് മറഞ്ഞിരിക്കയില്ല; നിന്റെ കണ്ണ് നിന്റെ ഉപദേഷ്ടാ വിനെ കണ്ടുകൊണ്ടിരിക്കും. നിങ്ങൾ വലത്തോട്ടോ ഇട ത്തോട്ടോ തിരിയുമ്പോൾ വഴി ഇതാകുന്നു, ഇതിൽ നടന്നു കൊൾവിൻ എന്നൊരു വാക്ക് പിറകിൽ നിന്ന് കേൾക്കും.”**

**യെശയ്യാവ് 30 : 20, 21**

എന്തൊരു ഭാഗ്യകരമായ അനുഭവമാണത്! ഓരോ ചുവടും വയ്ക്കുമ്പോൾ നമുക്ക് വഴി പറഞ്ഞുതരുന്ന ദൈവ ത്തിന്റെ നിത്യസ്നേഹം.

“ഞാൻ നിന്നെ ഉപദേശിച്ച് നടക്കേണ്ടുന്ന വഴി നിനക്ക് കാണിച്ചുതരും; ഞാൻ നിന്റെമേൽ ദൃഷ്ടി വച്ച് നിനക്ക് ആലോചന പറഞ്ഞുതരും.” എന്ന് സങ്കീർത്തനം 32-ൽ നാം കാണുന്നു (സങ്കീർത്തനം 32 : 8). “നിന്റെ ആലോചനയാൽ നീ എന്നെ നടത്തും; പിന്നത്തേതിൽ മഹത്വത്തിലേക്ക് എന്നെ കൈക്കൊള്ളും” (സങ്കീർത്തനം 73 : 24) എന്ന് സങ്കീർത്തന

ക്കാരൻ പറയുന്നു. ഈ തിരുവചനഭാഗങ്ങൾ എല്ലാം ഓർമ്മപ്പെടുത്തുന്നത് നമ്മെ കരം പിടിച്ചുനടത്തുവാൻ സദാ സന്നദ്ധനായി ക്രിസ്തു നമ്മുടെ കൂടെ നിൽക്കുന്നു എന്നുള്ളതാണ്.

വാസ്തവത്തിൽ ക്രിസ്തീയജീവിതം ഒരു പോരാട്ടമാണ്. യുദ്ധം! പൈശാചികനോടുള്ള യുദ്ധം! ഭൂതപ്രേത പിശാചുക്കളോടുള്ള യുദ്ധം! പ്രേതവേതാളകേളികൾകൊണ്ട് മനുഷ്യനെ നിരന്തരം നശിപ്പിക്കാൻ വേട്ടയാടുന്ന ഒരു ഭീകരശത്രു നമുക്കുണ്ട് എന്ന് നാം അറിഞ്ഞിരിക്കണം. അതുകൊണ്ട് ക്രിസ്തുവിന്റെ കാൽച്ചുവടുകളിൽ നിന്ന് മാറാതെ നടക്കണം. ഇതാണ് ക്രിസ്തുവിനോടുകൂടെ നടക്കുക എന്ന് പറയുന്നത്.

ക്രിസ്തു കാണിച്ചുതന്ന ഒരു പാതയുണ്ട്; അത് സ്നേഹത്തിന്റെ പാതയാണ്. ആ പാതയിലൂടെ നാം നടന്നാൽ ഒരിക്കലും നമുക്ക് അപായം സംഭവിക്കയില്ല. ക്രിസ്തുവിനോടുകൂടെ നടക്കുക എന്നുള്ള ആ മഹത്തായ ജീവിതത്തിന്റെ സൗഭാഗ്യം നാം നേടിയെടുക്കണമെന്ന ലക്ഷ്യത്തോടെയാണ് ഞാൻ ഈ പുസ്തകം എഴുതിയത്. ഇത് വായിക്കുന്ന ഓരോരുത്തർക്കും പൈശാചിക ശക്തിയോടുള്ള പോരാട്ടത്തിൽ വിജയം വരിക്കാൻ ഇടയാകട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

ഈ പുസ്തകം പ്രകാശനം കാണുന്നതിനുപിന്നിൽ അദ്ധ്വാനിച്ച അനേകം സുമനസ്സുകളുണ്ട്. അവരെല്ലാം എന്റെ പ്രേഷ്ഠ സഹോദരങ്ങളാണ്. അവർ ചെയ്യുന്ന സേവനത്തിന് കർത്താവ് അവർക്ക് പ്രതിഫലം നൽകട്ടെ എന്നുമാത്രം ഞാൻ പ്രാർത്ഥിക്കുന്നു. ഈ പുസ്തകം അനേകർക്ക് പ്രയോജനപ്രദമായിത്തീരട്ടെ എന്ന ആശംസയോടെ,

നിങ്ങളുടെ സ്വന്തം,
**എം.വൈ. യോഹന്നാൻ സാർ.**

## ഒന്ന്

ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. നോഹ ദൈവത്തോടുകൂടെ നടന്നു. ദൈവത്തോടുകൂടെ നടക്കുന്നത് എങ്ങനെ എന്ന് എഫേസ്യലേഖനത്തെ ആസ്പദമാക്കി എട്ട് കാര്യങ്ങൾ നാം കഴിഞ്ഞ പുസ്തകത്തിൽ (ഹാനോക്ക്) ചിന്തിച്ചുകഴിഞ്ഞു.

1. സൗമ്യതയിൽ നടക്കണം.
2. താഴ്മയിൽ നടക്കണം.
3. ദീർഘക്ഷമയിൽ നടക്കണം.
4. സ്നേഹത്തിൽ നടക്കണം.
5. വെളിച്ചത്തിൽ നടക്കണം.
6. പ്രാർത്ഥനയിൽ നടക്കണം.
7. ആത്മാവിൽ നടക്കണം.
8. ജ്ഞാനത്തിൽ നടക്കണം.
9. ദൈവേഷ്ടം അറിഞ്ഞു നടക്കണം.

**"ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്ന് ഗ്രഹിച്ചുകൊൾവിൻ." എഫേസ്യർ 5 : 17**

ദൈവത്തിന്റെ ഇഷ്ടം അറിഞ്ഞ് നടക്കുന്നവനാണ് ദൈവത്തോടുകൂടെ നടക്കുന്നത്. ക്രിസ്തുവിന്റെ കൂടെ നടക്കുന്നവർ ക്രിസ്തുവിന്റെ ഇഷ്ടം എന്ത് എന്ന് അറിഞ്ഞു

നടക്കും.

ദൈവത്തിന്റെ ഇഷ്ടം എന്താണ്? എന്നെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി എന്താണ്? എന്നെ വിളിച്ചിരിക്കുന്നത്, ദൈവം എന്നെ തിരഞ്ഞെടുത്തിരിക്കുന്നത് എന്തിനു വേണ്ടിയാണ്? ദൈവം എന്നിൽ ആശവച്ചു എന്നെല്ലാം ഞാൻ കേൾക്കുന്നു. എന്തിനു വേണ്ടിയാണത്? എന്തിലാണ് എന്നെക്കുറിച്ച് ആശ വച്ചിരിക്കുന്നത്? എന്നെക്കുറിച്ചുള്ള ദൈവത്തിന്റെ ഇഷ്ടം എന്താണ്?

തിരുവചനം പറയുന്നു:

**"ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നേ." 1 തെസ്സലോനിക്യർ 4 : 3**

ശുദ്ധീകരണം! നാം ശുദ്ധരായിത്തീരണം. നാം വിശുദ്ധരായിത്തീരണം. ഈ ഭൂമിയിൽ ജീവിക്കുമ്പോൾ വക്രതയും കോട്ടവുമുള്ള ഈ തലമുറയിൽ നാം വിശുദ്ധരും നിഷ്ക്കളങ്കമക്കളുമായി ജീവിക്കണം. ഇതാണ് ദൈവത്തിന്റെ ഇഷ്ടം.

വിശുദ്ധീകരണം നാം അനുഭവിക്കണം. ഓരൊറ്റ ദിവസം കൊണ്ട് വിശുദ്ധീകരണം തീരുകയില്ല. അതൊരു നിരന്തര പ്രക്രിയയാണ്. അത് നിരന്തരം നമ്മുടെ ജീവിതത്തിൽ സംഭവിക്കേണ്ട കാര്യമാണ്. ഇന്ന് എനിക്ക് ഒരു പാപത്തിൽ വിശുദ്ധീകരണം കിട്ടി എന്നുള്ളതുകൊണ്ട് പൂർണ്ണമായില്ല. ഞാൻ തികഞ്ഞവനായില്ല. ഇനിയും എനിക്ക് ശുദ്ധീകരണം പ്രാപിക്കേണ്ടിയിരിക്കുന്നു.

അതുകൊണ്ടാണ് അപ്പൊസ്തലനായ പൗലോസ് പറയുന്നത്:

**"എനിക്ക് യാതൊരു കുറ്റത്തെക്കുറിച്ചും ബോധമില്ലെങ്കിലും അതിനാൽ ഞാൻ നീതിമാൻ എന്നു വരികയില്ല; എന്നെ വിധിക്കുന്നത് കർത്താവ് ആകുന്നു." 1 കൊരിന്ത്യർ 4 : 4**

ഒരു പാപത്തെക്കുറിച്ചും എനിക്കു ബോധമില്ല. ഏതെങ്കിലും ഒരു പാപം ചെയ്തതായി എനിക്കറിവില്ല. ഞാൻ മനസ്സറിഞ്ഞ് ഒരു പാപം ചെയ്തിട്ടില്ല; ചെയ്യുകയില്ല. ഉറപ്പാണ്. പക്ഷേ, എങ്കിലും ഞാൻ അതുകൊണ്ട് പാപമില്ലാത്തവൻ എന്നു വരികയില്ല. ദൈവമാണ് എന്നെ വിധിക്കുന്നത്. ജീവനുള്ള ദൈവത്തിന്റെ അളവുകോൽ വച്ച് എന്നെ നോക്കുമ്പോൾ ഞാനിന്നും കുറവുള്ളവനാണ്. ദൈവത്തിന്റെ സ്വഭാവം, ദൈവത്തിന്റെ ഛായ ഞാൻ പ്രാപിച്ചിട്ടില്ല. ഞാൻ ദൈവത്തിന്റെ വിശുദ്ധനായിത്തീർന്നിട്ടില്ല, ദൈവത്തിന്റെ വിശുദ്ധിയുടെ തികവോളം ഞാൻ വളർന്നിട്ടില്ല. ഞാൻ ഇന്നും അല്പപ്രാണിയായി നില്ക്കുന്നു. ഇന്നും ഞാൻ ആത്മീയത്തിൽ ശിശുവായി നില്ക്കുന്നു. ഇന്നും ഞാൻ വാസ്തവത്തിൽ ആത്മാവിൽ ദരിദ്രനായി നിൽക്കുന്നു.

ഇന്ന കുറ്റം എനിക്കുണ്ട്, ഇന്ന പാപം എനിക്കുണ്ട് എന്ന് എടുത്തു പറയാനൊന്നുമില്ല. പക്ഷേ, ഞാൻ നീതിമാനായില്ല. ഞാൻ വിശുദ്ധിയിൽ തികഞ്ഞവനായില്ല. അതുകൊണ്ടാണ് അപ്പൊസ്തലൻ ഫിലിപ്യ ലേഖനത്തിൽ പറഞ്ഞത്:

**"ലഭിച്ചു കഴിഞ്ഞു എന്നോ, തികഞ്ഞവനായി എന്നോ അല്ല, ഞാൻ ക്രിസ്തുയേശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നതു കൊണ്ട് എനിക്കും അത് പിടിക്കാമോ എന്നുവച്ച് പിന്തുടരുന്ന തേയുള്ളൂ. സഹോദരന്മാരേ, ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല. ഒന്നു ഞാൻ ചെയ്യുന്നു: പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന്ന് ആഞ്ഞുംകൊണ്ട് ക്രിസ്തു യേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്ക് ഓടുന്നു." ഫിലിപ്പിയർ 3 : 12 – 14**

ഞാൻ ഓടിക്കൊണ്ടിരിക്കുന്നതേയുള്ളൂ. ഞാൻ തികഞ്ഞവനായില്ല. ദിവസം തോറും ശുദ്ധീകരണം അനുഭവിക്കണം. ഓരോ അവസരത്തിലും എനിക്ക് ലഭിക്കുന്ന

അനുഭവങ്ങളുടെ വെളിച്ചത്തിൽ ഞാൻ എത്ര നിസ്സാരൻ എന്ന് ഞാൻ തിരിച്ചറിയണം. ഞാൻ എത്ര പോരായ്മയുള്ളവനാണെന്ന് ഞാൻ തിരിച്ചറിയണം. ഞാൻ ഇത്രയ്ക്കേ ആയിട്ടുള്ളൂ എന്നു ഞാൻ തിരിച്ചറിയണം. ആത്മാവിൽ എളിമയുണ്ടായിരിക്കണം. ആന്തരികമായി വിനയമുണ്ടായിരിക്കണം.

എന്റെ തെറ്റുകൾ ആരെങ്കിലും ചൂണ്ടിക്കാണിക്കുമ്പോൾ ഞാൻ പിടയ്ക്കരുത്; എനിക്ക് നീരസം വരരുത്; മടുപ്പു വരരുത്; നിരാശ വരരുത്.

എന്റെ ജീവിതത്തിൽ ഞാൻ ഒന്നും ആയില്ല. ഞാൻ ഏതാണ്ടായി എന്ന ചിന്തയുള്ളവർക്കാണ് തെറ്റു ചൂണ്ടി ക്കാണിക്കുമ്പോൾ ഇഷ്ടപ്പെടാതെ വരുന്നത്, നീരസം വരുന്നത്, കയ്പു വരുന്നത്. ഞാനൊന്നും ആയില്ല എന്ന എളിമയുണ്ടെങ്കിൽ തെറ്റുകൾ ചൂണ്ടിക്കാണിച്ചു കിട്ടിയാൽ ഭാഗ്യം എന്നേ ഓർക്കൂ. ഉള്ളതാകട്ടെ, ഇല്ലാത്തതാകട്ടെ, ആരെങ്കിലും തെറ്റുകൾ പറഞ്ഞുതന്നാൽ, തെറ്റുകൾ ചൂണ്ടിക്കാണിച്ചു തന്നാൽ നമുക്ക് അതിൽ സന്തോഷിക്കാനേ വകയുള്ളൂ.

ഇതിൽ എത്രത്തോളം വസ്തുതയുണ്ട്? എനിക്കെന്തെങ്കിലും തിരുത്താനുണ്ടോ? നാം സ്വയം ശോധന ചെയ്യുകയാണ്. അതാണ് ആത്മീയജീവിതം. ആത്മീയത്തിൽ വളരാൻ ആഗ്രഹിക്കുന്നവരെല്ലാം എന്നുമെന്നും ശുദ്ധീകരണം പ്രാപിക്കാൻ ഉത്സാഹിച്ചുകൊണ്ടിരിക്കും.

**“എല്ലാവരോടും സമാധാനം ആചരിച്ച് ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല.” എബ്രായർ 12 : 14**

വിശുദ്ധീകരണം അനുഭവിക്കാതെ ആരും കർത്താവിനെ കാണുകയില്ല. അതുകൊണ്ടാണ് കർത്താവ് മലപ്രസംഗത്തിൽ

പറഞ്ഞത്:

**"ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും."** **മത്തായി 5 : 8**

ഹൃദയം വിശുദ്ധമായിത്തീരണം. എങ്ങനെയാണ് വിശുദ്ധനായിത്തീരുക? ഒരു മനുഷ്യനും സ്വയം വിശുദ്ധനായിത്തീരാൻ സാധിക്കില്ല. പിന്നെ എങ്ങനെ സാധിക്കും? എന്റെ കർത്താവേ, ഞാൻ നിസ്സഹായൻ, എനിക്കിങ്ങനെ ഒരാശയുണ്ട്; എനിക്കൊരു വിശുദ്ധനായിത്തീരണം.

അങ്ങനെ നിങ്ങൾ ആഗ്രഹിച്ചാൽ പരിശുദ്ധാത്മാവ് ആ കാര്യം ഏറ്റെടുത്ത് നിങ്ങളെ വിശുദ്ധീകരിച്ച് തുടങ്ങും. അധികം ഫലം കായ്ക്കേണ്ടതിന് നിങ്ങളുടെ ജീവിതത്തിലെ ആവശ്യമില്ലാത്തതെല്ലാം ചെത്തിക്കളഞ്ഞ്, തേജസ്സിന്മേൽ തേജസ്സ് പ്രാപിച്ച് ക്രിസ്തുവിന്റെ അതേ പ്രതിമയായി രൂപാന്തരപ്പെടുത്തുന്ന മഹാത്ഭുതത്തിലേക്ക് നിങ്ങളെ നയിച്ചു തുടങ്ങും.

ആത്മീയജീവിതം എന്താണ്? പലരും പറയും: കർത്താവായ യേശുക്രിസ്തു എനിക്കുവേണ്ടി മരിച്ചു, ഞാൻ വിശ്വസിക്കുന്നു. ഞാൻ യേശുവിന്റെ സാക്ഷിയായിത്തീരുന്നു. യേശു പാപത്തിന്റെ ആഴമുള്ള കുഴിയിൽനിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും എന്നെ കയറ്റി. എന്റെ കാലുകളെ ഒരു പാറമേൽ നിർത്തി. എന്റെ ഗമനത്തെ സ്ഥിരമാക്കി. അവൻ എന്റെ വായിൽ പുതിയോരു പാട്ടുതന്നു. നമ്മുടെ ദൈവത്തിനു സ്തുതി തന്നെ.

ഇങ്ങനെ പറഞ്ഞാൽ തൃപ്തിയായി എന്നു വിചാരിക്കുന്ന ഒരു കൂട്ടം ആളുകളുണ്ട്. ആരെയും കുറ്റം പറയുകയല്ല. പക്ഷേ, അതല്ല ആത്മീയം.

യേശുക്രിസ്തു, എന്നെ ക്രൂശിലെ തന്റെ തിരുബലിയാൽ

വീണ്ടെടുത്തു എന്നു വിശ്വസിക്കുക. എന്താണതിന്റെ അർത്ഥം? മനസ്സറിഞ്ഞ് പിന്നെ ഒരു പാപത്തിലേക്ക് പോകാൻ പാടില്ല. ഒരക്ഷരത്തിൽപ്പോലും തെറ്റുപറ്റാൻ പാടില്ല. ഒരു ചിന്താഗതിയിൽപ്പോലും മാലിന്യം കലരാൻ പാടില്ല. പ്രിയപ്പെട്ടവരേ, ലക്ഷ്യം സംശുദ്ധമായിരിക്കണം. വളരെ ശുദ്ധമായ ലക്ഷ്യത്തോടുകൂടി മാത്രമേ നമുക്ക് മുമ്പോട്ട് ജീവിക്കാൻ പറ്റൂ.

കറതീർന്ന ജീവിതമായിരിക്കണം. മനസ്സറിഞ്ഞ് പത്തു പൈസയിൽപ്പോലും ഒരു ക്രമക്കേട് വരാൻ പാടില്ല. പത്തു പൈസ എന്റെ കൈയിൽ വരുന്നെങ്കിൽ ദൈവം പ്രസാദിക്കുന്ന രീതിയിലേ വരാവൂ. പത്തുപൈസ ഞാൻ ചെലവഴിക്കുന്നെങ്കിൽ ദൈവം പ്രസാദിക്കുന്നതുപോലെയേ ചെലവഴിക്കാവൂ. എനിക്ക് എന്റെ പൈസയിന്മേൽ ഉടമസ്ഥാവകാശമില്ല. യേശുവിന്റെ ഹിതപ്രകാരം ഞാൻ വാങ്ങുന്നു, അവന്റെ ഹിതപ്രകാരം ചെലവഴിക്കുന്നു. രഹസ്യങ്ങൾ കാണുന്ന ദൈവം എന്റെ മനോഭാവത്തെ നോക്കി സന്തോഷിക്കത്തക്കവണ്ണം മാത്രമേ എല്ലാം ചെയ്യാവൂ.

എന്റെ നടപ്പും ഇരിപ്പും കിടപ്പും എന്റെ ചിന്തയും വാക്കും എന്റെ നിരൂപണവും മനോരാജ്യവും എല്ലാം വിശുദ്ധമായിരിക്കണം. ദൈവത്തിന്റെ ഇഷ്ടം ഇന്നതെന്നു ഗ്രഹിച്ച് ദൈവത്തിന്റെ ഇഷ്ടപ്രകാരം നടക്കണം.

ഞാനിതു പറയുമ്പോൾ, ഇങ്ങനെയൊക്കെ സാധിക്കുമോ, ആർക്കു സാധിക്കും എന്നാണോ നിങ്ങൾക്ക് തോന്നുന്നത്? നിങ്ങൾക്ക് സാധിക്കാത്ത കാര്യം, നിങ്ങൾക്ക് ചുമക്കാൻ വയ്യാത്ത ഒരു ചുമട് കർത്താവ് വച്ചുതരികയില്ല. ഇതൊരു ചുമടല്ല, ഇതൊരു മധുരതരമായ അനുഭൂതിയാണ്. “എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ. എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമട് ലഘുവുമാകുന്നു. ” മത്തായി 11 : 29, 30

യേശുക്രിസ്തു നിങ്ങൾക്ക് ഒരു പുതിയ ചുമട് വച്ചു തരികയല്ല. നിങ്ങളെല്ലാവരും വിശുദ്ധരാകണമെന്ന് പറയുന്നത് നിങ്ങൾക്ക് ഒരു വലിയ പ്രാരബ്ധം തരികയല്ല, ഒരു കഷ്ടപ്പാട് തരികയല്ല. യേശുക്രിസ്തുവിന്റെ അനുയായികൾ, ക്രിസ്ത്യാനി എന്നു പേരുകിട്ടിയതു കൊണ്ടുമാത്രം കാര്യമായില്ല.

ഹൃദയത്തിൽ മാറ്റം വരണം. ഹൃദയം രൂപാന്തരപ്പെടണം. അതുകൊണ്ടാണ് നാളുകളായി പറഞ്ഞുകൊണ്ടിരിക്കുന്നത്: സഭയല്ല, സമുദായമല്ല മാറേണ്ടത്, ഹൃദയമാണ് മാറേണ്ടത് എന്ന്. ഹൃദയം മാറുന്നില്ലെങ്കിൽ എത്ര സഭ മാറിയാലെന്തു പ്രയോജനം? എത്ര സമുദായ മാറ്റങ്ങളുണ്ടായാലും എന്തു പ്രയോജനം?

സഹോദരീ സഹോദരങ്ങളേ, നിങ്ങൾക്ക് ഹൃദയത്തിൽ വാസ്തവമായ മാറ്റമുണ്ടോ? പഴയ മനുഷ്യൻ മാറി, പഴയ ചിന്താഗതികൾ മാറിയെന്ന് നിങ്ങൾക്കു തോന്നുന്നുണ്ടോ? പഴയ വാശിയും വൈരാഗ്യവും മാറിയോ? പഴയ ദ്രവ്യാഗ്രഹം നിങ്ങളിൽനിന്ന് വിട്ടുപോയോ? നിങ്ങളുടെ ജീവിതത്തിലെ അസൂയയും ഇഷ്ടക്കുറവും മുഷിച്ചിലുകളും ഹൃദയത്തിലുള്ള വൈരാഗ്യങ്ങളും പകയും വിദ്വേഷവും മാറിയെന്ന് നിങ്ങൾക്ക് ഉറപ്പുണ്ടോ?

ഇന്നും നിങ്ങളുടെ ഹൃദയത്തിൽ ചിലരോട് വൈരാഗ്യം കിടപ്പില്ലേ? ഇന്നും ചിലരോട് ഇഷ്ടക്കുറവ് കിടപ്പില്ലേ? നിങ്ങളുടെ ജീവിതത്തിലെ തെറ്റുകൾ ചൂണ്ടിക്കാണിച്ച ചിലരോട് നിങ്ങൾക്ക് പരാതിയും പരിഭവവും ഇല്ലേ? ഇന്നും നിങ്ങളുടെ ഹൃദയത്തിൽ ചില മുഷിച്ചിലുകൾ കുമിഞ്ഞു കിടക്കുന്നില്ലേ? സ്വാർത്ഥതയും ദ്രവ്യാഗ്രഹവും അഹന്തയും എപ്പോഴും നിങ്ങളെ വലച്ചുകൊണ്ടിരിക്കുന്നില്ലേ?

ശാന്തമായി ജീവിതത്തിലേക്ക് നോക്കിയാൽ കാണാം, അയ്യോ കർത്താവേ, ഉണ്ട്. എന്റെ ജീവിതം ശുദ്ധമായിട്ടില്ല.

പഴയ മനുഷ്യൻ മരിച്ചിട്ടില്ല. ഈ സ്ഥിതിയിലാണെങ്കിൽ നാഥാ, നീ ഇപ്പോൾ വന്നാൽ നിന്റെ സന്നിധിയിലേക്ക് പറന്നു വരുന്ന വിശുദ്ധന്മാരുടെ നിരയിൽ ഞാൻ ചേരുകയില്ല. ഈ സ്ഥിതിയിൽ ഇരിക്കുമ്പോഴാണ് എന്റെ മരണം സംഭവിക്കുന്ന തെങ്കിൽ ഞാൻ നിത്യജീവനിൽ പ്രവേശിക്കയില്ല. എനിക്കു മനസ്സിലായി കർത്താവേ, എന്നെ നീ വിശുദ്ധീകരിക്കണമേ. നിന്റെ പരിശുദ്ധാത്മാവിനാൽ എനിക്ക് വിശുദ്ധീകരണം തരണമേ.

**''ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും.'' റോമർ 8 : 13**

ആത്മാവിനാലാണ് മരിക്കുന്നത്. പരിശുദ്ധാത്മാവ് ചെയ്തുതരും. നമുക്കെല്ലാം അസാദ്ധ്യമാണ്. എന്നാൽ സാധിപ്പിച്ചു തരുന്ന ഒരാളുണ്ട്, ജീവനുള്ള ക്രിസ്തുവിന്റെ ആത്മാവ്. പരിശുദ്ധാത്മാവ് വചനപ്രകാരം നിങ്ങളെ രൂപാന്തരപ്പെടുത്തിയെടുക്കും.

നിങ്ങളുടെ വാശി മാറുന്നത് കണ്ട് നിങ്ങൾ അത്ഭുതപ്പെടും. കോപം മാറുന്നത് നിങ്ങൾ അതിശയത്തോടെ കാണും. നിങ്ങളുടെ പിണക്കം മാറുന്നത്, അമ്മായിയമ്മപ്പോര് മാറുന്നത് നിങ്ങൾ അത്ഭുതത്തോടെ കാണും. ഇത് എങ്ങനെ സംഭ വിച്ചു? പണ്ടേപ്പോലെ ഒന്നും വരുന്നില്ല. പഴയ ദേഷ്യം വരുന്നില്ല. മുഷിച്ചിൽ വരുന്നില്ല. പഴയ പരാതിയും പരിഭവവും വരുന്നില്ല. പഴയ അക്ഷമയും അസഹിഷ്ണുതയും വരുന്നില്ല. ഓ, ഇതെങ്ങനെ സാധിച്ചു? നിങ്ങൾ അത്ഭുതപ്പെടും. യേശുക്രിസ്തുവിന്റെ ആത്മാവ് നിങ്ങൾക്ക് സാധിപ്പിച്ചു തരും.

കർത്താവ് പറഞ്ഞു: "എന്നെപ്പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്‌വാൻ കഴികയില്ല."

അപ്പോഴാണ് നടപ്പിന്റെ പത്താമത്തെ കാര്യം വരുന്നത്.

**"ആത്മാവ് നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മികഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന് എല്ലായ്പ്പോഴും എല്ലാറ്റിനു വേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ."**

**എഫേസ്യർ 5 : 18 – 20**

ദൈവത്തിന്റെ ഇഷ്ടം, ദൈവത്തോടുകൂടെ നടക്കുന്നവർ ആത്മാവ് നിറഞ്ഞവരാകണം. Be filled with the Holy Spirit. പരിശുദ്ധാത്മാവിനാൽ നിറയുക!

എനിക്ക് ആത്മനിറവ് കിട്ടില്ല, എനിക്കതിന് യോഗ്യതയില്ല, എന്ന് നിങ്ങൾ ചിന്തിക്കരുത്. ഇതിന് യോഗ്യതയൊന്നും വേണ്ട, നിങ്ങൾക്ക് ഒരു ചിന്ത ഉണ്ടായാൽ മതി: കർത്താവേ, ഞാനൊരു പാപിയായ മനുഷ്യൻ; കർത്താവേ, നീ എന്നെ സ്നേഹിക്കുന്നു. നിന്റെ തിരുരക്തം എന്നെ വീണ്ടെടുക്കാൻ വേണ്ടി നീ കുരിശിൽ ചൊരിഞ്ഞു. യേശുവേ, ഞാൻ നിന്റെ കൃപയിൽ ആശ്രയിക്കുന്നു.

എനിക്ക് എന്നെത്തന്നെ മാറ്റാൻ കഴിയില്ല. എനിക്ക് എന്നെ രൂപാന്തരപ്പെടുത്താൻ കഴിവില്ല. ഞാൻ പാപത്തിൽ ജനിച്ചവൻ. ഞാൻ പാപത്തിൽ ജീവിച്ചവൻ. പാപം മാത്രം ചിന്തിച്ചവൻ. പാപം മാത്രം പറയാൻ ശീലിച്ചവൻ. പാപത്തിന്റെ പ്രവൃത്തി വരാത്തപ്പോഴും പാപം മാത്രം രക്തത്തിലുള്ളവൻ. പാപത്തിന്റെ പ്രകൃതിയുള്ളവൻ. കർത്താവേ, ഞാൻ പാപി.

എന്നാൽ യേശുവേ, നീ പരിശുദ്ധൻ: നീ സ്രഷ്ടാവാകുന്നു. ഞാൻ നിന്റെ സൃഷ്ടിയാകുന്നു. നീ എനിക്കുവേണ്ടി കുരിശിൽ മരിച്ച രക്ഷകനാകുന്നു. ഞാൻ രക്ഷയാവശ്യമുള്ള ഒരു പാപിയാകുന്നു.

യേശുവേ, നീ എന്നെ വ്യക്തിപരമായി സ്നേഹിക്കുന്നു. അതുകൊണ്ടാണ് എനിക്കിന്ന് ഈ വചനം വായിക്കാൻ ഇടയായത്. നിനക്ക് എന്നെക്കുറിച്ച് വളരെ ഉന്നതമായ ലക്ഷ്യമുണ്ട് എന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ ഭാവി, ആയുസ്സ്, എന്റെ ജീവിതം നിന്റെ ആണിപ്പാടുള്ള പാദത്തിൽ, എനിക്കുവേണ്ടി മുറിവേറ്റ പാദത്തിൽ ഞാൻ സമർപ്പിക്കുന്നു.

കർത്താവേ, ഇനി എനിക്ക് സ്വന്തം പരിപാടിയില്ല. എന്റെ ആത്മീയമില്ല, എന്റേതെല്ലാം താഴെ വച്ചിരിക്കുന്നു. എന്റെ ഇഷ്ടം, എന്റെ താത്പര്യം, എന്റെ ആഗ്രഹം, എന്റെ ഭാവി, എന്റെ ആയുസ്സ്, എന്റെ കുടുംബം, എന്റെ വരുമാനം, എന്റെ ദേഹവും ദേഹിയും ആത്മാവും സമ്പൂർണ്ണമായി ഞാനിതാ നിന്റെ പാദപീഠത്തിൽ സമർപ്പിക്കുന്നു.

പ്രിയപ്പെട്ടവരേ, അങ്ങനെ നിങ്ങൾക്കൊന്നു വിട്ടു കൊടുക്കാൻ സാധിക്കുമെങ്കിൽ വിശ്വസിക്കൂ, ഇപ്പോൾത്തന്നെ യേശുവിന്റെ ആണിപ്പാടുള്ള കരം നിങ്ങളുടെ തലമേൽ വയ്ക്കും. ഇപ്പോൾത്തന്നെ യേശുവിന്റെ തിരുരക്തം നിങ്ങളുടെ നെറ്റിയിൽ പുരട്ടിത്തരും. ഇപ്പോൾത്തന്നെ യേശുവിന്റെ ആത്മാവ് നിങ്ങളുടെ ഹൃദയത്തിലേക്ക് പകരും. ഇപ്പോൾത്തന്നെ സ്വർഗ്ഗീയപ്രാവ് നിങ്ങളുടെ തലമേൽ പറന്നുവന്നിരിക്കും.

ഇപ്പോൾത്തന്നെ സ്വർഗ്ഗത്തിലെ തീ നിങ്ങളുടെ സിരകളിലൂടെ ഒഴുകാൻ തുടങ്ങും. ഈ നിമിഷംതന്നെ സ്വർഗ്ഗത്തിലെ ദൈവത്തിന്റെ അത്ഭുതശക്തി നിങ്ങളുടെമേൽ ആവസിക്കും. ആത്മാവിന്റെ നിറവിലേക്ക് യേശുക്രിസ്തു നിങ്ങളെ നയിക്കുന്നത് നിങ്ങൾക്ക് അനുഭവിക്കാൻ സാധിക്കും. നിങ്ങളുടെ ശരീരം ചൂടുപിടിക്കാൻ തുടങ്ങും. നിങ്ങളുടെ ശരീരം വികസിക്കാൻ തുടങ്ങും. നിങ്ങളുടെ നെഞ്ച് വികസിക്കാൻ തുടങ്ങും.

നിങ്ങളുടെ ഹൃദയത്തിൽ വലിയൊരു ശാന്തി, വലിയ ആശ്വാസം കടന്നുവരും. സ്വർഗ്ഗീയകൃപ ഒഴുകി വരും. യേശുക്രിസ്തുവിന്റെ രക്ഷണ്യശക്തി, തിരുരക്തത്തിന്റെ അത്ഭുതശക്തി, ജയമുള്ള സ്ലീബായുടെ അടയാളത്തിന്റെ ദിവ്യശക്തി നിങ്ങളിലേക്ക് പകരുന്നത് നിങ്ങൾക്ക് അനുഭവിക്കാൻ സാധിക്കും. ദുഷ്ടപ്പിശാചുക്കൾ നിങ്ങളെവിട്ട് ഓടിപ്പോകും. ശാപങ്ങൾ മാറിപ്പോകും. ബാധകൾ വിട്ടുപോകും; ബന്ധനങ്ങൾ അഴിഞ്ഞു പോകും. നിങ്ങളുടെ മേലുള്ള ദുരാത്മബാധകളും പൈശാചികസ്വാധീനങ്ങളും മാറി ദൈവത്തെ സ്തുതിക്കാൻ തുടങ്ങും.

**‘‘ആത്മാവുനിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന് എല്ലായ്പ്പോഴും എല്ലാറ്റിനു വേണ്ടിയും സ്തോത്രം ചെയ്തു കൊൾവിൻ.”** **എഫെസ്യർ 5 : 19, 20**

ആത്മാവ് നിറഞ്ഞവരായിത്തീരും. ആത്മനിറവിന് വിശ്വാസം വേണം, അനുസരണം വേണം.

ഏലിയാവ് ആത്മാവിൽ നിറഞ്ഞു. ദൈവം പറഞ്ഞതപ്പാടെ അനുസരിച്ചു. ഏലിയാവിനോടു ദൈവം പറഞ്ഞു: നീ ചെന്ന് ആഹാബിന് നിന്നെത്തന്നെ കാണിക്ക. അപ്പോൾ ദൈവത്തിന്റെ ആത്മാവ് കൊടുത്തത് ഏലിയാവ് കൊട്ടാരത്തിൽ ചെന്ന് ആഹാബ് രാജാവിനോട് പറഞ്ഞു. പാവപ്പെട്ട ഏലിയാവ് രാജകൊട്ടാരത്തിൽ രാജാവിന്റെ മുമ്പിൽ നില്ക്കുകയാണ്. രാജാവ് പെട്ടെന്ന് ഇവനെ കണ്ടപ്പോൾ വെട്ടാനായി വാൾ എടുക്കാൻ തുടങ്ങി. അപ്പോൾ അവൻ പറഞ്ഞു: “രാജാവേ, ഞാൻ സേവിച്ചുനില്ക്കുന്ന യഹോവയാണ, ഈ ആണ്ടുകളിൽ

ഞാൻ പറഞ്ഞിട്ടല്ലാതെ മഞ്ഞും മഴയും ഉണ്ടാകയില്ല.”

എന്തൊരു ശക്തിയുള്ള വാക്കുകൾ! ഇനി ഞാനാണ് തീരുമാനിക്കുന്നത് മഴ പെയ്യണോ, വേണ്ടായോ എന്ന്! യഹോവയുടെ നാമത്തിലാണ് പ്രവാചകൻ പറഞ്ഞത്.

രാജാവ് അമ്പരപ്പിൽ പെട്ടെന്ന് വാളെടുക്കാൻ കൈ നീട്ടുകയുമല്ല, ഏലിയാവ് നല്ല വേഗത്തിൽ നടന്നങ്ങുപോയി. ദൈവം പറഞ്ഞു: ഏലിയാവേ, നീ ഇനി ഈ രംഗത്ത് നില്ക്കേണ്ട. നീ പോയി ഒളിച്ചിരിക്കൂ. രാജാവ് നിന്നെ അന്വേഷിക്കുന്നു. നിന്നെക്കുറിച്ച് എനിക്ക് ഒരു പ്രതീക്ഷയുണ്ട്. കുറച്ചുകൂടി ശുശ്രൂഷ നിനക്കുണ്ട്. അതുകഴിഞ്ഞിട്ടേ മരിക്കാൻ പറ്റുകയുള്ളൂ. നിന്നെ രാജാവിനു തൊടണമെങ്കിൽ ആ വേല കഴിയണം. ഞാൻ തീരുമാനിച്ചിട്ടേ നിന്നെ രാജാവ് തൊടുകയുള്ളൂ. മോനേ, നീ ഒരു കാര്യം ചെയ്യൂ, നീ കെരീത്തിന്റെ വക്കിൽ പോയി ഒളിച്ചിരിക്കൂ.

വേണമെങ്കിൽ ഏലിയാവിന് ചോദിക്കാം: കർത്താവേ, മഴ ഇല്ലാതായാൽ കെരീത്ത് വറ്റുകയില്ലേ? പിന്നെ ഞാനെങ്ങനെയാണ് വെള്ളം കുടിക്കുന്നത്? കെരീത്തിന്റെ വക്കിലെ കുറ്റിക്കാട്ടിൽ ഞാൻ ഒളിച്ചിരുന്നാൽ ആഹാരം ആരു നല്കും? ഏലിയാവിന് അതൊന്നും ചിന്തയില്ല. അനുസരിച്ചു.

ആത്മനിറവ് വേണമെങ്കിൽ അനുസരിച്ചേ പറ്റൂ. ചോദ്യം ചെയ്യാതെ അനുസരിക്കണം. ഏലിയാവ് കെരീത്തിന്റെ വക്കിൽ പോയി ഒളിച്ചിരുന്നു. പിറ്റേന്ന് രാവിലെ ഒരു കാക്ക വരുന്നു. ഒരു പൊതി കൊത്തിക്കൊണ്ടാണ് വരുന്നത്. കാക്ക ഏലിയാവിന്റെ അടുക്കൽ ആ പൊതി വച്ചിട്ട് പറന്നുപോയി. പൊതിയഴിച്ചു നോക്കിയപ്പോൾ അപ്പവും ഇറച്ചിയും. കൃത്യമായിട്ട് അതാതു സമയത്ത്, അതാതു ദിവസം ആഹാരം നിറപടിയായി കാക്ക കൊണ്ടുവരികയാണ്. കെരീത്തിലെ വെള്ളം കുടിക്കുകയും ചെയ്യും.

പക്ഷേ, കുറച്ചു കഴിഞ്ഞപ്പോൾ വെള്ളം വറ്റി. വെള്ളം വറ്റുന്നത് ഏലിയാവ് അറിയുന്നതിനുമുമ്പ് ഉടയതമ്പുരാൻ അറിഞ്ഞു. ദൈവം പറഞ്ഞു: ഏലിയാവേ, ഞാൻ നിന്നെ സരപ്തയിലേക്ക് വിടുകയാണ്. മൂന്നരവർഷം സരപ്തയിൽ ഒരു വിധവയുടെ വീട്ടിൽ.

ചോദ്യം ചെയ്യാതെ അനുസരിക്കുന്ന ദൈവപൈതലിനാണ് ആത്മനിറവ് ലഭിക്കുന്നത്. ആത്മനിറവിന് നിങ്ങൾക്ക് ആഗ്രഹമുണ്ടോ? പരിശുദ്ധാത്മാവിൽ നിറയാൻ ആഗ്രഹമുണ്ടോ? നിന്റെ ബുദ്ധി ഉപയോഗിക്കണ്ട. അതെല്ലാം താഴെ വയ്ക്കൂ. നീ ഒന്നും ചിന്തിക്കണ്ട. കർത്താവേ, നീ കല്പിച്ചു; ഞാൻ അനുസരിക്കുന്നു. എന്റെ ഉടയവൻ കല്പിച്ചു, ഞാൻ അനുസരിക്കുന്നു.

ഒരു കാര്യം എനിക്ക് പറയാൻ പറ്റും. പൂർണ്ണമായി വിശ്വസിച്ച് അനുസരിച്ചിട്ടുള്ളപ്പോഴെല്ലാം സ്വർഗ്ഗത്തിലെ ദൈവത്തിന്റെ അളവറ്റ കൃപകൾ അനവരതം ചൊരിഞ്ഞിട്ടുണ്ട്. പൂർണ്ണമായി വിട്ടുകൊടുക്കുക. നീ എന്ന് ഈ ഭൂമിയിൽനിന്ന് മാറ്റപ്പെടണമെന്ന്, നിന്റെ ശുശ്രൂഷ എന്തുവേണമെന്ന് ദൈവത്തിനറിയാം. എവിടെയെല്ലാം നീ ഏതെല്ലാം വേല ചെയ്യണമെന്ന് ദൈവത്തിനറിയാം. കർത്താവതു നിവർത്തിച്ചു കൊള്ളും. എല്ലാം നിയന്ത്രിച്ചുകൊള്ളും.

ആത്മാവിൽ നിറഞ്ഞാൽ അതിന്റെ ഫലങ്ങളെന്തെല്ലാ മാണ്? ആത്മാവ് നിറഞ്ഞാൽ സങ്കീർത്തനങ്ങളുണ്ടാകും. സ്തുതികളുണ്ടാകും. ആത്മീയഗീതങ്ങളുണ്ടാകും. തമ്മിൽ സംസാരിക്കുന്നതുപോലും ആത്മീയഗീതങ്ങളിലായിരിക്കും. നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവിനു പാടും, കീർത്തനം ചെയ്യും. മാത്രമല്ല, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന് എല്ലായ്പ്പോഴും എല്ലാറ്റിനുവേണ്ടിയും സ്തോത്രം ചെയ്തു തുടങ്ങും. എപ്പോഴും

സ്തുതി. പിതാക്കന്മാർ പാടി:

> “നിൻ സ്തുതിയും-ഹാലേലുയ്യായും
> കർത്താവേ! ഞാൻ നിർത്തരുതേ;
> വിധിനീതി-ക്കയ്യോ! ചെയ്യരുതേ;
> ഞാൻ പാതകിയെന്നറിയുന്നേൻ,
> സർവ്വകടങ്ങളുമാരാഞ്ഞാൽ
> നരകം താനെന്നവകാശം
> നിന്നെ വിളിപ്പാൻ കഴിവെന്യേ
> മൗനം മൃതിയാൽ ഞാൻ പൂകും
> നീക്കുക കൃപയാലെൻ പാപം.”

ആത്മാവു നിറഞ്ഞുവേണം സ്തുതിയും സ്തോത്രവും നാവിൽ നൃത്തം ചെയ്യാൻ. നാവിൽ സ്തുതി നൃത്തം ചെയ്യട്ടെ. ഹൃദയത്തിൽ സ്തുതി നൃത്തം ചെയ്യട്ടെ. ഹൃദയത്തിൽ സ്തുതി നിറയട്ടെ. ഹൃദയത്തിൽ സ്തോത്രം നിറയട്ടെ. ഹൃദയത്തിൽ കീർത്തനം നിറയട്ടെ. എപ്പോഴും ഹൃദയത്തിൽ സ്തോത്രത്താൽ സംസാരിക്കുന്നവരായിത്തീരട്ടെ. ഹൃദയത്തിൽ നന്ദി നിറഞ്ഞുനില്ക്കട്ടെ. ദൈവത്തോടുള്ള നന്ദിയിൽ ആത്മാവിൽ ആരാധിപ്പാൻ സാധിക്കട്ടെ. ബന്ധനങ്ങൾ അഴിയട്ടെ.

# രണ്ട്

നിങ്ങൾ എങ്ങനെ നടന്നു, നിങ്ങൾ എങ്ങനെ നടക്കരുത്, നിങ്ങൾ എങ്ങനെ നടക്കണം? ആ മൂന്ന് ആശയങ്ങളാണ് എഫെസ്യലേഖനം മുഴുവനായി പഠിക്കുമ്പോൾ കാണുന്നത്.

എങ്ങനെ നടക്കണം എന്നുള്ളതിനെക്കുറിച്ചുള്ള പത്തു കാര്യങ്ങളാണ് നാം ചിന്തിച്ചു കഴിഞ്ഞത്. ഇതെല്ലാംകൂടി ക്രോഡീകരിച്ച് നാല് വാക്കുകളിൽ സംഗ്രഹിക്കാം.

1. Walk in Unity
2. Walk in Purity
3. Walk in Harmony
4. Walk in Victory

നാലാം അദ്ധ്യായം ഒന്നു മുതൽ പതിനാറുവരെ വാക്യങ്ങളിലാണ് Walk in unity! നിങ്ങൾ ഐക്യത്തിൽ നടപ്പിൻ, എന്ന് അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നത്.

എന്തുകൊണ്ട് നാം ഐക്യത്തിൽ നടക്കണം?

**"നിങ്ങളെ വിളിച്ചപ്പോൾ ഏകപ്രത്യാശയ്ക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്ന്, ആത്മാവ് ഒന്ന്, കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, എല്ലാവർക്കും മീതെയുള്ളവനും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ." എഫേസ്യർ 4 : 4 – 6**

1. ഒരു ശരീരം
2. ഒരു ആത്മാവ്
3. ഒരു പ്രത്യാശ
4. ഏക നാഥൻ
5. ഏക വിശ്വാസം
6. ഏക സ്നാനം
7. ഏക ദൈവം
8. ഏക പിതാവ്

ഇങ്ങനെ ഐക്യത്തിൽ തികഞ്ഞവരായിരിക്കുവാനാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. എല്ലാവർക്കും ഒരേയൊരു പിതാവു മാത്രം. എല്ലാവർക്കും ഒരേയൊരു ദൈവം മാത്രം. എല്ലാവരും ഒരേയൊരു ശരീരത്തിന്റെ അവയവങ്ങൾ മാത്രം. എല്ലാവരും ഒരേയൊരാത്മാവിൽ, ഒരേയൊരു മനസ്സിൽ. ഇതെല്ലാം വാസ്തവത്തിൽ നാം സ്വപ്നം കാണുന്നതുപോലെ ചിന്തിച്ചാൽ പോരാ, ജീവിതത്തിന്റെ ദൈനംദിന അനുഭവമായി മാറ്റിയെടുക്കണം.

നമ്മുടെ കൊച്ചു കൊച്ചു കുടുംബങ്ങളിൽപോലും ഈ ഐക്യം പുലർത്താൻ കഴിയുന്നുണ്ടോ? അപ്പനും അമ്മയും മക്കളും, ഭാര്യയും ഭർത്താവും ആ ഒരു ഐക്യത്തിന്റെ ദൃഢമായ ബന്ധത്തിൽ, സ്നേഹത്തിന്റെ ഗാഢമായ ബന്ധത്തിൽ ഒരു മനസ്സായി നിൽക്കാൻ കഴിയുന്നുണ്ടോ? വാസ്തവത്തിൽ ഐക്യത്തിന്റെ ദാർഢ്യം നഷ്ടപ്പെട്ട കുടുംബങ്ങളല്ലേ ഇന്നധികവും?

സ്നേഹം നഷ്ടപ്പെട്ടുപോയിരിക്കുന്നു. പരസ്പരമുള്ള ഇണക്കം നഷ്ടപ്പെട്ടു പോയിരിക്കുന്നു. പരസ്പരമുള്ള വിശ്വാസം നഷ്ടപ്പെട്ടുപോയിരിക്കുന്നു. ഒരു വീട്ടിൽത്തന്നെയാണ്. ഒരുമിച്ച്, ഒരു മേശയിലിരുന്ന് ഭക്ഷണം കഴിക്കുന്നവരാണ്.

ഒരുമിച്ച് ഒരു മുറിയിൽ, ഒരു കട്ടിലിൽ കിടക്കുന്നവരാണ്. ഒരു വീട്ടിൽ ഒരുമിച്ച് കഴിയുന്നു. എന്നാൽ ആന്തരികമായ വൈഭിന്ന്യങ്ങൾ! ആന്തരികമായ അകൽച്ചകൾ! ആന്തരികമായ അക്കച്ചിക്കലുകൾ നമ്മുടെ പലരുടേയും കുടുംബങ്ങളിൽ ഇല്ലേ?

എന്നാൽ നാം ദൈവത്തോടുകൂടെ നടക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ എങ്ങനെ നടക്കണമെന്ന് വ്യക്തമായിട്ടാണ് പറയുന്നത്. Walk in unity! ഐക്യത്തിൽ നടപ്പിൻ! സ്നേഹബന്ധത്തിൽ നടപ്പിൻ!

എപ്പോഴും ഒരു കുടുംബത്തിന്റെ ഐശ്വര്യം എന്നു പറയുന്നത് ആ വീട്ടിലുള്ളവർ തമ്മിലുള്ള ഗാഢമായ സ്നേഹബന്ധമാണ്. വീട്ടിലുള്ളവരെല്ലാം ഒരു മനസ്സായിരിക്കും. ഇന്ന് ഭാര്യയും ഭർത്താവും അകന്നു കഴിയുന്നു. ഒരുപക്ഷേ ദൂരെയായിരിക്കില്ല. ഒരു മുറിയിലാണ്, പക്ഷേ, ഹൃദയം ഭിന്നിച്ചാണിരിക്കുന്നത്. ഭർത്താവിന് ഭാര്യയെക്കുറിച്ച് വാസ്തവത്തിൽ മതിപ്പുണ്ടോ? അല്ല, ഭാര്യയ്ക്ക് ഭർത്താവിനെക്കുറിച്ച് ആദരവും ബഹുമാനവും മതിപ്പും ഉണ്ടോ?

അപ്പൊസ്തലനായ പൗലോസിന്റെ ലേഖനങ്ങളും പത്രോസിന്റെ ഒന്നാമത്തെ ലേഖനവും വായിച്ചാൽ വളരെ വ്യക്തമായിട്ട് നാം കാണുന്നു, ഐക്യം എന്നുപറഞ്ഞാൽ എന്താണെന്ന്. ഭാര്യയും ഭർത്താവും തമ്മിലുള്ള ഐക്യം. മാതാപിതാക്കളും മക്കളും തമ്മിലുള്ള ഐക്യം. യജമാനന്മാരും വേലക്കാരും തമ്മിലുള്ള ഐക്യം. ഇതെല്ലാം ഐശ്വര്യത്തിന് കൂടിയേ കഴിയൂ, സമാധാനജീവിതത്തിന് കൂടിയേ കഴിയൂ എന്നാണ് തിരുവചനം നമുക്ക് പഠിപ്പിച്ചുതരുന്നത്.

എന്താണ് ഐക്യം? ഒരു വീട്ടിൽ സ്നേഹത്തിന്റെ ഐക്യത്തിൽ കഴിയുമ്പോൾ എന്നും അവിടെ സമാധാനമാണ്. എന്നും സന്തോഷമാണ്, എന്നും ഉത്സവമാണ്; വാസ്തവത്തിൽ ആ വീട്ടിൽ എന്നും ശാന്തി കളിയാടുകയാണ്. ഇന്നത്തെ

രോഗികളിൽ എഴുപതുശതമാനം പേരും ജീവിതത്തിൽ ഐക്യവും സ്നേഹവുമില്ലാത്തതുമൂലം പലതരത്തിലുള്ള ആകുലങ്ങൾക്ക് അടിമകളായിത്തീരുന്നു; അതുകൊണ്ടാണ് രോഗങ്ങൾ ഉണ്ടാകുന്നതെന്ന് ഞാൻ വായിച്ചു.

സർ വാൾട്ടർറാലി എന്നുപറയുന്ന ഒരു മനുഷ്യനുണ്ടായിരുന്നു. വലിയ ധനാഢ്യനായിരുന്നു. അദ്ദേഹം രോഗിയായിത്തീർന്നു. അദ്ദേഹത്തെ ചികിത്സിച്ച ഡോക്ടർ പറഞ്ഞു: "നിങ്ങളുടെ ഹൃദയത്തിനുള്ളിലുള്ള ഭാരങ്ങളും ആകുലങ്ങളും നീക്കുന്നില്ലെങ്കിൽ നിങ്ങൾ അധികം താമസിയാതെ മരിച്ചുപോകും." വാൾട്ടർറാലി പറഞ്ഞു: "ഞാൻ എന്റെ ആകുലങ്ങൾ എങ്ങനെ മാറ്റും? അടുപ്പത്തുവച്ചിരിക്കുന്ന വെള്ളം ചൂടാകാൻ പാടില്ല എന്നു പറഞ്ഞാൽ ചൂടാകാതിരിക്കുമോ? എന്റെ ഹൃദയം തിളയ്ക്കുകയാണ്. എനിക്ക് സ്വസ്ഥതയില്ല. എനിക്ക് സമാധാനമില്ല. ഞാൻ എങ്ങനെ ആകുലം മാറ്റും?"

പ്രിയപ്പെട്ടവരേ, എങ്ങനെയാണ് ആകുലങ്ങൾ മാറ്റാൻ പറ്റുക? നിങ്ങളുടെ പലരുടേയും ഹൃദയം നിറയെ ഭാരങ്ങളാണ്. ഹൃദയം നിറയെ ചുമടുകളാണ്. ഇങ്ങനെ വലിയ ചുമടുചുമന്ന് നിങ്ങൾ വിഷമിച്ചു നടക്കുകയാണ്. താങ്ങാൻ പറ്റുന്നതിനപ്പുറമായ ചുമടുകൾ നിങ്ങളുടെ ചുമലിലുണ്ട്. കടത്തിന്റെ ഭാരങ്ങളാകാം. രോഗത്തെക്കുറിച്ചുള്ള ആവലാതികളാകാം. മക്കളെക്കുറിച്ചോ ഭാര്യയെക്കുറിച്ചോ ഭർത്താവിനെക്കുറിച്ചോ മാതാപിതാക്കളെക്കുറിച്ചോ ഉള്ള ആവലാതികളാകാം. നിങ്ങളുടെ ജോലിയെക്കുറിച്ചുള്ള ആവലാതിയാകാം. വിവാഹത്തെക്കുറിച്ചുള്ള ആവലാതിയാകാം. വിവാഹജീവിതത്തിലെ പൊരുത്തക്കേടുകളെക്കുറിച്ചുള്ള ആവലാതികളാകാം.

ഏതെല്ലാം തരത്തിലുള്ള ആകുലങ്ങളാണ് നിങ്ങളെ അലട്ടിക്കൊണ്ടിരിക്കുന്നത്? മനസ്സ് വീർപ്പുമുട്ടിക്കൊണ്ടിരിക്കുകയാണ്. അനേകരുടെ ഹൃദയം ജ്വലിക്കുകയും തിളയ്ക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. കത്തിജ്ജ്വലിക്കുന്ന ഹൃദയം! തിളച്ചുമറിയുന്ന ഹൃദയം! അലമാലകളിങ്ങനെ

അലറിക്കുതിക്കുന്ന പെരുവെള്ളംപോലെ, മഹാസമുദ്രം പോലെ ഇന്ന് നമ്മുടെ പലരുടെയും ഹൃദയം ഇളകിക്കൊണ്ടിരിക്കുകയാണ്; പ്രക്ഷുബ്ധമാണ്.

ഇതിനെന്താണ് പോംവഴി? ഇതിനൊരു പരിഹാരമെന്താണ്? സർ വാൾട്ടർറാലി പറഞ്ഞു: പാത്രത്തിൽ വെള്ളം അടുപ്പത്തു വച്ചിട്ട് ആ വെള്ളം തിളയ്ക്കരുത്, തിളയ്ക്കരുത് എന്നു പറഞ്ഞാൽ തിളയ്ക്കാതിരിക്കുകയില്ല എന്ന്. ഈ തീ കെടുത്താൻ എന്താണ് ചെയ്യാൻ പറ്റുക?

ഒരു പോംവഴിയുണ്ട്. നിങ്ങൾ ക്രിസ്തുവിനെ ഹൃദയത്തിലേക്ക് വിളിക്കുക. ഐക്യം തരുന്ന ക്രിസ്തുവിനെ ഹൃദയത്തിലേക്ക് നാഥനായി കൈക്കൊള്ളുക.

ഇത് പ്രയാസമുള്ള കാര്യമല്ല. വിഷമമുള്ള കാര്യമല്ല. ഏതു കൊടിയ ചുമടുമായിട്ടാണോ ഇന്നു നിങ്ങൾ ഈ വാക്കുകളെ വായിച്ചുകൊണ്ടിരിക്കുന്നത്, ഏതു ഭയാനകമായ ആകുലമാണോ ഇപ്പോൾ അലട്ടിക്കൊണ്ടിരിക്കുന്നത്, നിങ്ങൾ ഇരിക്കുന്ന ഇരിപ്പിൽ ഇത് വായിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ യേശുവിനെ വിളിക്കുക. കർത്താവേ, നിനക്കു മാത്രമേ എന്റെ ഹൃദയത്തിന് വിമോചനം തന്ന് സ്വതന്ത്രമാക്കി ആശ്വാസമരുളാൻ കഴിയുകയുള്ളൂ.

എന്റെ ഹൃദയത്തെ ആശ്വസിപ്പിക്കാൻ യേശുവേ, നിനക്കു മാത്രമേ കഴിയുകയുള്ളൂ. ഇപ്പോൾ നാഥാ, നീ എഴുന്നള്ളി വന്ന്, എന്റെ മാലിന്യം പൂണ്ട ഹൃദയത്തിലേക്ക് കടന്നുവന്ന് എന്നെ പവിത്രീകരിക്കണമേ. എന്റെ അശുദ്ധമായ, കോളിളക്കത്തിൽപ്പെട്ടുലയുന്ന, പലതരത്തിലുള്ള ചിന്താഭാരങ്ങളിൽപ്പെട്ട് അഴലുന്ന ഹൃദയത്തിലേക്ക് കടന്നുവന്ന് നീ എനിക്ക് ഒരു ശാന്തി തരണമേ. സമാധാനം തരണമേ; ആശ്വാസം തരണമേ.

പ്രിയപ്പെട്ടവരേ, വലിയ വേദശാസ്ത്രമൊന്നും പഠിക്കണമെന്ന് നിർബ്ബന്ധമില്ല. തത്വചിന്തകൾ പഠിക്കണമെന്നില്ല.

വേദപുസ്തകത്തിലെ വാക്യങ്ങൾ കാണാതെ പഠിച്ചില്ല എന്നു വന്നേക്കാം, സാരമില്ല. നിങ്ങൾ വേദപുസ്തകം മുഴുവൻ വായിച്ചില്ല എന്നുതന്നെ ഇരിക്കട്ടെ, സാരമില്ല. നിങ്ങൾക്ക് വലിയ പാണ്ഡിത്യമോ പഠിപ്പോ വേണമെന്നില്ല. ഒറ്റയ്ക്കൊരു കാര്യം മതി. കർത്താവേ, എന്റെ ഹൃദയം അസ്വസ്ഥമാണ്. എന്റെ ഹൃദയം അഴലുകയാണ്. എന്റെ ഹൃദയം ഇളകി മറിയുകയാണ്. എനിക്ക് ഉള്ളിൽ ഒരു സ്വസ്ഥതയില്ല. യേശുവേ, നീ എന്റെ ഹൃദയത്തിലേക്ക് വരണമേ.

എന്റെ ഹൃദയത്തിൽ ചിലരോടെല്ലാം ഈർഷ്യയുണ്ട്. എന്റെ വീട്ടിൽത്തന്നെയുള്ളവരോട് മുഷിച്ചിലുണ്ട്. എന്റെ ഭാര്യയോട് അല്ലെങ്കിൽ ഭർത്താവിനോട്, മക്കളോട്, മാതാപിതാക്കളോട്, സഹോദരങ്ങൾ സഹോദരങ്ങൾ തമ്മിൽ എല്ലാം ഈർഷ്യയുണ്ട്. ചില കാര്യങ്ങളിൽ അഭിപ്രായ വ്യത്യാസമുണ്ട്. പല കാര്യങ്ങൾ എന്നെ അലട്ടിക്കൊണ്ടിരിക്കുന്നു. മനസ്സു വല്ലാതെ വലയുന്നു. യേശുവേ, നീ ഇത് കാണുന്നു ണ്ടല്ലോ. നീ എന്നെ സ്നേഹി ക്കുന്നുണ്ടല്ലോ.

എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി നീ ജീവൻ ത്യജിച്ച താണല്ലോ. എന്റെ ചുമടു മാറ്റാൻ നീ കുരിശ് ചുമന്നതാണല്ലോ. എന്റെ പാപത്തിന്റെ ശിക്ഷ നീ വഹിച്ചതാണല്ലോ. കർത്താവേ, എന്റെ നിസ്സാരതയിൽ ഞാൻ ഇതെല്ലാം ഏറ്റുപറയുകയാണ്. എന്റെ ഹൃദയത്തിലേക്ക് നീ ഇപ്പോൾ കടന്നു വരണമേ. എന്റെ ഹൃദയത്തിൽ ഇരിപ്പുറപ്പിക്കണമേ. പ്രിയപ്പെട്ടവരേ, ഇങ്ങനെ നിങ്ങൾക്ക് പ്രാർത്ഥിക്കാം.

കലങ്ങിമറിയുന്ന ഹൃദയത്തോടിരിക്കുന്നവർ, ആകുലം പൂണ്ട മനസ്സോടിരിക്കുന്നവർ, വിഷാദസങ്കുലിതമായ ഹൃദയത്തിൽ അഴലാർന്നു വലയുന്നവർ ഇന്ന് ഈ വാക്കുകളെ വായിക്കുമ്പോൾ ക്രിസ്തുവിനെ വിളിക്കുക. വിളിച്ചാൽ വിളികേൾക്കുന്നവനാണ് ക്രിസ്തു; ക്ഷണിച്ചാൽ വരുന്നവനാണ് ക്രിസ്തു; നിർബ്ബന്ധിച്ചാൽ അകത്തു കടന്നുവരുന്നവനാണ് ക്രിസ്തു. ക്രിസ്തു അകന്നു

നിൽക്കുന്നവനല്ല.

ഏതെല്ലാം തെറ്റുകൾ നിങ്ങൾക്കു വന്നെങ്കിലും ഏതെല്ലാം മഹാപാതകങ്ങൾ നിങ്ങൾക്ക് സംഭവിച്ചുപോയെങ്കിലും ഏതെല്ലാം കാര്യങ്ങളിൽ നിങ്ങൾ വീണുപോയെങ്കിലും നിന്റെ പാപക്കറകളെല്ലാം കഴുകാനും നിന്റെ നികൃഷ്ടാവസ്ഥയിൽ സഹതാപത്തോടെ നോക്കാനും നിന്റെ മ്ലേച്ഛാവസ്ഥയിൽ നിന്ന് നിന്നെ കോരിയെടുക്കാനും യേശുവിന് നിന്നോടു സ്നേഹമാണ്; യേശുവിന് നിന്നോട് വാത്സല്യമാണ്. വിശ്വസിക്കൂ, യേശു സ്നേഹം മാത്രമാണ്. യേശു കാരുണ്യക്കടലാണ്. യേശു കൃപയുടെ ഉറവിടമാണ്. യേശു സ്നേഹത്തിന്റെ നികേതനമാണ്. നിങ്ങൾ വിളിച്ചാൽ, നിങ്ങൾ ഹൃദയം തുറന്നാൽ യേശു അകത്തേക്കു കടന്നുവരും.

നിങ്ങൾ വിളിക്കുമോ? എളിമയോടെ യാചിക്കുമോ? കർത്താവേ, ആകുലഭാരങ്ങൾ ചുമന്ന് വലഞ്ഞ ഒരു മനുഷ്യൻ ഇവിടെയിരിക്കുന്നു; ചുമടു ചുമന്ന് അഴലാർന്ന ഒരു മനുഷ്യൻ ഇവിടെയിരിക്കുന്നു. കഷ്ടപ്പാടേറ്റ് തളർന്ന ഒരു സ്ത്രീ ഇവിടെയിരിക്കുന്നു. കുടുംബത്തിൽ സ്വസ്ഥതയില്ലാതെ വലയുന്ന ഒരു മനുഷ്യൻ ഇവിടെയിരിക്കുന്നു. നാളെയെയോർത്ത് ആകുലപ്പെട്ട്, സങ്കടപ്പെട്ട്, നെടുവീർപ്പിട്ടിരിക്കുന്ന ഒരു മനുഷ്യൻ ഇവിടെയിരിക്കുന്നു. നാഥാ, നീ എന്റെ ഉള്ളത്തിലേക്ക് കടന്നുവരണമേ.

എന്റെ പ്രശ്നത്തിന് പരിഹാരം നീ മാത്രമാണ്. കർത്താവേ, വീട്ടിൽ അകൽച്ചയുണ്ട്, ഭിന്നതയുണ്ട്, ഇഷ്ടക്കുറവുണ്ട്, അഭിപ്രായ വ്യത്യാസമുണ്ട്, ഒരുമനസ്സു കിട്ടാൻ സാധിക്കാതെ പലപ്പോഴും അഭിപ്രായവ്യത്യാസത്തിന്റെ പേരിൽ ഞങ്ങൾ തമ്മിൽ ഉരസലുണ്ടാകുന്നു. അകൽച്ചകളുണ്ടാകുന്നു; ഭിന്നതകളുണ്ടാകുന്നു; ചിലപ്പോൾ വഴക്കുണ്ടാകുന്നു. എനിക്ക് പലപ്പോഴും കീഴ്പ്പെടേണ്ടതുപോലെ കീഴ്പ്പെടുവാൻ പറ്റാതെ പോകുന്നു. നാഥാ! നീ എന്റെ ഹൃദയത്തിലേക്ക് വരണമേ. ഇങ്ങനെ നിങ്ങൾ പ്രാർത്ഥിക്കൂ. അപ്പോൾ യേശു അകത്തേക്കു

വരും. യേശു നിങ്ങൾക്ക് സമാധാനം തരും.

എവിടെയെല്ലാമാണോ അകൽച്ചയുള്ളത് അവിടെ യേശുവിന്റെ തിരുരക്തം തളിക്കും. അപ്പനെക്കുറിച്ച് വേദനിക്കുന്ന മക്കളുണ്ട്. മക്കളെക്കുറിച്ച് വേദനിക്കുന്ന അപ്പനുണ്ട്. ഭാര്യയെക്കുറിച്ച് സങ്കടപ്പെടുന്ന ഭർത്താവുണ്ട്. ഭർത്താവിനെക്കുറിച്ച് വിതുമ്പുന്ന ഭാര്യയുണ്ട്. കുടുംബങ്ങൾ കലങ്ങിയിരിക്കുകയാണ്.

Walk in unity. ഐക്യത്തിൽ നടക്കാൻ ഇതുവരെയും നിങ്ങൾക്ക് സാധിച്ചില്ലല്ലോ. എന്നാൽ നടക്കാൻ സാധിക്കുമെന്നാണ് കർത്താവ് പറയുന്നത്. മകനേ, നിനക്ക് അസാദ്ധ്യമായത് ഞാൻ സാധിപ്പിച്ചുതരാമെന്നാണ് കർത്താവ് പറയുന്നത്.

സഹോദരങ്ങളേ, ഞാൻ വായിച്ചു: രണ്ടായിരത്തിഒന്നാമാണ്ട് സെപ്റ്റംബർ പതിനൊന്നാം തീയതി അമേരിക്കയിൽ ട്രേഡ് സെന്റർ തകർന്നുപോയി. വലിയ ഭീകരാക്രമണമായിരുന്നു. നെടുനെടുങ്കൻ ഗോപുരങ്ങൾ രണ്ടെണ്ണം കത്തിച്ചാമ്പലായി. എല്ലാം പൊടിഞ്ഞു തകർന്നു. എത്രയോ മനുഷ്യജീവിതങ്ങളാണ് അന്ന് അവിടെ ഹോമിക്കപ്പെട്ടത്!

അയ്യായിരത്തിലേറെ മൈലുകൾ അകലെ നിന്ന് intercontinental ballistic missiles തൊടുത്തു വിട്ടാൽ, തൊടുത്തുവിടുന്ന നിമിഷം തന്നെ അത് കാണാനും അതിനെ തടുക്കുവാനും തകർക്കുവാനുമുള്ള സംവിധാനം ഒരുക്കാൻ കഴിവുള്ള രാഷ്ട്രമാണ് അമേരിക്ക. അണുവായുധം, അയ്യായിരത്തിലേറെ മൈലുകൾക്കകലെ നിന്ന് തൊടുത്തു വിടുമ്പോൾത്തന്നെ കാണാനുള്ള റഡാർ സംവിധാനം അമേരിക്കയ്ക്കുണ്ട്. തൊടുത്തുവിടുന്ന നിമിഷം തന്നെ അതിനെ തടുത്ത് നിർവ്വീര്യമാക്കാൻ അമേരിക്കയ്ക്ക് ആയുധ സംവിധാനങ്ങളുണ്ട്.

പക്ഷേ, ഏതാനും മൈൽ അകലെ നിന്നുവന്ന വിമാനങ്ങളെ

തടുക്കാനോ, അറിയാനോ അമേരിക്കയ്ക്ക് സാധിച്ചില്ല. പെന്റഗൺ തകരുമെന്ന്, ആയുധപ്പുര തകരുമെന്ന് അന്ന് മനുഷ്യരെല്ലാം ഭയന്നുപോയി.

ജോൺ എഫ്. കെന്നഡി അമേരിക്കയുടെ പ്രസിഡന്റായിരുന്ന കാലം. അന്നുമുണ്ട് അമേരിക്കയ്ക്ക് വലിയ ആയുധ സംവിധാനങ്ങൾ. എത്ര ദൂരെനിന്ന് വിക്ഷേപിച്ചാലും ആ അണുവായുധത്തെ തടുക്കുവാനുള്ള intercontinental ballistic missiles അന്നും അമേരിക്കയുടെ കൈയിൽ ഉണ്ടായിരുന്നു. പക്ഷേ, ഏതാനും വാര അകലെ നിന്നുവന്ന വെടിയുണ്ടയെ തടുക്കാൻ കഴിഞ്ഞില്ല. ഒസ്വാൾഡ് എന്നുപറയുന്ന ഒരു ഘാതകന്റെ വെടിയേറ്റ് അമേരിക്കൻ പ്രസിഡന്റ് ജോൺ എഫ്. കെന്നഡി വധിക്കപ്പെട്ടു.

ഇതെല്ലാം ചരിത്രവസ്തുതകളാണ്. എന്തേ സാധിക്കാ ഞ്ഞത്? മനുഷ്യനു സാധിക്കുകയില്ല. മനുഷ്യന് ഒന്നിനേയും തടുക്കാൻ സാധിക്കുകയില്ല. രക്ഷാകവചം തീർക്കാൻ മനുഷ്യന് സാധിക്കയില്ല.

എന്നാൽ ഒരു രക്ഷാകവചം തീർക്കാൻ കർത്താവായ യേശുക്രിസ്തുവുണ്ടെങ്കിൽ നിങ്ങൾ ഭാഗ്യശാലികളായിരിക്കും. നിങ്ങളുടെ ജീവിതം സുരക്ഷിതമായിരിക്കും. ജീവിതം ഭദ്രമായിരിക്കും. യേശുക്രിസ്തുവിന് വിട്ടുകൊടുക്കുക. ഐക്യം പുലരും! കുടുംബം ഐക്യംകൊണ്ട് നിറയുമ്പോൾ എല്ലാ മാലിന്യങ്ങളും കുടുംബത്തിൽ നിന്ന് മാറ്റപ്പെടും. ഭർത്താവ് ഭാര്യയെ സ്നേഹിക്കാൻ തുടങ്ങുക. ഭാര്യ ഭർത്താവിനെ ബഹുമാനിക്കാനും സ്നേഹിക്കാനും കീഴ്പ്പെടാനും തുടങ്ങുക. കുടുംബം സമാധാനത്തിലേക്ക് വരും.

ഈ സമാധാനം തരുന്ന യേശുവിനെ നിങ്ങൾ വിളിച്ചു കൊണ്ടിരിക്കുക. യേശു കുരിശിന്മേൽ കിടന്നുകൊണ്ട്: "എനിക്കു ദാഹിക്കുന്നു" എന്നു പറയുകയാണ്. എന്തിനു വേണ്ടിയുള്ള ദാഹമാണ്? നമ്മുടെ ക്ഷീണം തീർക്കുന്ന ദാഹം!

നമ്മുടെ വാട്ടമകറ്റുന്ന ദാഹം! നമുക്ക് ഐക്യം തരുന്ന ദാഹം! നമ്മുടെ ഹൃദയത്തിൽ സ്നേഹം പകരുന്ന ദാഹം! നമ്മുടെ ജീവിതത്തിൽ വിശുദ്ധി പകരുന്ന ദാഹം! അതിനു വേണ്ടി ദാഹിക്കുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ നിങ്ങൾ കാണുക.

യേശുവിന്റെ സ്നേഹമാണ് ക്രൂശിൽക്കൂടി ഒഴുകുന്ന തിരുരക്തം! ചങ്കുപൊട്ടി ഒഴുകുന്ന തിരുരക്തം! എന്റെ സ്നേഹിതരേ, നിങ്ങൾ ദയവായി ഇപ്പോൾ ക്രൂശിലേക്കൊന്നു നോക്കൂ. ആ സ്നേഹത്തെ നിങ്ങളൊന്നു കാണൂ. ആ തിരുരക്തത്തെ നിങ്ങളൊന്ന് ഓർക്കൂ. ആ തിരുരക്തത്തിൽ നിങ്ങളുടെ ജീവിതം സമർപ്പിക്കൂ.

യേശുവേ, എന്നെ നിന്റെ തിരുരക്തത്താൽ കഴുകണമേ. എന്റെ ഹൃദയത്തിലുള്ള അകൽച്ചകളോട്, മുഷിച്ചിലുകളോട് ഞാൻ യാത്ര പറയുന്നു. ഹൃദയത്തിലുള്ള തിന്മകളോട്, വൈരാഗ്യങ്ങളോട് യാത്ര പറയുന്നു. ഹൃദയത്തിലുള്ള നീരസങ്ങളോടും കയ്പ്പിനോടും വൈരുദ്ധ്യത്തോടും പകയോടും വിദ്വേഷത്തോടും പ്രതികാരവാഞ്ഛയോടും ഞാൻ യാത്ര പറയുന്നു.

സ്നേഹത്തിന്റെ നിറകുടം ചൂടുന്ന രക്ഷകാ, അവിടുന്ന് ഇപ്പോൾ കടന്നുവന്ന് എന്റെ ഹൃദയത്തിൽ വാഴണമേ, എന്റെ ഹൃദയത്തിൽ വസിക്കണമേ. ആ സ്നേഹത്തിന്റെ തിരുരക്തത്തിന്റെ ഒരു തുള്ളി ഇപ്പോൾ എന്റെ ചങ്കിൽ പതിയ്ക്കണമേ; ആ തിരുരക്തത്താൽ എന്നെ നവീകരിക്കണമേ; എന്നെ കഴുകണമേ, എന്നെ ശുദ്ധീകരിക്കണമേ, എന്നെ രൂപാന്തരപ്പെടുത്തിയെടുക്കണമേ.

# മൂന്ന്

ദൈവത്തോടുകൂടെ നടക്കണമെങ്കിൽ നാം വിശുദ്ധിയിൽ നടക്കണം – Walk in Purity.

എഫെസ്യലേഖനം 4–ാം അദ്ധ്യായത്തിന്റെ 17–ാം വാക്യം മുതൽ 5–ാം അദ്ധ്യായത്തിന്റെ 17–ാം വാക്യംവരെയുമുള്ള ദീർഘഭാഗങ്ങൾ എങ്ങനെയാണ് വിശുദ്ധിയിൽ നടക്കുന്നതെന്ന് എണ്ണിയെണ്ണി പറഞ്ഞുതരുന്നുണ്ട്. നമ്മുടെ സംസാരം എങ്ങനെയായിരിക്കണം? പെരുമാറ്റം എങ്ങനെയായിരിക്കണം?

**“ആകയാൽ ഭോഷ്ക് ഉപേക്ഷിച്ച് ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോടു സത്യം സംസാരിപ്പിൻ; നാം തമ്മിൽ അവയവങ്ങളല്ലോ.” എഫെസ്യർ 4 : 25**

വിശുദ്ധിയിൽ നടക്കണമെങ്കിൽ സംസാരം ശ്രദ്ധിക്കണം. ഭോഷ്ക്ക് ഉപേക്ഷിക്കണം. വ്യാജം പാടില്ല. എന്തു സംഭവിച്ചാലും ശരി, വ്യാജം വരികയില്ല എന്ന ഒരുറപ്പ് വേണം. അസത്യം വരികയില്ല, ഭോഷ്ക് വരികയില്ല, കളവ് പറയുകയില്ല, ഭാവിക്കയില്ല. കളവിന് എന്റെ ജീവിതത്തിൽ ഒരിക്കലും ഇടം കൊടുക്കയില്ല. Falsehood - സത്യമല്ലാത്തത് ഉപേക്ഷിക്കുക. നാം ഒരു ശരീരത്തിന്റെ അവയവങ്ങളല്ലേ? നാം എങ്ങനെ വ്യാജം കാണിച്ചുകൊണ്ടിരിക്കും?

**“കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ. സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം വച്ചുകൊണ്ടിരിക്കരുത്.” എഫെസ്യർ 4 : 26**

കോപം പാടില്ല. “കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ” എന്നു പറഞ്ഞാൽ എന്താണ് അർത്ഥം? തിന്മയുടെ നേരെ നമുക്ക് വളരെ കർക്കശമായ നിലപാടെടുക്കാം, സംശയിക്കേണ്ട. പക്ഷേ, അവിടെ പാപം വരരുത്. മുൻവിധി വരരുത്. ആരെക്കുറിച്ചും മുൻധാരണ വരരുത്. പാപത്തിന്റെ നേരെ കർക്കശമായ, വിട്ടുവീഴ്ചയില്ലാത്ത നിലപാടെടുക്കാം. എന്നാൽ അവിടെ മുൻവൈരാഗ്യം വരരുത്. മുൻധാരണ വരരുത്. Prejudice പാടില്ല; മുൻകൂട്ടിയുള്ള ചില ധാരണകൾ വച്ചുകൊണ്ടിരിക്കരുത്. നമ്മുടെ മനസ്സ് നിർമ്മലമായിരിക്കണം, തെറ്റുപാടില്ല എന്നുള്ളതിൽ വളരെ കർക്കശമായ നിലപാടുകളാവാം. അതിൽ അയവു വരാൻ പാടില്ല. പക്ഷേ, നമ്മുടെയുള്ളിൽ കോപം വരരുത്.

നാം കുട്ടികളെ ശാസിക്കുന്നതോ ശിക്ഷിക്കുന്നതോ പാപമല്ല; ശിക്ഷിക്കേണ്ട സമയത്ത് ശിക്ഷിക്കണം; ശാസിക്കേണ്ടിടത്ത് ശാസിക്കണം. പക്ഷേ, നമ്മുടെ കോപത്തിന്റെ ഫലമായി പെട്ടെന്ന് ക്രുദ്ധിച്ച് അവരെ ശിക്ഷിക്കരുത്. കുട്ടിയെ ശിക്ഷിക്കണമെങ്കിൽ, കുറ്റം കണ്ടാൽ ഉടനെയങ്ങ് ശിക്ഷിക്കരുത്. വഴക്കു പറയുകയുമരുത്.

നിങ്ങൾ പറയണം: മോനേ, മോളേ, ഇപ്പോൾ നിന്നെക്കൊണ്ട് ഈ തെറ്റ് ചെയ്യിച്ചത് പിശാചാണ്. ഇപ്പോൾ നിന്റെയുള്ളിൽ സാത്താനുണ്ട്. അതുകൊണ്ട് ഇപ്പോൾ ഞാൻ നിന്നെ ശിക്ഷിക്കാൻ പോകുകയാണ്. ഞാൻ നിന്നെയല്ല, നിന്റെ അകത്തിരിക്കുന്ന പിശാചിനെയാണ് അടിക്കുന്നത്. നിന്റെ ശരീരം വേദനിക്കും. ഇത്രയും പറയുമ്പോഴേക്കും നിങ്ങളുടെ കോപം ആറിക്കഴിഞ്ഞിരിക്കും. എന്നിട്ട് കേട് വരാത്ത രീതിയിൽ, നല്ലപോലെ വേദനിക്കാവുന്ന രീതിയിൽ അടിച്ചുകൊള്ളൂ, തെറ്റൊന്നുമില്ല. അല്ലാതെ പെട്ടെന്ന് ചാടിത്തല്ലുകയല്ല വേണ്ടത്.

ഞാൻ എത്രയോ വർഷം അദ്ധ്യാപകനായിരുന്നു. വളരെ കർക്കശമായ, നിലപാടുകൾ ഞാൻ എടുത്തിട്ടുണ്ട്. പക്ഷേ, വിട്ടുവീഴ്ചയില്ലാത്ത നിലപാടെടുക്കുമ്പോഴും എനിക്ക് എന്റെ വിദ്യാർത്ഥികളോട് എന്തു സ്നേഹമായിരുന്നു! എന്തൊരു വാത്സല്യമായിരുന്നു! അവരുടെ നന്മയ്ക്ക് വേണ്ടി എന്തൊരു ദാഹമായിരുന്നു! എത്ര വാത്സല്യം നിറഞ്ഞ മനോഭാവത്തോടു കൂടിയാണ് ഞാൻ കുട്ടികളോട് ഇടപെട്ടിട്ടുള്ളത്! ഞാൻ ഒരിക്കൽപോലും ഒരു വിദ്യാർത്ഥിയോട് അപമര്യാദയായി പെരുമാറിയിട്ടില്ല. ഒരിക്കൽപോലും എനിക്ക് അവരോട് നീരസം ഉണ്ടായിട്ടില്ല.

വീട്ടിൽ ഭാര്യയും ഭർത്താവും തമ്മിൽ, അല്ലെങ്കിൽ അപ്പനും മകനും തമ്മിൽ ഒരു അഭിപ്രായവ്യത്യാസമുണ്ടായി. അത് എത്രയും വേഗം തീർത്തുകൊള്ളണം. ആ ദിവസം നേരം വൈകുന്നതിനുമുമ്പ്, സന്ധ്യയാകുന്നതിനുമുമ്പ് അതെല്ലാം തീർത്തുകൊള്ളണം. ഒരിക്കൽപോലും അത് ഹൃദയത്തിൽ വച്ചുകൊണ്ടിരിക്കരുത്.

**“പിശാചിന്ന് ഇടം കൊടുക്കരുത്. കള്ളൻ ഇനി കക്കാതെ മുട്ടുള്ളവന്നു ദാനം ചെയ്‌വാൻ ഉണ്ടാകേണ്ടതിന്ന് കൈകൊണ്ട് നല്ലതു പ്രവർത്തിച്ച് അദ്ധ്വാനിക്കയത്രേ വേണ്ടത്.”** **എഫെസ്യർ 4 : 27, 28**

കൈകൊണ്ട് നല്ലതു പ്രവർത്തിച്ച് അദ്ധ്വാനിക്കണം. വേറൊരാൾ സമ്പാദിച്ചു വച്ചതോ വേറൊരാൾ അദ്ധ്വാനിച്ചു ണ്ടാക്കിയതോ മോഷ്ടിക്കരുത്. വേറൊരാളുടേത് ഞാൻ സ്വന്തമാക്കരുത്.

ഒരാൾ തന്റെ വീട് വാടകയ്ക്ക് കൊടുത്തു. പറഞ്ഞ കാലാവധി കഴിഞ്ഞപ്പോൾ ആൾ ഒഴിവാകുന്നില്ല എന്നു മാത്രമല്ല, അയാൾ വാടകപോലും കൊടുക്കുന്നില്ല. എന്നിട്ടു പറയുകയാണ്: “വാടക ചോദിച്ചുകൊണ്ട് ഇങ്ങോട്ടുവന്നാൽ

എന്റെ വിധം മാറും" എന്ന്. എന്തൊരു സ്വഭാവം! എന്തൊരു ഭീകര പ്രകൃതി! എന്തൊരു ക്രൂര പ്രകൃതി! ഞാൻ അതുകേട്ട് അമ്പരന്നുപോയി. ഇന്ന് മനുഷ്യൻ എത്രമാത്രം കാട്ടാളത്ത ത്തിലേക്ക് നീങ്ങുകയാണ്! കിരാതഹൃദയമായി മാറുകയാണ്!

നമ്മുടെ ജീവിതത്തിലേക്ക് നോക്കൂ. ഒരു പക്ഷേ അങ്ങനെയുള്ള സ്വഭാവം നാം കാണിക്കുമെന്നു തോന്നുന്നില്ല. എന്നാൽ നമ്മിൽ ആരെങ്കിലും നമ്മുടേതല്ലാത്തത് എന്തെങ്കിലും കൈവശം വച്ചുകൊണ്ടിരിക്കുന്നുണ്ടോ? അത് പൊതുമുതലായാലും മറ്റൊരാളുടേതായാലും എനിക്കവകാശമില്ലാത്തതാണ്. അത് ഞാൻ സ്വന്തമാക്കി വച്ചുകൊണ്ടിരുന്നാൽ പാപമാണ്.

പള്ളി ഭരിക്കുന്നവരുണ്ട്. കൂട്ടായ്മകൾ നടത്തുന്നവരുണ്ട്. പൊതുവായ സമ്പത്ത് കൈവശം വരുന്ന ആളുകളുണ്ട്. അതിലെല്ലാം വാസ്തവത്തിൽ വ്യാജഭാവങ്ങളില്ലേ? കവർച്ച കളില്ലേ? മോഷണങ്ങളില്ലേ? പണാപഹരണങ്ങളില്ലേ?

സംസാരം എങ്ങനെയായിരിക്കണം?

**"കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന് ആവശ്യം പോലെ ആത്മിക വർദ്ധനയ്ക്കായി നല്ല വാക്കല്ലാതെ ആകാത്തത് ഒന്നും നിങ്ങളുടെ വായിൽനിന്ന് പുറപ്പെടരുത്."**
**എഫെസ്യർ 4 : 29**

ഞാൻ ഒരു വാക്കുപറഞ്ഞാൽ, എനിക്ക് ആത്മിക വർദ്ധനയുണ്ടാകണം, കേൾക്കുന്നവർക്കും ആത്മാവിൽ വർദ്ധനയുണ്ടാവണം. ആവശ്യംപോലെ മാത്രമേ സംസാരി ക്കാവൂ. ആവശ്യമില്ലാതെ കയറി സംസാരിക്കരുത്. നല്ല വാക്കുമാത്രമേ ആകാവൂ, ചീത്ത വാക്കൊന്നും വരരുത്. വാക്കുകളിൽ ശ്രദ്ധിക്കേണ്ട അഞ്ച് കാര്യങ്ങൾ.

ഇന്ന് അനേകർ ധാരാളം ധാരാളമായി സംസാരിക്കുന്നു. യാക്കോബ്ശ്ലീഹാ പറയും: "കേൾപ്പാൻ വേഗതയും പറവാൻ

താമസവും ഉള്ളവൻ ആയിരിക്കട്ടെ.” കൂടുതൽ നമുക്ക് കേൾക്കാം. ഇന്ന് പലപ്പോഴും സംഭാഷണത്തിൽപോലും മാന്യത പുലർത്താറില്ല. ഒരാൾ സംസാരിച്ചുകൊണ്ടിരിക്കുന്നു, ഇടയ്ക്ക് കയറി പറയും. അത് തെറ്റാണ്. ഒരാൾ സംസാരിക്കുന്നത് എല്ലാം കേട്ടിട്ട് വേണം മറുപടി പറയാൻ. അല്ലാതെ ഇടയ്ക്ക് കയറി സംസാരിക്കരുത്. സ്ത്രീകൾക്ക് വരുന്ന വലിയ ഒരു അപകടമാണത്. സ്ത്രീകൾ ആവശ്യമില്ലാതെ ഇടയ്ക്കു കയറി, വിവേകമില്ലാതെ സംസാരിക്കും, ദോഷമാണ്.

**“ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഖിപ്പിക്കരുത്. അവനാലല്ലോ നിങ്ങൾക്ക് വീണ്ടെടുപ്പുനാളിന്നായി മുദ്രയിട്ടിരിക്കുന്നത്.” എഫേസ്യർ 4 : 30**

ആകാത്ത വാക്കുകൾ വന്നാൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ദു:ഖിക്കും. പരിശുദ്ധാത്മാവിന്റെ മുദ്രയല്ലേ നിങ്ങൾക്ക് കിട്ടിയിരിക്കുന്നത്? നിങ്ങൾ ക്രിസ്തുവിനെ രക്ഷകനും കർത്താവുമായി സ്വീകരിച്ചവരല്ലേ? പരിശുദ്ധാത്മാവ് ദു:ഖിക്കാൻ ഇടവരുത്തരുത്.

**“എല്ലാ കയ്പ്പും കോപവും ക്രോധവും കൂറ്റാരവും ദൂഷണവും സകല ദുർഗ്ഗുണവുമായി നിങ്ങളെ വിട്ട് ഒഴിഞ്ഞു പോകട്ടെ. നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോട് ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ.” എഫെസ്യർ 4 : 31, 32**

എല്ലാ കയ്പ്പും മാറിപ്പോകട്ടെ. വൈരാഗ്യം പാടില്ല. ഇഷ്ടക്കുറവ് പാടില്ല, മുഷിച്ചിൽ പാടില്ല. കോപവും ക്രോധവും പാടില്ല. കൂറ്റാരവും – Clamor – വ്യർത്ഥവാക്കുകൾ ഉച്ചത്തിൽ വെറുതെ പറഞ്ഞുകൊണ്ടിരിക്കുന്നത് – പാടില്ല. ജല്പനം ചെയ്തുകൊണ്ടിരിക്കരുത്. ആരുടേയും ദൂഷണം പറയരുത്. ആരേയും കുറ്റം പറയരുത്.

നമ്മുടെ നാവ് വല്ലതും പറയാനുള്ളതല്ല. ആരെങ്കിലും എന്തെങ്കിലും പറഞ്ഞതുകേട്ട് അതിന് ഒത്തതുപോലെ പറയാനുള്ളവരല്ല നാം ഓരോരുത്തരും. നാം ദൈവത്തിന്റെ മക്കളാണ്. നമ്മുടെ നാവ് നാം സൂക്ഷിക്കണം.

**"ആകയാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ."** **എഫെസ്യർ 5 : 1**

ദൈവത്തെയാണ് അനുകരിക്കേണ്ടത്, മനുഷ്യരെയല്ല. ദൈവത്തിന്റെ മക്കൾ അപ്പനെ അനുസരിക്കണം, അനുകരിക്കണം, അപ്പനെപ്പോലെ ആയിരിക്കണം.

**"ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിനു സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ."** **എഫെസ്യർ 5 : 2**

ക്രിസ്തു നമ്മെ സ്നേഹിച്ചതുപോല പരസ്പരം സ്നേഹത്തിൽ നടപ്പിൻ.

**"ദുർന്നടപ്പും യാതൊരു അശുദ്ധിയും അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേർ പറകപോലും അരുത്; അങ്ങനെ ആകുന്നു വിശുദ്ധന്മാർക്ക് ഉചിതം."** **എഫെസ്യർ 5 : 3**

വിശുദ്ധന്മാർക്ക് ഉചിതമായത് എന്താണ്? ദുർന്നടപ്പ് പാടില്ല. Premarital sex, extra marital sex ഇവ പാപമാണ്. Co-habitation പാപമാണ്. വിവാഹത്തിനുമുമ്പുള്ള ലൈംഗികത്വം പാപമാണ്. അത് പാടില്ല. സ്വന്തം ഭാര്യയല്ലാതെ, സ്വന്തം ഭർത്താവല്ലാതെ അന്യജഡത്തിലേക്ക് മോഹം പോകരുത്.

സ്വന്തം ഭാര്യയല്ലാതെ വേറൊരു സ്ത്രീയെക്കുറിച്ച് മോഹചിന്തകൾക്കുപോലും ഇടം കൊടുക്കരുത്. വേറൊരാളെ ഇക്കിളിപ്പെടുത്തുന്നതുപോലെ, മോഹം ഉണ്ടാകുന്ന രീതിയിൽ സംസാരിക്കരുത്. വാക്കിൽ തെറ്റരുത്, നോട്ടത്തിൽ തെറ്റരുത്,

പ്രവൃത്തിയിൽ തെറ്റരുത്. വിവാഹപൂർവ്വ ബന്ധങ്ങളും വിവാഹ ഇതര ബന്ധങ്ങളും പാടില്ല. ഇങ്ങനെ നിനക്ക് നിൽക്കാൻ പറ്റുമോ? എങ്കിൽ ദൈവത്തോടു കൂടെ നടക്കാം. ദൈവത്തോടു കൂടെ നടക്കാൻ താത്പര്യമുണ്ടെങ്കിൽ നിങ്ങൾക്ക് ഇതെല്ലാം സാധിക്കും. നിങ്ങൾ ആവശ്യക്കാരായിരിക്കും.

**"ദുർന്നടപ്പും യാതൊരു അശുദ്ധിയും അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേർ പറകപോലും അരുത്."**

**എഫെസ്യർ 5 : 3**

അത്യാഗ്രഹം! എത്ര കിട്ടിയാലും മതിയാവില്ല. കിട്ടണം, കിട്ടണം, എന്നേയുള്ളൂ. "വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് ഭാഗ്യം" എന്ന് അപ്പൊസ്തലപ്രവൃത്തി 20:35-ൽ നാം കാണുന്നുണ്ട്. വാങ്ങാൻ താത്പര്യമുള്ളതിനേക്കാൾ കൊടുക്കാൻ താത്പര്യമുള്ളവരായിരിക്കുക.

**"ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്ക് ഇങ്ങനെ ചേർച്ചയല്ലാത്തവ ഒന്നും അരുത്."** **എഫെസ്യർ 5 : 4**

പൊട്ടച്ചൊല്ല്, കളിവാക്ക്-വെറുതെ എന്തെങ്കിലുമൊക്കെ പറഞ്ഞുകൊണ്ടിരിക്കുക, രണ്ടർത്ഥം വച്ചു പറയുക, ചീത്ത അർത്ഥം വച്ചു പറയുക, കേൾക്കുന്നവരെ ഏതെങ്കിലും തരത്തിൽ തെറ്റിക്കുന്ന വിധത്തിൽ പറയുക. എല്ലാം പാപമാണ്.

**"ദുർന്നടപ്പുകാരൻ, അശുദ്ധൻ, വിഗ്രഹാരാധിയായ ദ്രവ്യാഗ്രഹി ഇവർക്ക് ആർക്കും ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ അവകാശമില്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ."** **എഫെസ്യർ 5 : 5**

ദ്രവ്യാഗ്രഹം വിഗ്രഹാരാധനയാണ്. ദ്രവ്യത്തെ, പണത്തെ വിഗ്രഹമായി കാണുന്നു. പണത്തിനുവേണ്ടി എന്തു വൃത്തികേടും ചെയ്യാൻ മടിക്കില്ല. പണത്തിനുവേണ്ടി വഴക്കുണ്ടാക്കും

കോപിക്കും, ജീവിതമൂല്യങ്ങൾ കളഞ്ഞുകുളിക്കും. ചെറിയ ലാഭത്തിനു വേണ്ടി, പത്തുരൂപ കിട്ടുന്നതിനുവേണ്ടി എന്തു കള്ളത്തരം ചെയ്യാനും മടിക്കില്ല. ദ്രവ്യാഗ്രഹം വിഗ്രഹാരാധനയാണ്. “വിഗ്രഹാരാധിയായ ദ്രവ്യാഗ്രഹി” എന്നാണ് അപ്പൊസ്തലൻ പറയുന്നത്.

ഈ വാക്യങ്ങളുടെയൊക്കെ അടിസ്ഥാനത്തിൽ നാം നമ്മെത്തന്നെ ശോധന ചെയ്യുമ്പോൾ നമുക്ക് ലജ്ജിക്കാൻ വകയുണ്ട്. നമ്മുടെ ആത്മീയജീവിതം ഒന്നുമായിട്ടില്ല. നാം ആത്മീയമായി മുന്നോട്ട് പോയിട്ടില്ല. എന്നോ ഒരിക്കൽ മാനസാന്തരപ്പെട്ടു. ഒരിക്കൽ ഹൃദയത്തിൽ യേശുവിനെ രക്ഷകനും കർത്താവുമായി സ്വീകരിച്ചു. പക്ഷേ, ജീവിതത്തിൽ ഇതുപോലെ ആഴത്തിലുള്ള അച്ചടക്കം (discipline) പാലിക്കാൻ പറ്റിയിട്ടുണ്ടോ?

ഇന്ന് എന്നപോലെ ഒരു ദിവസം ഞാനും പോകും, നിങ്ങളും പോകും. ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കയാണ്. കടന്നുചെല്ലുമ്പോൾ നാം ജീവനുള്ള ദൈവത്തിന്റെ സന്നിധിയിൽ ചെന്നു നിൽക്കുമോ? ദൈവത്തിന്റെ മാലാഖമാർ നമ്മെ കൊണ്ടുപോയി യേശുവിന്റെ മുമ്പിൽ നിർത്തുമോ? അന്ന് യേശുവിന്റെ തിരുമുമ്പിൽ നിൽക്കുമ്പോൾ നമുക്ക് യേശുവിന്റെ തിരുമുഖത്തേക്കു നോക്കാൻ പറ്റുമോ? യേശുവിന്റെ തിരുമുഖത്തേക്കു നോക്കി ക്കൊണ്ട് അവന്റെ പാദപീഠത്തിലേക്ക് നമ്മെത്തന്നെ അർപ്പണം ചെയ്യാൻ പറ്റുമോ? ഒന്നു ചിന്തിച്ചു നോക്കൂ.

ഇന്ന് നമുക്ക് ആരോഗ്യമുണ്ട്. സൗകര്യങ്ങളുണ്ട്. അതു കൊണ്ട് ഈ പറയുന്ന വാക്കുകൾക്ക് അത്ര വിലയില്ല. എന്നാൽ നാം മരണത്തെ നേരിടുന്ന ഒരു സമയമുണ്ട്. നമ്മുടെ കൈകാലുകൾ ബലഹീനമാകുന്ന ഒരു സമയമുണ്ട്. നാം ഇതിനുമുമ്പ് നടന്ന സ്ഥലങ്ങളിലൊന്നും ഒരിക്കലും നടക്കാൻ

പറ്റാത്ത രീതിയിൽ, നാം മുമ്പ് കണ്ട കാഴ്ചകളൊന്നും ഇനി കാണാൻ പറ്റാത്ത രീതിയിൽ കിടപ്പിലാകുന്ന ഒരു സമയമുണ്ട്. കൈകൊണ്ട് നല്ലതുപോലെ അദ്ധ്വാനിച്ചു പ്രവർത്തിച്ചവരായ നമ്മുടെ കൈകളെല്ലാം ബലഹീനമാകുന്ന ഒരു സമയമുണ്ട്. നമ്മുടെ പ്രാപ്തിയെല്ലാം പോകുന്ന ഒരു സമയമുണ്ട്.

ഒരു ഹോസ്പിറ്റലിൽ ചെന്ന് രോഗികളുടെ ഇടയിലൂടെ നടക്കുമ്പോഴാണ് നാം വാസ്തവത്തിൽ വിനയമുള്ളവരായി ത്തീരുന്നത്. കർത്താവേ, അനേകം രോഗികൾ ഇങ്ങനെ കിടക്കുന്നു. അവശത അനുഭവിക്കുന്നവർ! പല രോഗങ്ങളാൽ നെടുവീർപ്പിട്ടുകൊണ്ടിരിക്കുന്നവർ! വേദനിച്ചു പുളയുന്നവർ! സ്വസ്ഥതയില്ലാതെ അഴലുന്നവർ! ഭാവിയിലേക്ക് നിരാശയോടെ നോക്കിക്കൊണ്ടിരിക്കുന്നവർ! മരണം എപ്പോഴാണെന്ന് നോക്കിപ്പാർത്തിരിക്കുന്നവർ! ഏതു നിമിഷത്തിലും മരിക്കുമല്ലോ എന്നറിഞ്ഞുകൊണ്ട് മരണത്തെ മുന്നിൽ കണ്ടുകൊണ്ടിരിക്കുന്നവർ! ജീവിതമാകെ വിരസമായി കഴിയുന്നവർ! 'എല്ലാം തീർന്നല്ലോ' എന്നോർത്ത് നിരാശയിലാണ്ടു പോയവർ! ഈ പാവപ്പെട്ട അനേകരെ കാണുമ്പോൾ നാം എളിമയുള്ളവരായിത്തീരും.

നിങ്ങളുടെ ഹൃദയം ആർദ്രമായിത്തീരും. അഹങ്കാരവും തന്റേടവും പൊങ്ങച്ചവും ദുരഭിമാനവുമെല്ലാം പോകും. അഹന്ത പോകും. സ്വയാശ്രയം പോകും. എല്ലാവരും എളിമപ്പെടും. എന്റെ കർത്താവേ, ഇതുപോലൊരു ദിവസം ഞാനും കിടപ്പിലാകുമല്ലോ എന്ന ചിന്ത വരും.

ഒരു ദിവസം ഞാൻ ഇവിടെ നിന്നു കടന്നു പോകും. ഇന്ന് ഞാൻ പോറ്റിപ്പുലർത്തുന്ന, മെഴുപ്പിക്കയും കൊഴുപ്പിക്കയും ചെയ്യുന്ന എന്റെ ഈ ശരീരം ചേതനയറ്റുപോകുന്ന ഒരു സമയമുണ്ട്. ക്ഷീണിതമാകുന്ന ഒരു സമയമുണ്ട്. കഴിവുകളെല്ലാം അസ്തമിക്കുന്ന, ആർക്കും ഒന്നും ചെയ്യാൻ പാടില്ലാതെ,

നിസ്സഹായതയോടെ, എല്ലാവരും വേദനയോടെ നോക്കി നിൽക്കുന്ന ഒരു സമയമുണ്ട്.

പ്രിയപ്പെട്ട ഭാര്യ, പ്രിയപ്പെട്ട മക്കൾ, പ്രിയപ്പെട്ട ഭർത്താവ്, എല്ലാവരും അതിവേദനയോടെ ഒന്നും ചെയ്യാനാവാതെ വിഷമിച്ചു നിൽക്കുന്ന സമയം. ഡോക്ടർ പോലും: “നിങ്ങൾ ഇനി പ്രാർത്ഥിക്ക്, എനിക്ക് ചെയ്യാനാവുന്നതെല്ലാം ഞാൻ ചെയ്തു” എന്നു പറയുന്ന സമയം. അങ്ങനെ നാം വാസ്തവത്തിൽ നിസ്സഹായരായിത്തീരുന്ന ഒരു സമയം വരും. അതു മനസ്സിലാക്കുമെങ്കിൽ ഇനി ഈ ശരീരം നിങ്ങൾ ദുർന്നടപ്പിനു കൊടുക്കുകയില്ല. തിന്മയ്ക്കു കൊടുക്കയില്ല. അശുദ്ധിക്കു കൊടുക്കയില്ല.

Walk in Purity! നിങ്ങൾ വിശുദ്ധിയിൽ നടക്കാൻ തുടങ്ങും. ഇപ്പോൾ ഈ സമയത്ത് നിങ്ങൾ കർത്താവിനോട് പറയുമോ? കർത്താവേ, ഇതുവരെ എനിക്ക് തെറ്റായ പലതും സംഭവിച്ചുപോയി. ഞാൻ അരുതാത്ത പലതിലും വീണുപോയി. പണത്തിന്റെ അടിമയായി പലതും ചെയ്തുപോയി.

ഞാൻ ഭർത്താവിനോട് കലമ്പിച്ചുപോയി. എന്റെ ഭാര്യയെ അപമാനിച്ചുപോയി. എന്റെ പാവപ്പെട്ട ഭാര്യയെ കുറ്റം പറയുകയും അവളെ മറ്റുള്ളവരുടെ മുമ്പിൽ തരംതാഴ്ത്തുകയും ചെയ്തുപോയി. മറ്റുള്ളവരുടെ മുമ്പിൽ അവളെക്കുറിച്ച് മതിപ്പില്ലാതെ ഞാൻ പെരുമാറിപ്പോയി. മക്കളുടെ മുമ്പിൽവച്ച് ഭാര്യയെ ഞാൻ കുറ്റപ്പെടുത്തുകയും ശകാരിക്കുകയും വഴക്കുപറയുകയും ചെയ്ത് അവളെ തരംതാഴ്ത്തിക്കളഞ്ഞു പോയി.

എന്റെ ഭർത്താവിനെ മതിപ്പില്ലാതെ, വിലമതിക്കാതെ, ഞാൻ തരംതാഴ്ത്തുകയും തുച്ഛീകരിക്കുകയും ചെയ്തുപോയി. എന്റെ മക്കളോട് വാത്സല്യമില്ലാതെ പരുഷമായും കരുണയില്ലാതെയും പെരുമാറിപ്പോയി. എന്റെ മാതാപിതാക്ക

ളോട് ആദരവില്ലാതെ, അവരോട് ഭയമില്ലാതെ, ഗൗരവബോധ മില്ലാതെ, ബഹുമാനമില്ലാതെ ഞാൻ പെരുമാറിപ്പോയി. കർത്താവേ, നീ എന്നോടു ക്ഷമിക്കണമേ. എന്റെ ഈ ശരീരം തിന്മയ്ക്കു കൊടുത്തുപോയി. അശുദ്ധിയ്ക്കു കൊടുത്തു പോയി. ഈ ശരീരത്തിൽ തെറ്റുകൾ സംഭവിച്ചുപോയി, മാലിന്യം സംഭവിച്ചുപോയി.

നാഥാ! ഞാൻ ഇന്നു വിശ്വസിക്കുന്നു നിന്റെ തിരുരക്തം എന്നെ കഴുകാൻ മതിയായതാണെന്ന്. എന്റെ യേശുവിന്റെ തിരുരക്തം സകല പാപവും പോക്കി ശുദ്ധീകരിക്കുന്നു എന്ന വചനം വിശ്വസിച്ചുകൊണ്ട് ഞാൻ കുരിശിന്റെ ചുവട്ടി ലേക്കിതാ ഇഴഞ്ഞു വരുന്നു. യേശുവേ, നിന്റെ കുരിശിൽ നിന്നൊഴുകുന്ന തിരുരക്തത്താൽ ഇപ്പോൾ നീ എന്നെ ഒന്നു കഴുകുമോ? ഇപ്പോൾ എന്റെമേൽ നിന്റെ തിരുരക്തം ഒന്നു തളിക്കുമോ?

കഴിഞ്ഞകാല ജീവിതത്തിൽ വന്നുപോയ പാപങ്ങളെല്ലാം നാഥാ, നീ എനിക്കു കഴുകിത്തരുമോ? എന്റെ ജീവിതത്തിൽ വന്നുപോയ അനുസരണക്കേടുകൾ, തിന്മകൾ, അശുദ്ധികൾ, ദ്രവ്യാഗ്രഹങ്ങൾ, അഹങ്കാരങ്ങൾ, സ്വയപ്രശംസകൾ, സ്വയമ ഹത്വങ്ങൾ, എണ്ണിയിട്ടും എണ്ണിയിട്ടും തീരാത്ത തിന്മകൾ എല്ലാം കഴുകിത്തരുമോ?

നാഥാ, എന്റെ ചിന്തയിൽ തെറ്റുകൾ, വാക്കിൽ തെറ്റു കൾ, എന്റെ നോട്ടത്തിൽ തെറ്റുകൾ, ഹൃദയത്തിൽ തെറ്റുകൾ, പ്രവൃത്തിയിൽ തെറ്റുകൾ - അനേകമനേകം പാപങ്ങൾ വന്നുപോയി. എന്റെ ദൈവമേ, ഇപ്പോൾ ഞാനിതാ ഈ പാപഭാരച്ചുമടും പേറി കുരിശിൻ ചുവട്ടിലേക്ക് വരുന്നു. തൃക്കരം നീട്ടി എന്നെ ഒന്നു തൊടണമേ. എന്റെ പാപക്കറകൾ കഴുകി എന്നെ വിശുദ്ധീകരിക്കണമേ. നിന്റെ തിരുരക്തത്താൽ എന്നെ വിശുദ്ധീകരിച്ച് ഒരു പുതിയസൃഷ്ടിയാക്കി എഴുന്നേൽ

പ്പിക്കണമെ.

പ്രിയപ്പെട്ടവരേ, യേശുവിന്റെ കരങ്ങളിലേക്ക് നിങ്ങളെ കൊടുക്കുക. യേശു നിങ്ങളെ തഴുകട്ടെ. യേശു നിങ്ങളെ തലോടട്ടെ. യേശുവിന്റെ തൃക്കരം നിങ്ങളുടെ തലമേൽ വയ്ക്കട്ടെ. യേശുവിന്റെ തിരുരക്തം നിങ്ങളുടെ മേൽ തളി ക്കട്ടെ. തിരുരക്തത്താലുള്ള ശുദ്ധീകരണം അനുഭവിക്കാൻ നിങ്ങൾക്ക് ഭാഗ്യം ലഭിക്കട്ടെ. ആത്മാവിന്റെ തീ നിങ്ങളുടെ മേൽ ഇറങ്ങട്ടെ. തീയാൽ നിങ്ങൾ കഴുകപ്പെടട്ടെ. തീയുടെ സ്നാനം നിങ്ങൾക്ക് ലഭിക്കട്ടെ. അഗ്നിസ്നാനത്താൽ ശുദ്ധീക രിക്കപ്പെട്ടവരും പവിത്രീകരിക്കപ്പെട്ടവരുമായി നിങ്ങൾ തീരട്ടെ. യേശുവിന്റെ കൃപ നിങ്ങളുടെമേൽ പറന്നിറങ്ങി നിങ്ങളെ ആശ്വസിപ്പിക്കട്ടെ! അനുഗ്രഹിക്കട്ടെ! കഴുകട്ടെ! വെടിപ്പാക്കട്ടെ! വിശുദ്ധീകരിക്കട്ടെ! Walk in Purity! ദൈവത്തോടുകൂടെ നടക്കാം.

# നാല്

ചില മരുന്നുകൾ അല്ലെങ്കിൽ ചില സാധനങ്ങൾ വാങ്ങുമ്പോൾ അതിന്റെ പുറത്ത് എഴുതിയിരിക്കും, "For best results, follow the instructions of manufacturer." "ഈ സാധനം ഉപയോഗിക്കുന്നതുകൊണ്ട് ഏറ്റവും നല്ല ഫലം കിട്ടുവാൻ നിർമ്മാതാവിന്റെ നിർദ്ദേശങ്ങൾ കൃത്യമായിട്ടും പാലിക്കുക" എന്ന്. നമ്മുടെ ജീവിതം ഏറ്റവും നന്നായി നിർവ്വഹിക്കുവാൻ, ഏറ്റവും ഭംഗിയായി നയിച്ചുകൊണ്ട് പോകുവാൻ നമ്മുടെ കർത്താവായ യേശുവിന്റെ തിരുവചനം നാം അനുസരിക്കുകയും ആചരിക്കുകയും ചെയ്യുകയാണ് ഒരേയൊരു പോംവഴി. യേശുക്രിസ്തുവിന്റെ തിരുവചനപ്രകാരം നമ്മുടെ ജീവിതത്തെ ചിട്ടപ്പെടുത്തിയാൽ ഏറ്റവും നല്ല ഫലം നമുക്ക് കിട്ടും.

നിങ്ങളുടെ കുടുംബജീവിതത്തിൽ, സമൂഹജീവിതത്തിൽ, സഭാപരമായ ജീവിതത്തിൽ, നിങ്ങളുടെ ദൈനംദിന ജീവിതത്തിലെ വിവിധ രംഗങ്ങളിൽ എല്ലാം ഏറ്റവും നന്നായി നല്ല ഫലങ്ങൾ, സത്ഫലങ്ങൾ വിളയിക്കുവാൻ നിങ്ങൾക്ക് കഴിയും; നിങ്ങൾ തിരുവചനം അനുശാസിക്കുന്ന പ്രകാരം ജീവിച്ചാൽ മതി.

തിരുവചനത്തിൽ എല്ലാ കാര്യങ്ങൾക്കും വ്യക്തമായ നിർദ്ദേശങ്ങൾ നമുക്ക് ലഭിക്കുന്നുണ്ട്. ഈ വേദപുസ്തകം വാസ്തവത്തിൽ ഒരു രത്നഖനിയാണ്. നാം ഖനനം ചെയ്ത് ആഴത്തിലാഴത്തിൽ ചെല്ലുമ്പോൾ നമുക്ക് വളരെ ശക്തമായ മുന്നറിയിപ്പുകൾ ലഭിക്കുന്നു, വളരെ വ്യക്തമായ പാഠങ്ങൾ ലഭിക്കുന്നു, വ്യക്തമായ അനുശാസനങ്ങൾ ലഭിക്കുന്നു. അവ

നാം പാലിച്ചുപോയാൽ മതി.

1. Walk in unity
2. Walk in purity
3. Walk in harmony

നാം സാമഞ്ജസ്യത്തിൽ നടക്കണം. 'സാമഞ്ജസ്യം' എന്നു പറഞ്ഞാൽ സ്നേഹത്തിന്റെ ഒരുമിപ്പ്, സ്നേഹത്തിന്റെ ചേർച്ച, സ്നേഹത്തിന്റെ ഏകതാനത എന്നു വേണമെങ്കിൽ പറയാം. സമ്പൂർണ്ണമായി സ്നേഹത്തിൽ ഇഴുകിച്ചേരുന്ന അനുഭവം. സ്നേഹത്തിൽ ഒന്നിക്കുന്ന അനുഭവം.

അത് ഏതെല്ലാം രംഗങ്ങളിലാണ് വേണ്ടതെന്ന് വളരെ വിശദമായി എഫെസ്യലേഖനം പറഞ്ഞുതരുന്നുണ്ട്. കൊലൊസ്സ്യലേഖനത്തിലും തിമൊഥെയൊസിന് എഴുതിയ ലേഖനത്തിലും പറയുന്നുണ്ട്. പ്രത്യേകിച്ചും തിമൊഥെയൊസിന് എഴുതിയ ഒന്നാമത്തെ ലേഖനം അവസാനത്തെ അദ്ധ്യായത്തിലും പത്രോസ്ശ്ലീഹ എഴുതിയ ഒന്നാം ലേഖനം മൂന്നാമത്തെ അദ്ധ്യായത്തിലുമുണ്ട്. ഇതോരോന്നും ചേർത്തുവച്ചു ചിന്തിക്കുമ്പോൾ ഒരു കുടുംബം ഏകതാനതയിൽ പോകുവാൻ എങ്ങനെയാണ് പുലരേണ്ടത് എന്ന് കൃത്യമായ നിർദ്ദേശങ്ങൾ തരുന്നു.

ഭാര്യയും ഭർത്താവും സ്നേഹമായും ഐക്യമായും ജീവിക്കുന്നതാണ് ഒരു കുടുംബത്തിന്റെ ഐശ്വര്യം എന്നുപറയുന്നത്. സ്നേഹം നിറഞ്ഞ, ഐക്യദാർഢ്യമുള്ള, സ്നേഹത്തിന്റെ ഊഷ്മളത നിറഞ്ഞ ഒരന്തരീക്ഷമാണ് ഭാര്യയുടെയും ഭർത്താവിന്റെയും ഹൃദയത്തെ തമ്മിൽ യോജിപ്പിച്ചിരിക്കുന്ന മനോഭാവമെങ്കിൽ തീർച്ചയായും മക്കൾ വഴി തെറ്റിപ്പോകുകയില്ല. മക്കൾ നാനാവിധമായി പോകുകയില്ല. മക്കളെയോർത്ത് നിങ്ങൾ നെടുവീർപ്പിടേണ്ടി വരികയില്ല.

ഇന്ന് അനേകം കുടുംബങ്ങളിലും മക്കളെയോർത്തുള്ള

ദു:ഖവും വ്യസനവും വലിയ നൈരാശ്യവും മാതാപിതാക്കളെ ബാധിച്ചിരിക്കുന്നതു കാണാം. മക്കൾ നാനാവിധമായിപ്പോകുകയാണ്. മക്കൾ അനുസരണമില്ലാത്തവരായിപ്പോകുന്നു, പഠിക്കാൻ മോശമായിത്തീരുന്നു, അവരുടെ ഭാവി ഇരുളടഞ്ഞ് ജീവിതം തകർന്നുപോകുന്നു, അവർ സമാധാനമില്ലാത്തവരായിത്തീരുന്നു, അനേകമനേകം ദുശ്ശീലങ്ങൾക്ക് അടിമകളായിത്തീരുന്നു. കഞ്ചാവിന്റെയോ, മദ്യത്തിന്റെയോ, മയക്കുമരുന്നിന്റെയോ അടിമത്വത്തിൽ ആണ്ടുപോകുന്നു. ജീവിതം ഏറ്റവും ഹീനമായ രീതിയിൽ, മ്ലേച്ഛമായ രീതിയിൽ കഴിഞ്ഞുകൂടുന്ന അവസ്ഥാന്തരങ്ങളിലേക്ക് കടന്നുപോകേണ്ടി വരുന്നു.

എന്താണ് കാരണം? മറ്റാരേയും കുറ്റം പറയേണ്ട. മറ്റാരേയും നാം അതിന് പഴി പറയേണ്ട. ഞാൻ മലയാള മനോരമ പത്രത്തിൽ പ്രൊഫസർ ഹൃദയകുമാരി എഴുതിയ വളരെ മനോഹരമായ ഒരു ലേഖനം വായിക്കുകയുണ്ടായി. കുറെ വർഷങ്ങൾക്ക് മുമ്പാണ്. കുട്ടികൾ ചീത്ത സ്വഭാവമുള്ളവരായിത്തീർന്നാൽ ആ കുട്ടികളെയല്ല ശിക്ഷിക്കേണ്ടത് എന്ന്. ചൈനയിൽ നടന്ന ഒരു സംഭവമാണ് ആ ശ്രേഷ്ഠവനിത എഴുതിയിരിക്കുന്നത്.

ചൈനയിൽ ഒരു വീട്ടിൽ എന്നും ഭാര്യയും ഭർത്താവും തമ്മിൽ വലിയ വഴക്കാണ്. കുറെനാൾ അയൽപക്കത്തുള്ളവർ സഹിച്ചു. പിന്നെ അവർ പരാതിപ്പെട്ടു, വിഷയം കോടതിയിലെത്തി. മജിസ്ട്രേറ്റ് ശിക്ഷ വിധിച്ചു. ഈ വഴക്ക് കൂടുന്ന ഭാര്യയേയും ഭർത്താവിനേയുമല്ല, അവരെ പഠിപ്പിച്ച അദ്ധ്യാപകരേയും വളർത്തിയ മാതാപിതാക്കളേയും ശിക്ഷിക്കാനാണ് കോടതി വിധിച്ചത്. അത് വച്ചുകൊണ്ട് ആ മഹതി എഴുതിയിരിക്കുകയാണ്, നമ്മുടെ കുടുംബജീവിതം തകരുകയും നമ്മുടെ യുവാക്കൾ വഴി തെറ്റിപ്പോകുകയും ചെയ്യുന്നതിന്റെ വ്യക്തമായ കാരണം, അവരെ പരിശീലിപ്പിച്ചുവന്ന സ്കൂളിന്റെയോ കോളേജിന്റെയോ അതല്ലെങ്കിൽ ഭവനത്തിന്റെയോ അന്തരീക്ഷത്തിൽ നിന്ന് അവരുടെമേൽ വന്ന സ്വാധീനമാണ് എന്ന്.

ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സ്നേഹത്തിന്റെ ഏകതാനത – Harmony – നിലനിർത്തുക എന്നുള്ളത് വളരെ കൃത്യമായി നാം പാലിക്കേണ്ടതാണ്. എഫെസ്യലേഖനത്തിൽ എന്താണ് പറയുന്നത്?

**"ഭാര്യമാരേ, കർത്താവിന് എന്നപോലെ സ്വന്ത ഭർത്താക്കന്മാർക്ക് കീഴടങ്ങുവിൻ." എഫെസ്യർ 5 : 22**

ഈ വാക്യം കേൾക്കുമ്പോൾ നിങ്ങളിൽ ചിലർ സ്വാഭാവികമായും ചിന്തിക്കും, ഭർത്താവ് മദ്യപിച്ച് വന്ന് ബഹളം വയ്ക്കുകയും ചുമതലാബോധമില്ലാതെ പൈസ നാനാവിധമാക്കുകയും ചെയ്താൽ എങ്ങനെ കീഴടങ്ങും? ഉള്ളതുമുഴുവൻ വിറ്റുമുടിച്ചാൽ എങ്ങനെ കീഴടങ്ങും? എന്നും വീട്ടിൽ ശണ്ഠയും കലഹവുമാണെങ്കിൽ എങ്ങനെ കീഴടങ്ങും? അദ്ദേഹം ദുഃസ്വഭാവിയായി അന്യസ്ത്രീകളുടെ കൂടെ ജീവിക്കാൻ പോകുമ്പോൾ എനിക്കെങ്ങനെ അദ്ദേഹത്തിന് കീഴടങ്ങിയിരിക്കാൻ പറ്റും?

പ്രിയപ്പെട്ടവരേ, വ്യക്തമായി പറഞ്ഞുതരാം. ഇമ്മാതിരി ദുശ്ശീലങ്ങളുള്ള ആളാണെങ്കിൽപ്പോലും സ്നേഹംകൊണ്ട്, നിങ്ങളുടെ ജീവിതത്തിന്റെ വിശുദ്ധമായ സംസ്ക്കാര മഹിമ കൊണ്ട് നിങ്ങളുടെ ഭർത്താവിനെ നിങ്ങൾക്ക് നേടിയെടുക്കാൻ പറ്റും. തിന്മയെ ജയിക്കാനുള്ള ഒരേയൊരായുധം സ്നേഹം മാത്രമാണ്. ദുഷ്ടതയേയും ക്രൗര്യത്തേയും ജീവിതത്തിന്റെ മ്ലേച്ഛതകളേയും ജയിക്കാനുള്ള ഒരേയൊരു പോംവഴി സ്നേഹമാണ്. ഗോഗുൽത്തായിൽ കർത്താവായ യേശുക്രിസ്തു കാണിച്ചുതന്ന സ്നേഹത്തിന്റെ മാതൃകാപാഠം നാം കൈക്കൊള്ളുക മാത്രമാണ് പോംവഴി.

എത്ര ദുശ്ശീലത്തിൽ പോകുന്ന മനുഷ്യനാണെങ്കിലും വിനയപൂർവ്വം, സ്നേഹത്തോടെ, താഴ്മയോടെ, കാരുണ്യത്തോടെ ഇടപെടാൻ നമുക്ക് കഴിയുമ്പോൾ തീർച്ചയായും ഇന്നല്ലെങ്കിൽ നാളെ അദ്ദേഹത്തെ നേടിയെടുക്കാൻ പറ്റും. മദ്യപിച്ച് കൂത്താടി വരുമ്പോൾ ഒരു പക്ഷേ നിങ്ങൾ

തല്ലുകൊള്ളും, കഠിനമായ മർദ്ദനമേൽക്കും, ഒരു കാര്യവുമില്ലാതെ വേണ്ടാത്ത രീതിയിൽ, ഹൃദയത്തെ മുറിപ്പെടുത്തുന്ന രീതിയിൽ സംസാരിക്കും. ശരീരത്തെ മർദ്ദിച്ചിട്ട്, വേദന കൊണ്ട് പുളയുന്നു. വീടിനകത്തുനിന്ന് പുറത്തേക്ക് ഇറക്കിവിട്ടിട്ട് വാതിലടക്കുന്നു. എന്തെല്ലാം പ്രയാസങ്ങളാണ് പല കുടുംബങ്ങളിലും സ്ത്രീകൾ നേരിടുന്നത്! എങ്കിൽപ്പോലും സ്നേഹംകൊണ്ട് നിങ്ങൾക്ക് നേടാൻ സാധിക്കും.

നിങ്ങൾ യേശുക്രിസ്തുവിനെ സ്നേഹിക്കുക; യേശുക്രിസ്തുവിന്റെ സ്നേഹത്തിൽക്കൂടി ഭർത്താവിനേയും സ്നേഹിക്കുക.

മുവാറ്റുപുഴ കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന അഡ്വക്കേറ്റ് ഷൈനി, ഭർത്താവിന് കീഴടങ്ങുമോ എന്ന് കൂടെ പഠിച്ചിരുന്നവർ പോലും സംശയിച്ചിരുന്നു. ഒന്നോ രണ്ടോ ആഴ്ച ഒന്നിച്ച് ജീവിച്ചേക്കും, അതു കഴിഞ്ഞ് അവർ വിവാഹ മോചനം നേടും എന്ന് പറയത്തക്കവണ്ണം ഷൈനിയുടെ കുടുംബജീവിതം തകരുമെന്നുള്ള പ്രതീക്ഷയായിരുന്നു സകലർക്കും ഉണ്ടായിരുന്നത്.

ഷൈനി തന്നെ പറഞ്ഞിരുന്നത്: "ഞാൻ ധിക്കാരിയും തന്റേടിയും ആയിരുന്നു" എന്നാണ്. എന്നാൽ കരുണയുള്ള കർത്താവിന്റെ കൃപയാൽ ഷൈനി എളിമ അഭ്യസിച്ചു; താഴ്മ അഭ്യസിച്ചു; താഴാൻ പഠിച്ചു; വിനയമുള്ളവളായിത്തീർന്നു. ഫലമോ, കുടുംബം ഇന്ന് ഐശ്വര്യമായി, സമാധാനമായി കഴിയുന്നു. ക്രിസ്തുവിന്റെ സത്യസാക്ഷിയായി ഇന്ന് ജീവിതത്തിൽ മഹോന്നതമായ അനുഭവങ്ങൾ നേടിയെടുത്തുകൊണ്ടിരിക്കുന്നു.

പ്രിയപ്പെട്ടവരേ, നിങ്ങൾക്ക് സാധിക്കും, വേണമെങ്കിൽ.

**"ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്കു തലയാകുന്നതുപോലെ ഭർത്താവ് ഭാര്യയ്ക്ക് തലയാകുന്നു."**

**എഫെസ്യർ 5 : 23**

ഒരു ചിന്തകൻ പറഞ്ഞുകേട്ടിട്ടുണ്ട്, ഭാര്യ ഭർത്താവിന് ഇഷ്ടംപോലെ ചവിട്ടിയമർത്താനുള്ള ഒരു ജീവിയല്ല. ഭർത്താവിന്റെ കാൽക്കീഴിലല്ല അവളെ നിർത്തിയിരിക്കുന്നത്. ഭർത്താവിന്റെ വശത്തുനിന്നാണ് അവളെ എടുത്തത്. ആദാമിന്റെ പാർശ്വത്തിൽ നിന്ന് ഹവ്വായെ എടുത്തു, ദൈവം മെനഞ്ഞു. തുല്യമായിട്ടാണ് വച്ചത്. ഭർത്താവിന്റെ തലയിൽ നിന്നല്ല എടുത്തത്. തലയ്ക്കു മീതെയാകാൻ പാടില്ല. ഭർത്താവ് ഭാര്യയെ ചവിട്ടിത്തേക്കാൻ പാടില്ല. ചവിട്ടിയമർത്താൻ പാടില്ല. ഭർത്താവിന്റെ പാർശ്വത്തിൽ ഒരേ നിലയിലാണ് കണ്ടിരിക്കുന്നത്. അതുകൊണ്ട് രണ്ടുപേരും പരസ്പരം ബഹുമാനിക്കണം. പരസ്പരം സ്നേഹിക്കണം. ഒരാൾ ഒരാളേക്കാൾ വലുതല്ല, ചെറുതുമല്ല.

**"എന്നാൽ സഭ ക്രിസ്തുവിന്നു കീഴടങ്ങിയിരിക്കുന്നതു പോലെ ഭാര്യമാരും ഭർത്താക്കന്മാർക്ക് സകലത്തിലും കീഴടങ്ങിയിരിക്കേണം." എഫെസ്യർ 5 : 24**

സകലത്തിലും കീഴടങ്ങിയിരിക്കണം. വാഗ്വാദങ്ങളുള്ള ഭവനങ്ങളുണ്ട്. കണ്ണൂരുള്ള പ്രിയപ്പെട്ട രാജുവിന്റെ ഭാര്യ മിനി ഒരിക്കൽ പറഞ്ഞു: "ഞങ്ങളുടെ കിടപ്പുമുറി ഒരു കോടതിമുറി പോലെ ആയിരുന്നു" എന്ന്. ഉറക്കറയിൽ തർക്കം. എന്താണ് കാരണം? ചേർച്ചയില്ല. ഐക്യമില്ല. വാഗ്വാദമാണ്. ഭർത്താവ് ഒന്നുപറഞ്ഞാൽ രണ്ടു പറഞ്ഞിരിക്കും. പറഞ്ഞേ പറ്റൂ. ഇല്ലെങ്കിൽ പോരായ്മയാണുപോലും! എന്നാൽ ഇന്ന് മിനി, സത്യവചനം കേട്ട്, ജീവന്റെ വചനം സ്വീകരിച്ച് താഴ്മ അഭ്യസിച്ച്, ഭർത്താവിന് കീഴടങ്ങാൻ പഠിച്ചു. തന്മൂലം ആ കുടുംബം ഐശ്വര്യമായി കഴിയുന്നു.

ഈ വാക്കുകൾ വായിക്കുന്ന ബഹുമാന്യ സഹോദരീ സഹോദരന്മാരേ, ഈ സാമഞ്ജസ്യത്തിൽ, ഏകതാനതയിൽ, സ്നേഹത്തിന്റെ ഐക്യത്തിൽ നിങ്ങളുടെ കുടുംബജീവിതം പുലർത്താൻ നിങ്ങൾക്കു കഴിയുമോ?

1. ഭാര്യ ഭർത്താവിന് കീഴടങ്ങണം.

2. ഭാര്യ ഭർത്താവിനെ അനുസരിക്കണം.

3. ഭാര്യ ഭർത്താവിനെ ഭയപ്പെടണം

**"ഭാര്യയോ ഭർത്താവിനെ ഭയപ്പെടേണ്ടതാകുന്നു."**
**എഫേസ്യർ 5 : 33**

**"ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്ക് കർത്താവിൽ ഉചിതമാകുംവണ്ണം കീഴടങ്ങുവിൻ." കൊലൊസ്യർ 3 : 18**

ഇവിടെ അല്പംകൂടെ ഒരു വിശേഷവാക്ക് ചേർത്തിട്ടുണ്ട്, "ഉചിതമാകുംവണ്ണം കീഴടങ്ങുവിൻ." അരുതാത്ത വൃത്തികേടുകൾ ചെയ്യുവാനോ, മ്ലേച്ഛമായ കാര്യങ്ങൾ ചെയ്യുവാനോ, തിന്മയായ വഴികളിലൂടെ നടക്കുവാനോ, ഒരു ഭർത്താവ് ഒരിക്കലും പറയരുതാത്ത കാര്യങ്ങൾ പറഞ്ഞ് ആ പാവം സ്ത്രീയെ അടിമയെപ്പോലെ പെരുമാറാനോ തുടങ്ങിയാൽ അതിന് പൂർണ്ണമായി കീഴടങ്ങുവാൻ വേദപുസ്തകം പറയുന്നില്ല.

**"ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിപ്പിൻ; അവരിൽ വല്ലവരും വചനം അനുസരിക്കാത്ത പക്ഷം ഭയത്തോടുകൂടിയ നിങ്ങളുടെ നിർമ്മലമായ നടപ്പ് കണ്ടറിഞ്ഞു വചനം കൂടാതെ ഭാര്യമാരുടെ നടപ്പിനാൽ ചേർന്നുവരുവാൻ ഇടയാകും. നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമേയുള്ളതല്ല, സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കേണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു. ഇങ്ങനെയല്ലോ പണ്ടു ദൈവത്തിൽ പ്രത്യാശവെച്ചിരുന്ന വിശുദ്ധ സ്ത്രീകൾ തങ്ങളെത്തന്നേ അലങ്കരിച്ചു ഭർത്താക്കന്മാർക്കു കീഴടങ്ങിയിരുന്നത്."**
**1 പത്രോസ് 3 : 1 – 5**

ഭർത്താവ് ഒരുപക്ഷേ വചനം അനുസരിക്കാത്ത ആളാണെങ്കിൽ പോലും ഭയത്തോടുകൂടിയ നിങ്ങളുടെ നിർമ്മലമായ നടപ്പു കണ്ടറിഞ്ഞ് നിങ്ങളുടെ ഉപദേശം കൂടാതെ ചേർന്ന് വരുവാൻ ഇടയാകും. ദൈവത്തെ ഭയന്നും ദൈവത്തെ സ്നേഹിച്ചും ദൈവത്തെ അനുസരിച്ചും ദൈവവചനത്തെ മാനിച്ചുമുള്ള നിങ്ങളുടെ ജീവിതം കണ്ട്, നിങ്ങളുടെ പരിശുദ്ധമായ നടപ്പ് കണ്ട്, അറിഞ്ഞ് ചേർന്നുവരുവാൻ ഇടയാകും. ഭാര്യയുടെ ഉപദേശം കേട്ടല്ല, ഭാര്യയുടെ നടപ്പു കണ്ട്, അവളുടെ ജീവിതം കണ്ടാണ് ചേർന്നുവരേണ്ടത്.

നിങ്ങൾ വലിയ ആഭരണം ധരിക്കുന്നതൊന്നുമല്ല അലങ്കാരം. സൗമ്യതയും സാവധാനതയുമാണ് ഏറ്റവും നല്ല ആഭരണം. അത് അക്ഷയഭൂഷണമാണ്, ക്ഷയിക്കാത്ത ആഭരണമാണ്. പൊന്നും വെള്ളിയും സ്വത്തും എല്ലാം ക്ഷയിച്ചു പോകും. തീർന്നുപോകും. സൗമ്യതയും സാവധാനതയും എന്ന ആഭരണമാണ് ദൈവസന്നിധിയിൽ വിലയേറിയത്.

കർത്താവായ യേശുവിന്റെ ആണിപ്പാടുള്ള കരം ഭാര്യയുടേയും ഭർത്താവിന്റേയും തലയിൽ ഉണ്ടായിരിക്കട്ടെ! രണ്ടു പേരുടേയും ഇടയ്ക്ക് യേശു ഉണ്ടായിരിക്കട്ടെ! യേശുവിന്റെ ആർദ്രസ്നേഹം രണ്ടുപേരെയും തഴുകിക്കൊണ്ടിരിക്കട്ടെ! യേശുവിന്റെ നിഷ്ക്കളങ്കസ്നേഹം, സ്വർഗ്ഗീയ സ്നേഹം രണ്ടു പേരുടെയും കണ്ണീർ തുടച്ചുകൊണ്ടിരിക്കട്ടെ!

രണ്ടുപേരെയും യേശു അനുഗ്രഹിക്കുമ്പോൾ അനുഗൃഹീതരായ മക്കളുണ്ടാകുന്നു. ശ്രേഷ്ഠമായ ഒരു തലമുറയെ വാർത്തെടുക്കാൻ കഴിയുന്നു. ശോഭനമായ ഒരു ഭാവി നേടിയെടുക്കാൻ സാധിക്കുന്നു. ഒരുപക്ഷേ രോഗം ഉണ്ടെങ്കിലെന്ത്? പൈസയ്ക്കു ഞെരുക്കമാണെങ്കിലെന്ത്? വലിയ വിദ്യാഭ്യാസം ഒന്നുമില്ലെങ്കിലെന്ത്? സ്നേഹമുള്ള ഒരു കുടുംബം! സന്തോഷമുള്ള ഒരു കുടുംബം! സൗഭാഗ്യമുള്ള ഒരു കുടുംബം! ഐശ്വര്യമുള്ള ഒരു കുടുംബം!

പ്രിയപ്പെട്ടവരേ, ഈ സ്വപ്നം സഫലീകൃതമാക്കണം. ഇത് കേവലം ഒരു കിനാവായി നിങ്ങൾ കാണരുത്. നിങ്ങളിത് അനുഭവമാക്കിയെടുക്കണം. ഭാര്യ ഭർത്താവിന് കീഴ്പ്പെടുവാനും അനുസരിക്കുവാനും ഭയപ്പെടുവാനും, ഒപ്പം ഭർത്താവ് ഭാര്യയെ സ്നേഹിക്കാനും, കരുതാനും, ബഹുമാനിക്കുവാനും - അങ്ങനെ ഏകതാനതയുള്ള, Harmony-യുള്ള ഒരു കുടുംബജീവിതം കെട്ടിപ്പടുക്കാൻ നമുക്ക് സാധിക്കട്ടെ! നമ്മുടെ കുടുംബം സ്വർഗ്ഗീയ സൗഭാഗ്യംകൊണ്ട് നിറയട്ടെ! നമ്മുടെ ഓരോരുത്തരുടേയും കൊച്ചു കൊച്ചു കുടുംബങ്ങൾ കൊച്ചു കൊച്ചു സ്വർഗ്ഗങ്ങളായിത്തീരട്ടെ! യേശുക്രിസ്തുവിന്റെ അത്ഭുതകൃപയാൽ നിങ്ങൾക്ക് സാധിതമാക്കിത്തരട്ടെ!

# അഞ്ച്

Walk in harmony! ഏകതാനതയിൽ നടക്കുക. സ്നേഹത്തിന്റെ ഐക്യത്തിൽ നടക്കുക. സാമഞ്ജസ്യത്തിൽ നടക്കുക. സ്നേഹത്തിന്റെ ചേർച്ചയിൽ നടക്കുക. ദൈവത്തോടുകൂടെ നടക്കണമെങ്കിൽ കുടുംബം harmony ഉള്ളതായിരിക്കണം. അങ്ങനെയുള്ള കുടുംബം കൊച്ചു സ്വർഗ്ഗമാവുമെന്നാണ് നാം ചിന്തിച്ചുവന്നത്.

സ്നേഹത്താലിഴുകിച്ചേർന്ന ഭാര്യാഭർത്താക്കന്മാർ. സ്നേഹത്താൽ ഒന്നിച്ചുചേർന്ന മാതാപിതാക്കളും മക്കളും. സ്നേഹത്താൽ ചേർച്ച വന്ന സഹോദരീ സഹോദരന്മാർ. എന്തൊരൈശ്വര്യമാണത്! സ്നേഹമാണ് ഐശ്വര്യം. സ്നേഹമാണ് സൗഭാഗ്യം. ഭാര്യ ഭർത്താവിനെ അനുസരിക്കണം, ഭർത്താവിന് കീഴ്പ്പെടണം, ഭർത്താവിനെ ഭയപ്പെടണം. ആ സ്നേഹത്തിന്റെ ഐക്യം വരുവാൻ ഭർത്താവ് എന്തു ചെയ്യണം?

**"ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതു പോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ."**

**എഫെസ്യർ 5 : 25**

ക്രിസ്തു തന്നെത്തന്നെ മറന്ന് തന്റെ ജീവൻ തന്ന് സഭയെ സ്നേഹിച്ചു. സ്വന്തം രക്തം ചിന്തി സഭയെ സ്നേഹിച്ചു. ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ ഭർത്താവ് ഭാര്യയെ സ്നേഹിപ്പിൻ.

തന്നെത്തന്നെ മറന്ന് ഭാര്യയെ സ്നേഹിപ്പിൻ. ഭാര്യയെ

വിലപ്പെട്ടവളായി കാണുക. ഒരു വേലക്കാരിയെപ്പോലെ കാണരുത്. അടിമയെപ്പോലെ കാണരുത്. പറയുന്നതെല്ലാം കണ്ണടച്ചനുസരിക്കുന്ന പാവയായി കാണരുത്. അവൾ എന്നോടൊപ്പം അഭിപ്രായ സ്വാതന്ത്ര്യമുള്ളവൾ; ആശയ മഹിമയുള്ളവൾ; എന്നോടൊപ്പം ചിന്തിക്കാൻ കഴിവുള്ളവൾ. ഭർത്താവിനേക്കാൾ ഒരു പടി പോലും താണുകാണരുത്. ഭാര്യയെ ഏറ്റവും കൂടുതലായി, തന്നേക്കാൾ കൂടുതലായി സ്നേഹിക്കുക.

**"അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും കറ, ചുളുക്കം മുതലായത് ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കു തന്നെ തേജസ്സോടെ മുൻനിറുത്തേണ്ടതിനും തന്നെത്താൻ അവൾക്കുവേണ്ടി ഏല്പിച്ചു കൊടുത്തു. അവ്വണ്ണം ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്തശരീര ങ്ങളെപ്പോലെ സ്നേഹിക്കേണ്ടതാകുന്നു. ഭാര്യയെ സ്നേഹി ക്കുന്നവൻ തന്നെത്താൻ സ്നേഹിക്കുന്നു. ആരും തന്റെ ജഡത്തെ ഒരുനാളും പകച്ചിട്ടില്ലല്ലോ; ക്രിസ്തുവും സഭയെ ചെയ്യുന്നതുപോലെ അതിനെ പോറ്റി പുലർത്തുകയത്രേ ചെയ്യുന്നത്. നാം അവന്റെ ശരീരത്തിന്റെ അവയവങ്ങളല്ലോ. അതുനിമിത്തം ഒരു മനുഷ്യൻ അപ്പനേയും അമ്മയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായിത്തീരും. ഈ മർമ്മം വലിയത്."** **എഫെസ്യർ 5 : 26 – 32**

ക്രിസ്തു, സഭയ്ക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്തു. അതുപോലെ ഭർത്താവ്, സ്വന്തം ശരീരത്തെ സ്നേഹിക്കുന്നതുപോലെ ഭാര്യയെ സ്നേഹിക്കുക. ജീവിത പങ്കാളിയെന്നുള്ളതിന് ഇംഗ്ലീഷിൽ പറയുന്നത് better half എന്നാണ്. നേരെ നടുവെ മുറിച്ചാൽ ഏറ്റവും നല്ല പകുതി. ഭാര്യയ്ക്ക് better half ആയിരിക്കണം അവളുടെ ഭർത്താവ്. ഭർത്താവിന് better half ആയിരിക്കണം ഭാര്യ.

ഭർത്താവാകട്ടെ, ഭാര്യയാകട്ടെ സ്വന്തം മാതാപിതാക്കളെ

വെറുക്കണമെന്നല്ല. സ്വന്തം മാതാപിതാക്കളെ നോക്കണ്ടാ യെന്നല്ല, മാതാപിതാക്കളെ സ്നേഹിക്കണ്ട എന്നല്ല. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധമല്ല ഭർത്താവും ഭാര്യയും തമ്മിൽ. അവർ ഒരു ശരീരമായിത്തീരും. അവർ ചിരിച്ച് സന്തോഷിച്ച് കഴിയുന്നത് മാതാപിതാക്കൾക്ക് ആനന്ദമായിരിക്കും.

അനേക കുടുംബങ്ങൾ തകരുന്നതെപ്പോഴാണ്? മോനും മോൻ വിവാഹം കഴിച്ചുകൊണ്ടുവന്ന മോളും പരസ്പരം സ്നേഹമായി മിണ്ടുന്നതോ, ചിരിക്കുന്നതോ, അവരൊരുമിച്ച് യാത്രചെയ്യുന്നതോ പല അമ്മമാർക്കും ഇഷ്ടമല്ല. അവിടെയാണ് അമ്മായിയമ്മപ്പോര് തുടങ്ങുന്നത്. അമ്മമാർ ധരിക്കുന്നത് ഇത്രയും കാലം ഈ എന്റെ മകൻ എന്റെ കസ്റ്റഡിയിൽ ആയിരുന്നു. ഞാനവന് ആഹാരം കൊടുത്തു, ചോറു കൊടുത്തു, ചായ കൊടുത്തു, അവന്റെ കാര്യം ഞാൻ നോക്കി. ഇപ്പോൾ അവന്റെ കാര്യം നോക്കാൻ വേറെ ഒരു സ്ത്രീ വന്നിരിക്കുന്നു. എന്റെ സ്ഥാനം അവൾ അപഹരിച്ചു കൊണ്ടുപോയി എന്നു ചിന്തിച്ചുകൊണ്ട് വിവാഹം കഴിച്ചു കൊണ്ടുവന്ന മകളെ അമ്മായിയമ്മ ഒരു ശത്രുവിനെപ്പോലെ കാണുന്നു. അത് മഹാപാപമാണ്. ഒരു പക്ഷേ, സഹോദരിമാർക്ക് പലർക്കും മനസ്സിലാകുമായിരിക്കും.

പല കുടുംബങ്ങളും ഇന്ന് എരിപൊരി കൊള്ളുകയാണ്. തീ തിന്നുകയാണ്. അമ്മായിയമ്മപ്പോരുകൊണ്ട് വലയുന്ന കുടുംബങ്ങൾ. സ്വസ്ഥത നശിക്കുന്ന മകന് അമ്മയോടു മറുത്ത് പറയാനാവില്ല. ഭാര്യയോടും മറുത്ത് പറയാനൊക്കില്ല. അമ്മയുടേയും ഭാര്യയുടേയും ഇടയിൽ കിടന്ന് തിങ്ങുന്ന മകൻ. അവന്റെ ഹൃദയത്തിൽ ടെൻഷൻ. പല കുടുംബങ്ങളു മിന്ന് യാതനയിലും വേദനയിലുമാണ്. ഐക്യത്തിന്റെ ദാർഢ്യമില്ല. സ്നേഹത്തിന്റെ ബന്ധമില്ല. സ്നേഹമല്ല അവരെ നിയന്ത്രിക്കുന്നതും ഭരിക്കുന്നതും.

“മനുഷ്യൻ അപ്പനേയും അമ്മയേയും വിട്ട് ഭാര്യയോട്

പറ്റിച്ചേരും. ഇരുവരും ഒരു ദേഹമായിത്തീരും." മകൻ കാര്യങ്ങൾ ഭാര്യയോടു തുറന്ന് പറയുന്നത് ഒരു പക്ഷേ അമ്മയ്ക്ക് ഇഷ്ടമാവില്ല. ചില വീടുകളിൽ അപ്പനും ഇഷ്ടമാവില്ല. അവർ സ്വതന്ത്രമായി ജീവിക്കട്ടെ. അവർ സന്തോഷമായി കഴിയട്ടെ. അവർ ആനന്ദിക്കട്ടെ. അവരുടെ ജീവിതം പുഷ്ടിപ്പെടുന്നതല്ലേ അപ്പന്റേയും അമ്മയുടേയും ആനന്ദം? അവരുടെ ജീവിതം സമാധാനമായി കഴിയുന്നതല്ലേ മാതാപിതാക്കളുടെ ആനന്ദം? അങ്ങനെയുള്ള കുടുംബങ്ങളുണ്ട്.

വിവാഹം കഴിഞ്ഞതിനുശേഷവും ഏതൊരു കാര്യം ചെയ്യുന്നതിനും അപ്പന്റേയും അമ്മയുടേയും അനുവാദം ചോദിക്കുന്ന മക്കളുണ്ട്. ഭാര്യയെ അവഗണിക്കുന്ന ഭർത്താക്കന്മാരുണ്ട്. അമ്മയോ അപ്പനോ എന്തെങ്കിലും കാര്യം പറഞ്ഞാൽ ഭാര്യയെ അവഗണിച്ചിട്ട് അവരുടെ ഹിതം നിവർത്തിക്കാൻ പോകും. അവരുടെ ഹിതം നിവർത്തി ക്കേണ്ടെന്നല്ല. തെറ്റിദ്ധരിക്കരുത്. കുടുംബം ഐശ്വര്യമാകണ മെങ്കിൽ ഭാര്യയുടെ സ്ഥാനത്ത് ഭാര്യയും ഭർത്താവിന്റെ സ്ഥാനത്ത് ഭർത്താവും ഇങ്ങനെ അവരൊന്നായി നിൽക്കുക. മാതാപിതാക്കളെ ആദരിക്കുകയും ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുക. അവരെ കരുതണം. ദൈവത്തിന്റെ പരിശുദ്ധാത്മാവ് അകത്തുവന്നാൽ ഇതെല്ലാം ശരിയായി നടക്കും.

ദൈവത്തിന്റെ പരിശുദ്ധാത്മാവ് അകത്തുവസിച്ചാൽ കുടുംബം ഐശ്വര്യമായിത്തീരും.

**"ഭർത്താക്കന്മാരേ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ; അവരോടു കയ്പ്പായിരിക്കയുമരുത്." കൊലൊസ്യർ 3 : 19**

അവരോട് നീരസപ്പെട്ടിരിക്കരുത്. ഒരു കുടുംബമാണ്; ഭാര്യയും ഭർത്താവുമാണ്. ചിലപ്പോൾ ചില കാര്യങ്ങളിൽ അഭിപ്രായവ്യത്യാസം വന്നു എന്നു വരാം. പക്ഷേ മക്കളറിയാതെ, മാതാപിതാക്കളറിയാതെ അപ്പോൾ തന്നെ ഭാര്യയും ഭർത്താവും ആ കാര്യം പറഞ്ഞു തീർത്തിരിക്കണം. അടുത്ത

ദിവസത്തേക്കു മാറ്റിവയ്ക്കരുത്. പിന്നെയാകട്ടെ എന്നു വയ്ക്കരുത്. പലപ്പോഴും സ്ഥായിയായ വഴക്കുണ്ടാവണമെന്നില്ല. സ്ഥിരമായി നിൽക്കുന്ന വഴക്കോ പിണക്കമോ ഇല്ലായിരിക്കും. ചെറിയ ചെറിയ അഭിപ്രായവ്യത്യാസങ്ങൾ സ്വാഭാവികമാണ്. എന്നാൽ അതവിടെത്തന്നെ തീരണം. ഒരാൾ ഒരാൾക്ക് വിനയപ്പെടണം. അവിടെ തർക്കിച്ച് നിൽക്കരുത്. വാഗ്വാദം ചെയ്യരുത്. കടുംപിടുത്തം പാടില്ല. മർക്കടമുഷ്ടി പാടില്ല.

**‘‘അങ്ങനെതന്നെ ഭർത്താക്കന്മാരേ, നിങ്ങളുടെ പ്രാർത്ഥനയ്ക്കു മുടക്കം വരാതിരിക്കേണ്ടതിനു വിവേകത്തോടെ ഭാര്യമാരോടുകൂടെ വസിച്ച്, സ്ത്രീജനം ബലഹീനപാത്രം എന്നും അവർ ജീവന്റെ കൃപയ്ക്കു കൂട്ടവകാശികൾ എന്നും ഓർത്ത് അവർക്ക് ബഹുമാനം കൊടുപ്പിൻ.” 1 പത്രോസ് 3 : 7**

ഭാര്യയെ തരംതാഴ്ത്തി കാണരുത്, വിലകുറച്ച് കാണരുത്. അവളെ തുച്ഛീകരിക്കരുത്. അവളെ നിന്നേക്കാൾ എളിയവളായിട്ടോ കുറഞ്ഞവളായിട്ടോ കാണരുത്. അവൾ കൊണ്ടുവന്ന സ്ത്രീധനം പോരായെന്ന് നിനക്ക് തോന്നരുത്. അവൾക്ക് നിന്റെയത്രയും സൗന്ദര്യമില്ലെന്നോ വിദ്യാഭ്യാസ മില്ലെന്നോ നിനക്ക് തോന്നരുത്. കുടുംബം സമാധാനമാകണ മെങ്കിൽ ഭാര്യയെ ഏറ്റവുമധികം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യണം.

നമ്മൾ ബഹുമാനിക്കുന്ന ആളെ തല്ലുമോ? ഈ വചനം വായിക്കുന്ന ആരും ഇനി മേലിൽ സ്വന്തം ഭാര്യയെ പ്രഹരിക്കരുത്. ഒരിക്കലും നോവിക്കരുത്. ഹൃദയത്തിലും നോവിക്കരുത്. മുള്ളുവാക്കുകൾ പറയരുത്. കുത്തുവാക്കുകൾ പറയരുത്. ഭാര്യയുടെ സ്വന്തപ്പെട്ടവരെ തരം താഴ്ത്തിക്കാണരുത്. ഭാര്യയുടെ അപ്പനെയോ അമ്മയെയോ സഹോദരനെയോ സഹോദരിയെയോ തരംതാഴ്ത്തി കാണരുത്. എല്ലാവരേയും ആദരിക്കുക. ഭാര്യ എന്റെയത്രയും കഴിവില്ലാത്തവളാണെന്ന് തോന്നിപ്പോകരുത്. ഭാര്യയെ ആദരിക്കുക, ബഹുമാനിക്കുക.

കുടുംബം ഐശ്വര്യമാകും. എല്ലാമെല്ലാം സന്തുലിതാവസ്ഥയിൽ മനോഹരമായി കൊണ്ടുപോകാൻ സാധിക്കും. എപ്പോൾ? കർത്താവായ യേശു അകത്തു വരുമ്പോൾ. ക്രിസ്തു അകത്ത് വാഴുന്ന കുടുംബങ്ങളിൽ എന്തൊരു സമാധാനമായിരിക്കും! എന്തൊരു ഐക്യമായിരിക്കും! എന്തൊരു സ്നേഹമായിരിക്കും! അവിടെ വിട്ടുവീഴ്ചാ മനോഭാവമുണ്ട്. ഒരാളുടെ തെറ്റ് മറ്റൊരാൾക്ക് തെറ്റായി തോന്നില്ല. അത് തെറ്റായി പരിഗണിക്കില്ല. ഒരാളുടെ കുറവ് മറ്റൊരാൾക്ക് കുറവായി തോന്നുകില്ല. പരസ്പരമുള്ള കൂറിണക്കം. Harmony എന്ന് പറയുന്നത് അതാണ്. ആ കൂറിണക്കം നമ്മുടെ കുടുംബങ്ങളിൽ പുലരട്ടെ.

നാം വലിയ പ്രസംഗങ്ങൾ ചെയ്തില്ലെങ്കിലും കുഴപ്പമില്ല. സാക്ഷ്യം പറഞ്ഞില്ലെങ്കിലും കുഴപ്പമില്ല. നിങ്ങൾ വേദപുസ്തക വാക്യങ്ങൾ കാണാതെ പഠിച്ചില്ലെങ്കിലും കുഴപ്പമില്ല എന്നു ഞാൻ പറയും. പഠിച്ചോളൂ. എന്നാൽ ഞാൻ പറയും നിങ്ങൾ നിങ്ങളുടെ കുടുംബത്തിൽ ഏറ്റവും ശോഭനമായി ഐക്യത്തിലും harmony-യിലും ജീവിക്കാൻ പഠിക്കുക. എന്തൊരു ഭാഗ്യമാണത്! എന്തൊരത്ഭുതകരമായ അനുഭവമാണത്!

ഞാൻ എളിമയോടെ ഒന്നു പറഞ്ഞുകൊള്ളട്ടെ. എനിക്കും ഭാര്യയുണ്ട്, മക്കളുണ്ട്. ഞാനും ആലീസും ഒരു ഹൃദയമാണ്. ഞങ്ങൾ ഒരു മനസ്സാണ്. ഒരിക്കലും ഭിന്നത ഉണ്ടാവില്ല. ഭിന്നത ഉണ്ടാവാൻ തക്കവിധത്തിൽ എന്നോടു പെരുമാറില്ല, ഞാൻ പെരുമാറുകില്ല. ഒന്നാണെന്നു പറഞ്ഞാൽ ഒന്നാണ്. എന്റെ മൂത്തമക്കൾ കൊച്ചു കുട്ടികളായിരുന്നപ്പോൾ അവർ പറയാറുണ്ട്, ഞങ്ങൾക്ക് ഒരു കുസൃതി കാണിക്കാൻ പോലും പറ്റുന്നില്ല, ചാച്ചനും മമ്മിയും ഒന്നല്ലേ എന്ന്.

പ്രിയപ്പെട്ടവരേ, മക്കൾ നന്നായി വരും. മക്കൾ ഈ പാഠം പഠിച്ച് പോകണം. മാതാപിതാക്കളുടെ സ്നേഹത്തിന്റെ പാഠം മക്കൾ പഠിക്കണം. അവിടെ കോപിച്ചുള്ള അട്ടഹാസങ്ങൾ പാടില്ല. ഗർജ്ജനങ്ങൾ പാടില്ല. നീരസത്തിന്റെ കയ്പുള്ള

വാക്കുകൾ പാടില്ല. അവിടെ മധുരാർദ്രമായ സ്വരങ്ങൾ മാത്രം. ആ വീട്ടിൽ പൊട്ടിച്ചിരികൾ ഉണ്ടാവും. ആ വീട്ടിൽ സന്തോഷ വാക്കുകൾ ഉണ്ടാവും. അവിടെ സ്തോത്രവും സ്നേഹം നിറഞ്ഞ ഊഷ്മളമായ അന്തരീക്ഷവും എപ്പോഴും പുലർന്നു കൊണ്ടിരിക്കും.

നിങ്ങൾക്കാഗ്രഹമുണ്ടോ? സാധിക്കുമെന്നാണ് ഞാൻ പറഞ്ഞത്. കർത്താവായ യേശുക്രിസ്തു നിന്റെ ഹൃദയത്തിൽ വരുമ്പോൾ ഐക്യത്തിന്റെ സ്നേഹദാർഢ്യത്തിൽ നിനക്ക് പോകാൻ സാധിക്കും. ഇന്നൊരു പുതിയ തീരുമാനത്തിലേക്ക് നിങ്ങൾക്ക് വരാൻ സാധിക്കുമോ? കർത്താവേ, എന്റെ കുടുംബത്തിലേക്ക് വന്ന് എന്റെ കുടുംബത്തെ കൂറിണക്ക മുള്ളതാക്കി നീ മാറ്റണമേ. കുടുംബം, കൂടുമ്പോൾ ഇമ്പമായി വരണം. അപ്പനും അമ്മയും മക്കളും ഒരുമിച്ച് കൂടുന്നത് സന്തോഷമാണ്. അല്പംപോലും അകൽച്ചയില്ല. പുറമെ അകൽച്ച ഭാവിക്കുന്നതല്ല, പുറമെ സ്നേഹം ഭാവിക്കുന്നതുമല്ല. ഉള്ളിൽ അകൽച്ച പാടില്ല.

പുറമേ ഭംഗിയായി അഭിനയിക്കാൻ പറ്റും. വേണമെങ്കിൽ അതിഥികൾ വരുമ്പോൾ രണ്ടുപേരും വലിയ സ്നേഹം. ഭർത്താവും ഭാര്യയും തമ്മിൽ വലിയ സ്നേഹം. വലിയ കാര്യമായി സംസാരിക്കും. അതിഥികൾ പോയിക്കഴിയുമ്പോൾ വീട്ടിൽ പിന്നെയും വഴക്ക്. നേരെമറിച്ച്, എപ്പോഴും ഏത് നിമിഷത്തിലും ഐക്യത്തിന്റെ മഹിമ പുലരണം.

എന്തൊരു ഭാഗ്യമാണത്! പ്രിയപ്പെട്ടവരേ, നിങ്ങളത് ആഗ്രഹത്തോടും കൊതിയോടും ആർത്തിയോടും കൂടെ ദൈവത്തോട് ചോദിച്ച് വാങ്ങണം. കർത്താവേ, എന്റെ കുടുംബത്തിൽ ഐക്യം നഷ്ടപ്പെടാൻ കാരണം എന്റെ സ്വയമാണ്. എന്റെ അകത്ത് അഹങ്കാരമുണ്ട്. ഞാനാണ് വലിയതെന്ന ചിന്തയുണ്ട്. എന്നെ അനുസരിച്ചുകൊള്ളണം എനിക്ക് കീഴ്പ്പെട്ടുകൊള്ളണം എന്റെ ചൊൽപ്പടിക്കു നിന്നു കൊള്ളണമെന്നൊരു ചിന്തയുണ്ട്.

അത് മഹാപാപമാണ്. ഞാൻ എന്നെത്തന്നെ ക്രൂശിക്കാൻ വിട്ടുകൊടുത്തില്ല. നാഥാ, ക്രൂശിക്കപ്പെടാൻ ഞാൻ എന്നെത്തന്നെ വിട്ടുകൊടുത്തിരിക്കുന്നു. യേശുക്രിസ്തുവിന്റെ കുരിശിന്റെ ചുവട്ടിൽ എന്നെ അർപ്പണം ചെയ്തിരിക്കുന്നു. ഈയൊരു തീരുമാനം, സമർപ്പണം നിങ്ങൾക്ക് വരുമ്പോൾ കുടുംബം സ്വർഗ്ഗമായിത്തീരും. ഇവിടംകൊണ്ട് തീർന്നില്ല. Harmony എന്നു പറയുന്നത്, ഭാര്യയും ഭർത്താവും തമ്മിൽ മാത്രമല്ല.

**"മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ; അതു ന്യായമല്ലോ." എഫെസ്യർ 6 : 1**

ന്യായമായൊരു കാര്യം പറഞ്ഞുതരാമെന്നാണ് അപ്പൊസ്തലൻ പറയുന്നത്. അപ്പൻ ഒരുപക്ഷേ വിദ്യാഭ്യാസം കുറഞ്ഞ ആളാണെങ്കിലും കഴിവു കുറഞ്ഞവനാണെങ്കിലും പ്രാപ്തി കുറഞ്ഞവനാണെങ്കിലും പല തെറ്റുകളും വന്ന് രൂപ നഷ്ടപ്പെടുത്തിയ ആളാണെങ്കിലും മക്കളേ, നിങ്ങൾ അപ്പന്റെ കുറ്റം കാണരുത്. നിങ്ങൾ അപ്പനെ അനുസരിക്കണം. അതിന്റെ ഗുണമെന്താണ്? ഒരു വാഗ്ദത്തം തരികയാണ്.

**"നിനക്കു നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക" എന്നത് വാഗ്ദത്തത്തോടുകൂടിയ ആദ്യകല്പന ആകുന്നു." എഫെസ്യർ 6 : 2, 3**

നിനക്ക് നന്മ ഉണ്ടാകാൻ, നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാൻ അപ്പനെയും അമ്മയെയും ബഹുമാനിച്ചുകൊള്ളുക. അതൊരു വാഗ്ദത്തം കൂടിയാണ്. മാതാപിതാക്കളെ അനുസരിക്കുക. ബഹുമാനിക്കുക. കീഴ്പ്പെടുക.

**"മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ സകലത്തിലും അനുസരിപ്പിൻ. ഇത് കർത്താവിന്റെ ശിഷ്യന്മാരിൽ കണ്ടാൽ പ്രസാദകരമല്ലോ." കൊലൊസ്യർ 3 : 20**

മാതാപിതാക്കളെ പൂർണ്ണമായി കീഴ്പ്പെട്ട് അനുസരിക്കുക. എന്നാൽ മാതാപിതാക്കളോ, അവരെന്താണ് ചെയ്യേണ്ടത്?

**"പിതാക്കന്മാരേ, നിങ്ങളുടെ മക്കൾ അധൈര്യപ്പെടാതിരിക്കേണ്ടതിന് അവരെ കോപിപ്പിക്കരുത്." കൊലൊസ്യർ 3 : 21**

മക്കളെ ആവശ്യമില്ലാതെ പ്രകോപിപ്പിക്കരുത്. വെറുതെ വഴക്ക് പറയരുത്. എന്തിനും മക്കളെ അടിച്ചമർത്തരുത്. മക്കളെയും നിങ്ങൾ ആദരിക്കണം. മക്കളാണെങ്കിലും അവരുടെ നല്ല അഭിപ്രായങ്ങൾ കൈക്കൊള്ളണം. മക്കളോടും അഭിപ്രായം ചോദിക്കണം. എല്ലാവരും ഒത്തൊരുമിച്ച് നിൽക്കണം. കുടുംബത്തിന് ഒരു പ്രശ്നം വന്നാൽ എല്ലാവരും യോജിച്ചാണ് അതേറ്റെടുക്കേണ്ടത്. അത് അപ്പൻ നോക്കട്ടെ, അല്ല അമ്മ നോക്കട്ടെ, മക്കൾ നോക്കട്ടെ എന്ന് അങ്ങോട്ടുമിങ്ങോട്ടും പീട്ടും പൈശൂന്യവും പാടില്ല.

മോന് പരീക്ഷയിൽ മാർക്ക് കുറഞ്ഞുപോയി. മോൾക്ക് വേണ്ടതുപോലെ പരീക്ഷയിൽ ശോഭിക്കാൻ കഴിഞ്ഞില്ല. മാർക്ക് കുറഞ്ഞുപോയി. പരീക്ഷയുടെ റിസൾട്ട് അറിഞ്ഞ് വരുമ്പോൾ അപ്പനും അമ്മയും കോപിക്കരുത്. അവർ നിരാശപ്പെടരുത്. ആ കുട്ടി മകനാകട്ടെ മകളാകട്ടെ, പരീക്ഷയിൽ മാർക്ക് കുറഞ്ഞു വരുമ്പോൾ നിങ്ങൾ പറയണം: മോളേ, സാരമില്ല, അടുത്ത പ്രാവശ്യം നേടിയെടുക്കാം. നമുക്ക് പ്രാർത്ഥിക്കാം. ഒട്ടും വിഷമിക്കേണ്ട. പരീക്ഷയിൽ മാർക്ക് കുറഞ്ഞു വരുന്ന കുട്ടിയെ ആശ്വസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം.

ഈ പ്രാവശ്യം തോറ്റുവെങ്കിലും സാരമില്ല, നീ പേടിക്കേണ്ട, ഞാൻ പ്രാർത്ഥിച്ചുകൊള്ളാം എന്നു പറഞ്ഞു കൊടുക്കണം. മക്കൾക്കത് പ്രോത്സാഹനമാണ്. നേരെമറിച്ച് അവരെ നിരാശപ്പെടുത്തുമാറ് വഴക്കു പറയുക, ശണ്ഠയിടുക, തല്ലുക, ഒരിക്കലും ചെയ്തുപോകരുത്. പാവം! അവർ പഠിച്ചിട്ട് അപ്പോഴത് ഓർക്കാൻ പറ്റിയില്ലായിരിക്കും. പരീക്ഷയിൽ അത്

പ്രകടിപ്പിക്കാൻ സാധിച്ചില്ല എന്നു വന്നേക്കാം. സാരമില്ല. നിങ്ങൾ പ്രോത്സാഹിപ്പിക്കണം. അവരെ തരം താഴ്ത്തിക്കാണരുത്. ഇങ്ങോട്ടൊന്നും പറയരുത്, ഞാൻ പറയുന്നതനുസരിച്ചാൽ മതിയെന്ന് അപ്പനുമമ്മയും മക്കളെക്കുറിച്ച് ചിന്തിക്കരുത്.

**"പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ." എഫേസ്യർ 6 : 4**

തെറ്റ് ചെയ്താൽ ശിക്ഷിക്കണ്ടായെന്നല്ല, ശാസിക്കണ്ട എന്നല്ല. സ്നേഹത്തിന്റെ ശിക്ഷകളാകാം. നിങ്ങളുടെ കോപം തീർക്കാനുള്ള ശിക്ഷകളല്ല, നിങ്ങളുടെ വാശിയും വൈരാഗ്യവും തീർക്കാനുള്ള ശിക്ഷകളല്ല, സ്നേഹത്തോടെ ശിക്ഷിക്കാം. ഒരു കുട്ടിയെ ഈ ഭൂമിയിൽ ദൈവം കഴിഞ്ഞാൽ ഏറ്റവുമധികം സ്നേഹിക്കുന്നത് മാതാപിതാക്കളാണ്. സംശയമില്ല.

അതുകൊണ്ടാണ് ഏറ്റവുമധികമായി അവർ നിങ്ങളെ ശിക്ഷിക്കുകയും ശാസിക്കുകയും ചെയ്യുന്നത്. അങ്ങനെ മക്കൾ കാണണം. മാതാപിതാക്കളുടെ സ്നേഹത്തിൽ നിന്നായിരിക്കണം ശിക്ഷകൾ, സ്നേഹത്തിൽ നിന്നായിരിക്കണം ശാസനകൾ. പത്ഥ്യോപദേശം, പ്രിയങ്കരമായ ഉപദേശം കൊടുക്കണം.

നിങ്ങളുടെ കുടുംബം മാതൃകാകുടുംബമാണോ? നിങ്ങളുടെ കുടുംബം മാതൃകാഭവനമാണോ? നിങ്ങളുടെ കുടുംബത്തിൽ harmony ഉണ്ടോ? നിങ്ങളുടെ കുടുംബത്തിൽ ഏകാഭിപ്രായം വരുന്നുണ്ടോ? നിങ്ങളുടെ കുടുംബത്തിൽ സ്നേഹം പുലരുന്നുണ്ടോ?

ഇപ്പോൾ നിങ്ങൾ ദൈവത്തോട് പറയണം: യേശുവേ, ഇന്നുവരെ എന്റെ കുടുംബം മാതൃകാകുടുംബമായിരുന്നില്ല. ഞാൻ പ്രസംഗിച്ചു; ഞാൻ സണ്ടേസ്കൂൾ പഠിപ്പിച്ചു; ഞാൻ ശുശ്രൂഷകൾ ചെയ്തു; പല നല്ല കാര്യങ്ങൾ ചെയ്തു; സാധുജന സേവനപ്രവൃത്തികൾ ചെയ്തു. പുറമേ ഞാൻ മാലാഖയെപ്പോലെ

കാണപ്പെട്ടു. പള്ളിയിൽ മാലാഖയെപ്പോലെ പെരുമാറി.

പുറമേ ഞാൻ കുരിശുവരയ്ക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. പുറമേ ഞാൻ പള്ളിയിൽ കാണിക്കയിടുകയും സുവിശേഷവേലയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പക്ഷേ, കർത്താവേ, എന്റെ കുടുംബം നരകമായിരുന്നു. എന്റെ കുടുംബത്തിൽ ഐക്യമുണ്ടായിരുന്നില്ല. എന്റെ കുടുംബത്തിൽ സ്നേഹമുണ്ടായിരുന്നില്ല. കുടുംബത്തിൽ വരുമ്പോൾ ഞാനൊരു പിശാചായിരുന്നു.

പള്ളിയിൽ മാലാഖ, കുടുംബത്തിൽ പിശാച്. സ്നേഹിതരേ, നിങ്ങൾ കണ്ടുപിടിക്കുമോ? ഇന്നുമുതൽ നിങ്ങളൊരു പുതിയ ജീവിതം തുടങ്ങൂ. അതിനെന്താണ് വേണ്ടത്? യേശുവിനെ വിളിച്ച് ഹൃദയസിംഹാസനത്തിൽ ഇരുത്തൂ. കർത്താവേ, എന്റേത് മാതൃകാകുടുംബജീവിതമല്ലാത്തതുകൊണ്ട് നീ കുരിശിൽ കിടന്ന് പിടയുന്നല്ലോ. നാഥാ, എന്റെ ജീവിതത്തിൽ ഞാൻ എന്റെ ഭാര്യയെ തരംതാഴ്ത്തിയതുകൊണ്ട് നീ കുരിശിൽ കിടന്ന് പിടയുന്നല്ലോ.

യേശുവേ, എന്റെ ഭർത്താവിന് ഞാൻ വിനയപ്പെടാതിരുന്നതു കൊണ്ട് നീ കുരിശിൽ കിടന്ന് പിടയുന്നല്ലോ. എന്റെ ഭാര്യയ്ക്ക് മാത്രം അവകാശപ്പെട്ട ഈ ശരീരം അന്യജഡത്തിലേക്ക് മോഹത്തോടെ പോയതുകൊണ്ട് യേശുവേ, നീ കുരിശിൽ കിടന്ന് പിടയുന്നല്ലോ. എന്റെ ഭർത്താവിന് മാത്രം അവകാശപ്പെട്ട ഈ ശരീരം അന്യപുരുഷനു മുന്നിൽ കാഴ്ചവച്ചതുകൊണ്ട് യേശുവേ, നീ കുരിശിൽ കിടന്ന് പിടയുന്നുവല്ലോ. എന്റെ നാഥാ, വിശുദ്ധിയുടെ പ്രതീകമായി, വിശുദ്ധിയുടെ ഒരടയാളമായി ഇന്നുമുതൽ ജീവിപ്പാൻ ഞാനിതാ തീരുമാനിക്കുന്നു.

അതിനായി നീ കുരിശിൽ കിടന്ന് പിടയുന്ന ഈ സമയത്ത് നിന്നോട് ഞാൻ കെഞ്ചി യാചിക്കുന്നു. നാഥാ, നീ കുരിശിൽ നിന്നിറങ്ങി വന്ന് എന്റെ ഹൃദയത്തിൽ സിംഹാസനസ്ഥനായി വാഴണമേ. കുരിശിൽ കിടന്ന്

പിടയുന്ന യേശുവേ, നീ എന്റെ ഹൃദയത്തിൽ വന്ന് വാഴണമേ. എന്റെ ഹൃദയത്തിൽ വസിക്കണമേ. എന്നെ നീ ഭരിക്കണമേ. എന്നെ നീ നിയന്ത്രിക്കണമേ. എന്നെ നീ അനുഗ്രഹിക്കണമേ.

ഒരു സൗഭാഗ്യകുടുംബ ജീവിതം, മാതൃകാകുടുംബ ജീവിതം നയിക്കാൻ ഭാഗ്യം തരണമേ. ദൈവജനമേ, നിങ്ങൾ ദൈവത്തോട് അപേക്ഷിപ്പിൻ. ദൈവത്തിന്റെ കൃപ നിങ്ങളുടെ മേൽ വരട്ടെ. ആത്മാവിന്റെ ശക്തി നിങ്ങളുടെമേൽ ഇറങ്ങട്ടെ. സ്വർഗ്ഗീയശക്തി നിങ്ങളുടെമേൽ വാഴട്ടെ. യേശുവിന്റെ ആത്മാവിന്റെ തീജ്ജ്വാല നിങ്ങളുടെമേൽ ഒഴുകട്ടെ. നിങ്ങൾ ഓരോരുത്തരും ആത്മശരീരദേഹികൾ യേശുവിന് സമർപ്പിച്ച വരായി, യേശുവിന് മഹത്വം കരേറ്റുന്നവരായി, പുതിയ ജീവിതം നയിക്കുന്നവരായിത്തീരട്ടെ. സ്വർഗ്ഗം നിങ്ങളുടെമേൽ കനിയട്ടെ. ദൈവനാമം മഹത്വപ്പെടട്ടെ.

# ആറ്

ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. നോഹ ദൈവത്തോടുകൂടെ നടന്നു. ഹാനോക്ക് വരാനിരിക്കുന്ന കാര്യത്തെക്കുറിച്ച് പ്രവചിച്ചു. നോഹ വരാനിരിക്കുന്ന പ്രളയത്തെക്കുറിച്ച് പ്രവചിച്ചു. നോഹ വചനം പ്രസംഗിച്ചു. നീതി പ്രസംഗിയായ നോഹ എന്ന് നോഹയ്ക്ക് പേര് കിട്ടി. ദൈവം സാക്ഷിച്ചു: 'നീതി പ്രസംഗിയായ നോഹ.' ദൈവത്തോടുകൂടെ നടന്നാൽ ദൈവത്തിന്റെ ശുശ്രൂഷ ചെയ്യാം.

ദൈവത്തോടുകൂടെ നടക്കുന്നവരാണ് ദൈവത്തിന്റെ ശുശ്രൂഷ ചെയ്യേണ്ടത്. ദൈവത്തോടുകൂടെ നടക്കുന്നവരാണ് പ്രവചിക്കേണ്ടത്. ദൈവത്തോടുകൂടെ നടക്കുന്നവരാണ് തിരുവചനം പ്രസംഗിക്കേണ്ടത്. ദൈവത്തോടുകൂടെ നടക്കുന്നവരാണ് ദൈവത്തിന്റെ വചനം ജനത്തിന് പറഞ്ഞുകൊടുക്കേണ്ടത്. ദൈവത്തോടുകൂടെ നട ക്കുന്നവരാണ് വരാനിരിക്കുന്ന ന്യായവിധിയെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ നൽകുന്നത്, നൽകേണ്ടത്.

അപ്പൊസ്തലനായ പൗലോസ്, റോമൻ കാരാഗൃഹത്തിൽ കിടന്നുകൊണ്ട് എഫെസ്യർക്ക് ലേഖനം എഴുതി. എങ്ങനെ ദൈവത്തോടുകൂടെ നടക്കാം? കാരാഗൃഹത്തിൽ ബന്ധനത്തിൽ കിടക്കുമ്പോഴും അപ്പൊസ്തലൻ ദൈവത്തോടുകൂടെ നടക്കുകയായിരുന്നു. ആത്മാവ് ദൈവത്തോടുകൂടെ നടക്കുകയായിരുന്നു.

എങ്ങനെ ദൈവത്തോടുകൂടെ നടക്കാം? നാം നാല്

കാര്യങ്ങളാണ് ചിന്തിക്കാൻ തുടങ്ങിയത്.

1. Walk in unity – ഐക്യത്തിൽ നടപ്പിൻ.
2. Walk in purity - വിശുദ്ധിയിൽ നടപ്പിൻ.
3. Walk in harmony - സാമഞ്ജസ്യത്തിൽ നടപ്പിൻ.
4. Walk in victory - വിജയത്തിൽ നടപ്പിൻ.

ദൈവത്തിൽ നടക്കുന്നവർ ജയത്തിൽ നടക്കും. ജയിക്കുന്നവരായിരിക്കും.

ഈ വാക്കുകൾ വായിക്കുന്ന നിങ്ങൾ അനേകംപേർ പല കാര്യങ്ങളിൽ തോറ്റവരായിരിക്കും. ജീവിതത്തിൽ പരാജയത്തിന്റെ കയ്പ്പ് കുടിച്ചവരുണ്ട്. മാനസികാസ്വസ്ഥതകൊണ്ട്, പരാജയത്തിന്റെ കയ്പ്പുറ്റ അനുഭവങ്ങളിൽ വലയുകയും ജീവിതമാകെ നിരാശാഭരിതമായിപ്പോവുകയും ചെയ്തവർ ഈ വാക്കുകളെ കേൾക്കുന്നുണ്ടാവും.

പരീക്ഷകളിൽ തോറ്റവരുണ്ട്. ജോലിസ്ഥലത്ത് തോറ്റവരുണ്ട്. പ്രവർത്തനരംഗങ്ങളിൽ തോറ്റവരുണ്ട്. പണമിടപാടുകളിൽ തോറ്റവരുണ്ട്. തൊഴിലിൽ തോറ്റവരുണ്ട്. വിവാഹ ജീവിതത്തിൽ തോറ്റവരുണ്ട്. കുടുംബജീവിതത്തിൽ പരാജയപ്പെട്ടവരുണ്ട്. കുടുംബത്തിൽ ഐശ്വര്യം പുലർത്തുന്ന കാര്യത്തിൽ തോറ്റവരുണ്ട്. ഭാര്യാ-ഭർത്തൃബന്ധത്തിൽ തോറ്റവരുണ്ട്. ഇങ്ങനെ തോൽവിയടഞ്ഞവർ അനേകരുണ്ട്. ജീവിതത്തിൽ വരുന്ന നൈരാശ്യത്തിന്റെ വാസ്തവത്തിലുള്ള കാരണം തോൽവിയാണ്.

തോൽവിയുണ്ടെങ്കിൽ അവിടെ നിരാശയുണ്ടാവും. ജീവിതത്തിൽ മുന്നേറ്റം കിട്ടാത്തതുകൊണ്ട്, ഒരു കരകയറ്റം കിട്ടാത്തതുകൊണ്ട് മനസ്സ് നൊന്തുവലയുന്ന അനേകരുണ്ട്. മുന്നേറാൻ സാധിക്കുന്നില്ല. ശ്രമിക്കുന്നുണ്ട്, എന്നാൽ പിന്നേയും പിന്നേയും പുറകോട്ടാണ് പോകുന്നത്. One step forward and two steps backward. ഒരു ചുവട് മുന്നോട്ട്

വയ്ക്കുന്നു, രണ്ട് ചുവടു പിന്നോട്ട് വയ്ക്കുന്നു.

ജീവിതമാകെ പരാജയപ്പെട്ടവർ! എന്തു വിരസമായിരിക്കും, എന്ത് മടുപ്പുള്ളതായിരിക്കും ആ ജീവിതം! ഇന്നത്തെ സമൂഹത്തിന്റെ ഒരു പ്രതിഭാസം തന്നെ frustration എന്നുള്ളതാണ്. മോഹഭംഗം! യുവതലമുറ frustrated generation ആണെന്ന് പറയും. ആകെ അസ്വസ്ഥത, നിരാശ. ആഗ്രഹിച്ചത് നേടിയെടുക്കാൻ കഴിഞ്ഞില്ല; പ്രതീക്ഷിച്ചിടത്ത് എത്തിച്ചേരാൻ സാധിച്ചില്ല. പരിശ്രമിച്ചു, കഷ്ടപ്പെട്ടു, അദ്ധ്വാനിച്ചു, എന്നാൽ ഫലപ്രാപ്തി യിലെത്താൻ കഴിഞ്ഞില്ല. മനസ്സ് നൊന്തുവിങ്ങി കരയുന്നവരുണ്ട്.

പ്രിയപ്പെട്ടവരേ, നിങ്ങൾക്ക് ചിന്തിക്കാം, ഞാൻ ഏതെല്ലാം രംഗങ്ങളിലാണ് പരാജയപ്പെട്ടത്? എന്തെല്ലാം കാര്യത്തിൽ ജയിച്ചു? ഏതെങ്കിലും കാര്യത്തിൽ ജയിച്ചു എന്ന് എനിക്കവകാശപ്പെടാൻ പറ്റുമോ? നമ്മുടെ ജീവിതത്തെ തെളിഞ്ഞ കാഴ്ചപ്പാടിലൂടെ കാണാൻ കഴിഞ്ഞാൽ നമുക്ക് മനസ്സിലാകും നാം തോറ്റവരാണെന്ന്. ഒരൽപ്പംപോലും ജയിക്കാൻ കഴിഞ്ഞില്ല.

ജയിച്ചു എന്ന് തോന്നിയപ്പോൾ പോലും അതിൽ പരാജയത്തിന്റെ കരിനിഴൽ വീശിയിട്ടുണ്ടായിരുന്നു. ജയിച്ചു എന്ന് വിചാരിച്ചപ്പോൾ പോലും അഹങ്കാരത്തിന്റെ ഹീനമായ മനോഗതി നമ്മുടെ ഹൃദയത്തിൽ പാകിക്കിടക്കുന്നുണ്ടായിരുന്നു.

നാം പരാജയപ്പെട്ടവരാണ്. അപ്പൊസ്തലനായ പൗലോസ് പറയുന്നു: Walk in victory. ദൈവത്തോടുകൂടെ നടക്കാൻ നിങ്ങൾ തുടങ്ങിയാൽ നിങ്ങൾക്ക് വിജയിക്കാം.

ഒരിക്കൽ ഒരു വലിയ സെയിൽസ് കോൺഫറൻസ് നടക്കുകയായിരുന്നു. ഏതാണ്ട് രണ്ടായിരത്തോളം മാർക്കറ്റിംഗ് സ്റ്റാഫ് ഉണ്ടായിരുന്നു. അവരിൽ പലർക്കും ജയിച്ച് പോകാൻ പറ്റുന്നില്ല. അവർ പലരും തളരുന്നു. പ്രതീക്ഷിച്ച ലക്ഷ്യം നേടുന്നില്ല. കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ വന്ന് അവരുടെ മുന്നിൽ ഒരു പ്രസംഗം ചെയ്തു. അദ്ദേഹം ചോദിച്ചു.

നിങ്ങളോട് ഞാൻ ചോദിക്കട്ടെ:

1. Did Wright brothers quit?

റൈറ്റ് സഹോദരന്മാർ തളർന്നു വിട്ടുപോയോ? വിമാനം കണ്ടുപിടിച്ചവരാണ് Wright brothers. അവർ പരീക്ഷണത്തിൽ തോറ്റ്, കുറെ തോൽവിയടഞ്ഞപ്പോൾ, വയ്യ ഇനി വേണ്ട എന്നു വിചാരിച്ച് വിട്ടുപോയോ? എല്ലാവരും പറഞ്ഞു: "No, No."

2. Did Winston Churchill quit?

ലോകമഹായുദ്ധത്തിൽ ചർച്ചിൽ തോൽക്കുമെന്ന അവസരം വന്നു. ചർച്ചിൽ വിട്ടുപോയോ എന്നാണ് ചോദിക്കുന്നത്. "No, No."

3. Did Neil Armstrong quit?

ആദ്യമായി ചന്ദ്രനിൽ കാലുകുത്തിയ ആളാണ് നീൽ ആംസ്ട്രോങ്. പല വൈതരണികൾ ഉണ്ടായിരുന്നു. വിട്ടുപോയോ? "No"

നാലാമത്തെ ചോദ്യം:

4. Did Thontaque quit?

ഒരു നിശ്ശബ്ദത. രണ്ടായിരത്തോളം സെയിൽസ് സ്റ്റാഫ് ഇരിക്കുന്നിടത്ത് ഒരു നിശ്ശബ്ദത. എല്ലാവരും മുഖത്തോടു മുഖം നോക്കുകയാണ്. ഒരാൾ എഴുന്നേറ്റുനിന്നു: Who is this Thontaque? Nobody has ever heard of him. ആരും അദ്ദേഹത്തെക്കുറിച്ച് കേട്ടിട്ടില്ലല്ലോ. ഉടനെ അദ്ദേഹം ചിരിച്ചുകൊണ്ട് പറഞ്ഞു: That is why he quit. അതുകൊണ്ടാണ് അദ്ദേഹം വിട്ടുപോയത്. അതിന്റെ അർത്ഥം എന്താണ്? Thontaque എന്നൊരാൾ അറിയപ്പെട്ടില്ല. അയാൾ വിട്ടുപോയി. വിട്ടുപോകാതിരുന്നെങ്കിൽ അറിയപ്പെട്ടേനെ.

പ്രിയപ്പെട്ടവരേ, മടിച്ചും തളർന്നും നിരാശപ്പെട്ടും പിന്മാറാതിരുന്നാൽ നാം ജയിക്കും, നാം പ്രസിദ്ധരായിത്തീരും.

ആർക്കും തടുക്കാൻ വയ്യാതാവും. മുന്നോട്ട് അത്യുത്സാഹ ത്തോടെ, ഊർജ്ജസ്വലതയോടെ നമുക്ക് നീങ്ങാനാവുമെങ്കിൽ നമുക്ക് ജയിക്കാം. വിട്ടുപോകുന്നു എങ്കിൽ നാം തോൽവിയടഞ്ഞു പോകും. ജയിക്കയില്ലെന്ന് മാത്രമല്ല, നമ്മുടെ ജീവിതമാകെ തളർച്ചയിലും നിരാശയിലും ആണ്ടു പോകും.

ജീവിതത്തിൽ വളരെ വലഞ്ഞ ഒരാളായിരുന്നു റൂസ്‌വെൽറ്റ്. കൊച്ചുകുട്ടിയായിരുന്ന കാലത്ത് നാണംകുണുങ്ങിയായിരുന്നു. ആരുടെയെങ്കിലും മുന്നിൽ വരാൻ മടി. ആരോടെങ്കിലും സംസാരിക്കാൻ മടി. ആരെങ്കിലും കൂടുന്നിടത്ത് ഒന്നെഴുന്നേറ്റു നിൽക്കാൻ മടി. വളരെ ഭീരുവായിരുന്നു. ധൈര്യമായി ഒരു വാക്കുമിണ്ടാൻ കഴിവില്ലാത്ത ആളായിരുന്നു.

അദ്ദേഹത്തിന് ചെറുപ്പത്തിൽ തന്നെ പോളിയോ ബാധിച്ചു. അതുകൊണ്ട് ശരീരം ആരോഗ്യമുള്ളതായിരുന്നില്ല, എന്നാൽ അത്ഭുതമെന്ന് പറയട്ടെ, റൂസ് വെൽറ്റ് അമേരിക്കയുടെ പ്രസിഡന്റായി. തളർന്നില്ല, വാടിയില്ല, ക്ഷീണിച്ചില്ല, പിന്മാറിയില്ല. ഒരു പ്രാവശ്യമല്ല, അമേരിക്കൻ ചരിത്രത്തിൽ നാല് പ്രാവശ്യം പ്രസിഡന്റായി. സാധാരണ രണ്ട് പ്രാവശ്യമേ പ്രസിഡന്റാവു കയുള്ളൂ. ഇദ്ദേഹം നാല് പ്രാവശ്യം പ്രസിഡന്റായി.

ജീവിതത്തിൽ തളരാതെ മുന്നേറി മുന്നേറി ജയിക്കുക എന്നത് നമ്മുടെ ജീവിതലക്ഷ്യമായിരിക്കണം. ആത്മീയ ജീവിതത്തിൽ പരാജയപ്പെട്ടവരുണ്ടോ? വിശുദ്ധിയിൽ പരാജയപ്പെട്ടവരുണ്ടോ? സമർപ്പണത്തിൽ പരാജയപ്പെട്ടവരുണ്ടോ? സമർപ്പണം എടുത്തു, എന്നാൽ പാലിക്കാൻ കഴിഞ്ഞില്ല. ദൈവത്തോട് പറഞ്ഞവാക്കുകൾ, ഉടമ്പടികൾ പാലിക്കാൻ കഴിഞ്ഞില്ല. ദൈവസന്നിധിയിൽ എടുത്ത തീരുമാനങ്ങൾ പാലിക്കാൻ കഴിഞ്ഞില്ല.

ഇനി ഞാൻ കോപിക്കില്ല എന്ന് തീരുമാനിച്ചു. പക്ഷേ, പിന്നെയും കോപിച്ചു പോയി. ഇനി ഞാൻ കുടുംബത്തിൽ

കലഹമുണ്ടാക്കില്ല എന്ന് തീരുമാനിച്ചു, എന്നാൽ പിന്നെയും കലഹം വന്നുപോയി. ഇനി ഭർത്താവിനോട് വാഗ്വാദത്തിനോ പരിഭവത്തിനോ മുതിരുകയില്ലായെന്ന് തീരുമാനമെടുത്തതാണ്. പക്ഷേ, പിന്നെയും വാഗ്വാദമുണ്ടായി, തർക്കമുണ്ടായി, വീട്ടിൽ കലഹമുണ്ടായി.

ഇനി മാതാപിതാക്കളെ അനുസരിക്കുമെന്ന് വ്യക്തമായ തീരുമാനം എടുത്തതാണ് പക്ഷേ, പിന്നെയും അനുസരണ ക്കേട് വന്നുപോയി. ഇനി ഞാൻ പഠിത്തം ഉഴപ്പുകയില്ലെന്ന് തീരുമാനിച്ചതാണ്. കൃത്യനിഷ്ഠയോടുകൂടെ പഠിക്കുമെന്ന് തീരുമാനിച്ചതാണ്. പക്ഷേ, പിന്നെയും അപാകതകൾ സംഭവിച്ചുപോയി. പരാജയങ്ങൾ! ജീവിതത്തിൽ തോൽവികൾ! ആത്മീയജീവിതത്തിൽ പരാജയങ്ങൾ!

ആത്മീയജീവിതത്തിലെ പരാജയമാണ് ഏറ്റവും ഭയാനകമായ പരാജയം. ആത്മീയജീവിതത്തിൽ ജയിച്ചാൽ ഭൗതികജീവിതത്തിലും ജയിക്കാം. നിങ്ങൾ ക്രിസ്തുവിനോടു കൂടെ നിൽക്കുന്നുവെങ്കിൽ, ആത്മീയജീവിതത്തിൽ നിങ്ങൾ ക്രിസ്തുവിന്റെ വിശുദ്ധരായി നിൽക്കുന്നുവെങ്കിൽ, കറപുരളാതെ നിൽക്കുന്നുവെങ്കിൽ ഭൗതികജീവിതത്തിലും വിജയിച്ചു വരും. താത്ക്കാലികമായ പരാജയങ്ങൾ ഉണ്ടാവില്ലെന്നല്ല. താത്ക്കാലികമായ പരാജയങ്ങൾ വന്നാലും ആത്യന്തികമായ വിജയം നമുക്ക് ലഭിക്കും. കാരണം, നമ്മോടുകൂടെ ദൈവം ഉണ്ടായിരിക്കും.

ദൈവത്തോടുകൂടെ നടക്കുക. എഫെസ്യർ ആറാം അദ്ധ്യായം പത്താം വാക്യം മുതൽ വായിക്കുമ്പോഴാണ്, walk in victory എന്ന പ്രയോഗത്തിന്റെ സാധുത നമുക്ക് മനസ്സിലാവുന്നത്.

**"ഒടുവിൽ കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെടുവിൻ. പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നില്പാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ. നമുക്കു പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല,**

**വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മ സേനയോടും അത്രേ. അതുകൊണ്ടു നിങ്ങൾ ദുർദ്ദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ട് ഉറച്ചു നില്പാനും കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തു കൊൾവിൻ.”** **എഫെസ്യർ 6 : 10 – 13**

നമുക്ക് പോരാട്ടമുള്ളത് മനുഷ്യരോടല്ല. ജഡരക്തങ്ങളോടല്ല. നമ്മുടെ ധാരണ, ആർക്കെങ്കിലും നമ്മോട് ശത്രുത്വം ഉണ്ട്, ആർക്കെങ്കിലും നമ്മോടെന്നും വൈരാഗ്യമാണ് എന്നാണ്. ചിലർ നമ്മളെ പകയ്ക്കുന്നു; അപകടപ്പെടുത്താൻ നോക്കുന്നു. ചിലർ നമുക്ക് ദോഷം വരുത്താൻ നോക്കുന്നു, ചിലർ നമ്മളെ ഉപദ്രവിക്കുന്നു. മനുഷ്യരെയാണ് നാം കാണുന്നത്. പ്രിയപ്പെട്ടവരേ, ഒരു വലിയ സത്യം നിങ്ങൾ മനസ്സിലാക്കൂ. ജഡരക്തങ്ങളോടല്ല നമ്മുടെ പോരാട്ടം. മനുഷ്യരോടല്ല നമ്മുടെ യുദ്ധം.

നാം ജയിക്കേണ്ടത് മനുഷ്യരെയല്ല. ഓരോ മനുഷ്യന്റെയും പിന്നിൽ ഒരു ഭീകരശക്തി നിൽക്കുന്നുണ്ട്. വാഴ്ചകളും അധികാരങ്ങളും ഓരോ മനുഷ്യന്റെയും പിന്നിൽനിന്ന് പ്രവർത്തിക്കുന്നുണ്ട്. Principalities and powers! ഏതാണ് ഈ വാഴ്ചകൾ? അന്ധകാരലോകത്തിന്റെ അധിപതികളുടെ വാഴ്ചകളാണ്. അന്ധകാരലോകത്തിന്റെ അധിപതി സാത്താനാണ്. ഇരുളിന്റെ അവകാശി പൈശാചികനാണ്.

ആദ്ധ്യാത്മികമായി ഇരുളിന്റെ അവകാശിയായ പൈശാചികന്റെ സർവ്വസൈന്യങ്ങൾ നമുക്കെതിരെ അണിനിരക്കുകയാണ്. ഓരോ സമയത്തും നമ്മെ വീഴിക്കുവാനും അപകടപ്പെടുത്തുവാനും നമ്മുടെ ഭാവി നശിപ്പിക്കുവാനും നിത്യനരകത്തിന്റെ ഭീകരാഗ്നിയിലേക്ക് നമ്മെ തള്ളിയിടുവാനും പൈശാചികൻ യത്നിച്ചുകൊണ്ടിരിക്കുകയാണ്. സാത്താന്റെ ഭീകരമായ ഉദ്യമത്തിൽ, മനുഷ്യരെ അവന്റെ ഏജന്റുമാരായി

എടുക്കുന്നു എന്ന് മാത്രമേയുള്ളൂ.

നമ്മെ ആത്മീയമായ കാര്യങ്ങളിൽ എതിർക്കുന്നത്, നമ്മുടെ ആത്മികജീവിതത്തിൽ തടസ്സം സൃഷ്ടിക്കുന്നത്, കുടുംബത്തിൽ കലഹം ഉണ്ടാക്കുന്നത്, പുരുഷൻ മദ്യപിച്ച് ലക്കുകെട്ട് വന്ന് ഭാര്യയെ തല്ലുന്നത്, ഭാര്യ സഹിക്കാൻ പറ്റാത്ത വിഷമം വന്ന്, നിരാശ വന്ന് ആത്മഹത്യ ചെയ്യാൻ പോവുന്നത്, ഇതിനെല്ലാം പിന്നിൽ പൈശാചികശക്തിയാണ്. ദുഷ്ടപ്പിശാച്, അവന്റെ സർവ്വസൈന്യങ്ങളേയും അണി നിരത്തിക്കൊണ്ട് പാവപ്പെട്ട മനുഷ്യനെ ഞെരിക്കുകയും വലയ്ക്കുകയും അവനെ തന്റെ കൈയിൽ കളിപ്പന്തായിട്ട് തട്ടുകയും ചെയ്തുകൊണ്ടിരിക്കുകയാണ്.

അനേകം മനുഷ്യരിന്ന് സാത്താന്റെ ഉപദ്രവത്തെ മറ്റു മനുഷ്യരിൽനിന്ന് നേരിട്ടുകൊണ്ടിരിക്കുകയാണ്. ചെറിയ ഉദാഹരണം പറയാം. സ്കൂളിൽ കൊച്ചു കുട്ടികൾ പോവുകയാണ്. ഞാൻ സ്കൂളിൽ പഠിച്ച കാലത്ത് നടന്നാണ് പോകുന്നത്. ഇന്നത്തെപ്പോലെ പഠിക്കാൻ വലിയ ഉത്സാഹമുള്ള കാലമല്ലല്ലോ. കുട്ടികൾ കൂട്ടം കൂടി വർത്തമാനം പറഞ്ഞ് പോവുകയാണ്. അപ്പോൾ ഒരു നായ വഴിയെ പോകുന്നു.

ഒരു കുട്ടി ഒരു കല്ലെടുത്ത് നായയെ എറിഞ്ഞു. കല്ല് നായയുടെ ദേഹത്ത് കൊണ്ടപ്പോൾ നല്ലപോലെ നൊന്തു. നായ കല്ലെടുത്ത് കടിക്കുന്നു. കല്ലെന്തുചെയ്തു? കുട്ടി എറിഞ്ഞതുകൊണ്ടല്ലേ കല്ല് ചെന്നത്? പക്ഷേ എറിഞ്ഞ കുട്ടിയെയല്ല നായ കാണുന്നത്, കല്ലിനെയാണ്. കല്ലിനോടാണ് നായയുടെ പരാക്രമം. നമ്മുടെ നേരെ എറിഞ്ഞുവരുന്ന കല്ലുകൾ, അതൊരുത്തൻ എറിഞ്ഞതുകൊണ്ടാണ് വരുന്നത്.

ചില മനുഷ്യരാണ് നമ്മെ ഉപദ്രവിക്കുന്നത്. ചില മനുഷ്യരാണ് നമ്മെ കളിയാക്കുന്നത്. ചില മനുഷ്യരാണ് ദൈവവേലയെ തകർക്കാൻ നോക്കുന്നത്. ചില മനുഷ്യരാണ് ദൈവവേലയിലേയ്ക്കാരും പോകരുതെന്ന് പറയുന്നത്. ചില

മനുഷ്യരാണ് ദൈവവേലയെ ധിക്കരിക്കുന്നത്. പക്ഷേ അവരെ ആയുധമാക്കുന്ന ഒരു പിശാചുണ്ട്. അവരെ തന്റെ കൈപ്പിടിയിൽ ഒതുക്കി അവരെക്കൊണ്ട് പ്രവർത്തിപ്പിക്കുകയും സംസാരിപ്പിക്കുകയും ചെയ്യുന്ന ഒരു പിശാചുണ്ട്. അതാണ് വാഴ്ചകളും അധികാരങ്ങളും.

എന്നാൽ സന്തോഷകരമായ ഒരു കാര്യം ഈ വാഴ്ചകളെയും അധികാരങ്ങളെയും കർത്താവായ യേശുക്രിസ്തു ആയുധ വർഗ്ഗം വയ്പ്പിച്ചു.

**''അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ, അവനോടുകൂടെ ജീവിപ്പിച്ചു; അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്തു മായിച്ചു ക്രൂശിൽ തറച്ചു നടുവിൽ നിന്നു നീക്കിക്കളഞ്ഞു; വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വയ്പ്പിച്ചു ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി.'' കൊലൊസ്സ്യർ 2 : 13 – 15**

യേശുക്രിസ്തു പൈശാചികനെ തോൽപ്പിച്ചു. രണ്ടായിരം വർഷം മുമ്പ് ഗോഗുൽത്തായിലെ കുരിശിൽ മൂന്നാണികളിൽ തൂങ്ങി പ്രാണനെ വെടിഞ്ഞപ്പോൾ കർത്താവ് പറഞ്ഞത് 'നിവൃത്തിയായി' എന്നാണ്. പൂർത്തീകരിച്ചു എന്നാണ്. It is finished.

എന്താണ് തികച്ചത്? മനുഷ്യനെ പിശാചിന്റെ പിടിയിൽ നിന്ന് വിടുവിക്കുവാനുള്ള രക്ഷാപദ്ധതി പൂർത്തീകരിച്ചു. മനുഷ്യനെ പാതാളത്തിന്റെ അധികാരത്തിൽനിന്ന് വിടുവിക്കുവാനുള്ള ദൈവികപദ്ധതി വിജയിച്ചു. മനുഷ്യനെ പാപത്തിന്റെ ഭീകരമായ ഉരുക്കുമുഷ്ടിയിൽനിന്ന് വിടുവിക്കു വാനുള്ള ക്രിസ്തുവിന്റെ പദ്ധതിയുടെ വിജയമാണ് ക്രൂശിന്മേൽ കണ്ടത്.

കുരിശ് പരാജയമല്ല. കുരിശ് ഒരു തോൽവിയല്ല. കുരിശ് താത്ക്കാലികമായി തോൽവിയെന്നു തോന്നാം. ലോകത്തിനു തോന്നി, കുരിശ് ഒരു പരാജയമാണെന്ന്. പക്ഷേ, സാത്താനെ തോൽപ്പിക്കുകയായിരുന്നു. സാത്താന്റെമേൽ ജയോത്സവം കൊണ്ടാടുകയായിരുന്നു.

എന്താണ് കുരിശിന്മേൽ തറച്ചത്? സാത്താൻ നമുക്കെതിരായി അണിനിരത്തിയ കുറെ പാപത്തിന്റെ ചീട്ടുണ്ടായിരുന്നു. നമ്മുടെ നേരെ പിശാച് ആരോപിച്ചിരുന്ന പാപത്തിന്റെ ചീട്ടുകളുണ്ടായിരുന്നു; പാപത്തിന്റെയും കടത്തിന്റെയും ചീട്ട്. അത് കർത്താവ് സാത്താന്റെ കൈയിൽനിന്ന് പിടിച്ച് മേടിച്ചു.

ആ ചീട്ട് ക്രൂശിൽ തറച്ച് സാത്താനെ തോൽപ്പിച്ച് പരസ്യമായ കാഴ്ചയാക്കി. അങ്ങനെ ക്രൂശിൽ വച്ച് സാത്താന്റെമേൽ ജയോത്സവം കൊണ്ടാടി. ഇതനുഭവിക്കുന്നവരാണ് ദൈവത്തോടുകൂടെ നടക്കുന്നവർ! പാപത്തിന്റെമേൽ ജയം നേടുന്നവർ! പൈശാചികന്റെ മേൽ ജയം നേടുന്നവർ! സാത്താന്യശക്തിയുടെ മേൽ ജയം നേടുന്നവർ! അപ്പൊസ്തലനായ പൗലോസ് റോമർക്കെഴുതിയ ലേഖനം എട്ടാം അദ്ധ്യായത്തിന്റെ അവസാനഭാഗത്ത് പറയും:

**“നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണജയം പ്രാപിക്കുന്നു. മരണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ ഉയരത്തിനോ ആഴത്തിനോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേർപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറച്ചിരിക്കുന്നു.”** **റോമർ 8 : 37 – 39**

എന്തൊരു ധൈര്യമാണ്! അതാണ് ജയം. വാഴ്ചകളും അധികാരങ്ങളുമൊന്നും എന്നെ തോല്പിക്കയില്ല. പൈശാചികശക്തി എന്നെ തൊടുകയില്ല. ദുഷ്ടപ്പിശാചി

നെന്നെ തൊടാൻ സാധിക്കുകയില്ല. യേശു എന്നെ വിലയ്ക്ക് വാങ്ങിയിരിക്കുന്നു. എന്റെമേൽ യേശുവിന്റെ തിരുനിണം ചാർത്തിയിരിക്കുന്നു. തിരുരക്തത്തിന്റെ മുദ്ര എന്റെമേൽ അണിയിച്ചിരിക്കുന്നു.

യേശു തിരുരക്തത്താൽ എന്നെ വിടുവിച്ചിരിക്കുന്നു. ക്രിസ്തുവിന്റെ ചങ്കിലെ ചോരയാൽ എന്റെ പാപം കഴുകിയിരിക്കുന്നു. ഞാൻ യേശുവിന്റെ വകയായിരിക്കുന്നു. ഈ ഉറപ്പ് പ്രാപിക്കുമ്പോഴാണ് നാം ജയഭേരി മുഴക്കുന്നത്. നാം ക്രിസ്തുവിനോടുകൂടെ നടക്കുന്നു. ക്രിസ്തുവിനോടു കൂടെ നടക്കുന്നവർ ജയമുള്ളവരായി നടക്കുന്നു.

Walk in victory! ജയത്തിൽ നടക്കുക! ജയത്തിൽ നടക്കാൻ ദൈവം നമ്മെ വിളിക്കുന്നു. നാളുകളായി വിവിധ രംഗങ്ങളിൽ പരാജയപ്പെട്ടവർ, കുടുംബജീവിതത്തിൽ പരാജയപ്പെട്ടവർ, ഭാര്യാഭർത്തൃബന്ധത്തിൽ പരാജയപ്പെട്ടവർ, കുടുംബസ്നേഹത്തിൽ പരാജയപ്പെട്ടവർ, സ്നേഹോഷ്മളമായ ജീവിതത്തിൽ പരാജയപ്പെട്ടവർ, ബിസിനസ്സിൽ പരാജയ മടഞ്ഞവർ, എല്ലാരംഗങ്ങളിലും പരാജയപ്പെട്ടവർ, തൊഴിൽ മേഖലയിൽ പരാജയപ്പെട്ടവർ, ഇങ്ങനെ വിവിധരംഗങ്ങളിൽ പരാജയപ്പെട്ടവർ ഈ വചനം വായിക്കുമ്പോൾ ക്രൂശിലേക്ക് നോക്കുവിൻ, അവിടെ ജയമുണ്ട്.

നിങ്ങൾ ക്രൂശിനെ ഏറ്റുവാങ്ങുവിൻ, അവിടെ ജയമുണ്ട്. ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയത്തിലേക്ക് സ്വീകരിപ്പിൻ, അവിടെ ജയമുണ്ട്. യേശുവിനോടുകൂടെ നിങ്ങൾക്ക് നടക്കാം. യേശുവിൽകൂടി നിങ്ങൾക്കൊരു ജീവിതവിജയം നേടാം. യേശുവിൽകൂടി നിങ്ങൾക്ക് പൈശാചികനെ കീഴടക്കാം, സാത്താനെ ജയിച്ചടക്കാം. ജീവിതവിജയം നേടാം. നിങ്ങൾ സമൂഹത്തിനും ലോകത്തിനും ഒരത്ഭുത വിഷയമായിത്തീരും.

ലോകം നിങ്ങളെക്കണ്ട് അതിശയിക്കും. തലമുറകൾ

നിങ്ങളെക്കണ്ട് ആശ്വാസം പ്രാപിക്കും. അനേകം തലമുറകളെ ആവേശം കൊള്ളിക്കുന്ന ആത്മീയ അനുഭവങ്ങൾ നിങ്ങൾ നേടും. നിങ്ങൾ മൂലം തലമുറകൾ അനുഗ്രഹിക്കപ്പെടും. അനേകർ അനുഗ്രഹിക്കപ്പെടും. അങ്ങനെ ജയജീവിതത്തിന്റെ സൗഭാഗ്യത്തിലേക്ക് ക്രിസ്തു നിങ്ങളെ ക്ഷണിക്കുന്നു.

വരുവിൻ, ക്രിസ്തുവിന്റെ സ്നേഹത്തെ സ്വീകരിപ്പിൻ. ക്രിസ്തുവിനായി വേർതിരിപ്പിൻ. ക്രിസ്തുവിനോട് വാക്കു പറയുവിൻ.

യേശുവേ, ഇതുവരെയും പരാജയപ്പെട്ട എന്റെ ജീവിതം ഞാനിതാ കുരിശിൻ ചുവട്ടിൽ അടിയറ വയ്ക്കുന്നു. എന്നെ വിജയത്തിലേക്ക് നയിക്കണമേ. എനിക്ക് സമാധാനം നൽകണമേ. എന്നെ തൊടണമേ. എന്നെ അനുഗ്രഹിക്കണമേ. എന്നെ അവിടുത്തെ തിരുമാറിൽ അണയ്ക്കണമേ. അവിടുത്തെ തിരുവിലാവിൽ ഒളിപ്പിക്കണമേ. തിരുനാമം എന്നിൽക്കൂടി മഹത്വപ്പെടുത്തണമേ.

# ഏഴ്

Walk in Victory – വിജയത്തിൽ നടക്കുക.

ദൈവത്തോടുകൂടെ നടക്കുന്നുവെങ്കിൽ വിജയത്തിൽ നടക്കും. യിസ്രായേൽ ജനം പരിഭ്രമിച്ചു നിൽക്കുകയായിരുന്നു; ആറുലക്ഷം പേർ. മുന്നോട്ടുള്ള വഴി അടഞ്ഞ് നിൽക്കുകയാണ്. മുന്നിൽ ചെങ്കടൽ, നോക്കിയാൽ നോക്കെത്താത്ത ദൂരത്തിൽ വെള്ളത്തിന്റെ പെരുംപരപ്പ്! ആ പെരുവെള്ളത്തെ നോക്കിക്കൊണ്ട് അവർ അമ്പരന്നു. വെള്ളത്തിലേക്കിറങ്ങിയാൽ മരിക്കു മെന്നുറപ്പാണ്. മുന്നിൽ ചെങ്കടൽ പിറകിൽ ഫറവൊരാജാവിന്റെ കുതിരപ്പടയും കാലാൾപ്പടയുമെല്ലാം പാഞ്ഞുവരികയാണ്. എല്ലാവരേയും ചെങ്കടൽ തീരത്ത് വെട്ടിയിടും. എന്ത് ചെയ്യും? മുന്നോട്ടും പാടില്ല, പിറകോട്ടും പാടില്ല. ജനം അമ്പരപ്പിൽ നിൽക്കുകയാണ്.

**‘‘അവർ മോശയോട്: മിസ്രയീമിൽ ശവക്കുഴി യില്ലാഞ്ഞിട്ടോ നീ ഞങ്ങളെ മരുഭൂമിയിൽ മരിപ്പാൻ കൂട്ടിക്കൊണ്ടു വന്നത്? നീ ഞങ്ങളെ മിസ്രയീമിൽനിന്നു പുറപ്പെടുവിച്ചതിനാൽ ഞങ്ങളോട് ഈ ചെയ്തത് എന്ത്? മിസ്രയീമ്യർക്കു വേല ചെയ്‌വാൻ ഞങ്ങളെ വിടേണം എന്നു ഞങ്ങൾ മിസ്രയീമിൽവച്ചു നിന്നോടു പറഞ്ഞില്ലയോ? മരുഭൂമിയിൽ മരിക്കുന്നതിനെക്കാൾ മിസ്രയീമ്യർക്ക് വേല ചെയ്യുന്നതായിരുന്നു ഞങ്ങൾക്കു നല്ലത് എന്നു പറഞ്ഞു.”**

**പുറപ്പാട് 14 : 11, 12**

യിസ്രായേൽജനം മോശയോട് പിറുപിറുത്തു. നിങ്ങൾക്ക് കനാൻ ദേശം തരാം, പാലും തേനും ഒഴുകുന്ന

കനാനിലേക്ക് നിങ്ങളെ കൊണ്ടുപോകാം എന്നൊക്കെ പറഞ്ഞ് വ്യാമോഹിപ്പിച്ച് ഞങ്ങളെ കൊണ്ടുവന്നതെന്തിന്? ഇവിടെ ഈ മരുഭൂമിയിൽ മരിച്ച് വീഴുന്നതിനേക്കാൾ മിസ്രയീമിൽ അടിമപ്പണി ചെയ്യുന്നതായിരുന്നു ഞങ്ങൾക്ക് നല്ലത്.

മോശ ദൈവതിരുമുഖത്തേക്ക് നോക്കി. മോശ വെറും തറയിൽ മുട്ടുകുത്തി വിതുമ്പിക്കരഞ്ഞു. മോശ മുകളിലേക്ക് അദൃശ്യനായ ദൈവത്തിന്റെ തിരുമുഖശോഭ കാണാൻ അമ്പരപ്പോടെ നോക്കി. മോശ പ്രതീക്ഷയോടെ, പ്രത്യാശയോടെ നോക്കി: കർത്താവേ, അന്ന് സീനായി മലയിൽ മുൾപ്പടർപ്പിൽ തീയുടെ നടുവിൽനിന്ന് എന്നോടരുളിച്ചെയ്ത ശബ്ദം എനിക്കൊന്നു കൂടി കേൾക്കാൻ അവസരം തരുമോ? അന്ന് മുൾപ്പടർപ്പിൽ നിന്ന് മോശേ, മോശേ എന്ന് പേർചൊല്ലി വിളിച്ച ആ ശബ്ദം, എന്നെ ഇളക്കിമറിച്ച ശബ്ദം, എന്റെ ഉള്ളത്തെ തൊട്ടുണർത്തിയ ശബ്ദം ഒന്നുകൂടി കേൾക്കാൻ ഭാഗ്യം തരുമോ? ഈ ജനം കരയുന്നല്ലോ, ജനം വലയുന്നല്ലോ. ഞാനെന്തുവേണ്ടൂ; മോശ മുകളിലേക്ക് നോക്കി.

**“അപ്പോൾ യഹോവ മോശയോട് അരുളിച്ചെയ്തത്: നീ എന്നോടു നിലവിളിക്കുന്നത് എന്ത്? മുമ്പോട്ടു പോകുവാൻ യിസ്രായേൽമക്കളോട് പറക. വടി എടുത്തു നിന്റെ കൈ കടലിന്മേൽ നീട്ടി അതിനെ വിഭാഗിക്ക.” പുറപ്പാട് 14 : 15, 16**

നീ എന്തിനുമടിക്കണം, നിന്റെ കൈയിലൊരു വടിയില്ലേ? ആ വടി ചെങ്കടലിനു നേരെ നീട്ടുക. മുന്നോട്ടു പോകാൻ ജനത്തോടു കൽപ്പിക്ക. മോശക്കൊന്നും മനസ്സിലായില്ല. ദൈവം പറയുന്നതിന്റെ പൊരുൾ എങ്ങനെ മനസ്സിലാവാനാണ്? ആത്മീയ രഹസ്യങ്ങൾ ഭൂമിയിലെ മനുഷ്യന് മനസ്സിലാകുമോ? ആത്മാവിന്റെ ശബ്ദം ഭൂമിയിലെ ഭാഷയ്ക്ക് തിരിയുമോ? മോശയ്ക്ക് മനസ്സിലായില്ല. പക്ഷേ, മോശ ഒരു കാര്യം ചെയ്തു. മനസ്സിലായില്ലെങ്കിലും അനുസരിച്ചു. മോശ വടി ചെങ്കടലിന് നേരെ നീട്ടി. അത്ഭുതം! പനമ്പ് തെറുക്കുന്നതുപോലെ,

പായ് തെറുക്കുന്നതുപോലെ ചെങ്കടലിലെ വെള്ളം രണ്ടു വശത്തേക്കും പിരിഞ്ഞ് മാറുന്നു. അത് രണ്ടോ മൂന്നോ അല്ല, പത്തോ പതിനഞ്ചോ അടിയല്ല, മൈലുകൾ മാറുകയാണ്. കാരണം, മൈലുകൾ മാറിയെങ്കിലല്ലേ അറുന്നൂറായിരത്തിന് പോകാൻ സാധിക്കുകയുള്ളൂ. ആറുലക്ഷം പേരാണ് പോവുന്നത്.

ഇക്കണ്ട ജനത്തിനു പോകുവാൻ ചെങ്കടലിൽ വിശാലമായ വഴി ഒരുക്കി. പരാജയഭീതിയോടെ നിന്ന ബഹുജനങ്ങളുടെ മുന്നിൽ ദൈവം അത്ഭുതം പ്രവർത്തിച്ചു. ദൈവം വിജയത്തിന്റെ അത്ഭുതം സൃഷ്ടിച്ചു. സ്വർഗ്ഗത്തിലെ ദൈവം അത്ഭുതങ്ങളുടെ ദൈവമാണ്. ഇന്ന് ജീവിതത്തിൽ പരാജയപ്പെട്ട് മനസ്സ് നൊന്തിരിക്കുന്നവർ ആരെങ്കിലുമുണ്ടോ? എന്റെ ജീവിതം തീർന്നു. ആശയറ്റു, പ്രതീക്ഷ നശിച്ചു. എന്റെ ജീവിതസ്വപ്നങ്ങൾ കരിഞ്ഞുണങ്ങി. ഇനി മുന്നോട്ടൊരു ഗതിയില്ല. എന്റെ ഭാവി ഇരുളടഞ്ഞില്ലേ? എനിക്ക് നല്ല കാലം വരാൻ പോകുന്നുണ്ടോ? എന്റെ അഭിമാനം പോയില്ലേ? എന്റെ സൽപ്പേര് പോയില്ലേ? എന്റെ കുടുംബമഹിമ പോയില്ലേ? എന്റെ ആരോഗ്യം പോയില്ലേ? എന്റെ സഹപ്രവർത്തകരെന്നെ വിട്ടുപോയില്ലേ? എന്നെ താങ്ങാനാരുണ്ട്? ആരുമില്ല. ഞാൻ തുണയറ്റവനായി, ഇണയറ്റവനായി തീർന്നില്ലേ? ഭാരത്തോടെ ഇരിക്കുന്നവർ ഈ വാക്കുകൾ വായിക്കുന്നുണ്ടോ?

പ്രിയപ്പെട്ടവരേ, കേൾക്കൂ, ജീവനുള്ള ദൈവം നിങ്ങളെ അത്ഭുതകരമായി നടത്താൻ മതിയായവനായി നിങ്ങളുടെ മുന്നിൽ നിൽക്കുന്നുണ്ട്. ഭാരപ്പെടേണ്ട, നിങ്ങൾ പതറിപ്പോകേണ്ട. നിങ്ങൾക്കിനിയും ഭാവിയുണ്ട്. നിങ്ങളുടെ മുന്നിൽ വിശാലമായ, പാലും തേനും ഒഴുകുന്ന മനോഹരമായ കനാൻ ദേശമുണ്ട്. വൈതരണികൾ കടക്കേണ്ടിവരും, ശരിയാണ്. ചില പ്രതിസന്ധികൾ നേരിടേണ്ടിവരും, ശരിയാണ്. ചില പ്രശ്നങ്ങൾ അതിജീവിക്കേണ്ടി വരും, സത്യമാണ്. എന്നാൽ നിങ്ങളെ ജയിപ്പിക്കാൻ മതിയായവനായ ജയശാലിയായ

ക്രിസ്തു നിങ്ങളുടെ അരികത്ത് നിന്നുകൊണ്ട് പറയുന്നു, മുന്നോട്ട് പൊയ്ക്കൊള്ളൂ, പതറണ്ട, പിറകോട്ട് കാലെടുത്ത് വയ്ക്കണ്ട.

പിറകിലെ വീഴ്ചകളിലേക്കും പരാജയങ്ങളിലേക്കും നോക്കണ്ട. മുന്നോട്ട് പോയ്ക്കൊള്ളൂ. വിജയത്തിന്റെ പടവുകൾ കയറിക്കൊള്ളൂ. ജയിച്ച് ജയിച്ച് മുന്നേറാൻ ഞാൻ നിന്നോടുകൂടെ ഇരിക്കാമെന്ന് നിത്യനായ ദൈവം പറയുന്നു. ദൈവത്തിന്റെ വലംകരത്തിൽ മുറുകെ പിടിച്ചുകൊണ്ട് നിങ്ങൾ മുന്നോട്ട് പോകൂ.

**''നീ വെള്ളത്തിൽക്കൂടി കടക്കുമ്പോൾ ഞാൻ നിന്നോടുകൂടി ഇരിക്കും; നീ നദികളിൽകൂടി കടക്കുമ്പോൾ അവ നിന്റെ മീതെ കവികയില്ല. നീ തീയിൽക്കൂടി നടന്നാൽ വെന്തുപോകയില്ല. അഗ്നിജ്വാല നിന്നെ ദഹിപ്പിക്കയുമില്ല.''**

**യെശയ്യാവ് 43 : 2**

**"പർവ്വതങ്ങൾ മാറിപ്പോകും, കുന്നുകൾ നീങ്ങിപ്പോകും; എങ്കിലും എന്റെ ദയ നിന്നെ വിട്ടു മാറുകയില്ല."**

**യെശയ്യാവ് 54 : 10**

**"ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറക്കുമോ? താൻ പ്രസവിച്ച മകനോടു കരുണ തോന്നാതിരിക്കുമോ? അവർ മറന്നുകളഞ്ഞാലും ഞാൻ നിന്നെ മറക്കയില്ല."** **യെശയ്യാവ് 49 : 15**

മറക്കാത്ത ഒരു ദൈവമുണ്ട്. സ്നേഹിക്കുന്ന ഒരു ദൈവമുണ്ട്. കരുതുന്ന ഒരു ദൈവമുണ്ട്. കാക്കുന്ന ഒരു ദൈവമുണ്ട്. നിന്നെ പരിപാലിക്കുന്ന, സംരക്ഷിക്കുന്ന ഒരു ദൈവമുണ്ട്.

മോനേ, നിന്റെ രോഗമവനറിയാം. നിന്റെ മനസ്സിന്റെ വേദന അവനറിയാം. നിന്റെ ഹൃദയത്തിന്റെ വിഷാദമവനറിയാം, ഹൃദയത്തിന്റെ പ്രയാസമവനറിയാം. നിന്റെ കുടുംബത്തിലെ ക്ലേശമവനറിയാം. അവനെല്ലാം അറിയുന്നുണ്ട്. അവനെല്ലാം കാണുന്നുണ്ട്. അവനൊരു പദ്ധതിയുണ്ട്. ആ പദ്ധതിയുടെ

നിർവ്വഹണത്തിലേക്ക് നിന്നെ വഹിച്ചുകൊണ്ടു പോവുകയാണ്. ഒരു വലിയ പദ്ധതി അവന്റെ മുന്നിലുണ്ട്. അവന്റെ പദ്ധതിയെന്തെന്ന് നിനക്ക് കാണിച്ചു തരുവാനായിട്ട് നിന്നെ വഹിച്ചുകൊണ്ട് പോവുകയാണ്. സ്വർഗ്ഗീയപദ്ധതി! സ്വർഗ്ഗത്തിന്റെ അത്ഭുതകരമായ ഒരു പദ്ധതി നിന്നിൽ നിറവേറ്റാൻ അവൻ നോക്കിക്കൊണ്ട് നിൽക്കുകയാണ്.

നോഹ ദൈവത്തോടുകൂടെ നടന്നു. ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. ദൈവത്തോടുകൂടെ നടക്കുന്നവർ ജയശാലികളായി നടക്കും. അവർ victorious living, ജയജീവിതം അനുഭവിക്കും.

നാളിതുവരെ ജയജീവിതം അനുഭവിക്കാത്തവരുണ്ടോ?

കർത്താവേ, എനിക്ക് സ്വന്തമായി ജയിക്കാൻ സാധിക്കില്ല. എങ്കിലും നിനക്കെന്നെ ജയിപ്പിക്കാൻ സാധിക്കും. തോൽവിയുടെ ചെറിയ ചിന്ത വരുമ്പോഴേക്കും പെട്ടെന്ന് എടുത്ത് പറഞ്ഞു കൊള്ളണം.

**"നീ എന്റെ ദീപത്തെ കത്തിക്കും; എന്റെ ദൈവമായ യഹോവ എന്റെ അന്ധകാരത്തെ പ്രകാശമാക്കും. നിന്നാൽ ഞാൻ പടക്കൂട്ടത്തിന്റെ നേരെ പാഞ്ഞുചെല്ലും; എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും."**

**സങ്കീർത്തനം 18 : 28, 29**

ദാവീദ് എത്ര ധൈര്യത്തോടുകൂടിയാണ് പറയുന്നത്. ദീപം കെട്ടിരിക്കുകയാണ്. പക്ഷേ, കത്തിച്ച് തരും. ഇന്ന് തോൽവിയടഞ്ഞവനാണ്. കടക്കാവുന്ന ഒരു മതിലല്ല. ചാടിയാൽ കടക്കില്ല. എനിക്ക് സാധിക്കില്ല. എന്നാൽ എന്റെ ദൈവത്താൽ എനിക്ക് സാധിക്കും. മാനുഷിക ബുദ്ധിയനുസരിച്ച് പരീക്ഷ പാസ്സാവാൻ സാധിക്കില്ല. പക്ഷേ, എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും. മാനുഷിക ബുദ്ധിയനുസരിച്ച് എന്റെ കടം തീരാൻ സാധ്യതയില്ല. പക്ഷേ, എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും. മാനുഷിക ബുദ്ധിയനുസരിച്ച് ഒരു കുഞ്ഞുണ്ടാവാൻ ഒരു സാദ്ധ്യതയില്ല.

എന്നാൽ എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും.

മാനുഷിക ബുദ്ധിയനുസരിച്ച് എനിക്കൊരു വിവാഹം നടക്കാൻ സാദ്ധ്യതയില്ല. എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും. മാനുഷിക ബുദ്ധിയനുസരിച്ച് എനിക്ക് ആ ഓഫീസിൽ ജോലികിട്ടാൻ ഒരു സാദ്ധ്യതയുമില്ല. എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും. മാനുഷിക ബുദ്ധിയനുസരിച്ച് എനിക്ക് ഉയർന്ന പരീക്ഷ പാസ്സാകാനാവില്ല. എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും. മാനുഷിക ബുദ്ധിയനുസരിച്ച് തീരാരോഗത്തിന്റെ ബാധയിൽ നിന്ന് ഞാൻ സൗഖ്യപ്പെടാൻ ഒരു സാദ്ധ്യതയുമില്ല. ഡോക്ടർമാർ കൈവിട്ടു. പക്ഷേ, എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടികടക്കും.

നിങ്ങളുടെ ശരീരത്തിൽ രോഗം അരിച്ചരിച്ചു കയറുമ്പോൾ, ശരീരം ക്ഷീണിച്ചു വരുമ്പോൾ, നിങ്ങൾ തളർന്നുപോകുമ്പോൾ, നിങ്ങൾ ഒറ്റയ്ക്ക് ശാന്തമായിരുന്നിട്ട് കർത്താവിന്റെ സന്നിധിയിലിരിക്കുന്നുവെന്ന് ധ്യാനിച്ചുകൊണ്ട് നിങ്ങളുടെ നെഞ്ചത്ത് കൈയടക്കിപ്പിടിച്ചിട്ട് പറയണം: “എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും.”

പരീക്ഷയെഴുതി, പുറത്തുവന്ന് എല്ലാവരുമായി discuss ചെയ്തപ്പോൾ പറയുന്നു എഴുതിയതൊക്കെ തെറ്റാണ്, തോൽക്കും. പരീക്ഷ എഴുതിക്കഴിഞ്ഞപ്പോൾ തോൽക്കുമെന്നുറപ്പായി. പിന്നെയിരുന്ന് പ്രാർത്ഥനയാണ്: കർത്താവേ, ഇപ്പോൾ പേപ്പർ നോക്കുന്ന സമയമായിരിക്കും. അതിൽ തെറ്റായി എഴുതിയതുപോലും ശരിയാക്കിത്തീർക്കാൻ നിനക്ക് കഴിയും. എന്താണീ പറയുന്നത്? തെറ്റായി എഴുതിയത് ശരിയായിത്തീരുന്നതെങ്ങനെയാണ്? കർത്താവേ! നിനക്ക് സാധിക്കും. എന്റെ ദൈവമേ, പരാജയപ്പെട്ടു എന്ന് വരാതിരിക്കാൻ എനിക്കൊരാശയുണ്ട്. നീ എന്റെ പരീക്ഷക്കടലാസിലൊരത്ഭുതം പ്രവർത്തിക്കണം. നിങ്ങൾ പ്രാർത്ഥിക്കൂ, ദൈവം അത്ഭുതം പ്രവർത്തിക്കും.

ഭാര്യ ഗർഭിണിയാണെന്നറിഞ്ഞു. അപ്പോൾ ഒരാഗ്രഹം, ഒരാൺകുഞ്ഞിനെ കിട്ടിയിരുന്നെങ്കിൽ. ഡോക്ടർമാർ നോക്കി, സ്കാൻ ചെയ്തു പെൺകുഞ്ഞാണെന്നറിഞ്ഞു. പക്ഷേ, അന്നുമുതൽ പ്രാർത്ഥനയാണ്: കർത്താവേ, എന്റെ ആഗ്രഹം ഒരാൺകുഞ്ഞാകണമെന്നാണ്. ഡോക്ടർമാർ പറയുന്നു പെൺകുഞ്ഞാണെന്ന്. പക്ഷേ, നീ സ്രഷ്ടാവല്ലേ, നീ മെന ഞ്ഞവനല്ലേ. കർത്താവേ, എനിക്കൊരു ആൺകുഞ്ഞാക്കി തരണം.

അത്ഭുതങ്ങൾ കണ്ടുകൊണ്ടാണ് ഞാനിത് എഴുതുന്നത്. വെറുതെ എഴുതുന്ന വാക്കുകളല്ല. ആണായാലെന്ത്, പെണ്ണാ യാലെന്ത്? ഒരു കുഞ്ഞിനെ കിട്ടുന്നത് ഭാഗ്യം. പക്ഷേ, ഒരു മനുഷ്യന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽ അമർന്ന് കിടക്കുന്ന ചെറിയ ആഗ്രഹങ്ങൾ പോലും മാനിക്കുകയും ചെറിയ ആശകൾ പോലും നിറവേറ്റിത്തരികയും ചെയ്യുന്ന ഒരു ദൈവമുണ്ടെന്ന് നിങ്ങൾ അറിഞ്ഞിരുന്നാൽ കൊള്ളാം.

പ്രിയപ്പെട്ടവരേ, നിങ്ങൾ ഇരിക്കുന്നിടത്ത് നിങ്ങളുടെ ഹൃദയവിഷാദമൊപ്പിയെടുക്കാൻ, നിങ്ങളുടെ ഭാരങ്ങൾ മാറ്റാൻ നിൽക്കുന്ന ഒരു ദൈവമുണ്ട്. ജീവനുള്ള ക്രിസ്തു! അതിശയങ്ങളുടെ ക്രിസ്തു! അത്ഭുതങ്ങളുടെ ക്രിസ്തു! അവിടുന്ന് ഇന്നും ജീവിക്കുന്ന ദൈവമാണ്. കല്ലറയെ തട്ടിത്തകർത്ത്, മരണത്തെ ജയിച്ച് പാതാളത്തെ കീഴടക്കി ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്ന ക്രിസ്തു!

ഈ ജീവനുള്ള ക്രിസ്തുവിന്റെ കൂടെ നിങ്ങൾക്ക് ഇറങ്ങി പുറപ്പെടാമോ? അവനോട് ചേർന്ന് നടക്കുന്നതുപോലെ മധുരമനോജ്ഞമായ നടപ്പ് ഏതുണ്ട്? അവനോടുകൂടെ ജീവിക്കുന്നതുപോലെ അത്ഭുതകരമായ സ്നേഹത്തിന്റെ നടപ്പ് ഏതുണ്ട്? യേശുക്രിസ്തുവിന്റെ കൂടെയായിരിക്കുന്നതു പോലെ സമാധാനവും സംതൃപ്തിയും തിങ്ങുന്ന ഒരു ജീവിതം എവിടെയുണ്ട്?

യേശുക്രിസ്തുവിന്റെ കൂടെ ജീവിക്കുന്നതുപോലെ ഒരു ജയജീവിതം എവിടെയുണ്ട്? അതൊരു വിശ്വാസിയുടെ പദവിയാണ്. നിങ്ങൾ പറയൂ: യേശുവേ, നീയൊരു യാഥാർത്ഥ്യ മാകുന്നുവെങ്കിൽ, നീ ജീവിക്കുന്ന ദൈവമാകുന്നുവെങ്കിൽ എനിക്ക് നന്മയ്ക്കായി ഒരടയാളം തരണമേ.

പാവപ്പെട്ട ജനം മരുഭൂമിയിൽക്കൂടി നടന്നു. അവർ തളർന്നുപോയി. മൂന്ന് ദിവസം കുടിക്കാൻ വെള്ളം കിട്ടാതെ, മരുഭൂമിയിൽ ഭയങ്കരമായ വെയിലത്ത് വാടിത്തളർന്ന് മുഖം കരിവാളിച്ച് കാല് വീർത്ത് വിങ്ങി കുമളച്ചും പാവങ്ങൾ നടക്കുകയാണ്. ആറുലക്ഷം പേർ! അവർ വലഞ്ഞു. അവർ പിറുപിറുക്കാൻ തുടങ്ങി.

മരുഭൂമിയിലേക്ക് വരണ്ടായിരുന്നു. മിസ്രയീമിൽ കിടന്നാൽ മതിയായിരുന്നു. ചെങ്കടൽ കടന്നു; ഇപ്പോൾ ഊഷരമായ മരുപ്പറമ്പിൽ! കഷ്ടം! വെള്ളം കുടിക്കാതെ ചാകേണ്ടി വരും. അവർ അങ്ങോട്ടുമിങ്ങോട്ടും പിറുപിറുത്ത്, വാശിപിടിച്ച്, മനസ്സ് നിരാശപ്പെട്ട് മൂന്ന് ദിവസം കഴിഞ്ഞപ്പോൾ ദൂരെ വെള്ളം ഓളം വെട്ടുന്നു.

ആരോ പറഞ്ഞു: "ദൂരെ കാണുന്നതെന്താണ്? മനോഹരമായ ചിറ്റോളങ്ങൾ! സൂര്യപ്രകാശത്തിൽ വെള്ളം വെട്ടിത്തിളങ്ങുന്നു. ജനം ആർത്തിപൂണ്ട് ഓടിച്ചെന്നു. ചെല്ലുന്നവർ ചെല്ലുന്നവർ വെള്ളം കൈക്കുമ്പിളിൽ കോരിയെടുത്തു ആർത്തിപൂണ്ടു കുടിച്ചു. കുടിക്കുന്നവർ കുടിക്കുന്നവർ ഛർദ്ദിക്കുന്നു. എന്തുപറ്റി! കുടിക്കാൻ സാധ്യമല്ല. കയ്പ്പ്! എല്ലാവരും വിഷമിച്ചു.

വെള്ളം കിട്ടി പക്ഷേ, കുടിക്കാൻ വയ്യ. ഇന്നനേകർ അങ്ങനെയാണ്. എല്ലാമുണ്ട്, പക്ഷേ അനുഭവിക്കാൻ സാധിക്കുന്നില്ല.

ആറ്റുനോറ്റു കിട്ടിയ കുഞ്ഞ്, പക്ഷേ ആ കുഞ്ഞ് എഴുന്നേൽക്കുന്നില്ല. നടക്കില്ല, മിണ്ടില്ല, ഭക്ഷണം കഴിക്കില്ല, ചിരിക്കില്ല, കരയില്ല. കിടന്നകിടപ്പു കിടക്കും. ആറ്റുനോറ്റൊരു

ജോലികിട്ടി. പക്ഷേ എന്നും ടെൻഷൻ. പാവം ആ പെൺകുട്ടിയെ ഇടയ്ക്കിടെ ഓഫീസിലേക്ക് വിളിക്കും. ആദ്യമാദ്യം കുഴപ്പമുണ്ടായിരുന്നില്ല. പിന്നെപ്പിന്നെ പുറത്തു പറയാൻ പറ്റാത്തവിധത്തിലായി. ജോലി രാജിവച്ച് പോരേണ്ടി വന്നു. അല്ലെങ്കിൽ ഉള്ള അഭിമാനം നഷ്ടപ്പെടും. ആന്തരികമായ സംശുദ്ധി നഷ്ടപ്പെടും.

ആറ്റുനോറ്റു കിട്ടിയെങ്കിലും അനുഭവിക്കാൻ പറ്റുന്നില്ല. വലഞ്ഞു പോകുന്നവർ! ജനം കരഞ്ഞപ്പോൾ പ്രവാചകൻ മുട്ടുമടക്കി, ആ മരുപ്പറമ്പിൽ മുട്ടുമടക്കി, ജീവനുള്ള ദൈവത്തിന്റെ തിരുമുഖത്തേക്കുനോക്കി കരഞ്ഞു. ഈ ജനം എന്തു കുടിക്കും? വെള്ളം കയ്പ്പാണല്ലോ. കർത്താവേ, എന്തു വേണ്ടൂ?

ദൈവം പറഞ്ഞു: "നീ നിൽക്കുന്നതിനടുത്ത് എന്തെങ്കിലും കാണുന്നുണ്ടോ? മോശ തിരിഞ്ഞുനോക്കി: "കർത്താവേ, ഞാനൊരു മരം മാത്രം കാണുന്നു. വേറൊന്നും കാണുന്നില്ല."

"എന്നാൽ അതിന്റെ കൊമ്പൊരെണ്ണം വെട്ടി വെള്ളത്തി ലേക്കിടുക."

മോശയ്ക്ക് മനസ്സിലായില്ല എന്തിനാണ് കൊമ്പ് വെട്ടിയിടുന്നതെന്ന്. അനുസരിച്ചു. മരത്തിന്റെ കൊമ്പ് വെട്ടിയിട്ടു. വെള്ളത്തിൽ വ്യാപിച്ചു കിടന്ന വിഷമയമായ കയ്പ്പെല്ലാം ആ കൊമ്പ് വലിച്ചെടുത്തു. കൊമ്പിനുള്ളിലെ ചാറ് വെള്ളത്തിലേക്ക് പകർന്നു.

ഗോഗുൽത്തായിൽ യേശുക്രിസ്തുവിന്റെ തിരുവിലാവിൽ നിന്ന് പൊട്ടിയൊഴുകിയ ചോരയും നീരും ഒഴുകിയിറങ്ങിയ പ്പോൾ വിഷം പോയി. അതുകൊണ്ടാണ് ഭയങ്കരമായ കൂരിരുട്ട് വന്നത്. യേശു മനുഷ്യജാതിയുടെ പാപത്തിന്റെ വിഷം മുഴുവൻ ആവാഹിച്ചെടുത്തു. യേശുവിന്റെ തിരുശരീരം കണ്ടാൽ ആളല്ല എന്നു തോന്നുമാറ് വിരൂപമായിപ്പോയി. അവന് മുഖസൗന്ദര്യമില്ലെന്ന് പറയുമാറ് വിരൂപനായിപ്പോയി. അവന്റെ കരണത്തടിയേറ്റു, മുഖത്ത് തുപ്പലേറ്റു, ശിരസ്സിൽ

മുൾമുടിയേറ്റു, മുഖത്തുനിന്ന് രോമങ്ങൾ ചവണകൊണ്ട് വലിച്ചു പിഴുതെടുത്തു.

പ്രിയപ്പെട്ടവരേ, യേശുവിന്റെ ചങ്കിൽ കുന്തം കൊണ്ട് കുത്തി, കൈകളും കാലുകളും തുളച്ചു. മാറായിലെ കയ്പ്പു വെള്ളം മധുരമായിത്തീർന്നു. യേശുവിലൂടെ നടന്നാൽ ഇതുവരെയുള്ള കയ്പ്പ് മധുരമായിത്തീരും. ജീവിതത്തിൽ കയ്പ്പേറിയ അനുഭവത്തിൽക്കൂടി പോയവർ ആരെല്ലാമുണ്ട്? സ്നേഹിതരേ, നിങ്ങളുടെ കയ്പ്പ് മാറും, നിങ്ങൾക്ക് മധുരം കിട്ടും. ജീവിതത്തിലെ യാതനകൾ മാറും. നിങ്ങളുടെ പാപങ്ങൾക്ക് പരിഹാരമുണ്ടാകും. നിങ്ങളുടെ ജീവിതത്തെ നശിപ്പിച്ചുകൊണ്ടിരുന്ന പാപങ്ങളെല്ലാം ക്ഷമിക്കപ്പെടും. ശോഭനമായ, സന്തോഷകരമായ, സമാധാന സമ്പൂർണ്ണമായ നല്ലകാലം നിങ്ങൾക്ക് ലഭിക്കും. ആനന്ദൈശ്വര്യമെഴുന്ന മാസങ്ങളും ആണ്ടുകളും നിങ്ങൾക്ക് ലഭിക്കും. നിങ്ങൾ അനുഗൃഹീതരായിത്തീരും. നല്ല ഭാവി നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും തലമുറകൾക്കും ലഭിക്കും.

Walk in victory. വിജയത്തിൽ നടപ്പിൻ. യേശുവിനോടു കൂടെ നടന്നാൽ വിജയമാണ്. യേശുവിനോടുകൂടെ നടന്നാൽ മാധുര്യമാണ്. യേശുവിനോടുകൂടെ നടന്നാൽ വിഘ്നങ്ങൾ മാറുകയാണ്.

യേശുവിനെ കൈക്കൊള്ളുവിൻ. യേശുവിന്റെ തിരുരക്ത ത്താൽ പാപക്ഷമ അനുഭവിപ്പിൻ. യേശുവിനായി ഹൃദയം തുറക്കുവിൻ. യേശുവിനോട് ചേർന്ന് നടപ്പിൻ. യേശുവിനായി ജീവിതം വേർതിരിപ്പിൻ. യേശുവിനോട് വാക്ക് പറയുവിൻ. യേശുവേ, ഇന്നുമുതൽ, ഈ നിമിഷം മുതൽ ഞാൻ നിന്റെ വക.

# എട്ട്

**"ഒടുവിൽ കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെടുവിൻ. പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽപ്പാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ. നമുക്കു പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ. അതുകൊണ്ട് നിങ്ങൾ ദുർദ്ദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ട് ഉറച്ചു നില്പാനും കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തുകൊൾവിൻ." എഫെസ്യർ 6 : 10 – 13**

കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെടുവിൻ. യേശുക്രിസ്തുവിൽ ശക്തിപ്പെട്ടല്ലാതെ ജയജീവിതം സാധ്യമല്ല. ജയിക്കണമെങ്കിൽ നമ്മുടെ ജഡത്തിന്റെ യത്നംകൊണ്ട് സാധ്യമല്ല. നാം മാനുഷികമായി പരിശ്രമിച്ചാൽ ജയജീവിതം സാധ്യമല്ല.

ക്രിസ്തുവിന്റെ അത്ഭുതശക്തിയാൽ മാത്രമേ നമുക്ക് ജയജീവിതം കിട്ടുകയുള്ളൂ. നാം ഓരോരുത്തരും ജയിക്കാൻ ആഗ്രഹിക്കുന്നവരാണ്. നാം ക്രിസ്തീയ ജീവിതത്തിൽ പലപ്പോഴും പരാജയപ്പെട്ടവരാണ്. നമ്മുടെ സ്വഭാവത്തിന്റെ മാലിന്യങ്ങളിൽ പരാജയപ്പെട്ടവരാണ്.

ഒരുപക്ഷേ ചില ദുശ്ശീലങ്ങളിലായിരിക്കാം. ചില ദുഷിച്ച പ്രവണതകളിലായിരിക്കാം. ജീവിതത്തിലെ അലസതയിലായിരിക്കാം. കോപസ്വഭാവത്തിലായിരിക്കാം. വാശി,

പിണക്കം, വഴക്ക്, അസൂയ മുതലായ കാര്യങ്ങളിലായിരിക്കാം. അഹങ്കാരം, സ്വയം മുതലായ കാര്യങ്ങളിലായിരിക്കാം. ഏതെങ്കിലും കാര്യങ്ങളിലെല്ലാം നാം പരാജയപ്പെട്ടവരാണ്.

എന്നാൽ ജയിക്കണമെങ്കിൽ ഞാൻ ഇനി പരാജയപ്പെടുകയില്ല, ഞാൻ ഇനി കോപിക്കുകയില്ല, ഞാൻ ഇനി വാശി പിടിക്കുകയില്ല എന്ന് തീരുമാനിച്ചാൽ സാധിക്കുകയില്ല. ജയിക്കണമെങ്കിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തി വേണം. പരിശുദ്ധാത്മാവിന്റെ കൃപയില്ലാതെ ആർക്കും ജയിക്കാൻ സാധ്യമല്ല.

കോപിക്കാനുള്ള സാഹചര്യം നമുക്ക് വന്നു എന്ന് വന്നേക്കാം. കോപിച്ചലറുന്ന പ്രകൃതമുള്ള ആളുകൾക്ക് കോപിക്കാനുള്ള സാഹചര്യം വരുമ്പോൾ കോപിക്കാൻ തോന്നിപ്പോയി എന്നു വന്നേക്കാം. പക്ഷേ, കോപം വരാതെ, വേറെ ഒരു ശക്തി വന്ന് നമ്മുടെ ഹൃദയത്തിൽ ഉണർന്നു വരുന്ന കോപത്തെ അടക്കുന്ന ഒരു അത്ഭുത പ്രതിഭാസം നമുക്ക് അനുഭവിക്കാൻ കഴിയും.

മുൻപ് ഒരു നിയന്ത്രണവുമില്ലാതെ കോപിച്ചിരുന്നു. കോപിക്കുമ്പോൾ നിയന്ത്രണമില്ലാതെ സംസാരിച്ചിരുന്നു. എന്താണ് പറയുന്നതെന്നുപോലും അറിയാതെ എന്തെല്ലാമോ വിളിച്ചു പറഞ്ഞിരുന്നു. ശാപവാക്കുകൾ, ചിലരെ മുറിപ്പെടുത്തുന്ന രീതിയിലുള്ള വാക്കുകൾ, ഒരു പക്ഷേ ഏതെങ്കിലും പ്രവൃത്തികൾ പോലും കോപംമൂലം ചെയ്തിരിക്കും.

എന്നാൽ ഇപ്പോൾ കോപം വരാൻ തുടങ്ങുമ്പോൾ തന്നെ വേറെ ഏതോ ഒരു ശക്തിവന്ന് കോപത്തെ അമർത്തുന്നത് നമ്മുടെ ഹൃദയത്തിൽ അനുഭവിക്കാൻ സാധിക്കും. നമ്മുടെ യത്നംകൊണ്ട് സാധ്യമല്ല. പരിശുദ്ധാത്മാവിന്റെ നൽവരം നമുക്ക് സാധിപ്പിച്ചു തരികയാണ്.

**‘‘ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും.’’ റോമർ 8 : 13**

എനിക്ക് പോരാട്ടമുള്ളത് ഒരു ഭീകരശക്തിയോടാണ്. നാം യുദ്ധം ചെയ്യേണ്ടത് ഭീകരനായ പൈശാചികനോടാണ്. അവന് വാഴ്ചകളുണ്ട്; അധികാരങ്ങളുണ്ട്.

അമ്മായിയമ്മയ്ക്ക് മരുമകളോട് നീരസം തോന്നുന്നു. മരുമകൾക്ക് അമ്മായിയമ്മയോട് നീരസം തോന്നുന്നു. രണ്ട് വ്യക്തികളെ മാത്രമേ നാം കാണുന്നുള്ളൂ. പക്ഷേ, അവിടെ പ്രശ്നം ഉണ്ടാക്കുന്നതും കോപമുണ്ടാക്കുന്നതും വഴക്കുണ്ടാക്കുന്നതും ഒരു പൈശാചിക ശക്തിയാണ്. 'The evil force' എന്നു പറയുന്ന Devil ആണ് അവിടെ പ്രശ്നമുണ്ടാക്കുന്നത്. അവിടെ മനുഷ്യരെ കാണണ്ട.

മനുഷ്യർ കേവലം മനുഷ്യർ മാത്രം. എന്നാൽ മനുഷ്യനെക്കൊണ്ട് ഓരോന്ന് ചെയ്യിപ്പിക്കുന്ന, മനുഷ്യരെക്കൊണ്ട് ഓരോന്ന് പറയിപ്പിക്കുന്ന, മനുഷ്യരുടെ ഹൃദയത്തിൽ അരുതായ്കകൾ ഉളവാക്കിക്കൊടുക്കുന്ന ഒരു ഭയങ്കരനായ ഭീകരപ്പിശാചുണ്ട്. ആ പിശാചാണ് മനുഷ്യരിൽ നിന്നുകൊണ്ട് മനുഷ്യരെ തമ്മിൽ കടിപിടി കൂട്ടുന്നത്.

അത് ഒരു വീട്ടിൽ മാത്രമല്ല, സ്ഥാപനങ്ങളിലുണ്ട്. അത് വിവിധ ദേശങ്ങളിലുണ്ട്. മനുഷ്യർ പരസ്പരം തർക്കിക്കുന്നത്, നിസ്സാര കാര്യങ്ങൾക്കുപോലും ഇഷ്ടക്കുറവും മുഷിച്ചിലും വൈരാഗ്യവും ഉണ്ടാകുന്നത്, അതു വർദ്ധിച്ച് ഒരു പക്ഷേ കൊലപാതകത്തിൽ ചെന്ന് കലാശിക്കുന്നത്, ചിലപ്പോൾ ആത്മഹത്യയിലേക്ക് നയിക്കുന്നത്, ഇതിന്റെയെല്ലാറ്റിന്റേയും പിന്നിൽ ഒരു ഭീകര പിശാചുണ്ട്.

അപ്പൊസ്തലനായ പൗലോസ് തിമൊഥെയൊസിന് എഴുതിയ രണ്ടാമത്തെ ലേഖനത്തിൽ പറയും:

**"എന്റെ മകനേ, ക്രിസ്തുയേശുവിലുള്ള കൃപയാൽ ശക്തിപ്പെടുക." 2 തിമൊഥെയൊസ് 2 : 1**

**"ക്രിസ്തുയേശുവിന്റെ നല്ലഭടനായി നീയും എന്നോട് കൂടെ കഷ്ടം സഹിക്ക." 2 തിമോഥെയോസ് 2 : 3**

നല്ല ഭടനായി പോരാടണം. നല്ല വീരപോരാളിയായി പോരാടണം. യുദ്ധം ചെയ്യണം. കൃപയിൽ, യേശുക്രിസ്തുവിന്റെ അളവില്ലാത്ത ബലത്തിൽ ശക്തിപ്പെടുക.

**“നമുക്കു പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മ സേനയോടും അത്രേ.” എഫെസ്യർ 6 : 12**

ആയാറിൽ, ഈ അന്തരീക്ഷത്തിൽ വിഹരിച്ചുകൊണ്ടിരിക്കുന്ന ദുഷ്ടാത്മസേന! മനുഷ്യനെ നശിപ്പിക്കുന്ന പൈശാചിക സൈന്യങ്ങൾ! മനുഷ്യനെ തകർത്തുകളയുവാൻ, അവനെ നിശ്ശേഷം ഈ ഭൂമിയിൽനിന്ന് മാറ്റിക്കളയുവാൻ, അവനെ നരകത്തിന്റെ ഭീകര അന്ധകാരത്തിലേക്ക് നയിക്കുവാൻ മനുഷ്യനെ പിടിച്ചു കെട്ടിയിടുന്ന പിശാചിന്റെ ദുഷ്ടാത്മസേനകളുണ്ട്. അവരോടാണ് നമ്മുടെ യുദ്ധം.

ഈ അന്തരീക്ഷത്തിൽ എണ്ണിയാൽ തീരാത്ത ദുരാത്മ സേനകളുണ്ട്. ആത്മാവിന്റെ കണ്ണൊന്നു തുറന്നു കിട്ടിയാൽ, ആത്മലോകം കാണാൻ സാധിച്ചാൽ, ആത്മാവിന്റെ ദർശനം ലഭിച്ചാൽ നമുക്ക് അവയെ കാണാൻ സാധിക്കും. അപ്പോൾ നാം അത്ഭുതപ്പെട്ടുപോകും. ഈ ഭീകരപ്പിശാചുക്കളുടെ ഇടയിലൂടെയാണല്ലോ ഞാൻ നടക്കുന്നത്!

കോപത്തിന്റെ ഭീകരാത്മാക്കളുണ്ട്. വഴക്കിന്റെ ഭീകരാത്മാക്കളുണ്ട്. വ്യഭിചാരത്തിന്റെ ഭീകരാത്മാക്കളുണ്ട്. അശുദ്ധ മോഹങ്ങളുടെ ഭീകരാത്മാക്കളുണ്ട്. അത്യാഗ്രഹത്തിന്റെ ഭീകരാത്മാക്കളുണ്ട്. ചില രോഗത്തിന്റെ ഭീകരാത്മാക്കളുണ്ട്.

“പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തുനിൽപ്പാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചു കൊൾവിൻ.” നമുക്കാർക്കും തനിയെ യുദ്ധം ചെയ്യാൻ സാധിക്കുകയില്ല. ഒരു പടയാളി യുദ്ധരംഗത്ത് യുദ്ധത്തിന് പോകണമെങ്കിൽ അവന് ആയുധം വേണം. “ആയുധം

കൈയിലില്ലാത്തോൻ അടരാടുന്നതെങ്ങനെ" എന്ന് പണ്ട് മഹാകവി ഉള്ളൂർ പറഞ്ഞിട്ടുണ്ട്. ആയുധം കൈയിലില്ലെങ്കിൽ യുദ്ധം ചെയ്യാൻ സാധ്യമല്ല.

നിരായുധനായി ആയുധധാരിയായ ശത്രുവിനെ എതിർക്കാൻ സാധ്യമല്ല. ആയുധമില്ലാതെ ചെന്നാൽ നാം തോറ്റുപോകും. വെട്ടേറ്റ് വീണുപോകും. ആയുധം ധരിച്ചുവേണം പോകാൻ. പൈശാചിക സൈന്യത്തിന്റെ ഉദ്ദേശ്യം നമ്മെ മുടിച്ചു കളയുക എന്നതാണ്.

**"മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല."** **യോഹന്നാൻ 10 : 10**

നമുക്കുള്ള സ്വത്ത് മോഷ്ടിച്ചെടുക്കുക. നമുക്കെല്ലാം കർത്താവ് തന്ന ചില സ്വത്തുക്കളുണ്ട്. ചില സമ്പത്തുണ്ട്. യേശു തന്ന സ്നേഹം, യേശു തന്ന ആർദ്രത, യേശു തന്ന മനസ്സലിവ്, യേശു തന്ന കരുണ, യേശു തന്ന ബുദ്ധി, യേശു തന്ന നല്ല ശീലങ്ങൾ.

യേശു തന്ന പ്രാർത്ഥനാസ്വഭാവം, യേശു തന്ന എളിമ, യേശു തന്ന ലാളിത്യം ഇങ്ങനെ യേശുവിന്റെ സ്വഭാവങ്ങൾ നമുക്ക് തന്നിട്ടുണ്ട്. അതെല്ലാം മോഷ്ടിച്ചുകൊണ്ട് പോവുക എന്നുള്ളതാണ് പിശാചിന്റെ തന്ത്രം.

കള്ളനായ പിശാച്, മോഷ്ടിപ്പാൻ വരുന്നവനാണ്. അവൻ മുടിക്കാൻ, കൊന്നുകളയുവാൻ വരുന്നവനാണ്.

എന്നാൽ കർത്താവായ യേശുക്രിസ്തു വന്നതെന്തിനാണ്?

**"അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്."**

**യോഹന്നാൻ 10 : 10**

മനുഷ്യർക്ക് ജീവൻ നൽകുവാനും സമൃദ്ധിയായി ജീവൻ നൽകുവാനും കർത്താവ് വന്നിരിക്കുന്നു. സമൃദ്ധിയേറിയ, ആത്മാവിന്റെ നിറവുറ്റ ജീവൻ തരുവാൻ കർത്താവ്

വന്നിരിക്കുന്നു. യേശു വന്നിരിക്കുന്നത് സമൃദ്ധിയും ജീവന്റെ സന്തോഷവും തരുവാനായിട്ടാണ്.

യേശു വന്നിരിക്കുന്നത് ആത്മാവിന്റെ ശാന്തിയും സമാധാന സമൃദ്ധിയും തരുവാനായിട്ടാണ്. എന്നാൽ ദുഷ്ടനായ പൈശാചികൻ വരുന്നതോ, നമ്മുടെ സമാധാനം മോഷ്ടിക്കുക, നമ്മുടെ സന്തോഷം മോഷ്ടിക്കുക, സമ്പത്ത് മോഷ്ടിക്കുക, നമ്മുടെ ബുദ്ധിവൈഭവങ്ങൾ മോഷ്ടിക്കുക, എല്ലാം മോഷ്ടിച്ചു കൊണ്ടുപോവുക. നമ്മെ അറുത്തുമുറിക്കുക.

നമ്മെ നശിപ്പിച്ച് നമ്മുടെ അന്തരാത്മാവിനെ കൊല്ലുക. അങ്ങനെ നാം ആത്മാവിൽ മരിക്കുക. ദുഷ്ടനായ പൈശാചികൻ തന്ത്രശാലിയാണ്. അവന്റെ തന്ത്രങ്ങൾ അവൻ നമ്മുടെ നേരെ പ്രയോഗിക്കുന്നു.

എത്രയോ കുടുംബങ്ങളാണ് പരസ്പരവൈരാഗ്യത്തിൽ കഴിയുന്നത്! പരസ്പര നീരസത്തിൽ കഴിയുന്നത്! എപ്പോഴും മുഖം വാടിയിരിക്കുന്ന കുടുംബങ്ങൾ! മുഖം വാടിയിരിക്കുന്ന ഭാര്യയും ഭർത്താവും! പരസ്പരം ഭിന്നിച്ചിരിക്കുന്ന ഭാര്യയും ഭർത്താവും!

ചില വാശികളുടേയും നീരസത്തിന്റേയും പേരിൽ, ചില ഇഷ്ടക്കുറവുകൾ വന്നതിന്റെ പേരിൽ മിണ്ടാതെ പിണങ്ങി പ്പാർക്കുന്ന ഭാര്യയും ഭർത്താവും, മാതാപിതാക്കളും മക്കളും. പരസ്പരമുള്ള ഈർഷ്യയിലും ഇഷ്ടക്കുറവിലും മുഷിച്ചി ലിലും കഴിയുന്ന അനേകം കുടുംബങ്ങളുണ്ട്.

നിങ്ങളുടെ പലരുടേയും വീടുകളിൽ വാസ്തവമായ സന്തോഷമുണ്ടോ? ഐക്യമുണ്ടോ? സ്നേഹത്തിന്റെ നിറവുണ്ടോ?

നിങ്ങളുടെ പാപം മൂലം, നിങ്ങളുടെ പൂർവ്വികന്മാരുടെ പാപംമൂലം, ആഭിചാരങ്ങൾ ചെയ്തതുമൂലം, ക്ഷുദ്രപ്രയോഗങ്ങൾ ചെയ്തതുമൂലം, മന്ത്രവാദങ്ങൾ ചെയ്തതുമൂലം. അതല്ലെങ്കിൽ അന്ധവിശ്വാസങ്ങളിൽ കുടുങ്ങിയതുമൂലം, അബദ്ധാചാരങ്ങളിൽ

കുടുങ്ങിക്കിടന്നതു മൂലം, ഇങ്ങനെയെല്ലാം അനേകം ദുഷ്ട പ്പിശാചുക്കൾ നിങ്ങളുടെ ഭവനങ്ങളിൽ കുടിപാർക്കുന്നു.

അനേകരുടെ ഹൃദയത്തിൽ, കുടുംബങ്ങളിൽ ദുഷ്ടപ്പിശാ ചുക്കൾ വാഴുന്നു. ഈ ദുഷ്ടനായ പൈശാചികൻ അനേകം തന്ത്രങ്ങൾ പ്രയോഗിച്ച് മനുഷ്യനെ കീഴടക്കുകയും വരുതിയി ലാക്കുകയും ചെയ്യുന്നു. മനുഷ്യനെക്കൊണ്ട് അവന്റെ ഇഷ്ടത്തി നൊത്തവണ്ണം പലതും ചെയ്യിപ്പിക്കുന്നു.

വഴക്കടിപ്പിക്കുന്നു, പിണക്കമുണ്ടാക്കുന്നു, അസൂയ യുണ്ടാക്കുന്നു, വൈരാഗ്യമുണ്ടാക്കുന്നു, പകയുണ്ടാക്കുന്നു, പ്രതികാരചിന്തയുണ്ടാക്കുന്നു. ഇതിന്റെയെല്ലാം പിന്നിൽ ഒരു ദുഷ്ടനായ പൈശാചികനുണ്ട്. മോഷ്ടിപ്പാനും അറുപ്പാനും മുടിക്കാനും വരുന്ന പിശാച്. അവന് യുദ്ധതന്ത്രങ്ങളുണ്ട്.

മൂന്നു വിധത്തിലാണ് പിശാച് വരുന്നതെന്ന് വേദപുസ്തകം പറയുന്നു.

**“ഞാൻ നിങ്ങളെക്കുറിച്ച് ദൈവത്തിന്റെ എരിവോടെ എരിയുന്നു; ഞാൻ ക്രിസ്തു എന്ന ഏകപുരുഷന് നിങ്ങളെ നിർമ്മലകന്യകയായി ഏല്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു. എന്നാൽ സർപ്പം ഹവ്വായെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായിപ്പോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു.” 2 കൊരിന്ത്യർ 11 : 2, 3**

സർപ്പം ഹവ്വായെ ഉപായത്താൽ ചതിച്ചു. പിശാച് ഉപായ ത്താൽ കടന്നുവരും. സ്നേഹഭാവത്തിൽ കടന്നുവരും. തന്ത്രശാലിയായി കടന്നുവരും. വളരെ കൗശലത്തോടെ കടന്നുവരും.

ഒരു ഭീകരരൂപിയായിട്ടല്ല, വളരെ തന്ത്രപൂർവ്വമാണ് കടന്നുവരുന്നത്. നമ്മുടെ അരികത്ത് പിശാച് കൊണ്ടുവരുന്ന ചില ചിന്തകൾ നല്ല ചിന്തകളാണെന്ന് നമുക്ക് തോന്നും. ചില

സംശയങ്ങൾ, ചില അവിശ്വാസങ്ങൾ അതെല്ലാം നല്ലതാണെന്ന് നമുക്ക് തോന്നും.

നന്മയ്ക്ക് വേണ്ടിയല്ലേ ആ നിരൂപണങ്ങൾ എന്ന് നമുക്ക് തോന്നും. മനസ്സിൽക്കൂടി പോകുന്ന ചില മനോരാജ്യങ്ങൾ, ചില ചോദ്യങ്ങൾ, അതിന് ചില നന്മയുടെ പരിവേഷം ചാർത്തിയാണ് കൊണ്ടുവരുന്നത്.

സർപ്പം ഹവ്വായുടെ അടുക്കൽ ഒരു സ്നേഹിതനെപ്പോലെ യാണ് വന്നത്. അവളുടെ നന്മ ആഗ്രഹിച്ചുകൊണ്ട് വന്നതു പോലെയാണ് വന്നത്. അവർക്ക് ഉപകാരം ചെയ്യുകയാണ് എന്ന ഭാവത്തിലാണ് വന്നത്. അവർ ദൈവത്തെപ്പോലെയാകണം എന്ന് അഗാധമായ ആഗ്രഹമുള്ളതുപോലെയാണ് സാത്താൻ വന്നത്. അത് ഉപായമായിരുന്നു.

രണ്ടാമത്, പിശാച് വരുന്നത് എങ്ങനെയാണ്?

**"സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ." 2 കൊരിന്ത്യർ 11 : 14**

സാത്താൻ മാലാഖയുടെ വേഷത്തിൽ വരും. അൽപ്പം പോലും സംശയം തോന്നുകയില്ല. ഒരു മാലാഖയെപ്പോലെയാണ് മാലാഖയെപ്പോലെ ഉന്നതമായ ആശയമാണ് കൊണ്ടുവരുന്നത്. വളരെ സ്വർഗ്ഗീയമായ ആശയങ്ങൾ പറയുന്നതുപോലെ തോന്നും.

വേദപുസ്തകത്തിലെ വാക്യങ്ങൾ ഉദ്ധരിക്കും. വേദപുസ്തകത്തിലെ കാര്യങ്ങൾ തന്നെയാണ് പറയുന്നത്. കേൾക്കുമ്പോൾ വളരെ ഇമ്പമായി, വളരെ നല്ലതായി തോന്നും. അത് അന്ധകാരശക്തിയുടേതാണെന്ന് തോന്നുകയില്ല. വെളിച്ചദൂതന്റെ വേഷം ധരിച്ചുകൊണ്ടുവരും.

മൂന്നാമത് സാത്താൻ വരുന്നത് എങ്ങനെയാണ്?

**"ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടൂ എന്നു തിരഞ്ഞു ചുറ്റി നടക്കുന്നു." 1 പത്രോസ് 5 : 8**

ആരെയാണ് വിഴുങ്ങാൻ കിട്ടുക? ആരെയാണ് നശിപ്പിക്കാൻ കിട്ടുക? പിശാച് അലറുന്ന സിംഹംപോലെ വരികയാണ്. ചില വീടുകളിൽ അപ്പന് ഗർജ്ജിക്കുന്ന സ്വഭാവമുണ്ട്. അമ്മയ്ക്ക് ഗർജ്ജിക്കുന്ന സ്വഭാവമുണ്ട്. അമ്മായിയമ്മ മരുമോളോട് ഗർജ്ജിക്കാറുണ്ട്. ചിലപ്പോൾ മരുമകൾ അമ്മായിയമ്മയോട് ഗർജ്ജിക്കാറുണ്ട്.

ഗർജ്ജിക്കുന്ന ഭവനങ്ങൾ! അട്ടഹസിക്കുന്ന ഭവനങ്ങൾ! ശപിക്കുന്ന ഭവനങ്ങൾ! ചീത്തവാക്ക് പറയുന്ന ഭവനങ്ങൾ! അശ്ലീല വാക്കുകൾ പറയുന്ന ഭവനങ്ങൾ! ഭീഷണിപ്പെടുത്തുന്ന വാക്കുകൾ പറയുന്ന ഭവനങ്ങൾ! മുള്ളുവാക്കുകൾ പറയുന്ന ഭവനങ്ങൾ!

അലറുന്ന സിംഹം പോലെ ആരെ വിഴുങ്ങേണ്ടൂ എന്നു ചുറ്റിത്തിരിഞ്ഞു നടക്കുകയാണ്. ആരെയാണ് വിഴുങ്ങാൻ കിട്ടുക? മൂന്നുവിധത്തിൽ പിശാച് വരികയാണ്.

1. ഉപായത്താൽ
2. വെളിച്ചദൂതന്റെ വേഷത്തിൽ
3. അലറുന്ന സിംഹം പോലെ.

പ്രിയപ്പെട്ടവരേ, നമ്മുടെ കുടുംബങ്ങൾ എങ്ങനെയാണ് ഇരിക്കുന്നത്? പൈശാചികന് നാം ഇടം കൊടുക്കുന്നുണ്ടോ? നമ്മുടെ ഏതെങ്കിലും ചെയ്തികളിൽ, വാക്കുകളിൽ, ചിന്താ ഗതികളിൽ, പെരുമാറ്റത്തിൽ, നമ്മുടെ പണമിടപാടുകളിൽ ഏതിലെങ്കിലും പിശാചിന് ഇടം കൊടുക്കുന്നുണ്ടോ?

വ്യാജം വരുന്നുണ്ടോ? ഏതെങ്കിലും കൗശലങ്ങളോ തന്ത്രങ്ങളോ ഉപായങ്ങളോ സൂത്രങ്ങളോ നാം പ്രയോഗിക്കു ന്നുണ്ടോ? നമ്മുടെ ജീവിതത്തിൽ വ്യാജവാക്കുകൾ, വഞ്ചിക്കുന്ന വാക്കുകൾ, ആരെയെങ്കിലും ചതിക്കുന്ന വാക്കുകൾ വരുന്നുണ്ടോ? നാം സ്വയം ശോധന ചെയ്യണം.

എന്നാൽ കർത്താവ് പറയുന്നു:

**"പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നില്പാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചു കൊൾവിൻ." എഫെസ്യർ 6 : 11**

പ്രിയപ്പെട്ടവരേ, സാത്താന്റെ തല തകർത്ത കർത്താവായ യേശുക്രിസ്തു ജീവിക്കുന്നു. നിങ്ങൾക്ക് ജയം വേണമെങ്കിൽ യേശുക്രിസ്തുവിൽ ആശ്രയിക്കൂ. ജയം വേണമെങ്കിൽ യേശുക്രിസ്തുവിന്റെ പാദത്തിൽ നിങ്ങൾ നിങ്ങളെത്തന്നെ സമർപ്പിക്കൂ. യേശു നിങ്ങളെ ജയിപ്പിക്കും.

"സാത്താൻ മിന്നൽപോലെ ആകാശത്തുനിന്ന് വീഴുന്നത് ഞാൻ കണ്ടു." ലൂക്കോസ് 10 : 18. മിന്നൽപോലെ ആകാശത്തു നിന്നു വീണ ശത്രുവിനെ മെതിക്കാൻ കർത്താവ് നമുക്ക് അധികാരം തരികയാണ്. "പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകലബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു." ലൂക്കോസ് 10 : 19.

യേശുക്രിസ്തു ക്രൂശിന്മേൽ പാമ്പിന്റെ തല തകർത്ത വനാണ്. ഇന്ന് നിങ്ങൾ യേശുവിനെ സ്വീകരിക്കുമെങ്കിൽ, യേശുക്രിസ്തുവിന്റെ തിരുരക്തത്തിൽ ശരണപ്പെട്ടുകൊണ്ട് കർത്താവേ, നിന്റെ കുരിശുമരണത്തിൽ ഞാൻ വിശ്വസിക്കുന്നു, നിന്റെ തിരുരക്തത്തിൽ ഞാൻ ആശ്രയിക്കുന്നു, എനിക്ക് നീ ജയം തരണമേ എന്ന് പ്രാർത്ഥിക്കുമെങ്കിൽ ജയജീവിതം നിങ്ങൾക്ക് നയിക്കാം. സമാധാനജീവിതം നിങ്ങൾക്ക് തുടങ്ങാം. ദൈവത്തെ നിങ്ങൾക്ക് സ്തുതിക്കാം. ജയത്തിന്റെ സ്തുതി ഗാനങ്ങൾ നിങ്ങൾക്ക് പൊഴിക്കാം. ദൈവത്തെ നിങ്ങൾക്ക് മഹത്വപ്പെടുത്താം. ദൈവനാമം മഹത്വപ്പെടട്ടെ.

## ഒൻപത്

'Walk in victory!' വിജയത്തിൽ നടക്കുക! എങ്ങനെയാണ് വിജയത്തിൽ നടക്കുന്നത്? ക്രിസ്തുയേശുവിന്റെ കൃപയാൽ വിജയത്തിൽ നടക്കാം. യേശുക്രിസ്തുവിന്റെ ആത്മാവിന്റെ കൃപയാൽ ജയിച്ചുമുന്നേറാം. ജയാളികൾ ജയിക്കുന്നതിന്റെ രഹസ്യമെന്താണ്?

ജയാളിയാകാൻ ഞാൻ എന്താണ് ചെയ്യേണ്ടത്? നമ്മെ തോൽപ്പിക്കുന്ന ശത്രുവിനെ നാം തിരിച്ചറിയണം. നമ്മെ തോൽപ്പിക്കുന്ന ഛിദ്രശക്തിയെ നാം തിരിച്ചറിയണം. അത് പൈശാചികശക്തിയാണ്. അത് ദുഷ്ടനായ പിശാചാണ്. എന്നും ദൈവത്തിന്റെ ശത്രുവായ സാത്താൻ മനുഷ്യന്റെ എതിരാളിയാണ്.

ദൈവത്തിന്റെ മോഹനസൃഷ്ടിയായ മനുഷ്യനെ നശിപ്പിക്കുക എന്നുള്ളതാണ് സാത്താന്റെ ഒരേയൊരു ലക്ഷ്യം. ദൈവത്തോടുള്ള പക തീർക്കാൻ പിശാച് ദൈവ ത്തിന്റെ പ്രിയസൃഷ്ടിയായ മനുഷ്യനെ നശിപ്പിക്കുന്നു. മനുഷ്യനെ മുടിച്ചു കളയുന്നു. എങ്ങനെ നമുക്ക് ഈ പിശാചിനെ ജയിക്കാം? അതാണ് എഫെസ്യ ലേഖനത്തിന്റെ ഒടുവിലത്തെ അദ്ധ്യായത്തിൽ പറയുന്നത്.

യുദ്ധം ചെയ്ത്, യുദ്ധം തീർന്നു കഴിയുമ്പോൾ ഉറച്ചു നിൽപ്പാൻ നിങ്ങൾക്ക് കഴിയണം. യുദ്ധരംഗത്ത് വീണ് കിടക്കാനല്ല, യുദ്ധരംഗത്ത് പട്ടുപോകാനല്ല, യുദ്ധത്തിൽ തോറ്റുവീഴാനല്ല, യുദ്ധം സമാപിച്ചു കഴിയുമ്പോൾ നിങ്ങൾ ഉറച്ചുനിൽക്കണം. നിങ്ങൾ ആയുധധാരികളായി നിൽക്കണം.

എന്തെല്ലാമാണ് ആയുധങ്ങൾ?

**“നിങ്ങളുടെ അരയ്ക്ക് സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചും സമാധാനസുവിശേഷത്തിനായുള്ള ഒരുക്കം കാലിനു ചെരിപ്പാക്കിയും എല്ലാറ്റിനും മീതെ ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടുക്കുവാന്തക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ടും നിൽപ്പിൻ. രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ.” എഫെസ്യർ 6 : 14 – 17**

ആയുധങ്ങൾ എന്തെല്ലാമാണെന്ന് ആലങ്കാരികഭാഷയിൽ പറഞ്ഞുതരികയാണ്.

നിങ്ങൾക്ക് ‘സത്യം’ എന്ന ‘അരക്കെട്ട്’ വേണം. ഈ ‘അരക്കെട്ട്’ നല്ലതുപോലെ ഉറപ്പുള്ള അരക്കെട്ടാണെങ്കിൽ അവിടെ വാളിന്റെ ‘ഉറ’ ഉറപ്പിക്കാം. വാളുറയിൽ വാൾ സൂക്ഷിക്കാം. നിങ്ങളുടെ അരക്കെട്ട് മുറുക്കമുള്ളതാണെങ്കിൽ നിങ്ങൾ ഓടുന്ന സമയത്ത്, ശത്രുവിന്റെ നേരെ പാഞ്ഞു ചെല്ലുന്ന സമയത്ത് ക്ഷീണിക്കേണ്ടിവരികയില്ല. നല്ല കെട്ടുറപ്പോടെ പാഞ്ഞു ചെല്ലാൻ സാധിക്കും.

ഒരു വിശ്വാസിക്ക് സത്യസന്ധതയുണ്ടെങ്കിൽ അവന് പിശാചിന്റെ മുൻപിൽ തോൽക്കേണ്ടിവരികയില്ല. അർദ്ധസത്യം പറയാൻ പാടില്ല. അസത്യം പറയാൻ പാടില്ല. ഭാഗികമായ സത്യവും പറയാൻ പാടില്ല. അല്പമെങ്കിലും വ്യാജം കലർത്തി പറയാൻ പാടില്ല. വളച്ചു പറയാൻ പാടില്ല. തന്ത്രപൂർവ്വം പറയാൻ പാടില്ല. സത്യസന്ധത നമുക്കുണ്ടെങ്കിൽ, ഓരോ വാക്കും ഉവ്വ്, ഉവ്വ് എന്നും ഇല്ല, ഇല്ല എന്നും ആയിരിക്കട്ടെ. അതിൽ അധികമായത് ദുഷ്ടനിൽനിന്ന് വരുന്നു എന്നാണ് കർത്താവ് പറഞ്ഞത്.

ഏതെങ്കിലും ഒരു കാര്യത്തിൽ കൃത്യമായി ‘Yes’ അല്ലെങ്കിൽ ‘No’ അല്ലാതെ തന്ത്രപൂർവ്വം നാം സംസാരിക്കരുത്. വ്യാജം സംസാരിക്കരുത്. സത്യസന്ധമായി സംസാരിക്കുക.

കൃത്യതയുള്ളവരായിരിക്കുക. ആർജ്ജവബോധമുള്ളവരായിരിക്കുക. നേരെ വാ, നേരെ പോ എന്നുള്ള ചിന്താഗതിയുള്ളവരായിരിക്കണം.

തന്ത്രവും കൗശലവും നമുക്ക് പാടില്ല. 'സത്യം' നമ്മുടെ അരക്കെട്ടായിരിക്കണം. സത്യസന്ധതയുണ്ടെങ്കിൽ ധൈര്യമായി നമുക്ക് പിശാചിന്റെ മുമ്പിൽ നിൽക്കാം. നാം തോൽക്കേണ്ടി വരികയില്ല. പണസംബന്ധമായ കാര്യങ്ങളിൽ നമുക്ക് ക്രമക്കേട് ഉണ്ടാകാൻ പാടില്ല. നിങ്ങൾ കണക്കെഴുതുന്ന കാര്യത്തിൽ പത്തുപൈസയിൽ പോലും തെറ്റ് പറ്റാൻ പാടില്ല.

കൈക്കൂലി, അഴിമതി എന്ന കാര്യങ്ങളിലൊന്നും ഒരു കാരണവശാലും ദൈവമക്കൾക്ക് തെറ്റു വരാൻ പാടില്ല. അതെല്ലാം സൂക്ഷിക്കേണ്ടതാണ്. നമ്മുടെ ബിസിനസ്സ് രംഗങ്ങളിൽ, നമ്മുടെ ജീവിതത്തിലെ എല്ലാ മേഖലകളിലും സത്യസന്ധത പാലിക്കാൻ സാധിച്ചാൽ നമുക്ക് ജയാളികളാകാം.

നിങ്ങളുടെ അരയ്ക്ക് സത്യം കെട്ടുക. ഇതൊന്നും പ്രായോഗികമല്ല എന്നാണോ നിങ്ങൾക്ക് തോന്നുന്നത്. സാറേ, എപ്പോഴും അങ്ങനെ സത്യം പറയാൻ പറ്റുമോ? ആരെങ്കിലും ഒരാൾ കടം ചോദിക്കാൻ വരികയാണ്. രൂപ ചോദിക്കുകയാണ്. 'ഇല്ല' എന്ന് പറഞ്ഞാൽ കാര്യം തീർന്നു. കൊടുക്കാൻ രൂപയുണ്ട്. തരില്ല എന്ന് പറഞ്ഞാൽ ഇഷ്ടക്കുറവ് വരില്ലേ? എന്നാൽ അൽപം മയപ്പെടുത്തി, രൂപയില്ലല്ലോ എന്ന് പറഞ്ഞാൽ അയാൾക്ക് ഇഷ്ടക്കുറവ് വരില്ലല്ലോ എന്ന് നിങ്ങളിൽ ചിലർക്ക് തോന്നുമായിരിക്കും.

പ്രിയപ്പെട്ടവരേ, അങ്ങനെയുള്ള സന്ദർഭങ്ങളിൽ എന്താണ് ചെയ്യേണ്ടതെന്ന് ഞാൻ ലളിതമായി പറഞ്ഞുതരാം. നിങ്ങൾ ആർക്കെങ്കിലും കടം കൊടുക്കുന്നുവെങ്കിൽ തിരിച്ചുവേണ്ട എന്ന് ഉറപ്പുണ്ടെങ്കിൽ മാത്രം കടം കൊടുക്കുക. കടം കൊടുക്കുക എന്നു പറഞ്ഞാൽ അത് വളരെ ബുദ്ധിപൂർവ്വം ചെയ്യേണ്ട ഒരു കാര്യമാണ്.

കടം വാങ്ങുക എന്നു പറഞ്ഞാലും അതുപോലെ തന്നെ

ചെയ്യേണ്ടതാണ്. തിരിച്ചുകിട്ടുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് നിങ്ങൾ കൊടുക്കരുത്. അങ്ങനെ പ്രതീക്ഷിച്ചു കൊണ്ട് കൊടുത്താൽ നിങ്ങൾക്ക് ടെൻഷൻ വരും, പ്രയാസം വരും. എന്താണ് ചെയ്യേണ്ടത്? നിങ്ങൾക്ക് കൊടുക്കാൻ മനസ്സില്ലെങ്കിൽ നിങ്ങൾ പറയണം: രൂപയുണ്ട് പക്ഷേ, അത് എന്റെ കാര്യത്തിനുള്ള രൂപയാണ്. അത് തരാൻ ഉദ്ദേശിക്കുന്നില്ല.

ഒരു ഇഷ്ടക്കുറവേ വരുകയുള്ളൂ. പക്ഷേ കൊടുത്തു കഴിഞ്ഞ് പത്ത് ഇഷ്ടക്കുറവ് വരുന്നതിനേക്കാൾ നല്ലതല്ലേ ഒരു ഇഷ്ടക്കുറവ് മാത്രം വരുന്നത്. വ്യക്തമായി പറയുക, ക്ഷമിക്കണം, എനിക്ക് തരാൻ നിർവ്വാഹമില്ല. ഇങ്ങനെയെല്ലാം ജീവിക്കാൻ പറ്റുമോ എന്ന് നിങ്ങൾക്ക് തോന്നും. വേണമെങ്കിൽ സാധിക്കും. ആത്മീയനായി ജീവിച്ചാൽ സാധിക്കും. അങ്ങനെ ജീവിച്ചേ പറ്റൂ. സത്യസന്ധത നമ്മുടെ ജീവിതത്തിൽ ഉണ്ടായിരിക്കണം. 'സത്യം' നിങ്ങളുടെ അരക്കെട്ട് ആയിരിക്കണം.

നിങ്ങളുടെ അരയ്ക്ക് സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചും. എന്താണ് നീതി? വെറും ലോകനീതിയല്ല, അത് ദൈവനീതിയാണ്.

**"പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്ന്, അവൻ നമുക്കുവേണ്ടി പാപം ആക്കി."**

**2 കൊരിന്ത്യർ 5 : 21**

ഒരു മനുഷ്യനും നീതിമാനല്ല. എന്നാൽ ദൈവം നമ്മെ നീതീകരിക്കുകയാണ്. ദൈവത്തിന്റെ നീതി എന്ന് പറയുന്നത് ക്രിസ്തുയേശുവിൽക്കൂടി നമുക്കു തരുന്ന നീതിയാണ്. യേശുക്രിസ്തുവിന്റെ തിരുരക്തം നമ്മെ ആവരണം ചെയ്യുന്നു. നമ്മെ പൊതിഞ്ഞു സൂക്ഷിക്കുന്നു.

ഞാൻ എന്നു പറയുന്ന മനുഷ്യൻ നീതിമാനല്ല. എന്നിൽ സ്വയമേവ വരുന്നത് നീതിയല്ല. എന്നിൽ അനീതി മാത്രമേ ഉള്ളൂ. എന്റെ ഇതുവരെയുള്ള ജീവിതത്തിൽ തിന്മ മാത്രമേ ഉള്ളൂ. തിന്മ ഞാൻ പ്രവർത്തിക്കാതിരിക്കുമ്പോഴും എന്റെ ആളത്വം തിന്മയാണ്. തിന്മയുടെ വാക്ക് വരാതിരിക്കുമ്പോഴും

എന്റെ ഹൃദയം തിന്മയാണ്. എന്റെ ജീവിതത്തിൽ തിന്മയുടെ ചിന്തകൾ വരാത്തപ്പോഴും എന്റെ രക്തത്തിൽ തിന്മയുണ്ട്. എന്റെ രക്തത്തിൽ പാപമുണ്ട്.

എന്നാൽ പാപിയായ എന്നെ നീതിമാനെന്ന് മുദ്രകുത്തിത്തരുന്ന ദൈവത്തിന്റെ നീതീകരണം ദൈവം എനിക്ക് തരികയാണ്. നീതിമാനല്ലാത്ത മനുഷ്യനെ ദൈവം നീതിമാനെന്ന് മുദ്രകുത്തിത്തരികയാണ്. അർഹതയില്ലാത്ത 'സർട്ടിഫിക്കറ്റ്' എനിക്ക് തരികയാണ്.

**"ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു, അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്."** **റോമർ 3 : 23, 24**

സൗജന്യമായ നീതീകരണം! പാപിയെ പാപിയെന്ന് മുദ്രകുത്തേണ്ടതാണ്. എന്നാൽ പാപിയെ നീതിമാനെന്ന് മുദ്രകുത്തിത്തരുന്ന ദൈവത്തിന്റെ നീതി. ക്രിസ്തുവിന്റെ രക്തത്താൽ നമ്മെ പൊതിയുന്ന ദൈവത്തിന്റെ നീതി. ആ നീതിയാണ് നമ്മുടെ കവചം. നമുക്ക് സ്വന്തം നീതിയില്ല. ക്രിസ്തു എന്നെ നീതീകരിച്ചു എന്നുള്ള ഉറപ്പ്.

പ്രിയപ്പെട്ടവരേ, നിങ്ങളുടെ കഴിഞ്ഞകാലജീവിതം മുഴുവനും യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ 'കവർ' ചെയ്തു തന്നു എന്ന്, എന്റെ പാപങ്ങളെല്ലാം ക്രിസ്തുവിന്റെ രക്തത്താൽ മറച്ചുതന്നു എന്ന് ഒരുറപ്പ് നിങ്ങൾക്ക് കിട്ടുന്നുണ്ടോ? ആ ഉറപ്പ് കിട്ടാത്തതിന് കാരണം എന്താണ്? നിങ്ങൾ ഇതുവരെയും പാപത്തോട് യാത്ര പറഞ്ഞിട്ടില്ല.

പാപം വിട്ടുള്ള ജീവിതം വേണമെന്ന് നിർബ്ബന്ധം വന്നിട്ടില്ല. പാപമില്ലാത്ത ജീവിതം ഞാൻ നയിക്കുമെന്ന് നിർബ്ബന്ധം വന്നെങ്കിൽ, ഉറപ്പുണ്ടെങ്കിൽ, നിങ്ങൾ നീതീകരണം പ്രാപിച്ചുകഴിഞ്ഞു. നിങ്ങൾ അതിനുവേണ്ടി ഒരു യത്നവും ചെയ്യണ്ട. ഒരു കഷ്ടപ്പാടും ചെയ്യണ്ട. അതിനുവേണ്ടി പത്തു

പൈസ മുടക്കണ്ട.

സൗജന്യമായി ദൈവം നീതീകരണം തരികയാണ്. കഴിഞ്ഞകാല ജീവിതത്തിലെ പാപങ്ങളെല്ലാം മറച്ചു തരികയാണ്. എല്ലാം പൊതിഞ്ഞുതരികയാണ്.

മൂന്നാമത്തേത്, സമാധാനസുവിശേഷത്തിനായുള്ള ഒരുക്കം കാലിന് ചെരുപ്പാക്കിയും. ദൈവത്തിന്റെ വേലയ്ക്ക് വേണ്ടിയുള്ള ഒരുക്കം.

**"സമാധാനത്തെ ഘോഷിച്ചു നന്മയെ സുവിശേഷിക്കയും രക്ഷയെ പ്രസിദ്ധമാക്കുകയും സീയോനോട്: നിന്റെ ദൈവം വാഴുന്നു എന്നു പറകയും ചെയ്യുന്ന സുവാർത്താദൂതന്റെ കാൽ പർവ്വതങ്ങളിന്മേൽ എത്ര മനോഹരം!"**

**യെശയ്യാവ് 52 : 7**

സമാധാനം സുവിശേഷിക്കുന്നവരുടെ കാൽ പർവ്വത ങ്ങളിന്മേൽ എത്ര മനോഹരം എന്നാണ് പ്രവാചകൻ പറയുന്നത്. സമാധാനത്തെ ഘോഷിക്കുന്നു. നന്മയെ സുവിശേഷിക്കുന്നു. രക്ഷയെ പ്രസിദ്ധമാക്കുന്നു. സീയോനോട് നിന്റെ ദൈവം വാഴുന്നു എന്ന് പറയുകയും ചെയ്യുന്ന സുവാർത്താദൂതന്റെ കാൽ പർവ്വതങ്ങളിന്മേൽ എത്ര മനോഹരം!

**"നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം" എന്ന് എഴുതിയിരിക്കുന്നുവല്ലോ. റോമർ 10 : 15**

പ്രിയപ്പെട്ടവരേ, നിങ്ങൾ ഭവനസന്ദർശനങ്ങൾ നടത്തി. അനേകം ഭവനങ്ങൾ കയറിയിറങ്ങി സുവിശേഷം അറിയിച്ചു. നിങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു. അനേകരെ ക്രിസ്തുവിന്റെ വേലയിലേക്ക് നിങ്ങൾ ആനയിച്ചു. നിങ്ങളുടെ അനുഭവം പറഞ്ഞ് അനേകർക്ക് യേശുക്രിസ്തുവിന്റെ സുവിശേഷം കൊടുത്തു.

സുവിശേഷത്തിന് വേണ്ടിയുള്ള ഒരുക്കം. കർത്താവിന്റെ വേലയ്ക്കുവേണ്ടിയുള്ള ഒരുക്കം. അത് നിങ്ങൾക്ക് ഒരിക്കലും നഷ്ടമല്ല. ദൈവത്തിന്റെ വേലയ്ക്കു വേണ്ടി നിങ്ങൾ

പുറപ്പെടുന്നത് നഷ്ടമല്ല. കർത്താവായ യേശുക്രിസ്തുവിന്റെ വേലക്കാരനാവുക. അത് നഷ്ടമല്ല. കാരണം, നാം ക്രിസ്തുവിന്റെ സ്ഥാനാപതികളായി മാറുകയാണ്. പൗലോസ് അപ്പൊസ്തലൻ ഇതിനെക്കുറിച്ച് കൊരിന്ത്യ ലേഖനത്തിൽ പറയുന്നുണ്ട്.

**"ആകയാൽ ഞങ്ങൾ ക്രിസ്തുവിനുവേണ്ടി സ്ഥാനാപതികളായി ദൈവത്തോട് നിരന്നുകൊൾവിൻ എന്ന് ക്രിസ്തുവിന് പകരം അപേക്ഷിക്കുന്നു." 2 കൊരിന്ത്യർ 5 : 20**

ദൈവത്തിന്റെ സ്ഥാനാപതികളായി നിൽക്കുകയാണ്. സ്വർഗ്ഗത്തിലാണ് നമ്മുടെ തസ്തിക. സ്വർഗ്ഗത്തിലാണ് നമ്മുടെ ജോലി. എന്നാൽ നമ്മുടെ ഓഫീസ് ഭൂമിയിലാണ്. സ്വർഗ്ഗത്തിലെ താത്പര്യം ഭൂമിയിൽ നിറവേറ്റുവാൻ സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേക്ക് നിയമിച്ചാക്കിയ അംബാസിഡേഴ്സ് ആണ് സുവിശേഷകന്മാർ. ഇത് വളരെ ഗൗരവമേറിയ കാര്യമാണ്. ഈ കാര്യം തിരിച്ചറിഞ്ഞാൽ നിങ്ങൾക്ക് സുവിശേഷവേലയുടെ മാഹാത്മ്യം മനസ്സിലാകും.

സുവിശേഷവേല ചെയ്യുമ്പോൾ ആക്ഷേപങ്ങൾ വരാറുണ്ട്, പരിഹാസങ്ങൾ വരാറുണ്ട്, തെറ്റിദ്ധാരണകൾ വരാറുണ്ട്. അനേകം മിഥ്യാപവാദങ്ങൾ പ്രചരിപ്പിക്കാറുണ്ട്. സുവിശേഷകന്മാരെ കളിയാക്കാറുണ്ട്. ഞാൻ കളിയാക്കലുകൾ ഏറ്റിട്ടുണ്ട്. പരിഹാസങ്ങൾ ഏറ്റിട്ടുണ്ട്. അനേകമനേകം ആക്ഷേപങ്ങൾ ഏറ്റിട്ടുണ്ട്. എന്റെ വിദ്യാർത്ഥികൾ പോലും എന്നെ കളിയാക്കിയിട്ടുണ്ട്.

അന്നൊന്നും എനിക്ക് ഹൃദയത്തിന് വേദന വരാതിരിക്കാൻ കാരണം, എനിക്കറിയാം ഞാൻ ക്രിസ്തുവിന്റെ ഒരു അംബാസിഡർ ആണ് എന്ന്. ക്രിസ്തുവിന്റെ സ്ഥാനാപതിയാണ് എന്ന്. ക്രിസ്തുവിന്റെ വേലക്കാരനാണ് എന്ന്. പദവിയേറിയ ഉദ്യോഗമാണ് ഞാൻ വഹിക്കുന്നത് എന്ന്. കോളേജിൽ പഠിപ്പിക്കുക എന്നുള്ളതിനേക്കാൾ എത്രയോ സമുന്നതമായ

ഒരു ഉദ്യോഗമാണ് ഞാൻ വഹിക്കുന്നത് എന്ന് ഭാഗ്യവശാൽ കർത്താവ് എനിക്ക് മനസ്സിലാക്കി തന്നിരുന്നു. ഭാഗ്യവശാൽ ദൈവം തന്ന ഒരു വെളിവാണത്.

നിങ്ങൾ കർത്താവിന്റെ വേലക്കാരാവുക. ക്രിസ്തുവിന്റെ സ്ഥാനാപതികളാവുക. അമേരിക്കയിൽനിന്ന് ഇന്ത്യയിലേക്ക് ഒരു ambassador-റെ നിയമിക്കുകയാണെങ്കിൽ, അമേരിക്കയുടെ താത്പര്യം ഇന്ത്യയിൽ സംരക്ഷിക്കുന്നതിനുവേണ്ടി അമേരിക്കൻ ഗവൺമെന്റ് നിയമിച്ച ambassador-ന്റെ ജോലി ഇന്ത്യയിലായിരിക്കും. പക്ഷേ ശമ്പളവും തസ്തികയും എല്ലാം അമേരിക്കയിലായിരിക്കും.

ഇന്ത്യ ചൈനയിലേക്ക് ഒരു ambassador-റെ നിയമിക്കുകയാണെങ്കിൽ ഇന്ത്യയുടെ താത്പര്യങ്ങൾ ചൈനയിൽ സംരക്ഷിക്കുന്നതിനുവേണ്ടി ഇന്ത്യയിൽ നിന്ന് അയയ്ക്കുന്ന ഇന്ത്യയുടെ ഉദ്യോഗസ്ഥൻ ആയിരിക്കും. പക്ഷേ, ജോലിസ്ഥലം ചൈന ആയിരിക്കും. എന്നതുപോലെ സ്വർഗ്ഗത്തിന്റെ താത്പര്യങ്ങൾ ഭൂമിയിൽ നിറവേറ്റുന്നതിനായി സ്വർഗ്ഗം ഭൂമിയിലേക്കയച്ച ambassador ആണ് ഓരോ സുവിശേഷകനും. നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം!

സ്നേഹിതരേ, നിങ്ങൾക്ക് തോന്നുന്നുവോ ക്രിസ്തുവിന്റെ വേലക്കാരനാകാൻ? കർത്താവേ, എനിക്കെന്റെ യേശുവിന്റെ സുവിശേഷകനാകണം എന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? കർത്താവിന്റെ സുവിശേഷം! ഏറ്റവും വലിയ സുവിശേഷം നിങ്ങളുടെ ജീവിതമാണ്. നിങ്ങൾ നിങ്ങളുടെ വാക്കുകളിൽ പറയുന്ന പ്രസംഗത്തേക്കാൾ എത്രയോ ശക്തമാണ് നിങ്ങളുടെ ജീവിതത്തിന്റെ സാക്ഷ്യം! അങ്ങനെ ജീവിതസാക്ഷ്യമുള്ളവരായി നിങ്ങൾ സുവിശേഷവേല ചെയ്യണം.

1. സത്യം അരയ്ക്ക് കെട്ടിയും

2. നീതി എന്ന കവചം ധരിച്ചും

3. സമാധാനസുവിശേഷത്തിനായുള്ള ഒരുക്കം കാലിന് ചെരുപ്പാക്കിയും.

4. എല്ലാറ്റിനും മീതെ ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടുക്കുവാൻ തക്കതായ വിശ്വാസം എന്ന പരിച എടുത്തുംകൊണ്ട് നിൽപ്പിൻ.

ദുഷ്ടനായ പൈശാചികന്റെ തീയമ്പുകളെ കെടുത്തിക്കളയുന്ന വിശ്വാസം എന്ന പരിച എടുത്തുകൊണ്ട് നിൽപ്പിൻ. വിശ്വാസം വേണം. ഞാൻ ആരുടെ പിറകേ പോകുന്നു? ഞാൻ ആരോടാണ് വാക്ക് പറഞ്ഞത്? ഞാൻ സമർപ്പിച്ചത് ആരോടാണ്? എന്റെ ജീവിതം ഏറ്റെടുത്തത് ആരാണ്?

എനിക്കൊരു വാഗ്ദത്തം തന്നതാരാണ്? ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയില്ല എന്ന് എന്നോട് പറഞ്ഞതാരാണ്? എന്റെ കൈയിൽനിന്ന് നിന്നെ പിടിച്ചു പറിക്കാൻ ആർക്കും കഴിയുകയില്ല എന്ന് എന്നോട് പറഞ്ഞത് ആരാണ്? ഞാൻ ആരുടെ കൈയിലേക്കാണ് എന്റെ ജീവിതം കൊടുത്തത്? ഉറപ്പു വേണം. വിശ്വാസം വേണം. സ്നേഹിതരേ, നിങ്ങൾക്ക് ആ വിശ്വാസം കിട്ടിയിട്ടുണ്ടോ?

നിത്യനായ ക്രിസ്തുവിന്റെ കരങ്ങളിലേക്ക് എന്റെ ഈ നിസ്സാര ജീവിതം ഏൽപ്പിച്ചു എന്ന് നിങ്ങൾക്ക് ഒരു ഉറപ്പുണ്ടോ? നിത്യപരിശുദ്ധനായ ക്രിസ്തുവിന്റെ സന്നിധിയിൽ മരണശേഷം ഞാൻ ഒരു ദിവസം നിൽക്കുമെന്ന് വിശ്വാസമുണ്ടോ? മരണശേഷം ഒരു നിത്യതയുണ്ട് എന്ന് നിങ്ങൾക്ക് വിശ്വാസമുണ്ടോ? മരണശേഷമുള്ള നിത്യത, ഒന്നുകിൽ സ്വർഗ്ഗം അല്ലെങ്കിൽ നരകം. എന്റെ കർത്താവ്, എനിക്കുവേണ്ടി ഒരുക്കുന്ന സ്വർഗ്ഗരാജ്യത്തിലേക്ക് വരുവാൻ, യേശു എന്നെ പ്രതി തിരുരക്തം കുരിശിൽ ചിന്തി എന്ന് നീ വിശ്വസിക്കുന്നുണ്ടോ?

എന്റെ സകല പാപങ്ങളും പോക്കി എന്നെ ശുദ്ധീകരിക്കാൻ തിരുരക്തം ഒഴുക്കി എന്ന് വിശ്വസിക്കുന്നുണ്ടോ? തിരുരക്തത്താൽ എന്നെ കഴുകി എന്ന് വിശ്വസിക്കുന്നുണ്ടോ? കർത്താവേ,

യേശുവിന്റെ ഒരു വിശുദ്ധനായി ജീവിച്ചാൽ മാത്രമേ ഞാൻ സ്വർഗ്ഗരാജ്യത്തിൽ എത്തുകയുള്ളൂ എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? യേശുവിന്റെ വിശുദ്ധനായി ജീവിക്കാൻ എല്ലാ സാഹചര്യങ്ങളും കർത്താവ് എനിക്ക് ഇണക്കിത്തന്നിരിക്കുന്നു എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? അതിനുള്ള വചനവും പരിശുദ്ധമായ കൂട്ടായ്മയും കർത്താവ് തന്നിരിക്കുന്നു എന്ന് വിശ്വസിക്കുന്നുണ്ടോ?

അതിനുള്ള സാഹചര്യങ്ങളെല്ലാം ഇണക്കിത്തന്നു എന്ന് നീ വിശ്വസിക്കുന്നുണ്ടോ? വിശ്വാസം! പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലുമുള്ള വിശ്വാസം! ക്രിസ്തുയേശുവിലുള്ള വിശ്വാസം! ക്രിസ്തുവിന്റെ തിരുരക്തത്തിലുള്ള വിശ്വാസം! എല്ലാറ്റിനും മീതെ ദുഷ്ടന്റെ തീയമ്പുകളൊക്കെയും കെടുക്കുവാൻ തക്ക വിശ്വാസം എന്ന പരിച എടുത്തുംകൊണ്ട് നിൽപ്പിൻ.

5. രക്ഷ എന്ന ശിരസ്ത്രം.

തലയ്ക്ക് നല്ല ഒരു ഹെൽമെറ്റ്. എവിടെ വീണാലും തലയിൽ 'ഹെൽമെറ്റ്' ഉള്ളതുകൊണ്ട് പരുക്ക് പറ്റുകയില്ല. നിത്യരക്ഷ, നിത്യജീവൻ, ആ ഉറപ്പുണ്ടായിരിക്കണം.

സഹോദരങ്ങളേ, നിങ്ങൾക്ക് ഈ രക്ഷയുടെ ഉറപ്പുണ്ടോ? ഇന്ന് കടന്നുപോയാൽ ദൈവരാജ്യത്തിൽ ചെല്ലുമോ? ഒന്നുചിന്തിച്ചു നോക്കൂ. ഇന്നത്തെ സ്ഥിതിയിൽ കടന്നുപോയാൽ പാപങ്ങൾ ഇപ്പോഴും ബാക്കിനിൽക്കുന്നില്ലേ? ജീവിതത്തിൽ ചില നീരസങ്ങളും കയ്പുകളും ചില ഇഷ്ടക്കുറവുകളുമില്ലേ?

ജീവിതത്തിൽ ഇന്നും തിരുത്തേണ്ട ചില കാര്യങ്ങളില്ലേ? ആർക്കെല്ലാമോ ചിലത് കൊടുത്തു തീർക്കേണ്ടതില്ലേ? ചിലതെല്ലാം ഇപ്പോഴും വാക്കുവ്യത്യാസം വരുത്തിവച്ചിട്ടില്ലേ? ചിലരെ വേദനിപ്പിച്ചില്ലേ? ഉപദ്രവിച്ചില്ലേ?

ചിലരെ നൊമ്പരപ്പെടുത്തിയില്ലേ? എന്റെ കർത്താവേ, രക്ഷ എനിക്ക് അന്യമാണല്ലോ. നിത്യരക്ഷയിലേക്ക് ഞാൻ

വന്നില്ലല്ലോ. പ്രിയപ്പെട്ടവരേ, രക്ഷ ശിരസ്ത്രമായി അണിഞ്ഞു കൊള്ളുക. 'ഹെൽമെറ്റായി' രക്ഷയുണ്ടെങ്കിൽ ഒന്നും ഭയപ്പെടേണ്ട. ദുഷ്ടന്റെ വെട്ടൊന്നും ഏല്ക്കുകയില്ല. സത്യം എന്ന അരക്കെട്ട്, നീതി എന്ന കവചം, സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം, വിശ്വാസം എന്ന പരിച, രക്ഷ എന്ന ശിരസ്ത്രം. എല്ലാം ശത്രുവിന്റെ വെട്ട് തടുക്കാനുള്ളതാണ്, അതിനെ പ്രതിരോധിക്കാനുള്ളതാണ്, അതിനെ നേരിടാനുള്ളതാണ്.

എന്നാൽ രക്ഷപ്പെട്ടാൽ മാത്രം പോരല്ലോ, അങ്ങോട്ട് കേറി വെട്ടണ്ടേ? അതിന് ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ. ദൈവത്തിന്റെ വചനം! ആത്മാവിന്റെ വാൾ! ജയജീവിതം വേണമോ? നിങ്ങൾക്ക് ദൈവത്തോട് ചേർന്ന് ജയിച്ചു നടക്കണമോ? കൈയിൽ വാള് വേണം. എപ്പോഴും വചനം.

വേദപുസ്തകം കൈയിൽ വേണമെന്നല്ല പറഞ്ഞത്. തെറ്റിദ്ധരിക്കരുത്. നിങ്ങളുടെ ഹൃദയത്തിൽ എപ്പോഴും വചനം നിറഞ്ഞ് നിൽക്കണം. ഏതൊരു കാര്യം ചെയ്യുമ്പോഴും നിരൂപിക്കുമ്പോഴും ഇത് വചനാനുസൃതമാണോ? ഞാൻ ഈ ചെയ്യുന്നത്, ഞാനീ പറയുന്നത്, ദൈവത്തിന്റെ വചനത്തോട് ഒത്തുപോകുമോ എന്ന് ചിന്തിക്കണം.

ദൈവത്തിന്റെ വചനത്തോട് ഒത്തുപോകുമെങ്കിൽ പേടിക്കാനില്ല. ഈ അറുപത്തിയാറ് പുസ്തകങ്ങളിൽ രേഖപ്പെടുത്തിവച്ചിരിക്കുന്ന ദൈവത്തിന്റെ തിരുവചനത്തോട് ഒത്തുപോകുന്നത് മാത്രമേ ജീവിതത്തിൽ നടക്കാവൂ. അപ്പോൾ നിങ്ങൾക്ക് ഏതൊരു കാര്യത്തിലും ജയിച്ച് മുന്നേറാൻ സാധിക്കും. എന്റെ കർത്താവിന്റെ തിരുവചനത്തിൽ എഴുതി വച്ചിരിക്കുന്നതിന് യോജിച്ചല്ലാതെ ഒരു അണുപോലും എന്റെ ജീവിതത്തിൽ സംഭവിക്കില്ല എന്ന് നിങ്ങൾക്ക് ഉറയ്ക്കാൻ സാധിയ്ക്കണം.

തീർച്ചയായും നിങ്ങൾക്ക് ജയിക്കാം. ജയിച്ചുമുന്നേറാം. അത്ഭുതകരമായ വിജയം കൈവരിക്കാം. സമാധാനത്തിലേക്ക് വളർന്നുകയറാം. നിങ്ങൾക്ക് ഉയർന്നുവരാം.

**"രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ." എഫെസ്യർ 6 : 17**

ദുഷ്ടനായ പൈശാചികൻ പലതരം പരീക്ഷണങ്ങൾ കൊണ്ടുവരുമ്പോൾ വചനംകൊണ്ട് നേരിടുക. ചീത്ത ചിന്തകൾ വരുമ്പോൾ ഉടനെ പറഞ്ഞുകൊള്ളണം.

**"നീ എന്റെ ദീപത്തെ കത്തിക്കും; എന്റെ ദൈവമായ യഹോവ എന്റെ അന്ധകാരത്തെ പ്രകാശമാക്കും. നിന്നാൽ ഞാൻ പടക്കൂട്ടത്തിന്റെ നേരെ പാഞ്ഞുചെല്ലും; എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും."**

**സങ്കീർത്തനങ്ങൾ 18 : 28, 29**

ഭയം വരുമ്പോൾ ഉടനെ പറഞ്ഞുകൊള്ളണം:

**"യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയും ആകുന്നു; ഞാൻ ആരെ ഭയപ്പെടും? യഹോവ എന്റെ ജീവന്റെ ബലം; ഞാൻ ആരെ പേടിക്കും? എന്റെ വൈരികളും ശത്രുക്കളുമായ ദുഷ്ക്കർമ്മികൾ എന്റെ മാംസം തിന്നുവാൻ എന്നോട് അടുക്കുമ്പോൾ ഇടറിവീഴും. ഒരു സൈന്യം എന്റെ നേരെ പാളയമിറങ്ങിയാലും എന്റെ ഹൃദയം ഭയപ്പെടുകയില്ല; എനിക്കു യുദ്ധം നേരിട്ടാലും ഞാൻ നിർഭയമായിരിക്കും."**

**സങ്കീർത്തനങ്ങൾ 27 : 1 – 3**

അശുദ്ധചിന്തകൾ വരുമ്പോൾ ഉടനെ നിങ്ങൾ പറഞ്ഞു കൊള്ളണം:

**"എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു." ഫിലിപ്പ്യർ 4 : 13**

ചീത്ത വികാരങ്ങൾ വരുമ്പോൾ ഉടനെ പറഞ്ഞു കൊള്ളണം: "യേശുക്രിസ്തുവിന്റെ തിരുരക്തം സകല

പാപവും പോക്കി എന്നെ ശുദ്ധീകരിക്കുന്നു.” നിങ്ങളുടെ ജീവിതത്തിൽ തിന്മയുടെ അന്ധകാരങ്ങൾ ഇരച്ചു കയറി വരുമ്പോൾ ഉടനെ നിങ്ങൾ തിരുവചനത്തിൽ ആശ്രയിച്ചു കൊള്ളണം. വചനം നിങ്ങളുടെ ഹൃദയത്തിൽ ഉരുവിട്ടു കൊള്ളണം. വേറെ ആരും അറിയണ്ട. വേറെ ആരും കേൾക്കണ്ട. നിങ്ങൾ ഉള്ളിൽ പറഞ്ഞാൽ മതി; ഉള്ളിൽ ധ്യാനിച്ചാൽ മതി.

നിങ്ങൾക്ക് ഒരു ആഗ്രഹം സാധിക്കണം. ഉടനെ പറഞ്ഞുകൊൾക:

**“യഹോവയിൽ ആശ്രയിച്ച് നന്മചെയ്ക; ദേശത്ത് പാർത്ത് വിശ്വസ്തത ആചരിക്ക. യഹോവയിൽ തന്നേ രസിച്ചുകൊൾക; അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും.” സങ്കീർത്തനങ്ങൾ 37 : 3, 4**

പരീക്ഷാഹാളിലേക്ക് പോകുമ്പോൾ ഒരു പേടി വരികയാണ്. എന്താണ് പേടി? നീ എത്ര ശ്രമിച്ചാലും നിനക്ക് ഓർമ്മ കിട്ടുകയില്ല. പരീക്ഷ പാസ്സാവുകയില്ല. മറവി സംഭവിക്കും. അപ്പോൾ നീ പറയണം: “അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്ക് തരും.”

**“നിന്റെ ഭാരം യഹോവയുടെ മേൽ വച്ചുകൊൾക; അവൻ നിന്നെ പുലർത്തും; നീതിമാൻ കുലുങ്ങിപ്പോകുവാൻ അവൻ ഒരുനാളും സമ്മതിക്കുകയില്ല.”**

**സങ്കീർത്തനങ്ങൾ 55 : 22**

വചനത്താൽ നിങ്ങളുടെ ഹൃദയം നിറയട്ടെ. വചനം നിങ്ങളുടെ ഹൃദയത്തിൽ ഉണ്ടായിരിക്കട്ടെ. വചനം എന്ന ആത്മാവിന്റെ വാളുകൊണ്ട് ദുഷ്ടപ്പിശാചിനെ വെട്ടിക്കൊൾക. വചനംകൊണ്ട് വെട്ടുമ്പോൾ സാത്താന് ഒന്നും ചെയ്യാൻ നിർവ്വാഹമില്ല. അവന് തോറ്റ് പിന്മാറേണ്ടി വരും.

നിങ്ങൾക്ക് സർവ്വായുധവർഗ്ഗം ധരിക്കാൻ തോന്നു

ന്നുണ്ടോ? ഇന്ന് നിങ്ങൾക്ക് ആയുധവർഗ്ഗം വേണമെന്ന് ആഗ്രഹമുണ്ടോ? സത്യം എന്ന അരക്കെട്ട്, നീതി എന്ന കവചം, സമാധാനസുവിശേഷത്തിനായുള്ള ഒരുക്കം കാലിനു ചെരിപ്പ്, എല്ലാറ്റിനും മീതെ ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടുക്കുവാൻ തക്ക വിശ്വാസം എന്ന പരിച. മാത്രമല്ല, രക്ഷ എന്ന ശിരസ്ത്രം, ദൈവവചനം എന്ന ആത്മാവിന്റെ വാൾ.

**"സകല പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചും കൊണ്ട്, സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണസ്ഥിരത കാണിപ്പിൻ."**

**എഫെസ്യർ 6 : 18**

ഒരു പുതിയജീവിതം നമുക്ക് തുടങ്ങാം. ഒരു സമാധാനമുള്ള സന്തോഷമുള്ള ജീവിതം! സൗഭാഗ്യമുള്ള ജീവിതം! ഈ ലോകത്തിലെ താത്ക്കാലിക ജീവിതം സമാധാനത്തിൽ നമുക്ക് കഴിക്കാം. എന്നിട്ട് നിത്യതയിലേക്ക് പറക്കാം. "ഇവിടെ കയറിവരുവിൻ" എന്നുള്ള ശബ്ദം കേൾക്കുമ്പോൾ യേശുവിന്റെ സന്നിധിയിലേക്ക് പറന്നുചെല്ലാം. മുഖശോഭയോടെ, മുഖപ്രസന്നതയോടെ യേശുവിന്റെ സന്നിധിയിൽ നിൽക്കാം. അവന്റെ പാദം നമുക്ക് ചുംബിക്കാം.

## പത്ത്

**"നോഹയുടെ വംശപാരമ്പര്യം എന്തെന്നാൽ: നോഹ നീതിമാനും തന്റെ തലമുറയിൽ നിഷ്കളങ്കനുമായിരുന്നു; നോഹ ദൈവത്തോടു കൂടെ നടന്നു." ഉല്പത്തി 6 : 9**

നോഹ ദൈവത്തോടുകൂടെ നടന്നു. തലമുറകൾ തലമുറകൾക്കു മുമ്പ്, നൂറ്റാണ്ടുകൾക്കു മുമ്പ് പുരാതന പുരുഷനായ നോഹ ദൈവത്തോടുകൂടെ നടന്നു. ഇന്നും ദൈവത്തോടുകൂടെ നടക്കാൻ സാധിക്കുന്നത് സൗഭാഗ്യമാണ്. ദൈവത്തോടുകൂടെ ആയിരിക്കുക. ദൈവത്തോടുകൂടെ നടക്കുക.

ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. നോഹ ദൈവത്തോടുകൂടെ നടന്നു.

**"എന്നാൽ നോഹയ്ക്ക് യഹോവയുടെ കൃപ ലഭിച്ചു."**
**ഉല്പത്തി 6 : 8**

ദൈവത്തോടുകൂടെ നടക്കുന്നത് ഒരു കൃപയാണ്. അത് ദൈവം തരുന്ന ഒരു ദാനമാണ്. ദൈവം തരുന്ന മഹാഭാഗ്യമാണ്. കർത്താവ് പറഞ്ഞു:

**"പിതാവേ, സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവായുള്ളോവേ, നീ ഇത് ജ്ഞാനികൾക്കും വിവേകികൾക്കും മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തിയതുകൊണ്ട് ഞാൻ നിന്നെ വാഴ്ത്തുന്നു. അതേ, പിതാവേ, ഇങ്ങനെയല്ലോ നിനക്ക് പ്രസാദം തോന്നിയത്." മത്തായി 11 : 25, 26**

മനസ്സിലാക്കാൻ പ്രയാസമുള്ള ഒരു കാര്യമാണ്.

ആത്മീയംതന്നെ മനസ്സിലാക്കാൻ സാധിക്കുന്നത് ഒരു ദൈവികകൃപയാണ്. ആത്മാവിന്റെ കാര്യങ്ങൾ ബുദ്ധിയിൽ ഗ്രഹിക്കാൻ ശ്രമിച്ചാൽ സാധിക്കുകയില്ല. നമ്മുടെ ബുദ്ധികൊണ്ട് വിശകലനം ചെയ്താൽ മനസ്സിലാവുകയില്ല.

നമ്മുടെ തത്ത്വചിന്തയ്ക്കും ജ്ഞാനത്തിനും വിധേയമല്ല ആത്മീയം. അതൊരു മഹാത്ഭുതമാണ്. ദൈവത്തോടുകൂടി നടക്കാൻ സാധിക്കുക! ദൈവത്തിന്റെ വചനം ഗ്രഹിക്കാൻ സാധിക്കുക! ദൈവത്തിന്റെ വചനത്തോട് ഒരു ആകർഷണം കിട്ടുക! ദൈവത്തിന്റെ വചനത്തിന്റെ മാധുര്യം അനുഭവിക്കാൻ സാധിക്കുക! വചനം ഇമ്പമായിത്തീരുക! ഇതെല്ലാം ഒരു അത്ഭുതമാണ്.

കണ്ണുതുറന്നു കിട്ടുന്ന അനുഭവമാണ്. അടഞ്ഞിരിക്കുന്ന കണ്ണ് തുറന്നു കിട്ടിയാൽ ഒരു പുതിയ ലോകമല്ലേ തുറന്ന് കിട്ടുന്നത്? ഇതുവരെയും കണ്ടിട്ടില്ലാത്ത ഒരു ലോകം. ഇരുളടഞ്ഞ ലോകം നമുക്ക് വെളിച്ചമായിത്തീരുന്നു. അതൊരു അത്ഭുതമാണ്. കുരുടനായ മനുഷ്യൻ, മനുഷ്യരെ കണ്ടിട്ടില്ല. ഈ പ്രകൃതി കണ്ടിട്ടില്ല. പ്രകൃതിയിലെ വിവിധ വിഭവങ്ങൾ കണ്ടിട്ടില്ല.

എന്നാൽ എല്ലാം കാണുന്ന ഒരു അനുഭവം! കണ്ണുകാഴ്ച യില്ലാത്ത മനുഷ്യന്റെ കണ്ണ് തുറന്നുകിട്ടുന്നതുപോലെയാണ് ആത്മീയം ഗ്രഹിക്കാൻ കഴിയുന്നത്. ദൈവത്തിന്റെ കൃപയാണിതിന് കാരണം.

നമ്മുടെ ബോധം തെളിയുകയാണ്. ബോധമനസ്സ് നല്ല തെളിമയുള്ളതായി, നല്ല വ്യക്തതയുള്ളതായിത്തീരുകയാണ്. ഈ അടുത്ത കാലത്ത് ഞാൻ വായിച്ചു: കേരളത്തിലെ യുവാക്കളിൽ 54.3% പേരും ആന്തരിക പിരിമുറുക്കത്തിൽ വലയുന്നവരാണ് എന്ന്. കോളേജ് വിദ്യാർത്ഥികളിൽ 64% പേര് irritable bowel syndrome ഉള്ളവരാണ്. വയറ്റിലെ ക്രമക്കേടുകൾ രോഗമായിട്ട് ഉണ്ടാകുന്നു.

ദഹനക്കേടുകൾ, വയറിൽ നിരന്തരം ശല്യം ഉണ്ടാക്കുന്ന രോഗങ്ങൾ, വയറിളക്കം, വേണ്ടതുപോലെ ഭക്ഷണത്തോട് രുചിയില്ലായ്മ, ഇങ്ങനെ പല പല പ്രയാസങ്ങൾ വയറിലുണ്ടാകുന്നു. ടെൻഷനാണ് കാരണം. വളരെ വ്യക്തമായി കാണേണ്ട അനുഭവസമ്പത്ത് അവർക്ക് തെളിഞ്ഞുകിട്ടുന്നില്ല.

അവരുടെ മുമ്പിൽ ആത്മീയലോകം മറഞ്ഞിരിക്കുന്നു. ദൈവമുണ്ടോ? അതൊരു ചിന്താവിഷയമല്ല. ക്രിസ്തു ജീവിക്കുന്നുണ്ടോ? അത് അവർക്കൊരു പ്രശ്നമല്ല. പാപജീവിതത്തിൽ മുഴുകി കഴിയുന്നു. ഏതെല്ലാം അരുതായ്കകളിലേക്കാണ് യുവജനങ്ങൾ വഴുതി വഴുതി പോകുന്നത്!

മയക്കുമരുന്നിലേക്ക് പോകുന്ന ഒരു വിഭാഗം. കഞ്ചാവിലേക്കോ അതുപോലുള്ള മറ്റുചില വസ്തുക്കളിലേക്കോ ആകർഷിക്കപ്പെട്ട് പോകുന്ന വേറൊരു വിഭാഗം. മദ്യത്തിന്റെ അടിമത്വത്തിൽ ആണ്ടുപോകുന്ന വേറൊരു വിഭാഗം. കലഹസ്വഭാവത്തിലും പരസ്പര വിദ്വേഷത്തിലും മത്സരത്തിലും കഴിയുന്ന വേറൊരു വിഭാഗം. ഇതിലെല്ലാമായി കുഴഞ്ഞു മറിഞ്ഞ് ജീവിതം അഴലുന്ന യുവജനത, യുവതലമുറ.

എന്താണിതിന് കാരണം? ആത്മീയലോകം തുറന്നു കിട്ടിയിട്ടില്ല. അദ്ധ്യാത്മികലോകം എന്തെന്ന് അവർ അറിഞ്ഞിട്ടില്ല. കണ്ണുകാഴ്ചയില്ലാത്ത ആളുടെ മുമ്പിൽ എന്തു മനോഹരമാണെന്നു പറഞ്ഞ് 'റോസാപ്പൂവ്' കാണിച്ചാൽ എന്തു പ്രയോജനം? കണ്ണുകാഴ്ചയില്ലാത്ത ആളോട് പറയുകയാണ്: നോക്കൂ, ആ നിലാവെന്തു സുന്ദരമാണ്! എന്തു മനോഹരമാണ്! മനസ്സിലാവുകയില്ല. കാരണം, കണ്ണിനു കാഴ്ചയില്ല.

അനേകരുടെ ആത്മീയകണ്ണുകൾ അടഞ്ഞിരിക്കുന്നു. ദൈവത്തോടുകൂടെ നടക്കുക എന്നൊക്കെ പറയുന്നത് ഒരു വിഡ്ഢിത്തമായിട്ടേ യുവജനത മനസ്സിലാക്കുന്നുള്ളൂ. ആത്മീയ കാര്യങ്ങളിൽ ഉത്സാഹം ഉണ്ടാവുക; പ്രാർത്ഥിക്കുക,

തിരുവചനം വായിക്കുക അതൊക്കെ ഒരു പഴയ സമ്പ്രദായ മായിട്ടും പഴഞ്ചൻ സിദ്ധാന്തമായിട്ടും മാത്രമേ ഇന്നത്തെ യുവതലമുറ ഗ്രഹിക്കുന്നുള്ളൂ.

അന്ന് ആ കാലത്ത് സമൂഹം മുഴുവൻ നശിച്ചുകൊണ്ടിരി ക്കുകയായിരുന്നു. അന്നത്തെ മനുഷ്യന്റെ ജീവിതം എങ്ങനെയെന്ന് ഉല്പത്തിപുസ്തകം ആറാം അദ്ധ്യായം അഞ്ചാം വാക്യത്തിൽ കാണാം.

**“ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയ വിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളതത്രേ എന്നും യഹോവ കണ്ടു. താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുകകൊണ്ട് യഹോവ അനുതപിച്ചു; അത് അവന്റെ ഹൃദയത്തിനു ദു:ഖമായി: ഞാൻ സൃഷ്ടിച്ചിട്ടുള്ള മനുഷ്യനെ ഭൂമിയിൽനിന്നു നശിപ്പിച്ചുക ളയും; മനുഷ്യനെയും മൃഗത്തെയും ഇഴജാതിയെയും ആകാശത്തിലെ പക്ഷികളെയും തന്നേ; അവയെ ഉണ്ടാക്കുകകൊണ്ട് ഞാൻ അനുതപിക്കുന്നു എന്ന് യഹോവ അരുളിച്ചെയ്തു. എന്നാൽ നോഹയ്ക്ക് യഹോവയുടെ കൃപ ലഭിച്ചു.”**

**ഉല്പത്തി 6 : 5 – 8**

സ്രഷ്ടാവ് സൃഷ്ടിയെ നോക്കി കരയുകയാണ്. ജീവജാലങ്ങളെ നോക്കി ദൈവം കരയുകയാണ്. മനുഷ്യനെ നോക്കി കരയുകയാണ്. ദൈവം ദു:ഖിക്കുകയാണ്. ആ കാലത്താണ് നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചത്. സമൂഹം മുഴുവൻ അന്ധകാരത്തിലേക്ക് താണുതാണ് ഒഴുകിപ്പോകുമ്പോൾ മനുഷ്യനിൽ ഒരാൾക്ക് ദൈവത്തിന്റെ കൃപ ലഭിക്കുകയാണ്. ഒരാൾക്ക് ദൈവത്തോടു കൂടെ നടക്കുവാൻ ഭാഗ്യം ലഭിക്കുകയാണ്.

ഇതൊരു വെല്ലുവിളിയായി നാം എടുക്കേണ്ടതാണ്. എന്തെല്ലാം ദോഷകരമായ ചലനങ്ങൾ ഈ പ്രകൃതിയിൽ ഉണ്ടായാലും എന്തെല്ലാം വിഭ്രാന്തിയിലും വൈകല്യത്തിലും

വൈകൃതത്തിലും കൂടി മനുഷ്യസമൂഹം നീങ്ങിയാലും നാഥാ, ഞാൻ ഒരാൾ ദൈവത്തിന്റെ കൃപ അനുഭവിച്ചുകൊണ്ട് ദൈവത്തോടുകൂടെ നടക്കുവാൻ എന്നെത്തന്നെ സമർപ്പിക്കുന്നു എന്ന് നമുക്കൊരു തീരുമാനമെടുക്കാൻ കഴിയുമെങ്കിൽ ആ വെല്ലുവിളി സസന്തോഷം സ്വീകരിക്കുന്നത് നമുക്ക് അനുഭവമായിത്തീരും.

കർത്താവായ യേശുവിനോടുകൂടെ നടക്കുക! സമൂഹം മുഴുവൻ എതിരെ പോവുകയാണ്. ഒഴുക്ക് ശക്തമായി തിന്മയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. ആ ഒഴുക്കിനെതിരെ നീന്തുക! അതാണ് ഇന്നത്തെ ഏറ്റവും വലിയ വെല്ലുവിളി. ഒഴുക്ക് ദോഷത്തിലേക്കും തിന്മയിലേക്കും നീങ്ങുന്നു. അശുദ്ധിയിലേയ്ക്കും വ്യഭിചാരത്തിലേക്കും നീങ്ങുന്നു. ഇന്ന് ഞാൻ വായിച്ചു: കേരളത്തിലുള്ള പുരുഷന്മാർ ലൈംഗിക ആഭാസന്മാരാണ് എന്ന്. ഒരു പത്രപ്രവർത്തക എഴുതിയിരിക്കുകയാണ്. ബ്രാക്കറ്റിൽ എഴുതിയിരിക്കുന്നു 'എല്ലാവരും അല്ല' എന്ന്. പത്രമാദ്ധ്യമങ്ങളിൽ കാണുന്നത് അതല്ലേ?

സമൂഹം തിന്മയിലേക്ക് ഒഴുകിയൊഴുകി പോവുകയാണ്. വക്രതയിലേക്കും ചതിയിലേക്കും വഞ്ചനയിലേക്കും ഒഴുകി ഒഴുകിപ്പോവുകയാണ്. ദോഷത്തിലേക്കും വ്യഭിചാരത്തിലേക്കും നീങ്ങിക്കൊണ്ടിരിക്കുകയാണ്. കവർച്ചയും കൊള്ളയും നടമാടുകയാണ്. അന്ധകാരത്തിന്റെ ഭീകരശക്തികൾ മനുഷ്യനെ കുടുക്കിയിട്ട് അവനെ വലയ്ക്കുകയും ഞെരുക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്.

ഈ കാലയളവിൽ ദൈവത്തോടുകൂടെ നടക്കാൻ തീരുമാനമെടുക്കാൻ സാധിക്കുന്നതാണ് ഒഴുക്കിനെതിരെ നീന്തുക എന്ന് പറയുന്നത്. കൂലംകുത്തി കരകവിഞ്ഞൊഴുകി വരുന്ന ഒഴുക്കിനെതിരെ നീന്തിക്കയറുക ബുദ്ധിമുട്ടാണ്. ഒഴുക്കിനെതിരെ നീന്തി നീന്തി തുടിച്ച് കയറുക; അത് വളരെ ക്ലേശകരമാണ്. പക്ഷേ, ആ ക്ലേശകരമായ വലിയ വേലയ്ക്ക് വേണ്ടിയാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്.

സഭകളും സമുദായങ്ങളും പലതും ദൈവത്തെ മറന്ന് ജീവിക്കുമ്പോൾ, മതങ്ങളെല്ലാം ദൈവവിരോധത്തിൽ മുന്നോട്ട് നീങ്ങുമ്പോൾ, ഇന്ന് സമൂഹം മുഴുവൻ സംസ്കാരവിഹീനമായ മാർഗ്ഗങ്ങളെ അവലംബിക്കുമ്പോൾ യേശുവിനോട് ചേർന്ന് ജീവിക്കാൻ ഏതാനും പേർക്ക് കഴിയുമെങ്കിൽ അതാണ് സമൂഹത്തിന്റെ മുന്നിലെ ഏറ്റവും വലിയ വിജയം എന്ന് പറയുന്നത്.

അതാണ് ഇന്ന് ജീവനുള്ള ദൈവത്തിന് ആശ്വാസം നൽകുന്ന വസ്തുത.

പ്രിയപ്പെട്ടവരേ, നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു. ദൈവത്തോടുകൂടെ നടന്നു. നോഹ ദൈവത്തോടുകൂടെ നടന്നതുകൊണ്ട് എന്തെല്ലാം കാര്യങ്ങൾ സാധിച്ചു?

1. Walking with God - ദൈവത്തോടു കൂടെ നടക്കുക.
2. Working for God – ദൈവത്തിനുവേണ്ടി വേല ചെയ്യുക.
3. Witnessing God - ദൈവത്തെ സാക്ഷിക്കുക.
4. Waiting for God - ദൈവത്തിനു വേണ്ടി കാത്തിരിക്കുക.
5. Worshipping God - ദൈവത്തെ ആരാധിക്കുക.

ദൈവത്തോട് കൂടെ നടക്കുന്ന ഒരു മനുഷ്യൻ ഈ അഞ്ച് വാക്കുകളുടെ അനുഭവത്തിൽക്കൂടി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കും.

Walking with God! ദൈവത്തോടുകൂടെ നടക്കുക!

ദൈവത്തോടുകൂടെ നടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യം ആമോസ് പ്രവാചകൻ പറയും: “രണ്ടുപേർ തമ്മിൽ ഒത്തിട്ടല്ലാതെ ഒരുമിച്ച് നടക്കുമോ” രണ്ടുപേർക്ക് തമ്മിൽ ചേർച്ചയില്ലാതെ ഒരുമിച്ച് നടക്കാൻ പറ്റുകയില്ല.

ദൈവത്തോടുകൂടെ നടക്കണമെങ്കിൽ ദൈവത്തോട് ഒരു ചേർച്ച വേണം. ദൈവത്തോട് യോജിപ്പ് വേണം. ദൈവത്തോട് നിരപ്പ് വേണം. ദൈവത്തോട് ഐക്യം വേണം.

ദൈവത്തിന്റെ സ്വഭാവത്തോട് അനുയോജ്യമായിട്ടാണോ നാം പോകുന്നത്? ദൈവത്തിന്റെ പ്രകൃതിയോട് ചേർന്നാണോ നാം പോകുന്നത്? ദൈവം മഹാപരിശുദ്ധനാണ്. പരിശുദ്ധനായ ദൈവത്തിന്റെ വിശുദ്ധിയോട് ചേർന്നാണോ നാം പോകുന്നത്? ദൈവം സ്നേഹം മാത്രമാണ്. ദൈവത്തിന്റെ സ്നേഹത്തോട് ചേർന്നാണോ നാം പോകുന്നത്?

നമ്മുടെ കുടുംബങ്ങളിൽ സ്നേഹമുണ്ടോ? ഭാര്യയും ഭർത്താവും തമ്മിൽ ഐക്യമുണ്ടോ? ഭാര്യയും ഭർത്താവും തമ്മിൽ വാസ്തവമായി സ്നേഹത്തിന്റെ ഊഷ്മളത ഉണ്ടോ? സ്നേഹത്തിന്റെ ഒരുമനസ്സുണ്ടോ? സ്നേഹത്തിന്റെ ഒരു ഹൃദയമുണ്ടോ? കുടുംബത്തിൽതന്നെ പൊട്ടലുകളും ചീറ്റലുകളുമല്ലേ? മൂടിവാടിക്കെട്ടിയ മുഖങ്ങളല്ലേ?

പരസ്പരം മിണ്ടാട്ടമില്ലാത്ത ജീവിതമല്ലേ? പരസ്പരം സ്നേഹമില്ലാത്ത പെരുമാറ്റമല്ലേ? പേരിന് ഭക്ഷണം തയ്യാറാക്കും. പേരിന് ഭക്ഷണം കഴിക്കും. വീടുണ്ട്, സൗകര്യമുണ്ട്, വിദ്യാഭ്യാസമുണ്ട്, ജോലിയുണ്ട്, വരുമാനമുണ്ട്, ചുറ്റുപാടുകളുണ്ട്, എല്ലാമുണ്ട്. പുറമേ നോക്കിയാൽ കുറവൊന്നുമില്ല. പക്ഷേ, സ്നേഹത്തിനുമാത്രം കുറവാണ്. സ്നേഹമില്ലാത്ത കുടുംബങ്ങൾ!

ഓരോരുത്തരുടേയും ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കൂ. കൂട്ടായ്മയിൽ വന്ന് വചനം കേൾക്കുന്നുണ്ട്. നിങ്ങൾ ദൈവത്തിന്റെ വചനം ശ്രദ്ധിക്കുന്നുണ്ട്. വചനത്തോട് ഒരു താത്പര്യമുണ്ട്. പക്ഷേ, നിങ്ങളുടെ കുടുംബജീവിതത്തിൽ ആന്തരികമായ ഒരു harmony പുലർത്താൻ സാധിക്കുന്നുണ്ടോ?

അമ്മായിയമ്മയും മരുമകളും പൂർണ്ണഐക്യത്തിൽ കഴിയുന്നുണ്ടോ? നാമെല്ലാം പറയും നമ്മുടെ കുടുംബം സ്വർഗ്ഗമാകണമെന്ന്. അതൊരു സ്വപ്നം മാത്രമായി

അവശേഷിച്ചാൽ മതിയോ? നമ്മുടെ കുടുംബം സ്വർഗ്ഗമാകണ്ടേ? അവിടെ സ്നേഹം പുലരണ്ടേ? ഐക്യം വളരണ്ടേ? അവിടെ ഒരുമനസ്സ് വരണ്ടേ?

ഇന്ന് അഭിപ്രായ വ്യത്യാസങ്ങൾ, കലഹവും വാഗ്വാദവും കോപവും വാശിയും പിണക്കവും കുടുംബജീവിതത്തിൽ നിറഞ്ഞുനിൽക്കുന്നത് പലരുടേയും ജീവിതത്തിൽ അനുഭവമാണ്. നമുക്ക് ഒന്നു പുതുതായി തുടങ്ങാം. പുതിയ ഒരു സമൂഹത്തെ കെട്ടിപ്പടുക്കാം. സ്നേഹത്തിന്റെ ഒരു പുതിയ കുടുംബജീവിതം. ഐക്യത്തിന്റെ ഒരു പുതിയ സമൂഹം.

പരസ്പരം ഇണക്കമുള്ള ഒരു കുടുംബം. ഉള്ളുതുറന്ന് സംസാരിക്കുന്ന, പരസ്പരം ആശയം വിനിമയം ചെയ്യുന്ന, ഒന്നും മൂടിവയ്ക്കാതെ എല്ലാം തുറന്ന് പറയുന്ന ഒരു കുടുംബം. അവിടെ അകൽച്ചകളില്ല, ചേർച്ചയാണ്. അവിടെ പരസ്പരം ഇണക്കമാണ്.

നിങ്ങളുടെ ജീവിതം എങ്ങനെയിരിക്കുന്നു? എത്രയോ കുടുംബങ്ങളിൽ മരുമക്കൾ വീർപ്പുമുട്ടിക്കഴിയുന്നു. മരുമകൾ വിഷമിച്ചു കഴിയുന്നു. അമ്മായിയമ്മയുടെ കോപാവേശവും കടുംപിടിത്തവും, മോനെ കസ്റ്റഡിയിൽ ഒതുക്കി നിർത്താനുള്ള വാശിയും നിർബ്ബന്ധബുദ്ധിയുംകൊണ്ട് എത്രയോ പെൺകുട്ടികൾ ഇന്ന് മനസ്സ് വലഞ്ഞ് വിഷമിച്ച് കഴിയുന്നു!

മരുമക്കളുടെ പ്രവർത്തനശൈലികൊണ്ടും മറ്റും വീർപ്പുമുട്ടിക്കഴിയുന്ന അമ്മായിഅമ്മമാരുണ്ട്. പല കുടുംബങ്ങളും ഇന്ന് സ്നേഹത്തിൽനിന്ന് എത്രയോ ദൂരെമാറി നിൽക്കുന്നു. ദൈവത്തോടുകൂടെ നടക്കുന്ന കുടുംബങ്ങളാണോ നമ്മുടെ കുടുംബങ്ങൾ? ദൈവത്തോടു കൂടെ നടക്കുന്നുവെങ്കിൽ ദൈവത്തിന്റെ ഭാവത്തോടെ നടക്കും. ദൈവത്തിന്റെ സ്നേഹത്തോടെ നടക്കും. ദൈവത്തിന്റെ കരുതലിൽ നമുക്ക് നിൽക്കാൻ സാധിക്കും. Walking with God!

2. Working for God! ദൈവത്തിനുവേണ്ടി പ്രവർത്തിക്കുന്നു!

നോഹ ദൈവത്തോടുകൂടെ നടന്നു. നോഹ ദൈവത്തിനു വേണ്ടി പ്രവർത്തിച്ചു. ദൈവത്തിന്റെ വചനാനുസൃതം പ്രവർത്തിക്കുകയാണ്. ദൈവത്തിന്റെ വചനം പറയുന്നതു പോലെ പ്രവർത്തിക്കുകയാണ്. ദൈവം പറയുന്നത് അപ്പാടെ പ്രവർത്തിക്കുകയാണ്. ഒന്നും മാറ്റം വരുത്തുന്നില്ല.

നിങ്ങളിൽ ചിലരിപ്പോൾ ചിന്തിക്കും: ദൈവം എന്നോട് നോഹയോട് പറഞ്ഞതുപോലെ പറയുകയാണെങ്കിൽ ഞാൻ അനുസരിക്കാമല്ലോ. ദൈവം നോഹയോട് പറഞ്ഞതുപോലെ വ്യക്തമായി ഒരു അശരീരി ശബ്ദം കേട്ട് അരുളപ്പാട് കിട്ടുകയാണെങ്കിൽ ഞാൻ അനുസരിച്ചിരിക്കും. അതല്ല നമ്മുടെ തീരുമാനം ആകേണ്ടത്.

നമുക്ക് ദൈവത്തിന്റെ വചനം കിട്ടിയിട്ടുണ്ട്. ദൈവത്തിന്റെ അരുളപ്പാട് കിട്ടിയിട്ടുണ്ട്. ദൈവത്തിന്റെ വചനം എഴുതിക്കിട്ടിയിട്ടുണ്ട്. ഈ വചനത്തിൽ പറഞ്ഞിട്ടുണ്ട്, "ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്" എന്ന്. നാം അനുസരിക്കുന്നവരാണോ? നമുക്ക് ആകുലങ്ങൾ വരുമ്പോൾ കർത്താവേ, നിന്റെ വചനത്തിൽ വിചാരപ്പെടരുത് എന്നൊരു കല്പനയുണ്ടല്ലോ. നിന്റെ വചനത്തിൽ പറഞ്ഞിട്ടുണ്ടല്ലോ ആകുലപ്പെടരുത് എന്ന്.

നിന്റെ വചനം വ്യക്തമായി പറയുകയാണല്ലോ ഞാൻ നാളെയെക്കുറിച്ച് വിചാരപ്പെടരുത് എന്ന്. ഞാൻ വിചാരപ്പെട്ടത് പാപമായിപ്പോയല്ലോ. നിന്നിലുള്ള അവിശ്വാസമായിപ്പോയല്ലോ. നീ എനിക്ക് മതിയായവനാണ് എന്നുള്ള വിശ്വാസം ഇല്ലാതെ പോയതാണല്ലോ ഞാൻ വിചാരപ്പെടാൻ കാരണം.

എനിക്കുവേണ്ടി കരുതാൻ ദൈവമുണ്ട് എന്നുള്ള വിചാരം എനിക്കില്ലാതെ പോയതാണല്ലോ ഞാൻ വിചാരപ്പെടാൻ കാരണം. കർത്താവേ, എന്നോട് ക്ഷമിക്കണമേ. ഞാൻ

വിചാരപ്പെടുകയില്ല. എനിക്കുവേണ്ടി കരുതാൻ എനിക്ക് ഒരു ദൈവം ഉണ്ട്. എന്റെ കാര്യം അന്വേഷിക്കാൻ എനിക്കൊരു അപ്പനുണ്ട്.

എന്റെ രോഗത്തിന്റെ കാര്യം, എന്റെ കടത്തിന്റെ കാര്യം, എന്റെ പണത്തിന്റെ ആവശ്യത്തിന്റെ കാര്യം, എന്റെ കുടുംബത്തിലെ ആവശ്യങ്ങളുടെ കാര്യം, എന്റെ കുടുംബത്തിലെ ക്ലേശങ്ങളുടെ കാര്യം, എന്റെ മക്കളുടെ പഠിത്തത്തിന്റെ കാര്യം, മക്കളുടെ സ്വഭാവത്തിന്റെ കാര്യം ഒക്കെ അന്വേഷിക്കാൻ എനിക്കൊരപ്പനുണ്ട്.

സ്വർഗ്ഗത്തിലെ നിത്യനായ പിതാവേ, നീ എന്നോട് മനസ്സലിഞ്ഞ് നിന്റെ വചനം അനുസരിക്കാൻ തയ്യാറായി വരുന്ന എനിക്ക് നിന്റെ കൃപ തരണേ എന്ന് നാം പ്രാർത്ഥിക്കണം.

ദൈവത്തിന്റെ വചനം പറഞ്ഞിട്ടുണ്ട്, “ആരേയും വിധിക്കരുത്” എന്ന്. അത് ഞാൻ അനുസരിക്കുന്നുണ്ടോ? ഞാൻ വിധിക്കുന്നവനാണോ? മറ്റുള്ളവരുടെ കുറ്റം ഞാൻ കാണാറുണ്ടോ? ഞാൻ എന്റെ കുറ്റമാണോ അതോ മറ്റുള്ളവരുടെ കുറ്റമാണോ കാണുന്നത്? ഞാൻ മറ്റുള്ളവരെ വിധിക്കാറുണ്ടോ? മറ്റുള്ളവരുടെ കുറ്റം ചികഞ്ഞെടുത്ത് കാണുകയും അത് നിരൂപണത്തിൽ വയ്ക്കുകയും ചെയ്യാറുണ്ടോ?

ഞാൻ ആ കുറ്റം മറ്റ് ആരോടെങ്കിലും പറയാറുണ്ടോ? ഞാൻ മറ്റുള്ളവരുടെ കുറ്റം വെളിപ്പെടുത്താറുണ്ടോ? ഞാൻ പരദൂഷണം പറയാറുണ്ടോ? എന്റെ ഹൃദയത്തിൽ ആരെക്കുറിച്ചെങ്കിലും മുൻവിധി പുലർത്താറുണ്ടോ? ദൈവത്തിന്റെ വചനം പറയുന്നു: “ആരേയും വിധിക്കരുത്. നീ വിധിക്കുന്ന വിധിയാൽ നീ വിധിക്കപ്പെടും” എന്ന്. അയ്യോ കർത്താവേ, കാര്യം ഗൗരവമാണല്ലോ. ഞാൻ മറ്റുള്ളവരെ കുറ്റം വിധിച്ചുപോയല്ലോ. മറ്റുള്ളവരുടെ കുറ്റം ഞാൻ

കണ്ടുപോയല്ലോ. ഞാൻ എന്റെ കുറ്റമല്ല കണ്ടത് മറ്റുള്ളവരുടെ കുറ്റമാണല്ലോ കണ്ടത്.

എന്റെ കുറ്റത്തിനുള്ള ന്യായീകരണം മറ്റുള്ളവരുടെ കുറ്റമായിട്ട് പലപ്പോഴും ഞാൻ എടുത്തുപോയല്ലോ. ഞാൻ തെറ്റ് ചെയ്യാൻ കാരണം മറ്റുള്ളവർ എന്നോട് അങ്ങനെ പെരുമാറിയതാണെന്ന് അവരിൽ ഞാൻ കുറ്റം ആരോപിച്ച് പോയല്ലോ. നാഥാ, നീ എന്നോട് ക്ഷമിക്കണമേ. നിന്റെ വചനം ഞാൻ അനുസരിച്ചില്ല.

കൊല ചെയ്യരുത് എന്ന് പറഞ്ഞ വചനമാണ് ആരേയും വിധിക്കരുത് എന്ന് പറഞ്ഞത്. മോഷ്ടിക്കരുത് എന്ന് പറഞ്ഞ വചനം തന്നെയാണ് ആരേയും വിധിക്കരുത് എന്നു പറഞ്ഞത്. വ്യഭിചാരം ചെയ്യരുത് എന്നു പറഞ്ഞ ആ പുസ്തകത്തിൽ തന്നെയുള്ള ദൈവത്തിന്റെ കല്പനയാണ് ആരെയും വിധിക്കരുത് എന്നും പറഞ്ഞത്.

എങ്കിൽ കർത്താവേ, എനിക്ക് തെറ്റ് പറ്റിപ്പോയല്ലോ. ഞാൻ ഗൗരവമേറിയ പാപത്തിൽ വീണുപോയല്ലോ. നീ എന്നോട് ക്ഷമിക്കണമേ. സഹോദരങ്ങളേ, ഇങ്ങനെ നോക്കുമ്പോൾ ദൈവത്തിന്റെ അരുളപ്പാട് നാം അനുസരി ക്കുന്നുണ്ടോ? ദൈവത്തെ അനുസരിക്കാൻ തയ്യാറാകുമ്പോഴാണ് നമ്മിൽ ദൈവത്തിന്റെ കൃപ വന്ന് ഒഴുകിയൊഴുകി നിറയുന്നത്; ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മിൽ വന്ന് നിറയുന്നത്.

ദൈവത്തിന്റെ വചനം അനുസരിക്കാൻ തുടങ്ങുന്നു. വചനത്തോട് നമുക്ക് താത്പര്യം വരുന്നു. വചനത്തിന നുസരിച്ച് ജീവിക്കാൻ താത്പര്യം വരുന്നു. ദൈവത്തിന്റെ വചനത്തിൽ പറഞ്ഞിട്ടുണ്ടോ, അത് മാത്രമാണ് എന്റെ ജീവിതത്തെ നിയന്ത്രിക്കുന്ന ശക്തി. എന്റെ ജീവിതത്തെ നിയന്ത്രിക്കുന്നത് ദൈവത്തിന്റെ വചനമായിരിക്കണം.

വചനാനുസൃതമായി മാത്രമേ ഞാൻ ജീവിക്കുകയുള്ളൂ.

വചനത്തിന് അനുസരിച്ച് മാത്രമേ പ്രവർത്തിക്കുകയുള്ളൂ. വചനം പറയുന്നതുപോലെ മാത്രമേ എന്റെ ജീവിതത്തെ നയിക്കുകയുള്ളൂ. ഇങ്ങനെയുള്ള ഒരു തീരുമാനമാണ് നമുക്ക് വരേണ്ടത്.

വചനത്തിൽ എന്തുണ്ട് എന്നാണ് നോക്കേണ്ടത്? മറ്റാരേയുമല്ല നോക്കേണ്ടത്. വചനം പറയുന്നവരെയുമല്ല, ദൈവമക്കളെയുമല്ല നോക്കേണ്ടത്. ഈ തിരുവചനത്തിൽ എന്താണ് പറഞ്ഞിരിക്കുന്നത്? യേശുക്രിസ്തു എന്താണ് പറഞ്ഞിരിക്കുന്നത്? അതാണ് എന്റെ അടിസ്ഥാനം.

വചനം അനുസരിച്ചവരായിരുന്നു പുണ്യപിതാക്കന്മാർ. അവർ വചനത്തെ മാനിച്ചിരുന്നു, ആദരിച്ചിരുന്നു. നമ്മുടെ വിശുദ്ധകുർബ്ബാനയിലെ പ്രാർത്ഥനകൾ, വായനകൾ, അതെല്ലാം വചനത്തെ അടിസ്ഥാനപ്പെടുത്തിയാണ്. വിശുദ്ധ കുർബ്ബാനയുടെ ആരംഭത്തിൽ പഴയനിയമം വായിക്കുന്നു. അന്നത്തെ ഏവൻഗേലിയോൻ വായനയോടു ബന്ധപ്പെടുത്തിയാണ് പഴയനിയമത്തിലെ വിവിധഭാഗങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. അതിനോട് ബന്ധപ്പെടുത്തിയാണ് ശ്ലീഹാ വായന.

വിശുദ്ധ ഏവൻഗേലിയോൻ വായിച്ചുകഴിയുമ്പോൾ വേദപുസ്തകം അറിയാവുന്നവർക്ക് മനസ്സിലാകും പഴയനിയമത്തിലെ വായനകളും ശ്ലീഹാവായനകളും എല്ലാം ഏവൻഗേലിയോൻ വായനകളോട് ബന്ധപ്പെട്ട് കർത്താവിന്റെ സുവിശേഷത്തോട് ബന്ധപ്പെട്ടാണ് പറഞ്ഞിരിക്കുന്നത് എന്ന്.

പിതാക്കന്മാർക്ക് വേദപുസ്തകം അറിയാമായിരുന്നു. പൂർവ്വിക പുണ്യപിതാക്കന്മാർക്ക് വേദപുസ്തകത്തിൽ നിശ്ചയമുണ്ടായിരുന്നു. പിതാക്കന്മാരുടെ പാരമ്പര്യം അങ്ങനെയായിരുന്നു. വചനാധിഷ്ഠിതമായിട്ടേ അവർ നീങ്ങിയിട്ടുള്ളൂ. വചനവിരുദ്ധമായി ഒരു ചുവട് വച്ചിട്ടില്ല. Working for God! ദൈവത്തിനുവേണ്ടി പ്രവർത്തിക്കുന്നു.

ദൈവത്തോടുകൂടി നടക്കുന്നവൻ ദൈവത്തിനുവേണ്ടി പ്രവർത്തിക്കും. Walking with God and Working for God

ദൈവത്തിനുവേണ്ടി പ്രവർത്തിക്കാൻ, ദൈവത്തെ അനുസരിക്കാൻ സാധിക്കണം.

വചനം അനുസരിക്കും. നിത്യപിതാവിനെ അനുസരിക്കും. കർത്താവായ യേശുക്രിസ്തു ക്രൂശിൽ കാണിച്ചു തന്ന പാഠം പിതാവിനെ അനുസരിക്കുന്ന പാഠമാണ്. “പിതാവേ, എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം ആകട്ടെ” എന്ന് ‘ഗദ്സമൻ’ തോട്ടത്തിൽ വച്ച് തന്നെത്തന്നെ സമർപ്പിച്ചു. പൂർണ്ണമായി പിതാവിന്റെ ഇഷ്ടത്തിന് സമർപ്പിച്ചു. “എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികയ്ക്കുന്നത് തന്നേ എന്റെ ആഹാരം” എന്ന് കർത്താവ് പറഞ്ഞു.

**‘‘സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു എന്നു പറഞ്ഞു.” മത്തായി 12 : 50**

പിതാവിന്റെ ഇഷ്ടം ചെയ്യുക. പിതാവിന്റെ വചനം അനുസരിക്കുക. കർത്താവ് ക്രൂശിൽ കാണിച്ചു തന്ന മാതൃക അതാണ്. പിതാവിന്റെ ഇഷ്ടം അനുസരിച്ച് മനുഷ്യജാതിയുടെ പാപം തന്റെമേൽ വഹിച്ചു. ഏറ്റവും ഹീനപാതകങ്ങളെല്ലാം കർത്താവ് വഹിച്ചു. ഈ ലോകത്തിലുള്ള സകലരുടേയും സകലമാന പാപങ്ങളും യേശുക്രിസ്തു ഒരാൾ തന്റെമേൽ വഹിച്ചു. എല്ലാ അഴുക്കും കർത്താവ് ചുമന്നു. എല്ലാം സ്വീകരിച്ചുകൊണ്ട് കർത്താവ് കിടന്നു.

പിതാവിന്റെ ഇഷ്ടത്തിന് തന്നെത്തന്നെ ഏല്പിച്ചു കൊടുത്തു. കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽനിന്ന് നീക്കണമേ എന്ന് കർത്താവ് പറഞ്ഞു. ഈ പാനപാത്രം എന്താണ്? ഈ വലിയ പാപങ്ങളെല്ലാം വഹിക്കുക എന്നുള്ള, തനിക്ക് അസഹ്യമായ ഈ കാര്യം പിതാവേ, അത് ഞാൻ വഹിക്കണമെങ്കിൽ വഹിക്കാം. എന്നാൽ, കഴിയുമെങ്കിൽ അത് മാറ്റിത്തരണമേ എന്നാണ് പ്രാർത്ഥിച്ചത്. കുരിശ് ഒഴിവാക്കണമെന്നല്ല പ്രാർത്ഥിച്ചത്.

കുരിശിലെ കഷ്ടത ഒഴിവാക്കണമെന്നല്ല പ്രാർത്ഥിച്ചത്. മനുഷ്യജാതിയുടെ പാപം മുഴുവൻ വഹിക്കുക എന്നുള്ള ഏറ്റവും കഠിനവും ഏറ്റവും ദു:സ്സഹവുമായ കാര്യം, ഏറ്റവും അസഹനീയമായ കാര്യം കർത്താവ് സഹിക്കാമെന്ന് സമർപ്പിക്കുകയാണ് ചെയ്തത്. അങ്ങനെ സമർപ്പിച്ചതു കൊണ്ടാണ് ഞാനും നിങ്ങളും ഇന്ന് സമാധാനത്തോടെ ജീവിക്കുന്നത്.

അതുകൊണ്ടാണ് നമ്മുടെ പാപത്തിന് പരിഹാരമുണ്ടായത്. ആ തിരുരക്തമാണ് നമ്മുടെ പാപത്തിന്റെ പരിഹാരം. ആ തിരുരക്തമാണ്, യേശുക്രിസ്തുവിന്റെ ക്രൂശുമരണമാണ് നമ്മുടെ സമാധാനം. യേശുക്രിസ്തുവിന്റെ ക്രൂശിലെ തിരുബലിയാണ് നമ്മുടെ സമാധാനം. യേശുക്രിസ്തുവിന്റെ തിരുരക്തമാണ് നമ്മുടെ പാപമോചനം.

യേശുക്രിസ്തു ക്രൂശിൽ മരിച്ചതുകൊണ്ട് സ്നേഹിതാ, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടു. നിന്റെ പാപങ്ങൾ കഴുകപ്പെട്ടു. ഇനി ഒരു പുതിയജീവിതം നയിക്കരുതോ? യേശുവിനോടുകൂടെ നടക്കരുതോ? യേശുവിനുവേണ്ടി പ്രവർത്തിക്കരുതോ? യേശുവിന്റെ വേല ചെയ്യരുതോ? അവൻ നിന്റെ പാപങ്ങളെല്ലാം ചുമന്നെങ്കിൽ അവനുവേണ്ടി നിന്റെ ആയുസ്സ് വേർതിരിക്കൂ. അവനോട് വാക്കുപറയൂ. യേശുവേ, ഈ നിമിഷം മുതൽ ഞാൻ നിന്റെ വക.

## പതിനൊന്ന്

**"വിശ്വാസത്താൽ നോഹ അതുവരെ കാണാത്തവയെക്കുറിച്ച് അരുളപ്പാടുണ്ടായിട്ട് ഭയഭക്തി പൂണ്ട് തന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായിട്ട് ഒരു പെട്ടകം തീർത്തു; അതിനാൽ അവൻ ലോകത്തെ കുറ്റം വിധിച്ച് വിശ്വാസത്താലുള്ള നീതിക്ക് അവകാശിയായിത്തീർന്നു."**

**എബ്രായർ 11 : 7**

Walking with God, Working for God.

ദൈവത്തോടുകൂടെ നടക്കുന്നവൻ ദൈവത്തിനുവേണ്ടി പ്രവർത്തിക്കും. ദൈവത്തിന്റെ വചനം നോഹയ്ക്ക് ലഭിച്ചു. നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു. കൃപ ലഭിക്കുക എന്നു പറഞ്ഞാൽ വചനം ലഭിക്കുകയാണ്.

ദൈവത്തിന്റെ ഹിതം അറിയിക്കുകയാണ്. ദൈവത്തിന്റെ വചനം കേൾക്കുകയാണ്. ദൈവത്തിന്റെ വചനം കിട്ടുകയാണ്. അതാണ് കൃപ. എന്തെല്ലാമാണ് ദൈവത്തിന്റെ വചനത്തിന്റെ പ്രത്യേകത? വരാനിരിക്കുന്ന ശിക്ഷാവിധിയെക്കുറിച്ചുള്ളതാണ് വചനം.

ഒരു വലിയ പ്രളയം വരാൻ പോകുന്നു, വലിയോരു നാശം വരാൻ പോകുന്നു, വലിയോരു ശിക്ഷാവിധി വരാൻ പോകുന്നു. "മനുഷ്യന്റെ ഹൃദയത്തിന്റെ നിരൂപണങ്ങളൊക്കെയും ദോഷമുള്ളതാകയാൽ ഇനി ഞാൻ അവരെ ശിക്ഷിക്കാതെ വിടുകയില്ല" എന്ന് ദൈവം അരുളിച്ചെയ്തു. ദൈവം ഈ പ്രകൃതിയെത്തന്നെ കഴുകിയെടുക്കാൻ പോവുകയാണ്.

ദൈവം അശുദ്ധമായിപ്പോയ ഭൂമിയെ വിശുദ്ധീകരിക്കാൻ തിരുമനസ്സായിരിക്കുകയാണ്. മനുഷ്യൻ പാപത്തിലേക്കു പോയിരിക്കുന്നു. മനുഷ്യന്റെ നിരൂപണങ്ങളൊക്കെയും ദോഷമുള്ളതായിത്തീർന്നു. തലമുറ വഷളത്വത്തിലേക്ക് നീങ്ങി. ഇനിയും മുന്നോട്ട് പോകാൻ സാദ്ധ്യമല്ല. ദൈവത്തിന്റെ നീതി മനുഷ്യനെ ശിക്ഷിക്കാൻ ഒരുമ്പെടുകയാണ്.

ദൈവം കരുണയുള്ളവനാണ് എന്നുള്ളതിൽ സംശയമില്ല. കരുണയുള്ളവൻ അല്ലാത്തതുകൊണ്ടല്ല ദൈവം ശിക്ഷിക്കുമെന്ന് പറഞ്ഞത്. വരാൻ പോകുന്ന ശിക്ഷാവിധി, അനിവാര്യമായി വരുന്ന ശിക്ഷാവിധി ജനത്തിന് ദൈവം മനസ്സിലാക്കിക്കൊടുക്കുകയാണ് ചെയ്തത്. ശിക്ഷാവിധി വരുന്നു എന്ന് അരുളിച്ചെയ്തത് ദൈവത്തിന്റെ നീതിയും ദൈവത്തിന്റെ കരുണയും ആണ്.

എന്നാൽ ദൈവത്തിന്റെ മഹാസ്നേഹം ഈ ശിക്ഷാവിധിയിൽനിന്ന് മോചനമാർഗ്ഗമുണ്ട് എന്ന് വ്യക്തമായി കാണിച്ചുകൊടുത്തു. ശിക്ഷാവിധിയിൽ നശിക്കേണ്ട ആവശ്യമില്ല. വന്നുപോയ പാപത്തിന്റെ ശിക്ഷ നിങ്ങൾ ഏൽക്കേണ്ട ആവശ്യമില്ല. വന്നുപോയ നാശത്തിന്റെ ഫലമായി വരാവുന്ന ശിക്ഷയിൽനിന്ന് മോചനം കിട്ടാൻ ഇനിയും ഒരു പോംവഴിയുണ്ട് എന്ന് ദൈവം ജനത്തോട് അരുളിച്ചെയ്തു. ആ അരുളപ്പാട് നോഹയെ ഭരമേൽപ്പിച്ചു.

ദൈവം പണ്ട് ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോട് അരുളിച്ചെയ്തു. നോഹയിൽക്കൂടി അരുളിച്ചെയ്തു; ശിക്ഷാവിധി വരുന്നു. വലിയ ന്യായവിധി വരുന്നു. വലിയോരു പ്രളയം വരുന്നു. ഈ പ്രളയത്തിൽ നിങ്ങളാരും നശിക്കേണ്ട ആവശ്യമില്ല. ദൈവസ്നേഹം അവരോട് പറയുകയാണ്.

ശിക്ഷാവിധി വരുന്നു എന്നുള്ളത്, വരാൻ പോകുന്ന ഒഴിവാക്കാൻ പാടില്ലാത്ത അനിവാര്യമായ ഒരു കാര്യമാണ്. അത് വരും തീർച്ച. എന്നാൽ അതിലാരും നശിക്കേണ്ട ആവശ്യമില്ല.

രക്ഷപ്പെടാനുള്ള ഒരു മാർഗ്ഗം ഉണ്ട്. ഇതാ പെട്ടകം ഒരുക്കുന്നു.

നോഹയോട് ദൈവം പറഞ്ഞു: നീയൊരു പെട്ടകം പണിയുക. നോഹ ദൈവത്തിന്റെ വചനം ശ്രദ്ധയോടെ കേട്ടു. ദൈവത്തോടു കൂടെ നടക്കുന്ന ദൈവപുരുഷൻ വചനം കേട്ടു. നീ ഈ കാര്യം ജനത്തെ വിളിച്ചറിയിക്കണം. അതിനുമുമ്പ് നീ ഒരു പെട്ടകം ഒരുക്കണം. മഴ വരാൻ പോകുന്നു. പെരുമഴ പെയ്യും. ഈ ഭൂമി മുഴുവൻ വെള്ളത്തിനടിയിലാകും.

നോഹ അമ്പരപ്പോടെ കേട്ടു. നിത്യനായ ദൈവമാണ് പറയുന്നത്.

**"വിശ്വാസത്താൽ നോഹ അതുവരെ കാണാത്തവയെക്കുറിച്ച് അരുളപ്പാടുണ്ടായിട്ട് ഭയഭക്തി പൂണ്ട് തന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായിട്ട് ഒരു പെട്ടകം തീർത്തു."**

**എബ്രായർ 11: 7**

വചനം വിശ്വസിച്ചു. അതുവരെ ഭൂമിയിൽ മഴ പെയ്തിരുന്നില്ല. അതുവരെ മണ്ണിൽനിന്ന് മഞ്ഞ് പൊങ്ങി ഭൂമി നനഞ്ഞുകൊണ്ടിരുന്നു. ആകാശത്തു നിന്ന് മഴപെയ്യുന്ന ഒരു പ്രതിഭാസം അതുവരെ ഉണ്ടായിട്ടില്ല. അങ്ങനെയൊരു കാര്യം കണ്ടിട്ടേ ഇല്ല. ലോകത്തിൽ ആരും മഴ കണ്ടിട്ടില്ല. മഴ പെയ്യാത്ത ഈ ഭൂമിയിൽ മഴയെന്നുള്ള ഒരു കാര്യം ഉണ്ടാകുമെന്ന് പറഞ്ഞപ്പോൾ നോഹയ്ക്ക് സംശയമുണ്ടായില്ല. കാരണം, പറയുന്നത് ദൈവമാണ്. ഇതാണ് വിശ്വാസം.

എബ്രായർ ലേഖനം 11-ാം അദ്ധ്യായം തുടങ്ങുന്നതു തന്നെ അങ്ങനെയാണ്.

**"വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു."**

**എബ്രായർ 11 : 1**

ഈ തിരുവചനത്തിൽ പറയുന്നതെല്ലാം കണ്ണുമടച്ച് വിശ്വസിക്കാൻ സാധിക്കുന്നതാണ് വാസ്തവത്തിൽ ഭാഗ്യം. അത് സാധിക്കുന്നത് ഒരു അപൂർവ്വ ഭാഗ്യലബ്ധിയാണെന്ന്

ഞാൻ പറയും. കാരണം, ഇത് നമുക്ക് മനസ്സിലാവുകയില്ല. നോഹയ്ക്കും മനസ്സിലായില്ല. ഇതുവരെ കാണാത്ത ഒരു കാര്യം ഉണ്ടാവും എന്ന് പറഞ്ഞാൽ എന്താണെന്ന് നോഹയ്ക്കും അറിഞ്ഞുകൂടാ, ജനത്തിനും അറിഞ്ഞു കൂടാ.

ആകാശത്തുനിന്ന് മഴത്തുള്ളികൾ ഭൂമിയിലേക്ക് പെയ്യുമെന്നും ഈ തുള്ളിതുള്ളിയായി പെയ്യുന്ന മഴത്തുള്ളികൾ കൊണ്ട് ഈ ഭൂമി നിറയുമെന്നും അങ്ങനെ ഭൂമി വെള്ളത്തിനടിയിൽ ആകുമെന്നും എല്ലാവരും വെള്ളത്തിൽ മുങ്ങിച്ചാകുമെന്നും! ഇതൊക്കെ പറഞ്ഞാൽ എങ്ങനെ മനസ്സിലാക്കാൻ പറ്റും? ഇതുവരെ കാണാത്ത ഒരു കാര്യമാണ് പറയുന്നത്.

നോഹ അതുവരെ കാണാത്തവയെക്കുറിച്ച് അരുളപ്പാടുണ്ടായിട്ട് അത് വിശ്വസിച്ചു. എന്നിട്ട് തന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായിട്ട് ഒരു പെട്ടകം തീർത്തു.

ദൈവത്തിനുവേണ്ടി പ്രവർത്തിച്ചു. Working for God. ദൈവത്തിന്റെ വചനം അനുസരിച്ച് പ്രവർത്തിച്ചു. പ്രിയപ്പെട്ടവരേ, വചനം കിട്ടിയാൽ പിന്നെ നിങ്ങൾ മടിക്കരുത്. പിന്നെ നിങ്ങൾ താമസിക്കരുത്. വചനം അനുസരിച്ചുകൊള്ളൂ. ഒന്നും സംശയിക്കണ്ട. വചനം കണ്ണുമടച്ച് സ്വീകരിക്കുക. കണ്ണുമടച്ചങ്ങ് അനുസരിക്കുക. വചനത്തിൽനിന്ന് നിങ്ങൾക്ക് എന്തെങ്കിലും കിട്ടിയോ, ഭാഗ്യം! അതങ്ങ് അനുസരിച്ചാൽ മതി.

മറ്റൊന്നും നിങ്ങൾ ചെയ്യണ്ട. വചനാനുസൃതമായി മുന്നോട്ടു പോകുവാൻ നിങ്ങൾ തീരുമാനമെടുക്കുക. നോഹ ഈ വചനം അനുസരിച്ച് പെട്ടകം തീർക്കാനുള്ള പരിപാടികളെല്ലാം ആസൂത്രണം ചെയ്തു. കൃത്യമായി ദൈവം പറഞ്ഞതു പോലെ തന്നെ പെട്ടകം തീർത്തു. അതിന്റെ അളവ്, നീളം, വീതി, ഉയരം, തട്ടുകൾ! എല്ലാം കൃത്യമായിട്ട് മൂന്ന് തട്ടായിട്ട് ഉണ്ടാക്കണം. നടുവിലത്തെ തട്ടിൽ ഒരു വാതിൽ വേണം. മുകളിലത്തെ തട്ടിൽ ഒരു ജനൽ (കിളിവാതിൽ) വേണം. ഇതെല്ലാം പറഞ്ഞതുപോലെ നോഹ ഒരല്പം പോലും

തെറ്റാതെ മുഴുവനായി അനുസരിച്ചു.

പ്രിയപ്പെട്ടവരേ, നമ്മുടെ ജീവിതത്തിൽ ദൈവത്തിനുവേണ്ടി പ്രവർത്തിക്കാൻ സാധിക്കുമോ? നാം അതിനുവേണ്ടി പ്രവർത്തിച്ചിട്ടുണ്ടോ? കർത്താവിനുവേണ്ടി എന്തെങ്കിലും ചെയ്യുവാൻ നമുക്കു തോന്നിയിട്ടുണ്ടോ? തന്നാലാവത് ചെയ്യണമെന്ന് നിങ്ങൾക്ക് ആർക്കെങ്കിലും ആഗ്രഹം ഉണ്ടായിട്ടുണ്ടോ? യേശുവിനുവേണ്ടി എനിക്ക് എന്ത് ചെയ്യാൻ പറ്റും? വളരെ ചുരുങ്ങിയ ഒരു ആയുസ്സാണ് എനിക്കുള്ളത്.

ഈ നിസ്സാരമായ ആയുഷ്ക്കാലം എന്നാണ് തീരുന്നത്? അറിയാൻ വയ്യാ. ചിലരെല്ലാം വാർദ്ധക്യത്തിലേക്ക് ആയിക്കഴി ഞ്ഞിരിക്കുന്നു. വൈകുന്നേരമാകുന്നു എന്ന് പറയും. പണ്ട് എന്റെ അമ്മ പറയാറുണ്ട്: വൈകുന്നേരമായല്ലോ, ഇനി അസ്തമിക്കാൻ എത്രനേരം? കാരണം, തീരാൻ പോവുകയാണ്. സൂര്യൻ ചാഞ്ഞ് ചാഞ്ഞ് പോകുന്നു എന്ന് പറയുന്നതുപോലെ ജീവിതത്തിന്റെ അവസാന കാലയളവിലേക്കു കടക്കുന്ന അനേകം ആളുകളുണ്ട്.

ഇന്ന് യുവാക്കളാണെങ്കിൽ പോലും നിങ്ങളുടെ ജീവിതത്തിൽ എത്ര ആയുസ്സുണ്ട് എന്ന് ആർക്കറിയാം? ഉള്ള കാലം യേശുവേ, നിനക്കുവേണ്ടി എനിക്ക് പ്രവർത്തിക്കണം. എന്റെ യേശുവിനു പ്രയോജനകരമായി, യേശുവിന്റെ മഹത്വത്തിനു വേണ്ടി എന്തു ചെയ്യാൻ സാധിക്കും? യേശുക്രിസ്തുവിന്റെ മഹത്വത്തിനുവേണ്ടി എന്തെല്ലാം എനിക്ക് നിവൃത്തിക്കാൻ സാധിക്കും?

“അവൾ തന്നാൽ ആവത് ചെയ്തു” എന്ന് മഗ്ദലന മറിയാമിനെക്കുറിച്ച് പറയുന്നുണ്ട്. അവൾ ഇരുന്നൂറ് വെള്ളിക്കാശിന് വിലയുള്ള സ്വച്ഛജഡാമാംസി തൈലം കൊണ്ടുവന്ന് പൊട്ടിച്ച് യേശുവിന്റെ കാൽക്കൽ പൂശി. ക്രിസ്തുവിന് സുഗന്ധം നൽകാൻ, ക്രിസ്തുവിന് സന്തോഷം നൽകാൻ ക്രിസ്തുവിന് സമാധാനം നൽകാൻ, നമ്മെക്കൊണ്ട് എന്താകും? അത് ചെയ്യുക. അത് നമ്മുടെ ജീവിതത്തിന്റെ

വ്രതമായി മാറട്ടെ.

നിങ്ങളുടെ ജീവിതത്തിൽ ഇന്നുവരെ ക്രിസ്തുവിന്റെ മഹത്വത്തിനുവേണ്ടി എന്തെങ്കിലും ചെയ്തുവോ? ചെയ്തെങ്കിൽ തന്നെ സ്വന്ത മഹത്വം അതിന്റെ പിന്നിൽ ഉണ്ടായിരുന്നില്ലേ?

ഞാൻ ഓർക്കുന്നു; ആദ്യകാലത്ത് ഞാൻ കൺവെൻഷന് സുവിശേഷം പ്രസംഗിച്ച് നടന്ന കാലങ്ങളിലേക്ക് പിന്നീട് തിരിഞ്ഞുനോക്കിയപ്പോൾ എന്തുമാത്രം ലജ്ജിക്കാൻ വകയുള്ള കാര്യങ്ങൾ! ഞാൻ പ്രസംഗിച്ചു പക്ഷേ, ആ പ്രസംഗത്തിന്റ പിന്നിൽ പോലും എന്റെ ഒരു സ്വന്തമഹത്വം, സ്വന്തം പേര്, സ്വന്തം സ്ഥാനം, സ്വന്തം മാനം, സ്വന്തം അംഗീകരണം, എന്നെ ആളുകൾ അംഗീകരിക്കണം, ആളുകൾക്ക് എന്നെ പ്രിയമാകണം, ആളുകൾക്ക് എന്നെ വില വേണം, ആളുകളുടെ മുമ്പിൽ ഞാൻ പ്രസിദ്ധനായിത്തീരണം എന്നിങ്ങനെയുള്ള സ്വയത്തിന്റെ വലിയൊരു ഭീകരശക്തി എന്നെ അമർത്തി വച്ചിരിക്കുകയായിരുന്നു.

കർത്താവേ, ഞാൻ ആ പറഞ്ഞ വാക്കിൽ, അതിന്റെ പിന്നിൽ ഒളിഞ്ഞ് ഒരു സ്വയം ഉണ്ടായിരുന്നല്ലോ. കർത്താവേ, എന്നോട് ക്ഷമിക്കണമേ. ഞാൻ നിങ്ങളോട് തുറന്ന് പറയട്ടെ. ഞാനും പൂർണ്ണനല്ല. ഞാനും ബലഹീനനാണ്. ഞാനും തികഞ്ഞവനായില്ല.

പക്ഷേ ഒന്നെനിക്കറിയാം, നിരന്തരം ഈ പോരാട്ടത്തിൽ കർത്താവ് കൈപിടിച്ച് മുന്നോട്ട് നടത്തിക്കൊണ്ട് പോവുകയാണ്. ഒരണുവിൽപോലും തെറ്റ് പറ്റാതെ നിൽക്കുവാനുള്ള ഒരു വാഞ്ഛ കർത്താവ് തരുന്നുണ്ട്. ഒരാറ്റം പോലും തെറ്റുപറ്റാതെ യേശുവിന്റെ ഭാവം പൂണ്ട്, യേശുവിന്റെ മനസ്സുള്ളവനായി, യേശുവിന്റെ ആശ നിറവേറ്റാൻ ഈ തലമുറയിൽ നിൽപ്പാൻ ഒരു ആഗ്രഹം കർത്താവ് തരുന്നുണ്ട്.

ഇന്ന് നിങ്ങൾക്ക് ജീവനുള്ള ദൈവത്തോട് ഒരു വാക്ക് പറയാൻ പറ്റുമോ? കർത്താവേ, യേശുവിന്റെ ഭാവത്തിൽ,

യേശുവിന്റെ മഹത്വത്തിനുവേണ്ടി എന്റെ ആയുസ്സ് സമ്പൂർണ്ണമായി ചെലവഴിക്കപ്പെടണം. നിങ്ങൾ ഓരോരുത്തരും ദയവായി ചിന്തിക്കൂ. എന്തുനേടി നിങ്ങൾ? ഒരുപക്ഷേ, വീടുകൾ വച്ചു, വിവാഹം കഴിഞ്ഞു, മക്കളെ പഠിപ്പിച്ചു, മക്കൾക്ക് വിവാഹം കഴിച്ച് കൊടുത്തു, മക്കൾക്ക് വീടുവച്ച് കൊടുത്തു, തോട്ടങ്ങൾ വാങ്ങിച്ചു, കൃഷി നടത്തി, ബിസിനസ്സ് നടത്തി, അല്ല നിങ്ങൾ കുടുംബകാര്യങ്ങൾ നോക്കി, ഭർത്താവിനെ പരിചരിച്ചു, മക്കളെ നോക്കി, മക്കളുടെ കാര്യങ്ങൾ അന്വേഷിച്ചു, ആഹാരങ്ങൾ തയ്യാറാക്കി, നല്ല വിഭവസമൃദ്ധമായ ഭോജനങ്ങൾ തയ്യാറാക്കി അതിഥികളെ സൽക്കരിച്ചു. പലതും പലതും ചെയ്തു, ശരി.

പക്ഷേ, നിത്യതയിലേക്ക് മുതൽക്കൂട്ടായി എന്തുണ്ട് നിങ്ങളുടെ ജീവിതത്തിൽ? ഇന്ന് കടന്നുപോയാൽ നിത്യതയി ലേക്ക് സമ്പത്തായിട്ട് എന്ത് നിങ്ങളുടെ കൈവശമുണ്ട്?

അതോർക്കുമ്പോൾ ഒരു യാഥാർത്ഥ്യം ഞാൻ മനസ്സിലാക്കുന്നു. നിത്യതയിലേക്ക് നിലനിൽക്കുന്നത് ഒന്നും ഞാൻ സമ്പാദിച്ചില്ലല്ലോ. ഞാൻ നമസ്കാരങ്ങൾ ചൊല്ലി, കുരിശ് വരച്ചു, പള്ളിയിൽ പോയി, കുർബ്ബാന കണ്ടു. കുർബ്ബാന കൊണ്ടു, കുമ്പസാരിച്ചു, നോമ്പ് നോക്കി, ഞാൻ പല പല പുണ്യപ്രവൃത്തികളും ചെയ്തു. ഞാൻ കരോൾ ഗാനങ്ങൾ പാടി, ഈസ്റ്റർ സർവ്വീസിൽ പങ്കെടുത്തു, പ്രാർത്ഥനായോഗങ്ങളിൽ പങ്കെടുത്തു. കർത്താവേ, ഞാൻ പലതും പലതും ചെയ്തു. എന്നാൽ എന്റെ ആത്മാവിന്റെ നിത്യതക്കുവേണ്ടി ഞാൻ ഒന്നും നേടിയില്ലല്ലോ.

എന്റെ ജീവിതം സംശുദ്ധമായില്ലല്ലോ. എന്റെ ജീവിതം ക്രിസ്തുവിന്റെ സ്വഭാവം ആയില്ലല്ലോ. നാഥാ, നീ എന്നോട് ക്ഷമിക്കണമേ. കരുണയുള്ള കർത്താവേ, നിന്റെ കൃപയാൽ നീ എന്നെ രൂപാന്തരപ്പെടുത്തിയെടുക്കണമേ. യേശുവിനുവേണ്ടി പ്രവർത്തിക്കാൻ യേശുവിന്റെ മഹത്വം എന്റെ ലാക്കാക്കി ത്തീർക്കണമേ. എന്റെ മഹത്വമല്ല, എന്റെ ഇഷ്ടമല്ല, എന്റെ

ലാക്കല്ല, യേശുവിന്റെ മഹത്വം ലാക്കാക്കിത്തീർക്കുന്നു.

**"ആകയാൽ നിങ്ങൾ തിന്നാലും കുടിച്ചാലും എന്തു ചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്‌വിൻ" 1 കൊരിന്ത്യർ 10 : 31**

കൊലൊസ്യർ ലേഖനം 3-ാം അദ്ധ്യായത്തിൽ അപ്പൊസ്തലൻ പറയും:

**"വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിനു സ്തോത്രം പറഞ്ഞും കൊണ്ടിരിപ്പിൻ." കൊലൊസ്യർ 3 : 17**

ദൈവമഹത്വത്തിനായി പ്രവർത്തിക്കാൻ എനിക്കിടയായത് കർത്താവിന്റെ കൃപയാണ്. അത് യേശു മുഖാന്തരമാണ്. അതുകൊണ്ട് യേശുവിന്റെ നാമത്തിൽ പിതാവിനെ ഞാൻ സ്തുതിക്കുന്നു. യേശുവിന്റെ കൃപയാലാണിത് സാധിച്ചത്. യേശുവിന്റെ തിരുരക്തത്തിന്റെ ശക്തിയാലാണ് എനിക്കിത് സാധിച്ചത്. കർത്താവേ, ഞാൻ നിന്നെ സ്തുതിക്കുന്നു.

**"ഞാൻ അതിസന്തോഷത്തോടെ നിങ്ങളുടെ ജീവനു വേണ്ടി ചെലവിടുകയും ചെലവായിപ്പോകയും ചെയ്യും." 2 കൊരിന്ത്യർ 12 : 15**

ക്രിസ്തുവിന്റെ മഹത്വത്തിനായി ചെലവഴിക്കപ്പെടുക. അങ്ങനെ മറ്റുള്ളവർക്കുവേണ്ടി ചെലവഴിക്കപ്പെടുക. Working for God. ദൈവത്തിനുവേണ്ടി പ്രവർത്തിക്കുന്നു. നോഹ പെട്ടകം ഒരുക്കി. പെട്ടകമെല്ലാം തയ്യാറായി. എല്ലാം പറഞ്ഞതു പോലെ തന്നെ. ദൈവം കാണിച്ച മാതൃകപ്രകാരം തന്നെ എല്ലാം ചെയ്തു.

ദൈവത്തിന്റെ വിശുദ്ധന്മാരെല്ലാം ദൈവത്തിന്റെ വചനത്തിന്റെ വള്ളിയും പുള്ളിയും മാനിച്ചിരുന്നു. ദൈവം കല്പിച്ച പ്രകാരമല്ലാതെ ഒരണുവിട മാറിയില്ല.

നിങ്ങളെങ്ങനെയുണ്ട്? നിങ്ങൾക്ക് തെറ്റുകൾ പറ്റുന്നുണ്ടോ? നിങ്ങളുടെ ഇഷ്ടത്തിനൊത്തവണ്ണം നിങ്ങൾ സ്വന്തമായി വാക്കുകൾ കൂട്ടുന്നുണ്ടോ? ദൈവത്തിന്റെ വചനത്തിലെ വാക്കുകൾ വളച്ചൊടിക്കുന്നുണ്ടോ? ആരോ പറഞ്ഞു: യേശുക്രിസ്തു പച്ചവെള്ളം വീഞ്ഞാക്കിയില്ലേ? മേൽത്തരം വീഞ്ഞായി എന്നാണ് പറയുന്നത്. അപ്പോൾ നല്ല ലഹരിയുള്ളത് കുടിക്കാം കുഴപ്പമില്ല എന്ന്. അപ്പൊസ്തലനായ പൗലോസ് തിമോത്തിയോസിനോട് പറഞ്ഞിട്ടുണ്ട്: “നിന്റെ അജീർണ്ണതയും കൂടെക്കൂടെയുള്ള ക്ഷീണവും നിമിത്തം അൽപ്പം വീഞ്ഞും സേവിച്ചുകൊൾക” എന്ന്. അതുകൊണ്ട് അല്പമാകാം അധിക മാകരുതെന്നേയുള്ളൂ.

അവരവരുടെ ഇഷ്ടത്തിനൊപ്പിച്ച് വചനത്തെ വളച്ചൊടിക്കുന്ന സ്വഭാവപ്രകൃതിയുള്ളവർ. വചനത്തെ അവരുടെ ഹിതത്തിനൊത്തവണ്ണം യോജിപ്പിച്ചെടുക്കുകയാണ്. സഹോദരങ്ങളേ, വചനം നിങ്ങളുടെ ഇഷ്ടത്തിനൊത്തവണ്ണം വളയ്ക്കാനുള്ളതല്ല. നിങ്ങളുടെ ഇഷ്ടത്തിന് ഒഴിവാക്കിയെടു ക്കാനുള്ളതല്ല.

മൂന്നാമത്തെ കാര്യം, Witnessing God. നോഹ ദൈവത്തെ സാക്ഷിച്ചു. നീതിപ്രസംഗിയായ നോഹ, നൂറ്റി ഇരുപത് കൊല്ലം പ്രസംഗിച്ചു. ആ സമൂഹത്തിൽ പ്രസംഗിക്കുക എന്ന് പറഞ്ഞാൽ വളരെ വിഷമമാണ്. കാരണം, അന്നത്തെ സമൂഹം മുഴുവൻ ദുഷ്ടത നിറഞ്ഞ സമൂഹമാണ്.

**“പുരാതന ലോകത്തെയും ആദരിക്കാതെ ഭക്തി കെട്ടവരുടെ ലോകത്തിൽ ജലപ്രളയം വരുത്തിയപ്പോൾ നീതിപ്രസംഗിയായ നോഹയെ ഏഴു പേരോടുകൂടെ പാലിക്കയും”** **2 പത്രോസ് 2 : 5**

നീതിപ്രസംഗിയായ നോഹയെ ദൈവം ഏഴുപേരോടു കൂടെ പാലിച്ചു. എവിടെയാണ് പാലിച്ചത്? ഭക്തികെട്ടവരുടെ ലോകത്തിൽ! ഭക്തികെട്ടവരുടെ ലോകത്താണ് നോഹ ജീവിച്ചത്. സമൂഹം മുഴുവൻ എതിരാണ്. ദൈവത്തിന്റെ വചനത്തിന് വിരുദ്ധമാണ്. എല്ലാവരും ദൈവത്തെ

വെറുക്കുകയാണ്; ദൈവവചനത്തെ തുച്ഛീകരിക്കുകയാണ്. എല്ലാവരും ദൈവത്തോട് കൂടെയുള്ളവരെ കളിയാക്കുകയാണ്.

ഇന്നും അങ്ങനെയാണ്. ഇന്നും സത്യവചനത്തെ അനുസരിച്ച് പോകുന്നവരെ പരിഹസിക്കുന്ന ലോകമല്ലേ? കൂട്ടായ്മക്കാർ പോലും പരിഹസിക്കുന്നു. സഭകൾ പരിഹസിക്കുന്നു. ആർക്കുണ്ട് സത്യവിശ്വാസികളെ വില? സത്യവിശ്വാസികളെ ഒടുക്കാനല്ലയോ ശ്രമിക്കുന്നത്?

പ്രിയപ്പെട്ടവരേ, അന്ന് ഒന്നാം നൂറ്റാണ്ടിൽ അപ്പൊസ്തലന്മാർ, വിശുദ്ധന്മാർ രക്തസാക്ഷികളായിത്തീർന്നു എന്ന് പറയുന്നതുപോലെ അനേകമനേകം പേർ ഇന്ന് ക്രിസ്തുവിന്റെ നാമത്തിൽ രക്തസാക്ഷികളായിത്തീരുകയാണ്. നിന്റെ നിമിത്തം ഇടവിടാതെ ഞങ്ങളെ കൊല്ലുന്നു എന്നാണ് വേദപുസ്തകം പറയുന്നത്.

**"നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു; അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു" എന്ന് എഴുതിയിരിക്കുന്നുവല്ലോ. റോമർ 8 : 36**

അറുക്കാനുള്ള ആട്! കൊന്നു കഴിഞ്ഞാൽ തീർന്നില്ലേ? പക്ഷേ, ആടിനെ കൊന്നുകളയാനായിട്ട് നിർത്തിയിരിക്കുകയാണ്. എന്താണടുത്തത് സംഭവിക്കാൻ പോകുന്നത്? എപ്പോഴും ഇനിയെന്ത്? ഇനിയെന്ത്? അങ്ങനെയൊരു വാൾമുനത്തലപ്പിലാണ് നിൽക്കുന്നത്.

അനേകം വിശ്വാസികൾ ഇന്ന് കഠിനമായ പീഡയുടെ, കഠിനമായ എതിർപ്പിന്റെ മുമ്പിൽ നിൽക്കുകയാണ്. പിടിച്ചു നിൽക്കണമെങ്കിൽ ക്രിസ്തുവിന്റെ അമിതബലം വേണം; കൃപ വേണം.

കർത്താവായ യേശുക്രിസ്തു അന്ന് കുരിശ് വഹിച്ചു പോയപ്പോൾ ആരും കൂടെ ഉണ്ടായിരുന്നില്ല. യേശു ഏകനായി കുരിശ് ചുമന്നുകൊണ്ട് കയറുമ്പോൾ, അപ്പോഴാണ് കുറേനക്കാരനായ ശീമോൻ ചേർന്നു നടന്നത്. കുറേനക്കാരനായ

ശീമോൻ അത്ഭുതം കൂറി നടന്നതാണ്. എന്തിന് ഈ മനുഷ്യൻ കുരിശ് ചുമന്നുകൊണ്ടു പോകുന്നു!

വേച്ചുവേച്ച് വീഴുന്നു. ചാട്ടവാർ പുറത്ത് ആഞ്ഞുകൊള്ളുന്നു. ആ ശരീരം വിണ്ട് കീറുന്നു. യേശു ഭാരപ്പെട്ട് കുരിശ് വീണ്ടും ചുമന്നുകൊണ്ട് കയറുന്നു. ശീമോന് അത്ഭുതം തോന്നി. അതേസമയം ആദരവും സഹതാപവും തോന്നി. കുറേനക്കാരനായ ശീമോൻ, അങ്ങ് കുറേനയിൽ നിന്ന്, ആഫ്രിക്കയുടെ വടക്കേ ഭാഗത്തുള്ള ലിബിയയുടെ സമീപപ്രദേശത്തുനിന്നു വന്ന് യെരൂശലേമിൽ കുടിയേറിപ്പാർക്കുന്നവനാണ്. അവിടെ കുടിയേറിപ്പാർക്കുന്ന ശീമോൻ പെസഹാപെരുന്നാളിന് ജനക്കൂട്ടം വരുന്ന കൂട്ടത്തിൽ വന്നുചേർന്നതാണ്.

ഈ ശീമോൻ വയലിൽനിന്ന് വരുന്നവനാണ്, കൃഷിക്കാരനാണ്, പാവപ്പെട്ട കർഷകനാണ്. നല്ല ദൃഢമായ മാംസപേശികൾ ഉണ്ട്. ജോലിചെയ്തു തഴമ്പിച്ച കൈകളുണ്ട്. നല്ല ആരോഗ്യത്തികവുണ്ട്. ശീമോൻ ചേർന്ന് നടക്കുകയാണ്. പടയാളികൾക്ക് തോന്നി ഇവനെക്കൊണ്ട് ഒന്ന് താങ്ങിച്ചാൽ വേഗം മലയുടെ മുകളിൽ എത്താമല്ലോ. ശീമോനെ നിർബ്ബന്ധിച്ചു. ശീമോൻ ചെന്ന് ആ കുരിശിന്റെ അറ്റം താങ്ങി.

യേശു കുരിശുംപേറി പോകുമ്പോൾ ആരും കൂടെ ഉണ്ടായിരുന്നില്ല. ശീമോൻ കുരിശു താങ്ങി. എവിടെപ്പോയി ശിഷ്യന്മാർ? കൂടെ നടന്നവർ എവിടെപ്പോയി? അത്ഭുതം കണ്ടവർ എവിടെപ്പോയി?

അത്ഭുതം അനുഭവിച്ചവർ എവിടെപ്പോയി? എല്ലാവരും അവരുടെ കാര്യം മാത്രം നോക്കി മാറിനിന്നു. എന്നാൽ ശീമോൻ യേശുവിന്റെ കുരിശോടു ചേർന്നുനടന്നു. യേശുവിന്റെ കുരിശിന്റെ അറ്റം താങ്ങി. നിങ്ങളുടെ മുമ്പിൽ ഈ വെല്ലുവിളി നിൽക്കുകയാണ്.

യേശുവിന്റെ തിരുശരീരത്തിലെ മുറിവുകളിൽ നിന്ന് ഒഴുകുന്ന ആ തിരുരക്തത്തിന്റെ ചാലുകൾ കുരിശിൽക്കൂടി

ഒഴുകിയൊഴുകി വന്ന് ശീമോന്റെ ദേഹത്ത് വന്ന് നനയുന്നുണ്ട്. ആ കുരിശിൽക്കൂടി യേശുവിന്റെ തിരുശരീരത്തിൽ നിന്ന് വരുന്ന തിരുരക്തത്തിന്റെ തുള്ളികൾ ശീമോന്റെ ദേഹത്ത് തൊട്ടപാടെ ശീമോന്റെ ദേഹമാസകലം രോമാഞ്ചമണിയുന്നുണ്ട്. ശീമോന്റെ ശരീരത്തിലേക്ക് വന്ന ആ തിരുരക്തത്തിന്റെ തുള്ളികൾ ശീമോന്റെ പാപങ്ങളെല്ലാം കഴുകുന്നുണ്ട്. ആ തിരുരക്തത്തിന്റെ തുള്ളികളാൽ ശീമോന്റെ പഴയ ജീവിതം മാറുന്നുണ്ട്. ശീമോൻ ആള് മാറുകയാണ്.

യേശുവിന്റെ തിരുശരീരത്തിൽനിന്ന് ഒഴുകുന്ന തിരുരക്തത്താൽ നിങ്ങളുടെ പാപങ്ങൾ കഴുകണമോ? കഴിഞ്ഞകാല ജീവിതം മാറണമോ? നിങ്ങൾക്കൊരു പുതിയ ജീവിതം കിട്ടണമോ? നിങ്ങൾക്കൊരു സമാധാനജീവിതം വേണമോ? സന്തോഷജീവിതം വേണമോ? നിത്യതയിലേക്ക് മുതൽക്കൂട്ടായ ജീവിതം വേണമോ? എങ്കിൽ നിങ്ങൾ ആ കുരിശിനോട് ചേർന്ന് നടക്കൂ. ആ പീഡയേൽക്കാൻ, നിന്ദയേൽക്കാൻ, കുരിശിലെ യാതനയേൽക്കാൻ നിങ്ങൾ തയ്യാറാകൂ.

നാഥാ, ഞാനുമുണ്ട്. ഇത്രയും കാലം ഞാൻ കുരിശിനെ നിരസിച്ചതാണ്. വേണ്ടാ, വേണ്ടാ എന്നുപറഞ്ഞ് ഞാൻ മാറിയതാണ്. എനിക്ക് മനുഷ്യരുടെ ബഹുമാനം മതി എന്ന് ഓർത്തതാണ്. ആളുകൾ എന്നെ കളിയാക്കുമ്പോൾ ഞാൻ വാടിയതാണ്. മനുഷ്യർ എന്നെ പരിഹസിച്ചപ്പോൾ ഞാൻ മനസ്സ് മടുത്തവനാണ്. യേശുവേ, ഞാനിതാ പുതിയ തീരുമാനമെടുക്കുന്നു.

ഞാൻ ചേർന്നുവരുന്നു. ഞാൻ ഇനി വാടുകയില്ല. ഞാനിനി തളരുകയില്ല. ഞാൻ സന്തോഷത്തോടെ കുരിശ് വഹിച്ചുകൊള്ളാം. ചേർന്ന് നടന്നു കൊള്ളാം. കർത്താവേ. കുരിശും പേറി പോകുന്നവന്റെ പിന്നാലെ, ഈ യാതനയുടെ വഴിയിൽക്കൂടി പോകുന്നവന്റെ പിന്നാലെ, ആർക്കും വേണ്ടാത്തവനായി പോകുന്നവന്റെ പിന്നാലെ, അരക്കാശിന്

ഗതിയില്ലാത്തവനായി, തല ചായ്ക്കാൻ ഇടമില്ലാത്തവനായി പോകുന്നവന്റെ പിന്നാലെ നാഥാ, ഞാനുമിതാ വരുന്നു.

നാഥാ, ഞാനൊരാൾ ഒരു വിശുദ്ധനായി ജീവിച്ചുകൊണ്ട്, നിന്ദ പുഞ്ചിരിയോടെ ഏറ്റുകൊണ്ട് കുരിശുംപേറി വരുന്നു. യേശുവേ, നിന്റെ കരങ്ങൾ എന്നെ തൊടണമേ. നിന്റെ കരങ്ങളിൽ എന്നെ വഹിക്കണമേ. തിരുരക്തതുള്ളികളാൽ എന്റെ കഴിഞ്ഞകാലജീവിതം കഴുകണമേ. കഴിഞ്ഞകാല ജീവിതം മാറ്റിമറിയ്ക്കണമേ. എന്നെ പുതിയ സൃഷ്ടിയാക്കി മാറ്റണമേ. കുടുംബസമാധാനം നൽകണമേ.

കുറേനക്കാരനായ ശീമോന്റെ മക്കളായ രൂഫൊസും അലെക്സന്തരും അനുഗ്രഹിക്കപ്പെട്ടതുപോലെ എന്റെ മക്കളും അനുഗ്രഹിക്കപ്പെടണമേ. എന്റെ മക്കളുടെ മക്കളും അനുഗ്രഹിക്കപ്പെടുമാറാകണമേ. തലമുറകളെ അനുഗ്രഹിക്കണമേ.

കുറേനക്കാരനായ ശീമോന്റെ ഭാര്യ എന്റെയും അമ്മയാണ് എന്ന് പൗലോസ് ശ്ലീഹാ പറയത്തക്കവണ്ണം, പൗലോസ് ശ്ലീഹായ്ക്ക് ആത്മീയമായി ഒരു മാതാവിനെപ്പോലെ കാണത്തക്കവണ്ണം അനുഗൃഹീതയും ശ്രേഷ്ഠയുമായിത്തീർന്നതുപോലെ യേശുവേ, എന്റെ കുടുംബജീവിതവും ധന്യവും മഹത്വപൂർണ്ണവുമാക്കിത്തീർക്കണമേ. നിത്യതയിലേക്ക് നിലനിൽക്കുന്ന സൗഭാഗ്യസമ്പത്ത് എന്നെ ഭരമേൽപ്പിക്കണമേ.

# പന്ത്രണ്ട്

**"വിശ്വാസത്താൽ നോഹ അതുവരെ കാണാത്തവയെക്കുറിച്ച് അരുളപ്പാടുണ്ടായിട്ട് ഭയഭക്തി പൂണ്ടു തന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായിട്ട് ഒരു പെട്ടകം തീർത്തു."**

**എബ്രായർ 11 : 7**

ദൈവത്തിന്റെ വചനം കേട്ടപ്പോൾ ഭയഭക്തി പൂണ്ടു. ദൈവത്തിന്റെ വചനം കേട്ടപ്പോൾ വിറകൊണ്ടു. വചനം വിശ്വസിച്ചു, വചനം അനുസരിച്ചു. വിശ്വാസത്താൽ നോഹ അതുവരെ കാണാത്തവയെക്കുറിച്ച് അരുളപ്പാടുണ്ടായിട്ട് ഒരു പെട്ടകം തീർത്തതുകൊണ്ട് തന്റെ കുടുംബത്തെ രക്ഷപ്പെടുത്തി. നോഹ വിശ്വാസത്താലാണത് ചെയ്ത്. വിശ്വാസത്തിൽ ഉറച്ചു നോഹ.

നോഹയുടെ അപ്പന്റെ പേര് ലാമേക്ക്, ലാമേക്കിന്റെ അപ്പന്റെ പേര് മെഥൂശലഹ്, മെഥൂശലഹിന്റെ അപ്പന്റെ പേര് ഹാനോക്ക്. ഹാനോക്കിന്റെ മകനായ മെഥൂശലഹിന്റെ മകനായ ലാമേക്കിന്റെ മകനാണ് നോഹ. നോഹയുടെ വലിയ അപ്പൂപ്പനാണ് ഹാനോക്ക്.

ഹാനോക്ക് ദൈവത്തെ വിശ്വസിച്ച ദൈവപൈതലായിരുന്നു.

**"ഹാനോക്കിന് അറുപത്തഞ്ചു വയസ്സായപ്പോൾ അവൻ മെഥൂശലഹിനെ ജനിപ്പിച്ചു. മെഥൂശലഹിനെ ജനിപ്പിച്ച ശേഷം ഹാനോക്ക് മുന്നൂറു സംവത്സരം ദൈവത്തോടു കൂടെ നടക്കയും പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിക്കയും ചെയ്തു."**

**ഉല്പത്തി 5 : 21, 22**

ഹാനോക്കിന് മുന്നൂറ്റി അറുപത്തിഅഞ്ച് വയസ്സായിരുന്നു ആയുഷ്ക്കാലം. ആ മുന്നൂറ്റി അറുപത്തിഅഞ്ച് വയസ്സ് ആയുഷ്ക്കാലത്തിൽ അറുപത്തഞ്ച് വയസ്സ് വരെയും ദൈവത്തെ അറിയാത്തവനായി ജീവിച്ചു. ഹാനോക്കിന്റെ ജീവിതത്തിലെ ഒരു കാലയളവ് ദൈവബോധമില്ലാതെ, ദൈവവിചാരമില്ലാതെ ജീവിച്ച കാലയളവായിരുന്നു.

എന്നാൽ അറുപത്തഞ്ചാമത്തെ വയസ്സിൽ മെഥൂശലഹിനെ ജനിപ്പിച്ച ശേഷം ഹാനോക്ക് ജീവിതത്തിൽ വ്യക്തമായ ഒരു സമർപ്പണത്തിലേക്ക് വന്നു. ജീവനുള്ള ദൈവത്തിനായി തന്റെ ആയുസ്സ് സമർപ്പിച്ചു. പിന്നീടുള്ള മുന്നൂറ് സംവത്സരം ഹാനോക്ക് ദൈവത്തോട് കൂടെ നടന്നു.

പ്രിയപ്പെട്ടവരേ, നമ്മിൽ എല്ലാവർക്കുമുണ്ട് ഇതുപോലെ ഒരു പൂർവ്വകാലം. ദൈവത്തെ അറിയാത്ത, ദൈവത്തെ വേണ്ടതുപോലെ വിശ്വസിക്കാത്ത, ലോകത്തിന്റെ ഗതിവിഗതികൾ ക്കൊത്തവണ്ണം ജീവിച്ചൊരു കാലം. പാപത്തിന്റെ അടിമത്വത്തിൽ, അന്ധവിശ്വാസത്തിലും അബദ്ധാചാരങ്ങളിലും കുടുങ്ങിക്കിടന്ന ഒരു കാലം!

ദുരാചാരങ്ങളുടെ നീരാളിപ്പിടുത്തത്തിൽ അമർന്നു പോയ ഒരു കാലം. നമുക്കെല്ലാമുണ്ട് അന്ധതയുടെ, അന്ധകാരത്തിന്റെ കാലം. എന്നാൽ ഭാഗ്യവശാൽ നമുക്ക് ദൈവത്തിന്റെ വചനം കേൾക്കാൻ ഇടയായി. വചനം കേട്ട് ജീവിതം ക്രിസ്തുവിന് സമർപ്പിക്കാൻ ഇടയായതുകൊണ്ട് സൗഭാഗ്യജീവിതത്തിന്റെ പുതിയ വഴിത്താരയിലേക്ക് കടന്നു വരാൻ ഇടയായി. ഒരു പുതിയ ജീവിതഗതി കൈക്കൊള്ളാൻ ഇടയായി.

ഭാഗ്യമായിപ്പോയി. ദൈവവഴിയിലേക്ക് തിരിഞ്ഞു. നിങ്ങളിലാരെങ്കിലും ദൈവവഴിയിലേക്ക് തിരിയാത്തവരുണ്ടോ? ഇതുവരെയും ജീവിതം ക്രിസ്തുവിന് സമർപ്പിക്കാത്തവരുണ്ടോ?

ഇതുവരെയും ദൈവത്തോട് ഒരു വാക്ക് പറയാത്തവരുണ്ടോ? എങ്കിൽ ഇപ്പോൾ ഏറ്റവും പറ്റിയ സന്ദർഭമാണ്.

**"പ്രസാദകാലത്ത് ഞാൻ നിനക്ക് ഉത്തരം അരുളി; രക്ഷാദിവസത്തിൽ ഞാൻ നിന്നെ സഹായിച്ചു എന്ന് അവൻ അരുളിച്ചെയ്യുന്നുവല്ലോ. ഇപ്പോൾ ആകുന്നു സുപ്രസാദ കാലം; ഇപ്പോൾ ആകുന്നു രക്ഷാദിവസം." 2 കൊരിന്ത്യർ 6 : 2**

ഇത് രക്ഷാദിവസമാണ്. ദൈവം ഉണ്ടാക്കിയ ദിവസമാണ്. ദൈവം നമുക്ക് കരുതിത്തന്നിരിക്കുന്ന ദിവസമാണ്. നാം ജീവിതം കർത്താവിന് സമർപ്പിക്കാൻ ഇനി വൈകരുത്. ഉടയവന്റെ കൈകളിലേക്ക് ജീവിതം കൈമാറാൻ വൈകരുത്.

ജീവിതത്തിന്റെ ഭാവി മുഴുവനും ക്രിസ്തുവിനെ ഏൽപ്പിക്കാൻ വൈകരുത്. ക്രിസ്തുവിന്റെ കരങ്ങളിലേക്ക് നമ്മെ കൊടുക്കുക. ഹാനോക്ക് 65–ാമത്തെ വയസ്സിൽ ജീവിതം സ്വർഗ്ഗീയപിതാവിന്റെ കരങ്ങളിലേക്ക് ഏൽപിച്ചു. ദൈവത്തോടുകൂടെ നടക്കാൻ തുടങ്ങി. എന്തൊരത്ഭുതം! ഹാനോക്ക് ദൈവത്തോടുകൂടെ നടക്കാൻ തുടങ്ങിയപ്പോൾ ഹാനോക്കിന്റ മകൻ മെഥൂശലഹിന് അതൊരു അനുഭവ പാഠമായിത്തീർന്നു.

മെഥൂശലഹ് അപ്പന്റെ നടപ്പ് കണ്ടു. അപ്പന്റെ ജീവിതം കണ്ടു. ദൈവത്തോടു കൂടെ നടക്കുന്ന ഒരപ്പൻ! എന്തൊരു ഭാഗ്യമാണ് ആ കുടുംബം! മകനും ആ വഴിയിൽക്കൂടി നടക്കാൻ തുടങ്ങി. മെഥൂശലഹിന് ശേഷം ലാമേക്കും അപ്പന്റെ വഴിയിൽ നടക്കാൻ തുടങ്ങി. ലാമേക്ക് ആ അനുഗ്രഹം അടുത്ത തലമുറയ്ക്ക് കൈമാറി. അങ്ങനെയാണ് നോഹയ്ക്ക് ദൈവത്തോട് കൂടെ നടക്കുന്നതിനുള്ള ഭാഗ്യം ലഭിച്ചത്.

തലമുറ തലമുറയായി അനുഗ്രഹം കൈമാറുകയാണ്. സ്വർഗ്ഗീയ രാജാധിരാജനോട് ചേർന്നുള്ള നടപ്പ് കൈമാറുക യാണ്. ജീവനുള്ള ദൈവത്തോടുചേർന്നുള്ള ജീവിതം

മറ്റുള്ളവരിലേക്ക്, അനന്തര തലമുറകളിലേക്ക് പകരുകയാണ്.

നാം മക്കൾക്ക് സ്വത്ത് ഭാഗിച്ചുകൊടുക്കുകയില്ലേ? പൂർവ്വികമായി കിട്ടിയ സ്വത്ത് നാം അനന്തരതലമുറയ്ക്ക് കൈമാറുന്നു. എന്നാൽ മരണശേഷം നിലനിൽക്കുന്നത് എന്തെങ്കിലും കൈമാറാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? നിത്യതയിലേക്കുള്ള മുതൽക്കൂട്ട് കൈമാറാൻ കഴിഞ്ഞിട്ടുണ്ടോ? നിത്യതയിലേക്കുള്ള മുതൽക്കൂട്ട് കർത്താവായ യേശു ക്രിസ്തുവാണ്.

യേശുക്രിസ്തുവിനെ കൈമാറുക. മക്കൾക്ക് ക്രിസ്തുവിനെ കൊടുക്കുക. നാം നമ്മുടെ മക്കൾക്ക് വിദ്യാഭ്യാസം കൊടുക്കുന്നുണ്ട്. സമ്പത്ത് സമാഹരിച്ച് കൊടുക്കുന്നുണ്ട്. അവർക്ക് ഒരു ശുഭജീവിതം കൊടുക്കുന്നുണ്ട്. അവർക്ക് ഒരു ക്ഷേമജീവിതത്തിന് നാം കഷ്ടപ്പെടുന്നുണ്ട്, അദ്ധ്വാനിക്കുന്നുണ്ട്.

മക്കൾക്കുവേണ്ടി നാം അദ്ധ്വാനിക്കുന്നില്ലേ? നാം സമ്പാദിക്കുന്നതും കഷ്ടപ്പെടുന്നതും പലതും മക്കൾക്ക് പ്രയോജനപ്പെടുന്നില്ലേ? ഉണ്ട്. എന്നാൽ സ്ഥായിയായ എന്താണ് നാം സമ്പാദിച്ചുകൊടുത്തിട്ടുള്ളത്? അടുത്ത തലമുറയ്ക്ക് കൈമാറാൻ നമ്മുടെ കൈയിൽ എന്തുണ്ട്? ക്രിസ്തുവിനെ സ്വത്തായി നാം സ്വീകരിച്ചിട്ടുണ്ടോ? ക്രിസ്തുവായിരിക്കട്ടെ നമ്മുടെ സമ്പത്ത്.

ക്രിസ്തുവായിരിക്കട്ടെ നമ്മുടെ നിക്ഷേപം. ആ സ്വർഗ്ഗീയ നിക്ഷേപം, ക്രിസ്തുവാകുന്ന മഹിമാധനം നമ്മുടെ തലമുറയിലേക്ക് കൈമാറാൻ കഴിഞ്ഞില്ലെങ്കിൽ നമ്മുടെ ജീവിതം വ്യർത്ഥമാണ്. നമ്മുടെ ജീവിതം പൂജ്യമാണ്. മക്കൾക്ക് വിദ്യാഭ്യാസം കൊടുത്താലോ, ജോലി സമ്പാദിച്ചു കൊടുത്താലോ, ഭൂമി കൊടുത്താലോ, വീട് വച്ച് കൊടുത്താലോ, വിവാഹം നടത്തിക്കൊടുത്താലോ, മക്കളുടെ ഭാവികാര്യങ്ങൾ ക്രമീകരിക്കാൻ ആവുന്നത് നാം

പരിശ്രമിച്ചാലോ എല്ലാം ശവക്കുഴിവരെ മാത്രമേ മക്കൾക്ക് പ്രയോജനപ്പെടുകയുള്ളൂ.

ശവക്കുഴിക്ക് അപ്പുറത്തേക്ക് മക്കൾക്ക് പ്രയോജനപ്പെടണ മെങ്കിൽ നാം ക്രിസ്തുവിനെ കൊടുക്കണം; നിത്യജീവൻ പകരാൻ സാധിക്കണം, നിത്യസ്വർഗ്ഗം പകർന്ന് കൊടുക്കാൻ സാധിക്കണം. നിത്യസൗഭാഗ്യം കൊടുക്കാൻ സാധിക്കണം. എത്രയെത്ര തലമുറ കഴിഞ്ഞാലും കൊഴിഞ്ഞുപോകാത്ത നിത്യസൗഭാഗ്യസമ്പത്ത് കൈമാറാൻ കഴിഞ്ഞില്ലെങ്കിൽ നമ്മുടെ ജീവിതം വ്യർത്ഥമത്രേ.

നോഹ ദൈവത്തിൽ വിശ്വസിച്ചു. അതുകൊണ്ട് ദൈവത്തിന്റെ വചനം കേട്ടപ്പോൾ നോഹയ്ക്ക് സംശയം ഒന്നും ഉണ്ടായില്ല. നോഹയ്ക്ക് വ്യക്തിപരമായ വചനം, Personal Message കിട്ടി. Specific message കിട്ടി. വ്യക്തമായ ദൂത് കിട്ടി. മഴ പെയ്യുമെന്നാണ് ദൂത്. പെട്ടകം ഉണ്ടാക്കുക എന്നതാണ് ദൂത്. നീ അത് പണിയുക എന്നാണ് ദൂത്.

നോഹ പണി തുടങ്ങി. നോഹ പണിയുന്നു. പണിയാൻ ആളുകളെ ആക്കുന്നു. നോഹയിരുന്ന് കൊത്തുകയും മുറിക്കുകയും ആണിയടിക്കുകയുമെല്ലാം ചെയ്യുമ്പോൾ പുറമെ നിന്നുകൊണ്ട് ആളുകൾ പരിഹസിക്കുന്നു. ആളുകൾ കളിയാക്കുന്നു. ഈ വൃദ്ധന് എന്തു പറ്റി? തലയ്ക്ക് കിറുക്കാ യിപ്പോയല്ലോ. എന്തൊരു മണ്ടത്തരമാണ് ഈ മനുഷ്യൻ കാണിക്കുന്നത്?

ഇതുവരെ ഇല്ലാത്ത ഒരു സാധനം! മഴ എന്നു പറഞ്ഞാൽ എന്താണ്? ഇയാൾ പറയുന്നത് വെറും ഭോഷ്ക്കാണ്. നാം ആരും കണ്ടിട്ടില്ലല്ലോ. നാം ആരും കണ്ടിട്ടില്ലാത്ത ഒരു കാര്യത്തെക്കുറിച്ചാണ് ഇയാൾ പറയുന്നത്. നോഹ 120 കൊല്ലം നീതിപ്രസംഗിയായി പ്രസംഗിച്ചുകൊണ്ടിരുന്നു.

ദൈവനീതിയെക്കുറിച്ച് പ്രസംഗിച്ചുകൊണ്ടിരുന്നു.

മനുഷ്യൻ പാപത്തിന്റെ ശിക്ഷ അനുഭവിക്കും എന്നുള്ളതാണ് നീതി. പാപി ശിക്ഷിക്കപ്പെടുക എന്നുള്ളതാണ് നീതി. പാപിക്ക് ശിക്ഷയുണ്ട് എന്നുള്ളതാണ് നീതി. ദൈവനീതിയെക്കുറിച്ച് പ്രസംഗിച്ചു.

പ്രിയപ്പെട്ടവരേ, അവിടെത്തന്നെ നീതിയിൽ മറ്റൊരു വശം കൂടിയുണ്ട്. അതും നോഹ പ്രസംഗിച്ചു. പാപിക്ക് ശിക്ഷയുണ്ടെങ്കിലും ദൈവം കൃപാലുവാണ്. കൃപാലുവായ ദൈവം പെട്ടകം പണിയുവാൻ കൽപന തന്നിരിക്കുന്നു. രക്ഷപ്പെടാൻ ഒരു പോംവഴി തന്നിരിക്കുന്നു. ആരും നഷ്ടപ്പെടേണ്ട ആവശ്യമില്ല. ആരും നശിച്ചു പോകേണ്ട ആവശ്യമില്ല.

നിങ്ങൾ പാപികളാണ്, പാപികൾക്ക് ശിക്ഷയുണ്ട്, വലിയ ശിക്ഷാവിധി വരുന്നുണ്ട്. എന്നാൽ നിങ്ങൾ രക്ഷപ്പെടാൻ പെട്ടകം ഒരുക്കുന്നു. നോഹ പ്രസംഗിച്ചുകൊണ്ടിരുന്നു. നോഹ പെട്ടകത്തിന്റെ പണിപ്പാടുകൾ തീർത്തുകൊണ്ടിരിക്കുമ്പോൾ, എല്ലാം ദൈവം കൽപ്പിച്ച ക്രമപ്രകാരവും നിയമപ്രകാരവും ചെയ്തുകൊണ്ടിരുന്നപ്പോൾ നോഹയെ ആളുകൾ പരിഹസിച്ചു. സകലരും പരിഹസിച്ചു. പക്ഷേ, നോഹ ദൈവത്തോട് കൂടെ നടന്നു.

**“വിശ്വാസത്താൽ നോഹ അതുവരെ കാണാത്തവയെക്കുറിച്ച് അരുളപ്പാടുണ്ടായിട്ട് ഭയഭക്തി പൂണ്ടു തന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായിട്ട് ഒരു പെട്ടകം തീർത്തു.”**

**എബ്രായർ 11 : 7**

ഭയത്തോടും ഭക്തിയോടും കൂടെ, ദൈവത്തിന്റെ വചനം കേട്ടപ്പോൾ വിറച്ചു. വചനം കേൾക്കുമ്പോൾ നാം എങ്ങനെയാണ് വചനം സ്വീകരിക്കേണ്ടത് എന്ന് തിരുവചനം പറയുന്നു. വചനം തീയാണ്. വചനം ജീവനാണ്. വചനം ആത്മാവാണ്. വചനം ശക്തിയാണ്. വചനം നിത്യജീവനാണ്.

വചനം നിത്യജീവന്റെ തിരുമൊഴിയാണ്. വചനം ക്രിസ്തുവിന്റെ ശ്വാസമാണ്. ക്രിസ്തുവിന്റെ ശ്വാസമായ വചനം കേൾക്കുമ്പോൾ നാം ഭയപ്പെടേണ്ടതാണ്.

**"എങ്കിലും അരിഷ്ടനും മനസ്സുതകർന്നവനും എന്റെ വചനത്തിങ്കൽ വിറയ്ക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും." യെശയ്യാവ് 66 : 2**

ആരെയാണ് ദൈവം അനുഗ്രഹിക്കുന്നത്? അരിഷ്ടനായ മനുഷ്യനെ ദൈവം അനുഗ്രഹിക്കും. എനിക്ക് അയ്യോ കഷ്ടം! ഞാൻ നശിച്ചു. അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിന് അധീനമായ ശരീരത്തിൽ നിന്ന് എന്നെ ആര് വിടുവിക്കും? ആഗ്രഹിക്കുന്ന നന്മ ഞാൻ ചെയ്യുന്നില്ല. ആഗ്രഹിക്കാത്ത തിന്മ ചെയ്തു പോകുന്നു.

ഞാൻ അപകടമായ സ്ഥിതിയിൽ കഴിയുകയാണ്. ഞാൻ ഒരു അത്യാഹിതത്തിൽപ്പെട്ടിരിക്കുകയാണ്. പാപം എന്നെ പിടികൂടിയിരിക്കുന്നു. പാപം എന്നെ ഗ്രസിച്ചിരിക്കുന്നു. പാപം എന്നെ വിഴുങ്ങിയിരിക്കുന്നു. പാപത്തിൽനിന്ന് മോചനം എനിക്ക് കിട്ടുന്നില്ല. ഞാൻ വേണ്ടാ, വേണ്ടാ എന്ന് വയ്ക്കുമ്പോഴും പാപം എന്നെ വിടാതെ പിന്തുടരുന്നു.

പാപം എന്നെ വേട്ടയാടിക്കൊണ്ടിരിക്കുന്നു. എന്റെ ജീവിതത്തിലെ പാപം മാറ്റാൻ എനിക്ക് കഴിയുന്നില്ല. കർത്താവേ, ഞാൻ അരിഷ്ടനാണ്. അരിഷ്ടതയോടുകൂടി പാപത്തെ ഓർത്തുകരയുമ്പോഴാണ് ഉള്ളം തകരുന്നത്.

നിങ്ങൾക്ക് വചനം കേൾക്കുമ്പോൾ ഉള്ളം തകരാറുണ്ടോ? ഹൃദയം തകരാറുണ്ടോ? അയ്യോ, ഞാൻ എന്താണ് ചെയ്തു പോയത്? അയ്യോ, ഞാൻ എന്തെല്ലാമാണ് ചിന്തിച്ചു പോയത്? ഞാൻ എന്തെല്ലാമാണ് നിരൂപിച്ചുപോയത്? നിങ്ങൾ ചിന്തിക്കാറുണ്ടോ?

അയ്യോ, എനിക്കെന്താണ് അങ്ങനെ പറ്റിയത്? ഞാൻ

എന്താണ് അങ്ങനെ പറഞ്ഞുപോയത്. ഞാൻ എന്തു കൊണ്ടാണ് അങ്ങനെ സംസാരിച്ചുപോയത്? ഞാൻ എന്തുകൊണ്ടാണ് അങ്ങനെ പെരുമാറിപ്പോയത്? ഞാൻ എന്തുകൊണ്ടാണ് അങ്ങനെ ഇടപെട്ടുപോയത്? എന്റെ ദൈവമേ, ആ പണസംബന്ധമായ കാര്യത്തിൽ എന്താണ് ഞാൻ അങ്ങനെ ചെയ്തുപോയത്?

വചനം കേൾക്കുമ്പോൾ വിറയ്ക്കുകയാണ്. അയ്യോ കർത്താവേ, എന്റെ പാപങ്ങൾക്കൊത്തവണ്ണം നീ എന്നോട് പകരം ചോദിച്ചാൽ എനിക്ക് നിൽക്കാൻ കഴിയില്ലല്ലോ. എന്റെ ഹൃദയം എത്ര കാട്ടാളത്തം നിറഞ്ഞതാണ്! കാടത്തമുള്ളതാണ്! കിരാതഹൃദയം! നിഷ്ഠൂര ഹൃദയം! തഴമ്പിച്ച ഹൃദയം!

മരവിച്ച ഹൃദയം! തകരാത്ത ഹൃദയം! കല്ലിച്ച ഹൃദയം! വക്രതയുള്ള ഹൃദയം! അരുതാത്ത കാര്യങ്ങൾ ചിന്തിക്കുന്ന ഹൃദയം! എപ്പോഴും ദോഷം നിരൂപിക്കുന്ന ഹൃദയം! ആരെക്കുറിച്ചും തിന്മയായതേ ചിന്തിക്കാൻ തോന്നുകയുള്ളൂ എന്നുള്ള ഹൃദയം!

നല്ലത് ചിന്തിക്കാൻ പറ്റാത്ത ഹൃദയം! കർത്താവേ, ഈ ഹൃദയം ദുഷ്ടതയുള്ള ഹൃദയമാണ്. ഇത് ക്രൗര്യമുള്ള, വളവുള്ള, വ്യാജമുള്ള ഹൃദയമാണ്. എനിക്ക് നിന്റെ സന്നിധിയിൽ വരുമ്പോൾ ന്യായം പറയാൻ ഒന്നുമില്ല.

1. Walking with God – ദൈവത്തോടു കൂടെ നടന്നു.

2. Working for God -ദൈവത്തിന് വേണ്ടി പ്രവർത്തിക്കുന്നു.

3. Witnessing God-ദൈവത്തെ സാക്ഷിക്കുന്നു.

4. Waiting for God- ദൈവത്തിന് വേണ്ടി കാത്തിരിക്കുന്നു.

5. Worshipping God-ദൈവത്തെ ആരാധിക്കുന്നു.

Working for God. നിങ്ങൾ ദൈവത്തിന് വേണ്ടി എന്തെങ്കിലും ചെയ്യാറുണ്ടോ? ദൈവത്തിന്റെ കൽപ്പന

അനുസരിക്കാറുണ്ടോ?

നാം ഓരോരുത്തരോട് എങ്ങനെ സംസാരിക്കണം?

**“നിങ്ങളുടെ വാക്ക് ഉവ്വ്, ഉവ്വ് എന്നും ഇല്ല ഇല്ല എന്നും ആയിരിക്കട്ടെ; ഇതിൽ അധികമായത് ദുഷ്ടനിൽനിന്നു വരുന്നു.” മത്തായി 5 : 37**

**‘‘നിങ്ങളുടെ മുത്തുകളെ പന്നികളുടെ മുമ്പിൽ ഇടുകയുമരുത്; അവ കാൽകൊണ്ട് അവയെ ചവിട്ടുകയും തിരിഞ്ഞു നിങ്ങളെ ചീന്തിക്കളകയും ചെയ്‌വാൻ ഇരടവരരുത്.” മത്തായി 7 : 6**

ഇത് വചനമാണ്.

**“സഹോദരനോട് കോപിക്കുന്നവൻ എല്ലാം ന്യായവിധിക്ക് യോഗ്യനാകും.” മത്തായി 5 : 22**

എന്റെ ഹൃദയം എങ്ങനെയിരിക്കുന്നു? ഞാൻ ഹൃദയം കൊണ്ട് വ്യഭിചാരം ചെയ്തിട്ടുണ്ടോ? ശരീരംകൊണ്ടുള്ള വ്യഭിചാരമുണ്ട്, ഹൃദയംകൊണ്ടുള്ള വ്യഭിചാരമുണ്ട്.

നോട്ടത്തിൽ പാപം വരാറുണ്ടോ? ഇല്ല, ഇല്ല എന്ന് ഭാവിച്ചിട്ട് കാര്യമില്ല. Second look is sinful. രണ്ടാമത്തെ നോട്ടം പാപമാണ്. എന്നുവച്ചാൽ കാണാൻ വേണ്ടി നോക്കിയാൽ പാപമാണ്. കണ്ടുപോയാൽ പാപമൊന്നുമില്ല. ഈ ഭൂമിയിലല്ലേ നാം ജീവിക്കുന്നത്. തീർച്ചയായിട്ടും കണ്ണടച്ചുനടക്കാൻ പറ്റുകയില്ല.

നാം ബസിൽ യാത്രചെയ്തുകൊണ്ടിരിക്കുകയാണ്. അങ്ങ് റോഡിന്റെ ഒരു വശത്ത് ചുവരിൽ ഒരു ചീത്തപ്പടം ഒട്ടിച്ചുവച്ചിരിക്കുന്നു. കണ്ടുപോയി. എന്തിന് പേടിക്കണം? ഒന്നും പേടിക്കേണ്ട കാര്യമില്ല. Second look is sinful. കാണാൻവേണ്ടി ആഗ്രഹിച്ച് നോക്കുമ്പോഴാണ് പാപം വരുന്നത്. രണ്ടാമത്തെ നോട്ടം പാപമാണ്.

**“സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവൻ എല്ലാം ഹൃദയംകൊണ്ട് അവളോട് വ്യഭിചാരം ചെയ്തു പോയി.” മത്തായി 5 : 28**

നിന്റെ കണ്ണ് ചൊവ്വുള്ളതായിരിക്കട്ടെ. നേരെ നോക്കട്ടെ. അരുതാത്തതിലേക്ക് നോക്കാതിരിക്കുക.

ദൈവത്തിന്റെ വചനം പറയുന്നു: “ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ.” കൈക്കൂലി വാങ്ങുന്നത് പാപമാണെന്ന് ആരെങ്കിലും പറഞ്ഞുതരേണ്ട ആവശ്യമുണ്ടോ? നമുക്ക് ശമ്പളമില്ലേ? ശമ്പളത്തിനപ്പുറത്ത് വാങ്ങണമെന്ന് ആഗ്രഹിക്കുന്നത് പാപമല്ലേ? കിട്ടുന്ന ശമ്പളത്തിന് പുറമേ എന്തെങ്കിലും വാങ്ങിയവരുണ്ടോ? നിങ്ങൾക്ക് അങ്ങനെ ചിന്ത വന്നെങ്കിൽ, ആഗ്രഹം വന്നെങ്കിൽ, അഥവാ സമ്പാദിച്ചു പോയെങ്കിൽ എല്ലാം തൂത്തെറിഞ്ഞുകളയുക.

ഇനിയും അത് കൈവശം വച്ചുകൊണ്ടിരിക്കരുത്. കൈക്കൂലി വാങ്ങിപ്പോയെങ്കിൽ എല്ലാം മാറ്റി നിങ്ങളുടെ കൈകളെ ശുദ്ധമാക്കുക. അന്യായമായി ആരുടെയെങ്കിലും കൈവശമുണ്ടോ? നമുക്ക് അർഹതപ്പെടാത്തത് എന്തെങ്കിലും കൈവശമുണ്ടോ?

വചനപ്രകാരം ജീവിതത്തെ ശോധന ചെയ്യണം. വചനത്തെ ഭയഭക്തിയോടെ നിങ്ങൾ അനുസരിക്കണം. ദൈവത്തിന്റെ വചനം കേട്ട് ആ വചനം അനുസരിക്കുന്നു. വചനപ്രകാരം ജീവിക്കാൻ ജീവിതം സമർപ്പിക്കുന്നു.

വേറെ ആരോടും ചോദിക്കണ്ട. ഇത് ശരിയാണോ തെറ്റാണോ, ഒന്നും നോക്കണ്ട. വചനപ്രകാരം എങ്ങനെയിരിക്കുന്നു? നിങ്ങൾക്ക് അങ്ങനെ മുന്നോട്ട് സ്വന്തമായിപ്പോകാം. ആരുടേയും ഉപദേശം ആവശ്യമില്ല എന്ന് എനിക്ക് തോന്നുന്നു. ഞാനീ പോകുന്നത് വചനപ്രകാരമാണോ? വചനപ്രകാരം ശരിയായ രീതിയിലാണോ?

വചനത്തിൽ എഴുതിയിരിക്കുന്നത് വള്ളിയും പുള്ളിയും മാറ്റാതിരുന്നാൽ നിങ്ങൾക്ക് നല്ലത്. വള്ളിയും പുള്ളിയും മാറ്റാതെ അനുസരിച്ചാൽ നിങ്ങൾക്ക് നല്ലത്. ഒരോ ദിവസവും വൈകുന്നേരം ഉറങ്ങുന്നതിനുമുമ്പ് വചനപ്രകാരം നിങ്ങൾ ശോധന ചെയ്യണം. നിങ്ങളുടെ ജീവിതത്തിൽ അന്ന് സംഭവിച്ച കാര്യങ്ങൾ വച്ചുകൊണ്ട് വചനത്തോട് ബന്ധപ്പെടുത്തി നിങ്ങൾ ചിന്തിക്കണം.

ഞാൻ അങ്ങനെ സംസാരിച്ചത് ശരിയായോ? ഞാൻ അങ്ങനെ പെരുമാറിയത് ശരിയായോ? ഞാൻ അങ്ങനെ ഇടപെട്ടത് ശരിയായോ? അപ്പോൾ എന്റെ ഹൃദയത്തിൽ ഒരു പരുഷതയും കലുഷതയും വന്നത് ശരിയായില്ലല്ലോ. കർത്താവേ, തെറ്റ് പറ്റിപ്പോയല്ലോ. ദൈവമേ, നീ എന്നോട് ക്ഷമിക്കണമേ. എണ്ണിയെണ്ണി ഏറ്റുപറഞ്ഞ് ദൈവസന്നിധിയിലിരുന്ന് അനുതപിച്ച് കർത്താവേ, കഴുകണമേ എന്നു പറഞ്ഞ് പ്രാർത്ഥിച്ച്, കഴുകൽ പ്രാപിച്ച്, തിരുരക്തത്താൽ ആവരണം ചെയ്യപ്പെട്ട് വേണം കിടന്നുറങ്ങാൻ. തിരുരക്തത്താൽ പൊതിയപ്പെടാതെ ഒരു രാത്രിയിലും ഉറങ്ങാൻ കിടക്കരുത്.

തെറ്റുകൾ സംഭവിച്ചുകാണും. നാമാരും തികഞ്ഞവരല്ല. സംസാരത്തിൽ ചില അപാകതകൾ വന്നുകാണും. പെരുമാറ്റത്തിൽ ചിലപ്പോൾ അപാകതകൾ വന്നുകാണും. ഏതെങ്കിലും കാര്യത്തിൽ അറിയാതെ ചില തെറ്റുകൾ സംഭവിച്ചു കാണും. അങ്ങനെ എന്തെങ്കിലും വന്നെങ്കിൽ അന്നുതന്നെ കഴുകൽ പ്രാപിച്ച് എല്ലാം ശരിയാക്കിയിട്ട് വേണം കിടന്നുറങ്ങാൻ. അറിഞ്ഞ് ഒരു തെറ്റിൽ പോകാൻ പാടില്ല.

**"സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം വച്ചുകൊണ്ടിരിക്കരുത്." എഫെസ്യർ 4 : 26**

നമ്മുടെ ഹൃദയത്തിൽ വന്ന കോപങ്ങൾ, ക്രോധങ്ങൾ, പെരുമാറ്റദൂഷ്യങ്ങൾ, ഓരോന്നോരോന്ന് ശോധന ചെയ്യണം. ദൈവത്തിന്റെ വചനപ്രകാരമാണ് ദൈവത്തെ അനുസരിക്കുന്നത്.

ദൈവത്തിന്റെ വചനപ്രകാരമാണ് ദൈവത്തെ സേവിക്കുന്നത്. വചനപ്രകാരം ദൈവത്തിന്റെ വേല ചെയ്യണം. ദൈവത്തിന്റെ വേലചെയ്യാൻ നിങ്ങൾ എത്രത്തോളം തയ്യാറായിട്ടുണ്ട്? ദൈവവേലയ്ക്കുവേണ്ടി എത്രത്തോളം നിങ്ങൾ നിങ്ങളെത്തന്നെ വിട്ടുകൊടുക്കാറുണ്ട്? നിങ്ങളെത്തന്നെ ചിലവഴിക്കാറുണ്ട്?

വേദപുസ്തകം പറയുന്നു: “നിന്റെ ആലയത്തെക്കുറിച്ചുള്ള എരിവ് എന്നെ തിന്നുകളഞ്ഞു എന്ന്.”

ദൈവവേലയെക്കുറിച്ച് നിങ്ങളുടെ ഉള്ള് കത്തിക്കൊണ്ടിരിക്കണം. ഇടംകൈയും വലംകൈയും തിരിച്ചറിയാത്തവർ! സ്വർഗ്ഗമുണ്ടോ നരകമുണ്ടോ എന്ന് അറിയാൻ പാടില്ലാത്തവർ! എന്റെ സ്വന്തക്കാർ, ബന്ധക്കാർ, ചാർച്ചക്കാർ, ഒരുമിച്ചു ജോലി ചെയ്തവർ, കൂടെ പഠിച്ചവർ, എന്റെ സ്വന്തം നാട്ടുകാർ, എന്റെ കൂട്ടായ്മയിലുള്ളവർ കാര്യം ഗ്രഹിക്കാതെ അനേകർ നരകത്തിലേക്ക് ഒഴുകുന്നു.

പെട്ടെന്ന് കടന്നുപോയാൽ എവിടെച്ചെല്ലും കർത്താവേ. ഈ ജനത്തിനുവേണ്ടി എന്തുചെയ്യാൻ പറ്റും? അനേകർ, സുബോധമില്ലാത്തവരെപ്പോലെ വക്രതയിലും കൊള്ളരുതായ്മകളിലും ജീവിക്കുന്നു. കർത്താവേ, എനിക്ക് എന്ത് ചെയ്യാൻ പറ്റും? നിങ്ങൾ ചിന്തിക്കാറുണ്ടോ? നിങ്ങളുടെ ഉള്ളിൽ എരിവ് വരണം. നിങ്ങളുടെ ഉള്ളിൽ തീ കത്തണം. ആത്മാക്കളെക്കുറിച്ചുള്ള സ്നേഹത്തിന്റെ തീ നിങ്ങളിൽ കത്തുമ്പോൾ നിങ്ങൾ നിങ്ങളെത്തന്നെ സമർപ്പിക്കും.

ദൈവത്തിനുവേണ്ടി പ്രവർത്തിക്കാൻ നിങ്ങളിറങ്ങും. ആരുടേയും മുഖം നോക്കുകയില്ല. ആരേയും കാണിക്കാനല്ല. ആരേയും ബോധ്യപ്പെടുത്താനല്ല. ആരേയും മനസ്സിലാക്കിക്കൊടുക്കാനല്ല. ആരുടേയും പ്രശംസ പിടിച്ചുപറ്റാനല്ല. എന്റെ നാഥൻ എന്നിൽ പ്രസാദിക്കണം.

അവനുവേണ്ടി വേല ചെയ്യുകയാണ്. അവനെ മാത്രം

മുൻനിർത്തി പ്രവർത്തിക്കുകയാണ്. എന്റെ യേശു, സ്വന്തജീവൻ തന്ന് എന്നെ വീണ്ടെടുത്ത എന്റെ രക്ഷകൻ, എനിക്കുവേണ്ടി തിരുരക്തം ചീന്തിയ എന്റെ യേശു, അവനുവേണ്ടി എന്റെ ആയുസ്സ് ഞാൻ വേർതിരിച്ചിരിക്കുന്നു.

അവന് എന്നെത്തന്നെ ഞാൻ കൊടുത്തിരിക്കുന്നു. നാഥാ, എന്റെ ജീവിതം മുഴുവനും നിനക്കായി ഞാൻ വേർതിരിക്കുകയാണ്. I will be working for God. ഞാനെന്റെ കർത്താവിന് വേണ്ടി വേല ചെയ്യുന്നവനായിരിക്കും. I will work for God. ഞാൻ ദൈവത്തിനുവേണ്ടി വേല ചെയ്യും.

നോഹ ദൈവത്തോടുകൂടി നടന്നു. നോഹ ദൈവത്തിനു വേണ്ടി പ്രവർത്തിച്ചു. പ്രിയപ്പെട്ടവരേ, ഇപ്പോൾ നിങ്ങൾക്ക് പുതിയ തീരുമാനം എടുക്കാം. ഇപ്പോൾ നിങ്ങൾക്ക് ദൈവത്തോട് പറയാം: കർത്താവേ, ഞാൻ ദൈവത്തോട് കൂടെ നടക്കും. ദൈവത്തിനുവേണ്ടി എന്നാലാവത് ഞാൻ വേല ചെയ്യും എന്റെ സകലശക്തിയും കർത്താവിന്റെ വേലയ്ക്കു വേണ്ടി ഞാൻ ചിലവഴിക്കും.

**“ഞാൻ അതിസന്തോഷത്തോടെ നിങ്ങളുടെ ജീവനു വേണ്ടി ചെലവിടുകയും ചെലവായ്പോകയും ചെയ്യും.”**
**2 കൊരിന്ത്യർ 12 : 15**

ക്രിസ്തുവിനുവേണ്ടി നിങ്ങളെത്തന്നെ വേർതിരിക്കുക. അനേകമനേകം ആത്മാക്കൾക്കുവേണ്ടി നിങ്ങളെത്തന്നെ ചിലവഴിക്കുക. ജീവിതം ശോഭനമായിത്തീരട്ടെ. ജീവിതം അനുഗൃഹീതമായിത്തീരട്ടെ. ഇതുവരെയും പ്രവർത്തനരഹിത മായിരുന്നവർ, ദൈവസന്നിധിയിൽ പുതിയ തീരുമാനം എടുത്തുകൊണ്ട് പുതിയ പ്രതിഷ്ഠയോടെ കർത്താവിന്റെ വേലയ്ക്കുവേണ്ടി ഓടിയിറങ്ങുവിൻ.

വയലിലേക്ക് ഓടിയിറങ്ങുവിൻ. വേലസ്ഥലത്തേക്ക് ഓടിയിറങ്ങുവിൻ. വേല വലിയത്, വിശാലമായത്. കർത്താവിനു

വേണ്ടി നമുക്ക് വേല ചെയ്യാം. നമുക്ക് സമർപ്പിക്കാം. നമുക്ക് പ്രാർത്ഥിക്കാം.

കാരുണ്യവാനേ, സ്വർഗ്ഗീയ പിതാവേ, നിന്റെ മക്കളെ അവിടുന്ന് കാണുന്നതിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. എല്ലാവർക്കും പുതിയ പ്രത്യാശയും വിശ്വാസവും നൽകുന്നതിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. യേശുവിനോട് കൂടെ നടക്കുവാനും യേശുവിന്റെ തിരുരക്തത്തിന്റെ വില മനസ്സിലാക്കിക്കൊണ്ട് യേശുവിനുവേണ്ടി വേല ചെയ്യുവാനും പുതിയ ആഹ്വാനം നൽകിയതിനാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. എല്ലാവരേയും അനുഗ്രഹിക്കണമേ. അവിടുത്തെ രണ്ടാമത്തെ വരവിനുവേണ്ടി എല്ലാവരേയും ശുദ്ധീകരിക്കണമേ. തിരുനാമം മഹത്വപ്പെടുത്തണമേ. യേശുവിന്റെ ജയകരമായ നാമത്തിൽ തന്നേ, ആമേൻ.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം - ഭാഗം ഒന്ന്
53. കണ്ണീർപ്പാടം - ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസ വീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. CALEB - A BRAVE HERO OF FAITH
107. രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?
108. ശുഭമുദ്ര
109. LITTLE FOXES
110. വരൾച്ചയും വളർച്ചയും
111. മരണമേ, നിന്റെ ജയം എവിടെ?
112. സമർപ്പണം
113 ON WIND'S WAY
114. സന്തോഷത്തിന് വല്ല വഴിയുമുണ്ടോ?
115. भाग्यशाली
116. ജയാളികൾ
117. സൂര്യനുദിക്കും
118 VICTORIOUS LIVING
119. DEATH, WHERE IS YOUR VICTORY?
120. അഭിവൃദ്ധി പ്രാപിക്കണമോ?
121. എഴുന്നേല്ക്കുക
122 WHAT MUST I DO TO BE SAVED?
123. സ്നേഹാർദ്രകരങ്ങൾ
124. മ്ലാനത മാറുമോ?
125. ഫിലേമോൻ
126. DEDICATION
127. മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ
128. ദൈവത്തിന്റെ സ്നേഹിതൻ
129. വിശ്വാസികളുടെ പിതാവ്
130. വിശ്വാസത്തിന്റെ ചുവടുവെപ്പുകൾ
131. ALL FOR THE BEST
132. അനുഗ്രഹം തലമുറകളിലേയ്ക്ക്
133. തളരാതെ ഓടുക
134. സ്മാരക സ്തംഭങ്ങൾ
135. ആത്മവിവശത
136. സ്നേഹത്തിന്റെ തീജ്ജ്വാല
137. പ്രത്യാശയുടെ നറുനാമ്പുകൾ
138. യഥാസ്ഥാനപ്പെടുവിൻ
139. ഭീരു ധീരനാകയോ?
140. പുനഃപ്രതിഷ്ഠ
141. കൊടുങ്കാറ്റുകൾ
142. സന്തോഷം
143. COURAGE IN CRISES
144. ഹാനോക്ക്

# ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ
# പ്രധാനയോഗങ്ങൾ

**Prof. M.Y. യോഹന്നാന്റെ** ഭവനത്തിനടുത്തുള്ള പ്രാർത്ഥനാഹാളിൽ
കടയിരുപ്പ് (കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്)
Ph : 0484 -2689489, 9142 303096

---

| | |
|---|---|
| രണ്ടാം ശനിയാഴ്ച (മാസം തോറുമുള്ള പ്രധാന യോഗം) | 9.00am - 2.00pm |
| കുട്ടികൾക്കുള്ള ബൈബിൾ ക്ലാസ്സ് | 3.00pm - 4.30pm |
| യുവതികളുടെ ഫെല്ലോഷിപ്പ് | 3.00pm - 4.30pm |
| സാക്ഷ്യയോഗം | 4.30pm - 9.00pm |
| രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 12.30pm - 5.00pm |
| മൂന്നാം ഞായറാഴ്ച | 12.30pm - 5.00pm |
| എല്ലാ തിങ്കളാഴ്ചയും | 6.00pm - 8.30pm |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്സ്) | 6.00pm - 8.30pm |
| ഒന്നാം ചൊവ്വാഴ്ച (വനിതകളുടെ യോഗം) | 9.00am - 12.45pm |
| എല്ലാ ഒന്നും മൂന്നും ബുധനാഴ്ച യുവാക്കന്മാരുടെ യോഗം (15 വയസ് മുതൽ 35 വരെ) | 6.30pm - 9.00pm |